# വികസന രേഖ



## മണലൂർ ഗ്രാമപഞ്ചായത്ത്

89 – 4

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

**1996**

മണലൂർ ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| ഇന്നലെകൾ | 6 |
| കൃഷിയും ജലസേചനവും | 25 |
| മൃഗസംരക്ഷണം | 32 |
| മത്സ്യബന്ധനം | 36 |
| വിദ്യാഭ്യാസം | 37 |
| കുടിവെള്ളം | 42 |
| പൊതുജനാരോഗ്യം | 44 |
| വ്യവസായം | 47 |
| ഗതാഗതം | 52 |
| ഊർജ്ജം | 58 |
| മാർക്കററ് | 61 |
| പാർപ്പിടം | 62 |
| സാമൂഹ്യക്ഷേമം | 67 |
| സംസ്കാരം | 73 |
| വനിത | 78 |
| സഹകരണം | 80 |
| പട്ടികജാതി | 84 |
| വിഭവസമാഹരണം | 86 |

# ആമുഖം

രണ്ട് നൂററാണ്ട് കാലത്തെസാമ്രാജ്യത്വവിരുദ്ധ, കോളനിവിരുദ്ധ സമരങ്ങളിൽ പങ്കെടുത്ത പാരമ്പര്യമുള്ള ജനതയാണ് നമ്മുടേത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് മനസ്സിലാക്കി ഇന്ത്യൻ ദേശീയ നേതൃത്വം സ്വാതന്ത്ര്യാനന്തരം 1951 ൽ ഒന്നാം പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചു.

കാർഷിക - വ്യവസായിക മേഖലകളിൽ ഉന്നത വളർച്ചാനിരക്ക് ലക്ഷ്യമിട്ടിരുന്നുവെങ്കിലും ഇവയൊന്നുംതന്നെ ഫലപ്രാപ്തിയിലെത്തിയില്ല. ഇതിനകം 8 പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കുകയും രാജ്യത്തിന് നേട്ടങ്ങൾ കൈവരിക്കാനാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലക്ഷ്യമിട്ടിരുന്ന രീതിയിലുള്ള വളർച്ച നേടുകയുണ്ടായില്ല.

ആസൂത്രണത്തിൻെറയും നടത്തിപ്പിൻെറയും പിന്നിൽ ഇടനിലക്കാരുടെ സ്വാധീനം വർദ്ധിച്ചു വന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് ജനസ്വാധീനം കുറവായിരുന്നു.

പുതിയ ഭരണഘടന ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരളം ഒരു പുത്തൻ മാതൃകയ്ക്ക് തയ്യാറെടുക്കുകയാണ്.

1993 ൽ മണലൂർ പഞ്ചായത്ത് അതിൻെറ വിഭവഭൂപടം തയ്യാറാക്കി. ജില്ലാ കൗൺസിൽ, ശാസ്ത്രസാഹിത്യ പരിഷത്ത്, വലപ്പാട് പോളിടെക്നിക്ക് എന്നിവരുടെ സംയുക്ത സംരംഭമായിട്ടാണ് ഇത് നടന്നത്.

നാലായിരം തൊഴിൽ ദിനങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങളിലൂടെ സംഘടിപ്പിക്കപ്പെട്ട ഒരു മഹാസംരംഭമായിരുന്നു ഇത്. ഇതിനോടനുബന്ധിച്ചു നടത്തിയ സാമ്പത്തിക സാമൂഹ്യസർവ്വെ, ഫലപ്രദമായി വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ജനകീയാസൂത്രണ പരിപാടി നടപ്പാക്കുന്നതിന് ദ്വിതീയ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടായിരുന്നു. 1-10-96 ൽ സാമൂഹ്യ പ്രവർത്തകരുടെ ഒരു യോഗം പഞ്ചായത്ത് വിളിച്ചു കൂട്ടുകയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു കമ്മിററി രൂപീകരിക്കുകയും ചെയ്തു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉദ്ഘാടനം 96 സെപ്തംബർ 21 ന് 6-ാം വാർഡിൽ നടന്നു. 13-10-96 നുള്ളിൽ 12 വാർഡിലേയും വിശേഷാൽ ഗ്രാമസഭ ചേരുകയുണ്ടായി. പഞ്ചായത്തിലെ ഗ്രാമസഭകളിൽ ആകെ 2316 പേർ പങ്കെടുത്തു. ഏററവും കൂടുതൽ പങ്കാളിത്തമുണ്ടായത് 375 പേർ പങ്കെടുത്ത 2-ാം വാർഡിലാണ്. നാട്ടറിവുകളുടെ ഒരു വിശാലമായ ചർച്ചാവേദികളായിരുന്നു ഗ്രാമസഭകൾ. ഓരോ ഗ്രാമസഭകളും നാലോ അഞ്ചോ ഗ്രൂപ്പുകളായാണ് ചർച്ചകൾ നടത്തിയത്. ഓരോ ഗ്രൂപ്പും അഞ്ചു പേരെ വീതം പഞ്ചായത്തു തല സെമിനാറിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. 17-10-96 ൽ 1, 2, 3, 4 വാർഡുകളിലെ ഗ്രാമസഭ പ്രതിനിധികളെ കാഞ്ഞാണി സ്ററാർ ടാക്കീസിലും, 19-10-96 ൽ 5, 6, 7, 8 വാർഡുകളിലെ ഗ്രാമസഭ ഗ്രൂപ്പുപ്രതിനിധികളെ മണലൂർ ഗവർമെ ൻറ് ഹൈസ്ക്കൂളിലും, 21-10-96 ൽ 9, 10, 11, 12 വാർഡുകളിലെ ഗ്രാമസഭകളിലെ ഗ്രൂപ്പു പ്രതിനിധികളെ കണ്ടശ്ശാംകടവ് ഗവർമെൻറ് ഹൈസ്ക്കൂളിലും വിളിച്ചു ചേർത്തു റിപ്പോർട്ടിലെ പോരായ്മകൾ തീർത്തു. 21-10-96ൽ ഉച്ചതിരിഞ്ഞ് വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ വിളിച്ച് വരുത്തികൊണ്ട് പഞ്ചായത്ത് തല കോഡിനേഷൻ നടത്തി. ഇതിനുശേഷം - 50 പേരടങ്ങുന്ന പഞ്ചായത്തിലെ ഒരു വിദഗ്ദ്ധ സംഘത്തിൻെറ യോഗം നവംബർ 1 ന് കാരമുക്ക് പള്ളി സ്ക്കൂളിൽ വിളിച്ചു ചേർക്കുകയും ഇതിൽ നിന്ന് 14 ഗ്രൂപ്പുകൾ തെരഞ്ഞെടുക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പി

നും ഓരോ വിഷയങ്ങൾ തീരുമാനിച്ചുകൊണ്ട് ഗ്രൂപ്പ് ലീഡർമാരെ തെരഞ്ഞെടുക്കുകയും, പഞ്ചായത്ത് ഗ്രാമസഭാ അവലോകനം, ഒന്നാം കൈപുസ്തകം, മാർഗ്ഗരേഖ ഇവയടങ്ങുന്ന ഫയലുകൾ ഏല്പിക്കുകയും ചെയ്തു. വികസനരേഖ തയ്യാറാക്കാൻ മുഖ്യ ചുമതലക്കാരായി താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| 1. മഹാദേവൻ പി. കെ. | : | കൃഷി, ജലസേചനം, |
| 2. രാമകൃഷ്ണൻ കെ. വി. | : | മൃഗസംരക്ഷണം, മത്സ്യം |
| 3. അരവിന്ദാക്ഷൻ പി. ജി. | : | വിദ്യാഭ്യാസം |
| 4. ഷണ്മുഖൻ എം. കെ. | : | പൊതുജനാരോഗ്യം |
| 5. ഷണ്മുഖൻ സി. കെ. | : | കുടിവെള്ളം |
| 6. ടി. കെ. രാമചന്ദ്രൻ | : | വ്യവസായം |
| 7. വി. കെ. രവി | : | ഗതാഗതം |
| 8. സി. എൻ. വിശ്വനാഥൻ | : | ഊർജ്ജം |
| 9. രാജൻ കൂനത്ത് | : | പാർപ്പിടം |
| 10. വിശ്വംഭരൻ പി. എ. | : | വനിത, സാമൂഹ്യക്ഷേമം |
| 11. വാസു കെ. ആർ. | : | സംസ്കാരം |
| 12. മനോജ് കെ. ഡി. | : | പട്ടിക ജാതി |
| 13. കോഡിനേഷൻ കമ്മിററി | : | വിഭവ സമാഹരണം |
| 14. നന്ദൻ കൊട്ടാരത്ത് | : | ചരിത്രം |

3-11-96 ൽ പഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ രണ്ടാം വാർഡ് അമ്പലക്കാട് മുതൽ പാലാഴി ചീപ്പു വരെ പഠനപര്യടനം നടത്തുകയുണ്ടായി.

ഗ്രൂപ്പു ലീഡർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. കെ. കൃഷ്ണൻ മെമ്പർമാരായ ശ്രീ. പി. പരമേശ്വരൻ, ശ്രീ. സി. ആർ. ഗിരിജാവല്ലഭൻ, ശ്രീ. കെ. ടി. ഗോപാലകൃഷ്ണൻ. കൂടാതെ ശ്രീ. കെ. കെ. വസന്തകുമാർ, ശ്രീ. ടി. വി. ബാലകൃഷ്ണൻ, ശ്രീ. സി. എൻ. വിശ്വനാഥൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ പുനക്രമീകരണം നടത്തി. 18-11-96 ലെ പഞ്ചായത്ത് കമ്മിററി അംഗീകരിച്ച ഈ കരട് രേഖ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും അംഗീകാരത്തിനും വിലയിരുത്തലിനും, ഭേദഗതിക്കുമായി സവിനയം സമർപ്പിക്കുന്നു.

## പൊതു സ്ഥിതി

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മണലൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കാരമുക്ക്, മണലൂർ |
| ജില്ലാ ഡിവിഷൻ | : | അന്തിക്കാട് |
| അസംബ്ലി | : | മണലൂർ |
| താലൂക്ക് | : | തൃശൂർ |
| ജില്ല | : | തൃശ്ശൂർ |
| വിസ്തീർണ്ണം | : | 18.22 sqkms(1822 ഹെക്ടർ) |

## പഞ്ചായത്തിന്റെ അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ഏനാമാവ് കായൽ |
| തെക്ക് | : | പാന്തോട് - അന്തിക്കാട് പഞ്ചായത്ത് |

| | | |
|---|---|---|
| കിഴക്ക് | : | പെരുമ്പുഴ |
| പടിഞ്ഞാറ് | : | കാനോലികനാൽ |

## മററു വിവരങ്ങൾ

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 31230 (91 സെൻസസ്) |
| പുരുഷൻ | : | 15003 |
| സ്ത്രീ | : | 16227 |

| | |
|---|---|
| പട്ടിക ജാതി | : 3852 |
| പുരുഷൻ | : 1889 |
| സ്ത്രീ | : 1963 |

| | | |
|---|---|---|
| ജനസാന്ദ്രത | : | 1714 |
| ജനന നിരക്ക് | : | 13.6 |
| മൊത്തം വീടുകൾ | : | 5954 (91 സെൻസസ്)) |
| | | 6820 (96) |
| ശരാശരി വീടൊന്നിന് ആളുകൾ | : | 5.2 |
| ആകെ വാർഡുകൾ | : | 12 |
| വനിതാ വാർഡുകൾ | : | 4 (II, IV, X, XII) |
| പട്ടിക ജാതി വാർഡ് | : | 1 (V) |

## ഭരണസമിതി

| | | |
|---|---|---|
| പി. കെ. കൃഷ്ണൻ | : | പ്രസിഡണ്ട് |
| പത്മിനി സത്യൻ | : | വൈസ് പ്രസിഡണ്ട് |
| പി. പരമേശ്വരൻ | : | സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻ |
| കെ. ടി. ഗോപാലകൃഷ്ണൻ | : | സ്ററാൻറിങ്ങ് കമ്മിററി അംഗം |
| എം. ആർ. മോഹനൻ | : | ,, |
| വേണു പാലയ്ക്കൽ | : | ,, |
| ചിന്നമണി ലോനപ്പൻ | : | ,, |
| സി. ആർ. ഗിരിജാവല്ലഭൻ | : | അംഗം |
| കെ. കെ. പ്രകാശൻ | : | ,, |
| കമലാക്ഷി ദാമോദരൻ | : | ,, |
| കെ. കെ. ബാബു | : | ,, |
| സെലീന ടീച്ചർ | : | ,, |
| എ. ബി. രവീന്ദ്രൻ | : | പഞ്ചായത്ത് സെക്രട്ടറി |

# മണലൂരിൻെറ ഇന്നലെകൾ

മലകളും കാടും ജലാശയങ്ങളും നിറഞ്ഞ കടൽ തീരപ്രദേശമായിരുന്നു ഇവിടം. പ്രകൃതിക്ഷോഭത്തിൻെറ നിരന്തര കാല പ്രവാഹത്താൽ മണൽതുരുത്തുകളായി മാറിയ ഈ ഭൂപ്രദേശത്ത് ജനവാസ കേന്ദ്രങ്ങൾ ഉടലെടുത്തു. മീൻ പിടിച്ചും വേട്ടയാടിയും ജീവിച്ചു പോന്ന സമൂഹങ്ങളും കച്ചവടവും തൊഴിലുകളുമായി വന്ന വരത്തൻ സമൂഹങ്ങളും പരസ്പരം ഇടകലർന്ന് വളർന്നു വന്ന ഒരു സങ്കലിത ജനവർഗ്ഗം ഇവിടെ നിലവിൽ വന്നു.

ലളിതമായ കാർഷിക സംസ്കൃതിയിലൂടെ ഉയർന്നുവന്ന ഈ നാട്ടിലെ പ്രധാന കൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ മററു പച്ചക്കറികൾ തുടങ്ങിയവയാണ്. ഗണ്യമായ കാലിസമ്പത്തും മത്സ്യ സമ്പത്തും ഇവിടെ നിലനിന്നിരുന്നു. പ്രകൃതി ക്ഷോഭങ്ങൾ മലകളിലെ മണ്ണിടിയൽ, ജലാശയം നികത്തൽ, മലവെള്ളപാച്ചിൽ എന്നിവയാൽ പ്രകൃതി ഘടനയിൽ ഉണ്ടായ മാററം നിമിത്തം ചില പ്രദേശങ്ങൾ ചതുപ്പു നിലങ്ങളായും മററു പ്രദേശങ്ങൾ തുരുത്തുകളായും രൂപാന്തരപ്പെട്ടു. ഇതിൽ മണൽ അടിഞ്ഞുകൂടിയ ഊര് മണലൂരായി കണക്കാക്കുന്നു. ഭരണകൂടങ്ങളുടെ രൂക്ഷമായ ഇടപെടലുകളോ, പടയോട്ടങ്ങളോ, വലിയ സാമൂഹ്യ സംഘർഷങ്ങളോ ഇവിടെ നടന്നിരിക്കാൻ ഇടയില്ല. അതുകൊണ്ട് തന്നെ സമാധാന കാംക്ഷികളായ ഒരു പ്രതല ജീവിവർഗ്ഗമായി ഇവിടത്തെ ജനസമൂഹം.

ഭൂമിശാസ്ത്രപരമായി മണലൂർ പഞ്ചായത്ത് പ്രദേശം കൊച്ചിരാജ്യത്തിൻെറ ഭാഗമായിരുന്നു. കൊല്ലവർഷം 1084 ൽ നടന്ന സർവ്വെ സെററിൽമെൻറിൽ 'ഏനാമാക്കൽ പ്രവൃത്തി' യെ മണലൂർ, കാരമുക്ക്, അന്തിക്കാട്, പടിയം വില്ലേജുകളായി വിഭജിച്ചു. ഇതിൽ മണലൂർ, കാരുക്ക്, വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് പിന്നീട് മണലൂർ പഞ്ചായത്തായി രൂപപ്പെട്ടത്. കൊച്ചി രാജ്യത്തിൻെറ അതിർത്തിയായി വരുന്ന ഈ പ്രദേശം എന്നും തന്ത്രപ്രധാനമായ മേഖലയായിരുന്നു.

കഴിഞ്ഞ നൂററാണ്ടിൻെറ ആദ്യ ഭാഗത്തിൽ ഗതാഗത മാർഗ്ഗങ്ങളായി നാട്ടുപാതകളും, വയൽ വരമ്പുകളും, വെട്ടുവഴികളും മാത്രമുണ്ടായിരുന്ന പ്രദേശമായിരുന്നു മണലൂർ. എടുത്തു പറയാവുന്ന റോഡുകൾ ഏനാമാക്കൽ പ്രവൃത്തിയിൽ ഇല്ലായിരുന്നു. സഞ്ചാരം മുഖ്യമായും ജലമാർഗ്ഗമായിരുന്നു. പുഴയും, കായലും, തോടുകളും എല്ലാ ഭാഗത്തും വ്യാപിച്ച് കിടക്കുന്നതിനാൽ ജലഗതാഗതത്തിന് സൗകര്യമുണ്ടായിരുന്നു. (ward and Conner Vol. 2)

പടിഞ്ഞാറ് കാനോലി കനാൽ, വടക്ക് ബ്രിട്ടീഷ് മലബാറിലെ പൊന്നാനി താലൂക്കിലെ വെങ്കിടങ്ങ് ദേശം, കിഴക്ക് കായലും, തെക്ക് ഏനാമാക്കൽ പ്രവൃത്തിയിലെ അടുത്ത ദേശങ്ങളുമായിരുന്നു അതിരുകൾ.

കേരളത്തിൻെറ ഇതരഭാഗങ്ങളിൽ നിലനിന്നിരുന്ന അധികാര ഘടന തന്നെയാണ് ഇവിടെയും നിലനിന്നത്. അധികാര ഘടനയിൽ നമ്പൂതിരിമാരായിരുന്നു ഏററവും ഉയർന്നവർ. നമ്പൂതിരിമാരുടെ 'ജന്മം' അല്ലാത്ത വസ്തുവകകൾ (ഭൂമി) ഇവിടെ അപൂർവ്വമായിരുന്നു. അക്കാലത്തെ കാരമുക്ക്, മണലൂർ വില്ലേജുകളിലെ പ്രധാന ജന്മികൾ കല്ലേരി മന, വടക്കേടത്ത് മന, പഴങ്ങാംപറമ്പ് മന, മങ്കോര് മന, ചെങ്ങഴി നെല്ലൂർ മന, താമരപ്പിള്ളി മന, പച്ചാമ്പിള്ളി മന, വെള്ളോറ് വൈക്കത്ത് മന, നടുവിലെ മഠം, മണലൂർ അയ്യപ്പൻകാവ് ദേവസ്വം, തൃക്കുന്നത്ത് ദേവസ്വം, എടത്തറ ദേവസ്വം തുടങ്ങിയവയായിരുന്നുവെന്ന് സർവ്വെ സെററിൽമെൻറ് റജിസ്ട്രറിൽ കാണുന്നു.

പ്രമാണികളായിരുന്ന നായർ കുടുംബക്കാർക്കും പലവിധ അധികാര അവകാശങ്ങളുണ്ടായിരുന്നു. എന്നാൽ നായർ കുടുംബങ്ങളുടേയും മററുള്ളവരുടേയും കുടിയിരിപ്പുകൾ ഏതെങ്കിലും ഒരു മനയുടെ 'ജന്മമോ', വെറും പാട്ടമോ,' 'കാണമോ' ആയിരുന്നു. 'ദേശ'ക്കാരിൽ നായന്മാരായിരുന്നു കൂടുതൽ. ക്ഷേത്രങ്ങളുടെ സമുദായം എന്ന കൈകാര്യ കർത്തൃത്വ അവകാശം കയ്യടക്കി വെച്ചിരുന്നത് എന്നാൽ നമ്പൂതിരിമാരായിരുന്നു. എന്നാൽ ഊരായ്മ ക്ഷേത്രങ്ങളുടെ കൈകാര്യ

കർതൃത്ത്വം ഊരാളന്മാരായ നായർ കുടുംബക്കാർക്കായിരുന്നു. ജന്മിത്തം അതിൻെറ ഏററവും ഉയർന്ന രൂപം ഇക്കാലത്ത് കൈവരിച്ചു. ദേശാധിപത്യം 'കൈമൾമാർ' കയ്യാളിയിരുന്നു. വെള്ളായ്മത്വം മാറിയതിൻെറ അടിസ്ഥാനത്തിൽ കൈമൾമാരും നമ്പൂതിരിമാരും ദേശക്കൂട്ടിൽ ഉൾപ്പെട്ടു.

ദേശത്ത് ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, കൊല്ലൻ, വേലൻ, മണ്ണാൻ എന്നീ വിഭാഗക്കാർ വിവിധ ജോലികൾക്കായി നിയോഗിക്കപ്പെട്ടിരുന്നു.

ആശാരിമാർ തച്ചുശാസ്ത്രവിദഗ്ദരും, ഗൃഹനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരുമാണ്. മൂശാരിമാർ ഓട്ടു പാത്രനിർമ്മാണവും, ഇരുമ്പുപണി കരുവാന്മാരും ചെയ്തുവന്നു. പ്രധാനമായും കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുവാനുള്ള ഉത്തരവാദിത്വം കരുവാൻേറതായിരുന്നു. സ്വർണ്ണാഭരണ നിർമ്മാണമാണ് തട്ടാന്മാർ നടത്തിയിരുന്നത്.

അവർണ്ണരെ ദേശക്കൂട്ടിൽ നിന്നും ഒഴിച്ചുനിർത്തിയിരുന്നു. ഈഴവരും, പുലയാദി സമുദായക്കാരുമായിരുന്നു അവർണ്ണ വിഭാഗക്കാർ. ഇവർ കൃഷി പണിയിലാണ് പ്രധാനമായും ഏർപ്പെട്ടിരുന്നത്. പ്രധാനമായും കൈമാററ വ്യവസ്ഥിതി (barter system) യിൽ കൂടെയായിരുന്നു വ്യാപാര വിനിമയങ്ങൾ നടത്തിയിരുന്നത്. ഈ ഘടനയ്ക്കകത്ത് വ്യാപാരം മാത്രം തൊഴിലാക്കിയിരുന്ന ഒരു സമൂഹം ഉണ്ടായിരുന്നില്ല. നെല്ല്, തെങ്ങ് എന്നിവ സമൃദ്ധമായി കൃഷി ചെയ്തുവന്നു. വയലേലകളിൽ വെള്ളം കെട്ടി നിറുത്തി കൃഷിക്ക് ജലസേചനം നടത്തിയിരുന്നു. ജലസേചനത്തിന് ചക്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ ഓലയും, മണ്ണും, മുളകളും ഉപയോഗിച്ച് വലിയ ഒരു 'കെട്ട്' ഉണ്ടാക്കിയിരുന്നു. കോൾനിലങ്ങളിൽ പുഴയിൽ നിന്നും 'പുളി' കടക്കുന്നത് തടയുകയായിരുന്നു ഇതിൻെറ ആവശ്യം.

നാളികേരം ആട്ടി എണ്ണയെടുക്കുന്നതിന് പരമ്പരാഗതമായ ആട്ടുചക്കുകൾ ഉണ്ടായിരുന്നു. കാളകളേയും പോത്തുകളേയും ഇതിനായി ഉപയോഗിച്ചിരുന്നു.

പാലാഴി, മണലൂർ, മാമ്പിള്ളി, കരിക്കൊടി പുഴയോര പ്രദേശങ്ങളിൽ ചകിരി ചീയ്ക്കലും, ചകിരി തല്ലി നാര് നിർമ്മിക്കലും ഉണ്ടായിരുന്നു. ചകിരിനാര് ഉപയോഗിച്ച് കൈകൊണ്ടാണ് കയർ പിരിച്ചിരുന്നത്. മണലൂരിലെ വിവിധ പ്രദേശങ്ങളിൽ തുണിനെയ്ത്ത് നിലനിന്നിരുന്നു. സ്ത്രീകളാണ് കൈകൊണ്ട് നൂല് നൂററ് വസ്ത്രങ്ങൾ നിർമ്മിച്ചിരുന്നത്.

പഞ്ചായത്തിൻെറ ചില സ്ഥലങ്ങളിൽ ഉള്ള പ്രത്യേക അനുഷ്ഠാനങ്ങളും സ്ഥലനാമങ്ങളും കൂടുതൽ ചരിത്രാന്വേഷണത്തിന് പ്രേരകമാകുന്നു. പുല-ത്തറകടവ്, എട-ത്തറ സ്ഥലനാമത്തിലെ പ്രത്യേകതകൾ പുതിയ അന്വേഷണ അവബോധം സൃഷ്ടിക്കാൻ കഴിയുന്നവയാണ്. മണലൂർ സത്രത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഉറുമ്പിൻ തേവർ 'ക്ഷേത്രവും, പ്രത്യേകതകൾ ഉള്ളതുതന്നെ.

ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ കണ്ടശ്ശാംകടവ് പ്രധാനപ്പെട്ട വ്യാപര കേന്ദ്രമായി വളർന്നിരുന്നു. കെട്ടുവള്ളങ്ങളിൽ കയററി ചകിരി കൊച്ചിയിലേക്കും, ആലപ്പുഴയിലേക്കും കൊണ്ടുപോയിരുന്നു. മൺപാത്രങ്ങൾ വള്ളങ്ങളിൽ കയററി കോഴിക്കോട്, തിരൂർ മേഖലയിലേക്കും അയച്ചിരുന്നു. മത്സ്യബന്ധനത്തിലും, വ്യപാരാവശ്യങ്ങൾക്കും പ്രധാനമായി വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്.

ഈ നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ മണലൂർ ഗ്രാമം വിവിധ ജാതി വിഭാഗങ്ങളായി പിരിഞ്ഞിരുന്നു. അവർണ്ണ സവർണ്ണ വ്യത്യാസം വളരെ പ്രകടമായിരുന്നു. ഈഴവരും പുലയാദി ചെറുമക്കളുംതീണ്ടൽക്കാരായിരുന്നു. പള്ളിക്കൂടങ്ങളിൽ ഇവരുടെ കുട്ടികൾക്ക് പ്രവേശനമില്ലായിരുന്നു.

മററു മാർഗ്ഗങ്ങളിലൂടെ വിദ്യാഭ്യാസം നേടിയിരുന്നവർക്കുപോലും സർക്കാർ ജോലികൾ നിഷിദ്ധമായിരുന്നു. പൊതുവഴികളിൽ കൂടെ സഞ്ചാരസ്വാതന്ത്ര്യം അവർണ്ണർക്ക് നിഷേധിച്ചിരുന്നു. അവർണ്ണരിൽ മുൻതൂക്കം ഈഴവർക്കായിരുന്നു. കള്ളുചെത്തും, താവരം വാററും, കൊപ്രയാട്ടലും, കയറുപിരിയും, മററു കാർഷികപണിയുമായിരുന്നു ഇവരുടെ പ്രധാന തൊഴിലുകൾ.

പോർച്ചുഗീസ് വരവിന് മുമ്പുതന്നെ കൊച്ചിയിൽ ക്രിസ്തുമതം എത്തിയിരുന്നു. മഹോദയ പു

രത്തിൻെറ തകർച്ചയ്ക്കുശേഷം കച്ചവട്ടത്തിലേർപ്പെട്ടുവന്ന സിറിയൻ ക്രിസ്ത്യൻ സമൂഹം വിവിധപ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തു. ചേററുവായിൽ മഹോദയപുരത്തിൻെറ ശാഖാനഗരങ്ങളിലൊന്നായ 'കേയീകുള'ങ്ങര നിന്നും വടക്കേത്തല, കുരുതുകുളങ്ങര എന്നീ രണ്ട് ക്രിസ്ത്യൻ സ്ത്യൻ കുടുബങ്ങൾ കണ്ടശ്ശാങ്കടവിൽ എത്തിയതായി ചരിത്രരേഖകളിൽ കാണുന്നു. ഉദ്ദേശം മൂന്നു നൂററാണ്ടുകൾക്കുമുമ്പാണ് ഈ കുടിയേററം നടന്നതെന്ന് കരുതപ്പെടുന്നു. ഊരകത്ത് നമ്പൂതിരിയുടെ ഒത്താശയോടെ ഏനാമാക്കൽ പ്രവൃത്തിയിൽ കണ്ടശ്ശാങ്കടവിന് സമീപം ഒരു പറമ്പ് ഇവർ സ്വന്തമാക്കിയതായി കാണുന്നു. ഇക്കാലത്ത് കണ്ടശ്ശാങ്കടവ് പുഴയുടെ കിഴക്കു തീരത്ത് ഒരു 'നായാടി' സമൂഹം ജീവിച്ചിരുന്നതായി പറയപ്പെടുന്നു. മതപരിവർത്തനങ്ങളെകുറിക്കുന്ന വിശദവിവരങ്ങൾ ലഭ്യമല്ല. പിൽക്കാലങ്ങളിൽ ജാതി ശ്രേണിക്കകത്ത് കൃസ്ത്യൻ സമൂഹത്തെ ശുദ്ധ സമൂഹമായി ഗണിയ്ക്കപ്പെട്ടു പോന്നു. ക്രിസ്തുമത വിശ്വാസികൾക്ക് അയിത്തം കല്പിയ്ക്കപ്പെട്ടിരുന്നില്ല.

വിദ്യാഭ്യാസം സാമൂഹ്യപുരോഗതിക്ക് മുന്നുപാധിയാണ് എന്ന കാഴ്ചപ്പാടുണ്ടായിരുന്ന അപൂർവം ചില വ്യക്തികളുടെ പ്രവർത്തനം ഇവിടെ ശ്രദ്ധാർഹമായിട്ടുണ്ട്. പാരമ്പര്യമായി ഇവിടെ 'എഴുത്തു പള്ളികൾ' പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നതായി കാണുന്നു. 1906 ന് മുമ്പ് കണ്ടശ്ശാങ്കടവ് ചന്ത സ്ഥിതി ചെയ്തിരുന്ന ഓലമേഞ്ഞ കെട്ടിടത്തിൽ ബഹുഭാഷപണ്ഡിതനായ ശ്രീ മുണ്ടശ്ശേരി പൊറിഞ്ചു ആശാൻ ഒരു പള്ളിക്കൂടം നടത്തിയിരുന്നു. ഇദ്ദേഹത്തിന് തമിഴ്, മലയാളം, ഹിന്ദി, സംസ്കൃതം ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്നു. ഈ സ്കൂളിൽ ജാതിഭേദമില്ലാതെ കുട്ടികൾക്ക് അക്ഷരവിദ്യ പഠിപ്പിച്ചിരുന്നു. കണ്ടശ്ശാംങ്കടവിലെ പൗരപ്രമാണിമാരായിരുന്ന വടക്കേത്തല പൂവ്വത്തിങ്കിൽ ദേവസ്സിസുവിത്, വടക്കേത്തല തോട്ടുങ്ങൽ ചാക്കു കുഞ്ഞിപ്പാലു എന്നിവരുടെ നേതൃത്വത്തിൽ കണ്ടശ്ശാങ്കടവിൽ ഒരു സ്കൂളിനുവേണ്ടിയുള്ള ശ്രമം നടന്നു. കുറി നടത്തിക്കിട്ടിയ ലാഭസംഖ്യയാണ് ഇതിനു വേണ്ടി അവർ നീക്കിവച്ചത്.

1906 - ൽ സെൻറ് ജോസഫ് സ്ക്കൂൾ എന്ന പേരിൽ ഒരു എൽ. പി. സ്ക്കൂൾ അങ്ങിനെ പ്രവർത്തനമാരംഭിച്ചു. ഈ പാഠശാല യു. പി. തലത്തിലേക് വളരുകയും, പിന്നീട് പൊതുനന്മയെ ലാക്കാക്കി സർക്കാരിലേക്ക് ദാനം ചെയ്യുകയും ചെയ്തു. 1919 -ൽ ഈ സ്ക്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ശതാബ്ദി ആഘോഷിച്ച മണലൂർ സെൻറ് ഇഗ്നേഷ്യസ് സ്ക്കൂൾ, കർമ്മലീത്ത കന്യാസ്ത്രീകളുടെ സേക്രട്ട് ഹാർട്ട് മേരീസ് കോൺവെൻറ് ഹൈസ്ക്കൂൾ, 1914 -ൽ സ്ഥാപിതമായ മണലൂർ ഹൈസ്ക്കൂൾ, (ഇത് മണലൂരിലെ തോപ്പിൽ തറവാട്ടുകാർ സർക്കാരിലേക്ക് ദാനം ചെയ്തതാണ്) കാരമുക്ക് ശ്രീചിദംബര ക്ഷേത്രത്തോട് അനുബന്ധമായി ഉണ്ടാക്കിയ സ്ക്കൂൾ തുടങ്ങിയവ മണലൂരിൻെറ വിദ്യാഭ്യാസ രംഗത്ത് ഉന്നതി ഉണ്ടാക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ക്രിസ്ത്യൻ സമൂഹംങ്ങളുടെ മിഷ്യനറി പ്രവർത്തനത്തിൻെറ ഭാഗമായി തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. മണലൂരിൽ പഞ്ചായത്തിലെ ക്രൈസ്തവദേവലയങ്ങളോട് അനുബന്ധമായി നിരവധി സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടു. മണലൂരിലെ വിദ്യാഭ്യാസപുരോഗതിക്ക് ക്രിസ്ത്യൻ സമുദായത്തിൻെറ സംഭാവന എക്കാലത്തും വിലമതിക്കുന്നതാണ്. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യൻ, ഹൈന്ദവ ദേവാലയങ്ങൾ സ്ഥാപിയ്ക്കപ്പെട്ടു.

സവർണ്ണരുടെ ആധിപത്യത്തിൻ കീഴിലായിരുന്ന ഹൈന്ദവ ദേവാലയങ്ങൾ കേന്ദ്രീകരിച്ച്, - കഥകളി, കർണ്ണാടക സംഗീതം, കൂടിയാട്ടം പാഠകം, കൂത്ത് തുടങ്ങിയ ക്ലാസിക് കലകൾ സംഘടിപ്പിച്ചിരുന്നു.

നവോത്ഥാന പ്രസ്ഥാനത്തിൻെറ ആചാര്യനായ ശ്രീനാരായണ ഗുരു നേതൃത്വം നൽകി വളർത്തിയെടുത്ത ശ്രീനാരായണ പ്രസ്ഥാനം മണലൂരിൻെറ ചരിത്രത്തിലെ സാമൂഹ്യ സാംസ്കാരിക മാററത്തിന് തിരികൊളുത്തി. അയിത്താചരണം കൊടുംപിരികൊണ്ടിരുന്ന അക്കാലത്ത് 'സംഘടിച്ചു ശക്തരാകുക, വിദ്യകൊണ്ട് പ്രബുദ്ധരാകുക' തുടങ്ങിയ ഗുരു സന്ദേശങ്ങളുടെ ഇവിടത്തെ പ്രയോക്താവായിരുന്നു ശ്രീ ചക്കാമഠത്തിൽ കുഞ്ഞയ്യപ്പൻ. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അധഃ

കൃത കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും, കാഞ്ഞാണി ചന്ത, പരസ്പര സഹായ സംഘം, വ്യാപാര വ്യവസായ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചതും എടുത്തു പറയേണ്ടവയാണ്.

1930 കളോടെ തന്നെ മണലൂരിൽ ആധുനിക വ്യവസായ വല്ക്കരണ ശ്രമങ്ങൾ നടന്നിട്ടുണ്ട്. കൊപ്രയാട്ടുന്നതിന് പുതിയ യന്ത്രചക്കുകൾ ഉപയോഗിച്ച് വ്യവസായസ്ഥാപനങ്ങൾ കണ്ടശ്ശാങ്കടവിലും മണലൂരിലും സ്ഥാപിയ്ക്കപ്പെട്ടു. ബാങ്കിംഗ് സംവിധാനങ്ങളും രൂപപ്പെടുത്തിയിരുന്നു. പ്രധാനമായും ഇത്തരം പ്രവർത്തനങ്ങളിൽ ക്രിസ്ത്യൻ സമൂഹമാണ് ഇടപെട്ടു വന്നത്. കണ്ടശ്ശാങ്കടവിൽ നിന്നും തൃശൂരിലേക്ക് ആദ്യമായി ഒരു ബസ് സർവ്വീസും ഇക്കാലത്ത് ആരംഭിച്ചു. കൽക്കരി ഉപയോഗിച്ചാണ് അക്കാലത്ത് ബസ് പ്രവർത്തിച്ചിരുന്നത്.

കൊച്ചിരാജ്യത്ത് ആദ്യമായി സഹകരണ വകുപ്പിന് നിയമനിർമ്മാണം നടക്കുന്നത് 1913 കാലത്താണ്. മലയാളവർഷം 1088 ലെ 4-ാം റഗുലേഷൻ ആക്ട് 11-ാം വകുപ്പ് പ്രകാരം കാരമുക്ക് ഈഴവ പരസ്പര സഹായസംഘത്തിന് ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ തുടങ്ങി 10 പേരുടെ അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകി. 1091 തുലാം 15-ന് സംഘം നിലവിൽ വരികയും വൃശ്ചികം 24 വ്യാഴാഴ്ച മുതൽ സംഘം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1950 -ൽ ജാതി സംഘങ്ങൾക്ക് വിലക്ക് കല്പിക്കുന്ന സർക്കാർ നയം വന്നതോടെ സംഘത്തിന്റെ ഈഴവ വിശേഷണം എടുത്തുകളയുകയും തുടർന്ന് 23-4-1961 - മുതൽ 16-ാം നമ്പർ കാരമുക്ക് പരസ്പര സഹായ സഹകരണ സംഘമായി ഇത് പ്രവർത്തനം തുടരുകയും ചെയ്തു.

ഇക്കാലത്തുതന്നെ കാരമുക്ക് കേന്ദ്രീകരിച്ച് 78-ാം നമ്പർ സഹകരണ സംഘം രൂപംകൊണ്ടിരുന്നു. പള്ള്യാനി കൊച്ചുണ്ണി കൈമൾ, കോടങ്കണ്ടത്ത് കൊച്ചാപ്പു മാസ്ററർ തുടങ്ങിയവർ ആണ് ഇതിനു നേതൃത്വം നല്കിയത്. 16-ാം നമ്പർ സഹകരണ സംഘത്തിന്റെ ജാതി ചേർത്ത പേരിനെതിരെ ഉണ്ടായ സ്വാഭാവിക പ്രതികരണമായിരുന്നു നായർ - ക്രിസ്ത്യൻ സംരംഭം എന്ന നിലയിൽ രൂപംകൊണ്ട ഈ സഹകരണ സംഘം.

കൊല്ലവർഷം 1092 - വൃശ്ചികം 1-ാം തിയ്യതി രജിസ്ററർ ചെയ്ത 31-ാം നമ്പർ മണലൂർ സർവ്വീസ് സഹകരണ സംഘം, ആദ്യകാലത്ത് മണലൂർ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സംഘത്തിന്റെ ആദ്യ പ്രസിഡണ്ട് പഴങ്ങാപറമ്പിൽ ഇട്ടിനാരായണൻ നമ്പൂതിരി ആയിരുന്നു.

ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മണലൂരിന്റെ സാമ്പത്തിക സാമൂഹിക ജീവിതത്തിൽ വലിയ പങ്കു വഹിക്കുന്നു.

കാഞ്ഞാണി തെക്കുഭാഗത്ത് കൊച്ചിരാജ്യത്തെ ഒരു വില്ലേജ് കോടതി പ്രവർത്തിച്ചിരുന്നു. ഇവിടെ 50 രൂപ വരെ വരുന്ന സിവിൽ കേസ്സുകളുടെ വ്യവഹാരം നടന്നിരുന്നു. ഇതിന്റെ ജഡ്ജുമാരായി മണലൂരിലെ നാട്ടു പ്രമാണിമാരെ ആദ്യകാലങ്ങളിൽ സർക്കാർ നോമിനേററു ചെയ്തിരുന്നു. 1974 ൽ വില്ലേജ് കോടതികൾ കൊച്ചിരാജ്യത്ത് നിർത്തലാക്കിയതിന്റെ ഭാഗമായി കാഞ്ഞാണിയിലെ വില്ലേജ് കോടതിയും നിർത്തലാക്കി.

സാമൂഹ്യ നവോത്ഥാന പ്രക്രിയയിൽ മണലൂരിന്റെ അന്തർസംഘർഷങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒട്ടനവധി സംഭവങ്ങൾ ശ്രദ്ധാർഹമാണ്. കാഞ്ഞാണിയിലെ ധനാഢ്യനായ ഒരു ഈഴവ കുടുംബത്തിലെ കാരണവർ തങ്ങളുടെ കാരമുക്കിലുള്ള സ്ഥലത്ത് ഒരു ക്ഷേത്രം പണിയുകയും അവിടെ പ്രതിഷ്ഠ നടത്തുന്നതിനായി ശ്രീനാരായണ ഗുരുവിനെ ബന്ധപ്പെടുകയും ചെയ്തു.

ക്ഷേത്രം ഇരിക്കുന്ന സ്ഥലം സ്വാമികളുടെ പേരിൽ തീറ് നല്കണമെന്ന് സ്വാമി ആവശ്യപ്പെട്ടു. നിബന്ധന പാലിച്ചതിനെ തുടർന്ന്, പ്രതിഷ്ഠ നടത്തുന്നതിനായി പരിവാരസമേതം ശ്രീനാരായണ ഗുരുസ്വാമി കാരമുക്കിൽ എത്തി. പ്രതിഷ്ഠക്കായി ഒട്ടനവധി വിഗ്രഹങ്ങളും, കുംഭകോണത്തുനിന്നും കൊണ്ടുവന്ന കുടുംബദേവതകളുടെ രൂപങ്ങളും തയ്യാർ ചെയ്തു വച്ചിരുന്നു. ക്ഷേത്രത്തിൽ പ്രവേശിച്ച സ്വാമി അവിടെ തയ്യാറാക്കിവെച്ചിരുന്ന ദേവ ബിംബങ്ങൾ എടുത്ത് പുറത്തേയ്ക്കെറിഞ്ഞു. ഒരു ബിംബത്തിന് മുകളിൽ കയറിനിന്നു പാദശുദ്ധി വരുത്തി. തുടർന്ന് ശ്രീ കോവിലിൽ

കയറി. മൂന്നുകവരമുള്ള ഓട്ടുവിളക്ക് നിർദ്ദിഷ്ട സ്ഥാനത്ത് പ്രതിഷ്ഠിച്ച് നെയ്ത്തിരി തെളിയിക്കുകയും ചെയ്തു. ഈ പ്രവർത്തികണ്ട് രോഷം ഉള്ളിലടക്കി നിന്ന പ്രമാണിമാരേയും അവിടെ കൂടിയ ആളുകളെയും നോക്കിക്കൊണ്ട് സ്വാമികൾ ഉത്ബോധിപ്പിച്ചു. ''ഇത് കാരമുക്കല്ലേ, ഈ മുക്കിൽ ഇന്ന് കൊളുത്തിയ വിളക്ക് വെളിച്ചം വിതറട്ടെ ഇതെന്നും അണയാതിരിക്കട്ടെ.'' കൊല്ലവർഷം 1085 - ൽ ആണ് ഈ പ്രതിഷ്ഠ നടന്നത്. സ്വന്തം സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ പോരാടാൻ സമാന്തരവും, ദ്രാവിഡ മൂല്യാത്മകവുമായ ഒരു നവീന വിശ്വാസ പ്രമാണം പുനർവാർത്തെടുക്കുന്നതിനുള്ള ആഹ്വാനമായിരുന്നു സ്വാമികളുടെ ഇത്തരം പ്രവർത്തനങ്ങൾ.

മണലൂർ അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ ആണ്ടുത്സവം കൊടികയറി അവസാനിക്കുന്ന ദിവസം നടന്ന 'ഈഴവലഹള' സ്മരണീയമാണ്. അയ്യപ്പൻ കാവു ക്ഷേത്രത്തിൽ ഉത്സവദിവസം പ്രവേശിക്കാവുന്ന പരിധി ലംഘിച്ച് ധിക്കാരികളായ ഈഴവ യുവാക്കൾ കടന്നുകയറി, ജാതിഹിന്ദുക്കൾക്കെതിരെ ശക്തമായ താക്കീത് നല്കി. ഇവർ പിന്നീട് ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്കും ഇരയായി. 62 ഓളം കേസുകളിലും, ഉൾപ്പെടുത്തപ്പെട്ടു. ഈ സംഭവത്തിൽ ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ, എ. പി. രാമൻ തുടങ്ങിയവരുടെ ഇടപെടൽ മൂലം തുടർന്നുണ്ടായ സമാധാന ശ്രമങ്ങൾ ശ്രദ്ധേയമാണ്. മണലൂരിൻെറ ജാതിവിരുദ്ധ സമരങ്ങളിലെ അവിസ്മരണീയ സംഭവങ്ങളിലൊന്നാണിത്. പുതുതായി ഉയർന്നു വന്നിരുന്ന സാമൂഹ്യ ശക്തികളുടെ സമരത്തിൻെറ പ്രകടിതരൂപങ്ങൾ ആയിരുന്നു ഇവ.

1940 കൾക്കുമുമ്പേ പാലാഴി രാമൻകായലിനടുത്തുള്ള മുണ്ടോ പാടം പ്രകൃതിദത്തമായി ഉപ്പു ശേഖരിക്കപ്പെട്ടിരുന്ന ഉപ്പുപാടമായിരുന്നു. കാലങ്ങളായി മണലൂർ, പാലാഴി, മാമ്പിള്ളി പ്രദേശങ്ങളിലെ ജനങ്ങൾ അവിടെ നിന്ന് ഉപ്പ് ശേഖരിച്ചു വന്നു. സർക്കാർ പുതുതായി ഏർപ്പെടുത്തിയ ഉപ്പു നിരോധന നിയമം അനുസരിച്ച്, മുണ്ടോപാടം ഉപ്പ് എടുക്കൽ നിരോധന മേഖലയായി. സർക്കാർ നിരോധനം ലംഘിച്ചുകൊണ്ടു തന്നെ പാലാഴിയിലെ ജനങ്ങൾ ഉപ്പ് കോരുകയുണ്ടായി. സർക്കാർ നിയമത്തിനെതിരെ ജനകീയ പ്രക്ഷോഭണമുണ്ടാവുകയും സാൾട്ട് ഉദ്യോഗസ്ഥന്മാരുമായി ഒരു സായുധ സംഘട്ടനം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. കൂനത്ത് ഇണ്ണാമൻെറ നേതൃത്വത്തിലുള്ള ചെറുത്തുനില്പ് അവിസ്മരണീയമത്രെ.

പോർത്തുഗീസുകാരുടെ വരവിന് ശേഷം കേരളമാകെ സിറിയൻ കത്തോലിക്കാസഭയെ ലത്തീൻ വല്ക്കരിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. കേരള ചരിത്രത്തിൽ, പോർത്തുഗീസുകാരുടെ സമീപനങ്ങൾക്കെതിരെ ഉയർന്നുവന്ന 'കൂനൻ കുരിശു' കലാപം തദ്ദേശീയരായ ക്രിസ്തുമതവിശ്വാസികളുടെ സ്വാഭാവിക പ്രതികരണമാണല്ലൊ. സിറിയൻ ക്രിസ്ത്യാനികളെ ലത്തീൻ വല്ക്കരിക്കുന്നതിനെതിരായ ചലനങ്ങൾ കണ്ടശ്ശാങ്കടവിലും ഉണ്ടായി. പരമ്പരാഗത സിറിയൻ ക്രിസ്ത്യാനികൾ (ഇവരാണ് ഭൂരിപക്ഷം) സുറിയാനിഭാഷയിലാണ് മതകർമങ്ങൾ ചൊല്ലിയിരുന്നതും, അനുഷ്ഠിച്ചിരുന്നതും. തങ്ങളുടെ അധികാരവും, ധനവും ഉപയോഗിച്ചുകൊണ്ടായിരുന്നു. പോർത്തുഗീസുകാർ ലത്തീൻ വല്ക്കരണത്തിന് ശ്രമിച്ചിരുന്നത്. എന്നാൽ കണ്ടശ്ശാങ്കടവിലെ ക്രിസ്ത്യൻ സമൂഹം അന്ന് പോർത്തുഗീസുകാർക്കെതിരെ നിന്ന തൃശൂർ ബിഷപ്പ് മേലൂസിനെ തങ്ങളുടെ ആത്മീയ പിതാവായി അംഗീകരിക്കുകയും പഴയ പള്ളി സിറിയൻ വിഭാഗത്തിൻേറതായി നിലനിർത്തുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം ക്രിസ്ത്യാനികൾ ലത്തീൻ വിശ്വാസികളായി മാറുകയും ചെയ്തു. ഇവർ ഇന്നത്തെ കണ്ടശ്ശാങ്കടവ് ചന്ത നിലനില്ക്കുന്ന സ്ഥലത്ത് പുതിയ ഒരു ലത്തീൻ പള്ളി സ്ഥാപിച്ചുകൊണ്ട് പുതുവിശ്വാസം പ്രഖ്യാപിച്ചു. പോർത്തുഗീസു സ്വാധീനത്താലുണ്ടായ ഒരു ഭാഷാപ്രശ്നം മാത്രമായിട്ടാണ് (മേലൂസ് ശിശ്മ) ഇതുവരെ ഇതിനെ വിലയിരുത്തുന്നത്.

ഒരേ മതവിഭാഗത്തിന് ഒരേ സ്ഥലത്ത് രണ്ട് ആരാധനാലയങ്ങൾ ഉണ്ടായിവന്നതിൻെറ സാമൂഹ്യസമ്മർദ്ദങ്ങൾ എന്തെല്ലാമായിരുന്നെന്ന വിവരങ്ങൾ നമുക്ക് ലഭ്യമല്ല. എന്നാൽ ക്രിസ്ത്യൻ സമൂഹത്തിൻെറ വളർച്ചയെ തുടർന്ന് സമുദായത്തിനകത്ത് രൂപപ്പെട്ടിരുന്ന ആഢ്യരും അധ: കൃതരും തമ്മിലുണ്ടായിരുന്ന വൈരുദ്ധ്യം ഈ സംഭവത്തിന് വഴിയൊരുക്കാൻ സാധ്യത ഉണ്ടോ എന്നു പരി

ശോധിയ്ക്കാവുന്നതാണ്. താല്ക്കാലിക പ്രശ്നങ്ങൾക്കുശേഷം പൂർണ്ണമായും ലത്തീൻവിഭാഗങ്ങൾക്ക് കീഴടങ്ങുകയും പിന്നീട് കോടതി വിധി പ്രകാരം പഴയ പള്ളി ലത്തീൻ വിഭാഗത്തിന്റെ കൈവശം എത്തിപ്പെടുകയും ആണ് ഉണ്ടായത്.

മണലൂരിന്റെ സാമൂഹ്യ സംഘർഷങ്ങൾ സ്വാഭാവികമായും പിന്നീട് രാഷ്ട്രീയ സ്വാഭാവം കൈവരിക്കുന്നുണ്ട്. ദേശീയ സമരത്തിൽ നിയമലംഘനപ്രസ്ഥാനവും നിസ്സഹകരണ പ്രസ്ഥാനവും ശക്തിപ്പെട്ട ഇരുപതുകളിൽ തന്നെ മണലൂരിലും ദേശീയാവബോധത്തിന്റെ അലകൾ അടിച്ചുയർന്നിട്ടുണ്ട്.

കോഴിക്കോട് ഉപ്പു സത്യാഗ്രഹം നടന്നപ്പോൾ പ്രസ്ഥാനത്തിന്റെ തീവ്രാവേശവുമായി മണലൂരിൽ നിന്നും വെള്ളുരെ കുഞ്ഞാമുണ്ണി കയ്മൾ പങ്കെടുത്തു. എ. കെ. ഗോപാലനോടൊപ്പം സേലം ജയിലിൽ 9 മാസക്കാലം തടവുശിക്ഷ അനുഭവിച്ചു. അക്കാലത്തെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രാദേശിക പ്രയോക്താവായിരുന്ന ശ്രീ. തോട്ടുങ്കൽ ഫ്രാൻസീസ് സ്മരണീയനാണ്.

1930 കളിൽ മണലൂരിലെ ചെറുപ്പക്കാർ, മണലൂർ യുവജനസമിതി പൊതുവായനശാല രൂപീകരിച്ച്, കോൺഗ്രസ് പ്രവർത്തനത്തിന്റെ ഭാഗമായി, ഖാദി ധരിക്കലും, പ്രചരണവും, ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കലും നടത്തിയിട്ടുണ്ട്.

കൊച്ചിയിലെ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനത്തിലും സജീവമായിരുന്നു മണലൂർ. പിൽക്കാലത്ത് കെ. പി. സി. സി. ജനറൽ സെക്രട്ടറിയായിരുന്ന കെ. വാസുപ്പണിക്കർ, ഇദ്ദേഹത്തിന്റെ സഹപ്രവർത്തകരായ തോപ്പിൽ അന്തോണി മാസ്ററർ, ടി. എഫ്. ദേവസ്സി തുടങ്ങിയവർ സ്മരണീയരത്രെ.

മണലൂരിന്റെ കാർഷികമേഖല കേരളത്തിന്റെ പൊതു കാർഷിക അവസ്ഥയിൽ നിന്നും ഭിന്നമല്ല. കൃഷിയിടങ്ങളുടെ ജന്മാവകാശം, ക്ഷേത്രങ്ങളുടേയും നമ്പൂതിരി ഇല്ലങ്ങളുടേതുമായിരുന്നു.

വെറും പാട്ടം എന്ന നിലയിൽ കൃഷിക്കായി നിലം കുടിയാന്മാർക്ക് നല്കി. അവരിൽ നിന്നും ഒരു നിശ്ചിത അളവ് നെല്ല് പാട്ടമായി സ്വീകരിക്കുന്ന ഒരു പൊതു രീതിയായിരുന്നു നിലനിന്നിരുന്നത്. 1908 - ൽ പ്രസിദ്ധീകരിച്ച സർവ്വേ സെററിൽമെൻറ് രജിസ്ററർ പ്രകാരം 2308.07 ഹെക്ററർ പ്രദേശത്ത് നെൽകൃഷി ഉണ്ടായിരുന്നു. കേരളത്തിന്റെ ഇതര പ്രദേശങ്ങളിൽ ഉയർന്നുവന്ന കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള കർഷക പ്രസ്ഥാനത്തിൽ മണലൂരിന്റെ സംഭാവന അവഗണിക്കാനാവാത്തതാണ്.

ഈ പ്രസ്ഥാനങ്ങൾക്കാമുഖമായി മണലൂർ - അന്തിക്കാട് മേഖലയിൽ സംഘടിത തൊഴിലാളി പ്രസ്ഥാനം ഉയർന്നു വന്നു. 1940 - ൽ അന്തിക്കാട് -മണലൂർ മേഖലയിൽ "ഏനാമാവ് - പെരിങ്ങോട്ടുകര ചെത്തു തൊഴിലാളി യൂണിയൻ" ആരംഭിച്ചു. ഇക്കാലത്തു തന്നെ ഇവിടെ ശ്രീ. കെ. എ. ഉണ്ണിയുടെ നേതൃത്വത്തിൽ കമ്യൂണിസ്ററുപാർട്ടി രൂപീകരിച്ചിരുന്നു.

ചെത്തുതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും, സമരസജ്ജരാക്കുന്നതിനും ശ്രീ. ജോർജ്ജ് ചടയൻമുറിയുടെ ഉജ്ജ്വല നേതൃത്വം സ്മരണീയമാണ്. പുഴുക്കളെപ്പോലെ ചവിട്ടിയരക്കപ്പെട്ട ജനസമൂഹത്തെ മനുഷ്യരാക്കി ഉയർത്തിയെടുക്കുന്നതിന് ചെത്തുതൊഴിലാളി യൂണിയന് കഴിഞ്ഞു.

ഐതിഹാസിക മാനത്തിലേക്കുയർത്തപ്പെട്ട സമരങ്ങളായിരുന്നു 1942, 47 കാലങ്ങളിൽ നടന്ന ഇവിടത്തെ ചെത്തു തൊഴിലാളി സമരങ്ങൾ. തൊഴിലാളികളുടെ അഭിശപ്തമായ ജീവിതാവസ്ഥക്കെതിരായ അവരുടെ സ്വയം പ്രതിരോധമായിരുന്നു ഈ സമരം. ഈ സമരത്തിൽ മണലൂരു നിന്നും സി. കെ. രാഘവൻ, പാലാഴിയിൽ നിന്നും കെ. കെ. ശങ്കരൻ തുടങ്ങിയവർ രക്തസാക്ഷികളായി.

ചെത്തുതൊഴിലാളികൾ അവരുടെ സാമുഹ്യവും, സാമ്പത്തികവുമായ അവശതകൾക്കെതിരെ ഉയർത്തിയ സമരം സാമ്രാജ്യത്വത്തിനെതിരെ, ജന്മിത്തത്തിനെതിരെ, അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ നടന്നിരുന്ന സമരങ്ങളോട് കണ്ണിചേർത്തിരുന്നു.

ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുററം ചുമത്തി തൊഴിലാളികളെ ക്രൂരമായി മർദ്ദിക്കുകയും നിരവധി കേസുകളിൽ ഉൾപ്പെടത്തി ജയിലിലടച്ചും, കർഫ്യൂ ഏർപ്പെടുത്തിയും ഭരണകൂടം സമരത്തെ നേരിടുകയും ചെയ്തു.

ഐതിഹാസികമായ ഈ സമരത്തിനു നേതൃത്വം നല്കിയവർ, കെ. പി. പ്രഭാകരൻ, എൻ. സി. ശങ്കരൻ, കെ. ഈശൻ തുടങ്ങിയവരായിരുന്നു.

ചെത്തുതൊഴിലാളി സമരത്തിന്റെ സ്വാഭാവിക സ്വാധീനം, മററിതര ജനവിഭാഗങ്ങളെ സജീവമാക്കി. കർഷകസംഘം, ബാലസംഘം, മഹിളാസംഘം തുടങ്ങിയ ബഹുജനസംഘടനകൾ ഇക്കാലത്തു ഉയർന്നു വരികയുണ്ടായി. കൃഷി ഭൂമി കൃഷിക്കാരന്, ജന്മിത്വം തുലയട്ടെ, ബ്രിട്ടീഷുകാർ ഇന്ത്യ വിടുക തുടങ്ങിയ മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ, മണലൂരിലെ കൃഷിക്കാരും സംഘടിക്കപ്പെട്ടു. ഇ. ഗോപാലകൃഷ്ണമേനോൻ, കെ. കെ. വാര്യർ, എ. വി. ആര്യൻ, പി. എസ്. എൻ. നമ്പൂതിരി തുടങ്ങിയ കർഷക നേതാക്കളുടെ സജീവ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായിരുന്നു മണലൂർ.

1950 കാലങ്ങളിൽ കനോലികനാലിന്റെ തീരപ്രദേശങ്ങളിലെ മുഖ്യതൊഴിൽ തൊണ്ടു ചീയ്ക്കലും, ചകിരി തല്ലി നാരെടുക്കലുമായിരുന്നു. നിരക്ഷരരായിരുന്ന ബഹുഭൂരിപക്ഷം തൊഴിലാളികൾ, പലവിധ ചൂഷണങ്ങൾക്കും വിധേയരായിരുന്നു.

അമ്പതുകളിൽ നടന്ന ചകിരി തൊഴിലാളികളുടെ ഉജ്ജ്വല സമരം, മണലൂരിന്റെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം ഏറെ ഉണ്ടായിരുന്ന അപൂർവ്വം സമരങ്ങളിൽ ഒന്നായിരുന്നു ഇത്. കേരളത്തിലെ നിരവധി കമ്മ്യൂണിസ്ററു നേതാക്കൾ ഈ സമരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്. ശ്രീ. ആർ. സുഗതന്റെ പേർ പ്രത്യേകം സ്മരിക്കേണ്ടതാണ്.

ധീരതയുടെ മനുഷ്യരൂപമായിരുന്ന കാരാമാക്കൽ പുഷ്പാംഗദന്റെ നേതൃത്വം ഈ അവസരത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. ശ്രീ കുററുക്കാരൻ ദേവസിയായിരുന്നു ചകിരി തൊഴിലാളി യൂണിയന്റെ പ്രസിഡണ്ട്. ശ്രീ. ടി. കെ. പുരുഷോത്തമൻ, വി. വി. രാഘവൻ തുടങ്ങിയ നേതാക്കളുടെ സജീവ നേതൃത്വം ഈ സമരങ്ങൾക്കുണ്ടായിരുന്നു.

1952 - ൽ കണ്ടശ്ശാങ്കടവിലെ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ സമരം ശ്രദ്ധാർഹമാണ്. ഇതിനുനേതൃത്വം നല്കിയ ഇന്നത്തെ ദേശീയ നേതൃത്ത്വനിരയിലുള്ള ശ്രീ. കെ. കരുണാകരന്റെ സജീവസാന്നിദ്ധ്യം മണലൂരിൽ ഉണ്ടായിട്ടുണ്ട്.

എഴുപതുകളിൽ കെട്ടുതെങ്ങ് നേടുന്നതിനുവേണ്ടിയും, കുടികിടപ്പവകാശങ്ങൾക്കുവേണ്ടിയും നടന്ന കർഷക തൊഴിലാളി സമരങ്ങൾ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനായി സംഘടിപ്പിയ്ക്കപ്പെട്ട സമരങ്ങൾ മണലൂരിന്റെ സാമൂഹിക വികാസത്തിൽ വലിയ പങ്കുവഹിച്ചിരുന്നു.

കേരള നിയമസഭയിൽ വിദ്യാഭ്യാസ ബില്ല് അവതരിപ്പിച്ചു കൊണ്ട് ലോകശ്രദ്ധ ആകർഷിച്ച പ്രൊ. ജോസഫ് മുണ്ടശ്ശേരിക്ക് ജന്മം നല്കിയ നാടാണിത്. വിദ്യാഭ്യാസ വിചക്ഷണനും, സഹകാരിയും, ഗ്രന്ഥകാരനും, ഭാഷയിലെ ഒരു പുതിയ വിമർശനരീതിയുടെ ഉപജ്ഞാതാവുമായിരുന്നു മുണ്ടശ്ശേരി. അദ്ദേഹത്തിന്റെ സഹകരണ രംഗത്തെ സഹപ്രവർത്തകനായിരുന്നു ശ്രീ. പുത്തേഴത്ത് മാധവമേനോൻ.

കൊച്ചി നിയമസഭാംഗവും, ഹൈക്കോടതി ജഡ്ജിയും, സർവ്വാദികാര്യേക്കാരും, സാഹിത്യക്കാരനും, സാഹിത്യഅക്കാദമി പ്രസിഡൻറുമായിരുന്ന പുത്തേഴത്ത് രാമൻ മേനോൻ മണലൂർ സ്വദേശിയായിരുന്നു. വ്യാസമഹാഭാരതം ഭാഷയിലേക്ക് ഗദ്യരൂപത്തിൽ വിവർത്തനം ചെയ്ത വിദ്വാൻ കെ. പ്രകാശം, സംയുക്തസോഷ്യലിസ്ററ് പാർട്ടി സംസ്ഥാന പ്രസിഡണ്ട്, കേരള നിയമസഭാംഗവും, മന്ത്രിയുമായിരുന്ന ശ്രീ. ഒ. കോരൻമാസ്ററർ, പ്രജാസോഷ്യലിസ്ററു പാർട്ടി നേതാവായിരുന്ന ബി. സി. വർഗ്ഗീസ് തുടങ്ങിയവരുടെ ജന്മംകൊണ്ടും പ്രവർത്തനം കൊണ്ടും സമ്പന്നമാണ് മണലൂർ.


MANALUR PANCHAYAT


MANALUR PANCHAYAT
ASSET MAP

# ഏനാമാക്കൽ പ്രവൃത്തി

കൊച്ചിരാജ്യത്തിലെ ഒരു പ്രവൃത്തിയായിരുന്നു ഏനാമാക്കൽ പ്രവൃത്തി. ഇന്നത്തെ ബ്ലോക്ക് പഞ്ചായത്തിൻെറ പേരിനുപകരം അന്ന് ഉപയോഗിച്ചിരുന്ന പദമായിരുന്നു പ്രവൃത്തി. ഏനാമക്കൽ പ്രവൃത്തിയിൽ 15 വില്ലേജുകൾ ഉൾപ്പെട്ടിരുന്നു. മണലൂർ, കാരമുക്ക് വില്ലേജുകൾ ചേർന്ന് രൂപം കൊണ്ട മണലൂർ പഞ്ചായത്ത് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടതായിരുന്നു. (Ward and Conner Memoir of The Survey of Travancore and Cochin. Vol. 2 1816-1820)ഏനാമാക്കൽ പ്രവൃത്തിയെകുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ ചേർക്കുന്നു. തുടർന്നുവരുന്ന വിവിധ വിഷയങ്ങളെ കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾക്ക് ഇത് സഹായകമാകും. ഈ വിവരങ്ങൾ വൈകികിട്ടിയതുകൊണ്ട് ഇതുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു പഠനത്തിന് ഇവിടെ കഴിഞ്ഞിട്ടില്ല.

**പട്ടണങ്ങൾ, അങ്ങാടികൾ :** കണ്ടശ്ശാംകടവ്, പുത്തൻപീടിക, കാഞ്ഞാണി എന്നിവയാണ്. കച്ചവടക്കാരിൽ ക്രിസ്ത്യാനികളാണ് മുഖ്യം.

**കൃഷി :** നെൽകൃഷിയാണ് പ്രധാനം. കായലിൻെറ കരയോട് ചേർന്നുള്ള ഭാഗങ്ങളിൽ വേനൽക്കാലത്ത് കൃഷി ചെയ്തിരുന്നു. ഈ കൃഷിയിടങ്ങൾ കടൽവെള്ളം കയറി നശിക്കാതിരിക്കാനായി ഏനാമാക്കലിൽ ഒരു കെട്ട് വർഷംതോറും ഉണ്ടാക്കാറുണ്ട്. വളരെയേറെ അദ്ധ്വാനം ആവശ്യമായി വരുന്ന ഒരു ജോലിയാണ് ഇത്. പണ്ട് ഇവിടെ ഒരു സ്ഥിരം കെട്ട് ഉണ്ടായിരുന്നുവെന്നും മലബാറിലെ പഴയ കളക്ടർമാരിൽ ആരോ അത് പൊളിച്ചുകളഞ്ഞുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

തെങ്ങ്, കവുങ്ങ്, കൊടപ്പന എന്നിവയാണ് മററു മുഖ്യ കൃഷികൾ. പലതരത്തിലുള്ള പച്ചക്കറികളും കൂട്ടത്തിലുണ്ട്.

**കാലിവളർത്തൽ:** പടിഞ്ഞാറൻ ഭാഗത്ത് കന്നുകാലി വളർത്തൽ വളരെ ദുർലഭമാണ്. കിഴക്കോട്ടു നീങ്ങുംതോറും പശു, കാള, പോത്ത്, എരുമ എന്നിവയും അപൂർവ്വമായി ആടുകളും വളർത്തപ്പെടുന്നുണ്ട്.

**ഗതാഗതം :** എടുത്തുപറയത്തക്ക റോഡുകൾ ഏനാമാക്കൽ പ്രവൃത്തിയിൽ ഇല്ല. സഞ്ചാരം മുഖ്യമായും ജലമാർഗ്ഗം തന്നെയാണ്. പുഴയും , കായലും എല്ലാ ഭാഗത്തും വ്യാപിച്ചുകിടക്കുന്നതിനാൽ ജലഗതാഗതത്തിന് തടസ്സങ്ങളില്ല.

## സ്ഥിതി വിവരക്കണക്കുകൾ

| | | |
|---|---|---|
| വില്ലേജുകൾ | : | 15 |
| ആകെ വിസ്തീർണ്ണം | : | $12^{1}/_{4}$ ചതുരശ്ര മൈൽ. |
| നെൽകൃഷിയിടങ്ങൾ | : | $4^{3}/_{4}$ ചതുരശ്ര മൈൽ |
| ജനസാന്ദ്രത<br>ചതു. മൈൽ 1ന് | : | 382 പേർ |
| വീടുകളുടെ എണ്ണം | : | 868 |
| തെങ്ങ്, കവുങ്ങ്, പ്ലാവ്<br>തുടങ്ങിയ വൃക്ഷങ്ങൾ | : | 23436 എണ്ണം |
| കലപ്പ, കൈക്കോട്ട് തുടങ്ങിയ<br>കാർഷിക ഉപകരണങ്ങൾ | : | 549 |
| പശു, പോത്ത്, എരുമ തുടങ്ങിയവ | : | 1130 |
| ചാരായക്കടകളും, കള്ള് വില്പന<br>സ്ഥലങ്ങളും | : | 33 |
| കുളങ്ങൾ, കിണറുകൾ എന്നിവ | : | 446 |
| ആരാധനാ സ്ഥലങ്ങൾ<br>(പല വിഭാഗത്തിലും പെട്ടവ) | : | 339 |
| വഴിയമ്പലം, ഊട്ടുപുര, ചൗക്കികൾ<br>തുടങ്ങിയ പൊതു കെട്ടിടങ്ങൾ | : | 14 |

അവലംബം : Ward & Conner - Memoir of the Survey of Travancore & Cochin - Govt. of Kerala-1994. Vol II PP-266.

## കാനേഷുമാരി

| | | |
|---|---|---|
| ബ്രാഹ്മണർ (വ്യത്യസ്ത വിഭാഗങ്ങൾ) | : | 131 പേർ |
| അമ്പലവാസികൾ (വാരിയർ, മാരാർ, പിഷാരടി തുടങ്ങിയവർ) | : | 78 |
| നായർ (വ്യത്യസ്ത വിഭാഗങ്ങൾ അടക്കം) | : | 1.023 |
| നെയ്ത്തുകൾ, അലക്കുകാർ തുടങ്ങിയവർ | : | 16 |
| തമിഴ്നാട്ടുകാർ (പലവിഭാഗങ്ങൾ) | : | 15 |
| കൊങ്കണികൾ, പപ്പടച്ചെട്ടിമാർ തുടങ്ങിയവർ | : | 17 |
| ആശാരി, കരിവാൻ തുടങ്ങിയ കമ്മാളർ | : | 124 |
| മുസൽമാൻ (മാപ്പിളമാരടക്കം) | : | 65 |
| ക്രിസ്തുമതക്കാർ (പല വിഭാഗങ്ങൾ) | : | 1,833 |
| പുലയർ (സമാനജാതിക്കാരടക്കം) | : | 473 |
| ആകെ ജനസംഖ്യ | : | 4,580 |
| ആകെ സ്ത്രീകൾ : | : | 2,329 |
| ആകെ പുരുഷന്മാർ | : | 2,251 |
| ആകെ ജാതികൾ (ഉപവിഭാഗങ്ങളടക്കം) | : | 35 |

അവലംബം : Ward & Conner - Memoir of the Survey of Travancore & Cochin - Govt. of Kerala-1994. Vol II PP-267.

## മണലൂർ (കാരമുക്ക്, മണലൂർ വില്ലേജുകൾ) പഞ്ചായത്ത്
## സെററിൽമെൻറ് രജിസ്ററിലെ സ്ഥിതിവിവരകണക്കുകൾ (1891)

| | |
|---|---|
| ആകെ വിസ്തീർണ്ണം | : 4499 ഏക്കർ 10 സെൻറ് |
| പറമ്പ് | : 1843 ഏക്കർ 33 സെൻറ് |
| നിലം | : 2308 ഏക്കർ 7 സെനറ് |
| പുറംപോക്ക് | : 347 ഏക്കർ 32 സെൻറ് |
| വീടുകൾ | : 1522 |
| ജനസംഖ്യ | |
| ആണ് | : 4279 |
| പെണ്ണ് | : 4321 |
| കാള-പോത്ത് | : 557 |
| പശു | : 346 |
| എരുമ | : 147 |
| ആടുകൾ | : 73 |
| കലപ്പ | : 343 |

## 1991 സെൻസസ്സ് മണലൂർ പഞ്ചായത്ത്

| | |
|---|---|
| ആകെ വിസ്തീർണ്ണം | : 18.22 സ്ക്വയർ കി. മീ. (1822 ഹെക്ടർ) |
| പറമ്പ് | : 739 ഹെക്ടർ |
| നിലം | : 916 ഹെക്ടർ |
| പുറംപോക്ക് | : 166 ഹെക്ടർ |
| ജനസാന്ദ്രത | : 1719/കി. മീ. |
| വീടുകൾ | : 5954 |
| ആണ് | : 15003 |
| പെണ്ണ് | : 16227 |

# മണലൂർ പഞ്ചായത്തിൻെറ ഉദയം

1914 മുതൽ കൊച്ചി രാജ്യത്ത് നീതിന്യായാധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിരുന്നു. നികുതിയടക്കുന്നവരിൽ നിന്നും നോമിനേഷൻ മുഖേന രൂപീകരിക്കപ്പെട്ട പഞ്ചായത്തായി മണലൂർ പഞ്ചായത്ത് പ്രവർത്തിച്ചു വന്നു. ഇതിന് അനുബന്ധമായി കാഞ്ഞാണി സെൻററിന് തെക്കുവശത്തായി ഒരു വില്ലേജ് കോടതിയും പ്രവർത്തിച്ചിരുന്നു. ഈ സംവിധാനം 1974 വരെ നിലനിന്നിരുന്നു. 1950 ൽ തിരുകൊച്ചി പഞ്ചായത്ത് ആക്ട് നിലവിൽ വരുന്നതിന് മുമ്പ് ശ്രീ. തോട്ടുങ്ങൽ ഫ്രാൻസീസ്, പണ്ടാരൻ അയ്യപ്പക്കുട്ടി മാസ്ററർ തുടങ്ങിയവർ ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടുമാരായിട്ടുണ്ട്. 1953 ൽ ആദ്യപഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് പഞ്ചായത്തിൽ ഏററവും കൂടുതൽ കാലം പ്രസിഡണ്ടായി തുടർന്നത് ശ്രീ. ടി. എം. ആൻറണിയായിരുന്നു. മണലൂർ പഞ്ചായത്തിൻെറ ആധുനിക വല്ക്കരണത്തിൽ ഇദ്ദേഹത്തിൻെറ സേവനം അവിസ്മരണീയമത്രെ. കാഞ്ഞാണി, ലിഫ്ററ് ഇറിഗേഷൻ പദ്ധതി, ചകിരി വ്യവസായ സഹകരണസംഘങ്ങളുടെ രൂപീകരണം, കാരമുക്ക് ഗവൺമെൻറ് ഡിസ്പ്പെൻസറിയുടെ ആരംഭം, കുടിവെള്ളക്ഷാമ പരിഹാരത്തിനായുള്ള ഓഗ്മെൻേറഷൻ സ്കീം, പഞ്ചായത്തിലെ പൊതു ശ്മശാനം, പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം, സർവ്വോപരി കണ്ടശ്ശാംകടവ് പാലം തുടങ്ങിയ മണലൂരിൻെറ വികസന പ്രവർത്തനങ്ങളുടെ ഉപജ്ഞാതാവും പ്രയോക്താവുമായിരുന്നു ശ്രീ. ടി. എം. ആൻറണി.

തുടർന്ന് ശ്രീമാന്മാർ കെ. ടി. ഗോപാലകൃഷ്ണൻ, ടി. ഒ. അന്തോണി, വി. കെ. സഹജൻ, കെ. എ. വാസു, തുടങ്ങിയവർ ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടുമാരായിട്ടുണ്ട്.

1995 സെപ്തംബറിലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. പി. കെ. കൃഷ്ണൻ പഞ്ചായത്തു പ്രസിഡണ്ടും ശ്രീമതി പത്മിനി സത്യൻ വൈസ് പ്രസിഡണ്ടും ശ്രീ. പി. പരമേശ്വരൻ സ്ററാൻറിംഗ് കമ്മിററി ചെയർമാനുമായി പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

## രമണമഹർഷിയും അരിമണികളും

ഒരു ദിവസം അടുക്കളമുററത്ത് കുറെ അരിമണികൾ വീണു കിടക്കുന്നത് രമണമഹർഷി കണ്ടു. ഉടനെ അവിടെയിരുന്ന് ശ്രദ്ധയോടെ അവ പെറുക്കാൻ തുടങ്ങി. ഇതുകണ്ടിട്ട് ഭക്തന്മാരിൽ ഒരാൾ പറഞ്ഞു, നമുക്ക് എത്രയോ ചാക്ക് അരി അടുക്കളയിലിരിക്കുന്നു. ഈ ഏതാനും അരിമണികൾ നുള്ളിപെറുക്കി എടുക്കാനായി സ്വാമി ഇത്ര കഷ്ടപ്പെടുന്നതെന്തിനാണ്? മഹർഷി അയാളുടെ നേരെ തിരിഞ്ഞ് സ്നേഹത്തോടെ പറഞ്ഞു, നിങ്ങൾ ഈ അരിമണികളെ മാത്രമെ കാണുന്നുള്ളു. അതിനുള്ളിലെന്താണ് എന്ന് അറിയാൻ ശ്രമിക്കുക. നിലമുഴുത് വിതച്ച കർഷകൻെറ കഠനാദ്ധ്വാനവും, സമുദ്രജലം സൂര്യൻ മേഘമാക്കി ലഭിച്ച വെള്ളത്തുള്ളികളും, ആർദ്രമായ ഭൂമിയും, നെൽച്ചെടികളുടെ ജീവനും എല്ലാം ഈ അരിമണികളിലുണ്ട്. അതുകൊണ്ട് അവയെ വന്ദിക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിലും, കാലുകൊണ്ട് ചവിട്ടി നിന്ദിക്കരുത്. നിങ്ങൾക്ക് ആഹാരത്തിന് ആവശ്യമില്ലെങ്കിൽ കിളികൾക്ക് ഇവ കൊടുക്കുക. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം ഇണക്കത്തിൻേറതാകണമെങ്കിൽ മനുഷ്യനും, പ്രകൃതിയും തമ്മിലുള്ള ബന്ധവും ഇണങ്ങേണ്ടതുണ്ട്. ഈ കാഴ്ചപ്പാട് കേരളീയ നവോത്ഥാനകാല ചിന്തകളിലും നിറഞ്ഞു നില്ക്കുന്നു.

# പാരമ്പര്യ നെൽവിത്തുകൾ

കാലങ്ങളായി കൃഷി ചെയ്ത് പ്രകൃതി നിർദ്ധാരണം മൂലം ശക്തമായി , ജനസംസ്കൃതിയായി വളർന്നുവന്ന നമ്മുടെ പാരമ്പര്യ നെൽവിത്തുകൾ ഇന്ന് നമുക്ക് അന്യം വന്നിരിക്കുന്നു.

കേരളത്തിൻെറ വടക്കേയററം മുതൽ തെക്കേയററം വരെ ഒരുകാലത്ത് കൃഷി ചെയ്തിരുന്ന വിത്തുകളാണ് താഴെപറയുന്നത്.

ചെന്നെല്ല, കരിഞ്ചെന്നല്ല്, കുട്ടിവിത്ത്, കുറുഞ്ഞി, കോഴിവാലൻ, വെള്ള കോഴിവാലൻ, പൊന്നാരിയൻ, കഴമ, പറമ്പൻ കഴമ, മുണ്ടകൻ, അരിക്കിരാലി, വയ്യനാടൻ, ഒന്നിടിയൻ, മൂവാലി, പൂത്തനാടൻ, മോടൻ, ചെറുമോടൻ, മലയുടുമ്പൻ, കരിമ്പാല, ആരിയൻ, കാളി, വട്ടൻ, മുണ്ടപ്പള്ളി, നവര, കോഴിവാള, കുട്ടനാടൻ, ചെപ്പിലക്കാടൻ, കൂവളക്കാടൻ, പാലവച്ചാല, കുമ്പളവൻ, ചെന്താർമണിയൻ, വെള്ളത്തായൽ, കരിങ്കാളി, അരികുറുമ, ആരിയങ്കാളി, തനിക്കാളി, ചേരണാലി, സ്വർണ്ണാലി, കറുത്ത എരുമക്കാലി, ചിറേറണി, കാടക്കഴുത്തൻ, വെള്ളകുറിഞ്ഞി, കരിക്കുറുഞ്ഞി, അന്നചെമ്പാൻ, കല്ലുച്ചെമ്പാൻ, ചെഞ്ചമ്പാൻ, ഈർക്കിലിച്ചെമ്പാൻ, കേതമ്പി ചെമ്പാൻ, വെട്ടികുട്ടാടൻ, പാണ്ടി, ചെറുപ്പാണ്ടി, ആനക്കൊമ്പൻ, തുളുനാടൻ, ചെററാരിയൻ, മണലാരിയൻ, കറുത്ത കുറുവ, കുറുവ, പറമ്പൻ, ചെറിയ പറമ്പൻ, അയനി, ചെറിയാരിയൻ, പൊക്കാളി, ചെറു പൊക്കാളി, കൂര, കൊളവാഴ, വെള്ളകുട്ടാടൻ, സീത ഭോഗം, ഉഴുതുവിരട്ടി, എടക്കുറുമ, കാര, വശനം, ചെമ്പാവ്, ഇളകു ചെമ്പാവ്, ചീരകച്ചെമ്പാവ്, കൽക്കുമ്മായൻ, പൂങ്കാര, തിരുപ്പൂകിൽ, കുങ്കുമചെമ്പാവ്, വെള്ളക്കാരു, എളക്കാരു, പൂഴുകു ചെമ്പാവ്, ചെമ്പളം, പൂമ്പോള, മട്ടക്കാരു - ആകെ 87 തരം. ഒരേതരം വിത്ത്, പല പ്രദേശത്ത് പല പേരിലറിയപ്പെടുന്നതിനാൽ ഇതിൽ എണ്ണം പെരുകിയിട്ടുണ്ടാവാം. എന്നാലും ഏതാണ്ട് അമ്പതിലധികം തരത്തിലുള്ള നെൽവിത്തുകൾ ഇവിടെ ഉണ്ടായിരുന്നുവെന്നു തന്നെ കരുതണം.

## മാസംതോറുമുള്ള വർഷപാതം

## സ്ഥലം - എനാമാക്കൽ റെഗുലേററർ


| മാസങ്ങൾ 1985 | മി.മീ 1985 | മി. മീ 1986 | മി. മീ 1987 | മി. മീ 1988 | മി. മീ. 1989 | മി. മീ. 1990 | മി. മീ. 1991 | മി. മീ. 1992 | മി. മീ. 1993 | മി. മീ. 1994 | മി. മീ. 1995 |
|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 23.2 | 5.4 | | | | | | | | 66.4 | |
| ഫെബ്രുവരി | 0.0 | 3.2 | | 2.0 | | | | | 45.6 | 3.8 | |
| മാർച്ച് | 0.8 | 5.8 | | 40.0 | 10.0 | | 13.0 | | 42.0 | 20.8 | 25.4 |
| ഏപ്രിൽ | 2.7 | 171.0 | 8.0 | 153.0 | 45.0 | 24.0 | 88.0 | 55.0 | 21.8 | 78.8 | 116.2 |
| മെയ് | 240.7 | 127.6 | 8.0 | 230.0 | 173.0 | 618.0 | 1110.0 | 277.0 | 284.0 | 70.0 | 474.6 |
| ജൂൺ | 928.2 | 725.4 | 938.0 | 715.0 | 720.0 | 490.0 | 1146.0 | 1016.0 | 903.4 | 1037.0 | 600.4 |
| ജൂലായ് | 419.8 | 284.4 | 290.0 | 499.0 | 500.0 | 622.0 | 763.0 | 753.0 | 810.2 | 896.6 | 722.4 |
| ആഗസ്ററ് | 361.0 | 346.2 | 464.0 | 546.0 | 258.0 | 225.0 | 467.0 | 344.0 | 148.6 | 502.0 | 427.4 |
| സെപ്തംബർ | 86.3 | 400.8 | 165.0 | 503.0 | 150.0 | 61.0 | 26.0 | 212.0 | 91.6 | 282.0 | 329.4 |
| ഒക്ടോബർ | 215 | 125.4 | 419.0 | 40.0 | 535.0 | 410.0 | 265.0 | 270.0 | 483.6 | 166.8 | 165.4 |
| നവംബർ | 33.6 | 203.6 | 269.0 | 8.0 | 89.0 | 75.0 | 127.0 | 347.0 | 100.4 | 42.4 | 97.8 |
| ഡിസംബർ | 105.4 | 57.0 | 65.0 | 35.0 | | 7.0 | | | 7.6 | | |
| ആകെ | 2437.7 | 2455.6 | 2626.0 | 2771.0 | 2480.0 | 2532.0 | 3006.0 | 3274.0 | 2938.8 | 3338.6 | 2959.0 |

1985 മുതൽ 1995 വരെയുള്ള 10 വർഷക്കാലത്തെ ശരാശരി വർഷപാതം 2754.39



| | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | തീരസമതലം | ചെറിയ ചരിവ് | കുന്നിൻ മണ്ട | താഴ്‌വര |
| മൺതീരം | മണൽ, കളിമണ്ണ് | കളിമണ്ണ്, ചരൽ | വെട്ടുകല്ല്, പാറ | കളിമണ്ണ് കലർന്ന മണൽ |
| സസ്യാവരണം | നെല്ല്, തെങ്ങ് | തെങ്ങ്, ഫലവൃക്ഷങ്ങൾ | തെങ്ങ്, മാവ്, പ്ലാവ് | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | നെല്പാടം തൂർക്കുന്നു |

## ട്രാൻസെക്ട്


ഭൂവിനിയോഗം
സമതലം
തീര സമതലം
കോൾ നിലങ്ങൾ
ചതുപ്പ് നിലങ്ങൾ

# കൃഷിയും ജലസേചനവും

ഒരു ഗ്രാമത്തിൻെറ വികസന സാധ്യതകൾക്ക് മുഖ്യമായും അടിസ്ഥാനമാക്കേണ്ടത്, അവിടത്തെ ഭൗതികവും, മാനുഷികവുമായ വിഭവ യാഥാർത്ഥ്യങ്ങളുടെ സ്വഭാവമാണ്. മണലൂർ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും ജീവിത രീതിയും രൂപപ്പെടുത്തുന്ന അടിസ്ഥാന ഘടകം കാർഷിക മേഖലയാണ്.

കൃഷി പ്രത്യുല്പാദനപരമായ ഒരു സാമൂഹ്യ സേവനമാണ്. ഉല്പാദന പ്രക്രിയയിൽ മുഴുവൻ ജനങ്ങളും പങ്കാളികളാകേണ്ടതുണ്ട്. ഇന്ന് ഉല്പാദനരീതിയിലും, ബന്ധങ്ങളിലും സമഗ്രവും, ശാസ്ത്രീയവുമായ മാററം അനിവാര്യമാണ് അതിനായി ഒരു നവീന കാർഷിക ബോധം ഉരുത്തിരിയേണ്ടതും കായികാദ്ധ്വാനത്തെ മഹത്ത്വവൽക്കരിക്കുന്ന ഒരു സാംസ്കാരിക നവോത്ഥാനം സംഭവിക്കേണ്ടതുമാണ്. ഈപഞ്ചായത്ത്, ദീർഘകാലത്തെ ഉയർന്ന കാർഷിക പാരമ്പര്യം പുലർത്തുന്ന പ്രദേശമാണ്. ചുററും പാടശേഖരങ്ങളും, തോടും കുളങ്ങളും ഉള്ള മണലൂരിൻെറ പ്രധാന കാർഷിക വിളകൾ തെങ്ങ്, നെല്ല്, കവുങ്ങ് എന്നിവയാണ്.

നാലും, അഞ്ചും ഏക്കർ ഭൂമി കൈവശം വെച്ച്. കാരണവരുടെ മേൽ നോട്ടത്തിൽ കൃഷി ഇറക്കിയിരുന്ന പഴയകാലം. ചുററും വലിയ വരമ്പിട്ട് ചക്രം വെച്ച് വെള്ളം വററിക്കാനും രണ്ടും മൂന്നും പുവ് കൃഷിയിറക്കാനും കഴിഞ്ഞിരുന്നു അന്ന്. ഞാററ് നിലങ്ങളെല്ലാം പച്ചക്കറി തോട്ടങ്ങളാക്കി മാററിയിരുന്നു. സ്വന്തമായി കൃഷി ഉപകരണങ്ങൾ, ഏറുകാളകൾ, വളത്തിനുള്ള സംവിധാനം, ധാന്യകയ്യാലകൾ, സർവ്വോപരി കർഷകൻെറ ലളിതവും സ്വതന്ത്രവുമായ ജീവിത രീതി, ഏററാലി കയ്പ്പയും, തൊഴുത്തിൻ പുറത്തെ വർഷമത്തനും ഇന്ന് ഓർമ്മകൾ മാത്രം.

മണലൂർ, കാരമുക്ക് എന്നീ രണ്ടു റവന്യൂ വില്ലേജുകൾ ഉൾക്കൊള്ളുന്നതാണ് മണലൂർ ഗ്രാമപഞ്ചായത്ത്. വിസ്ത്രീർണ്ണം 1822.11 ഹെക്ടാർ വരുന്നു.

ഭൂപ്രകൃതി അനുസരിച്ച് മണലൂർ ഗ്രാമപഞ്ചായത്തിനെ പ്രധാനമായി അഞ്ചായി തരം തിരിക്കാം.

1. കോൾ നിലങ്ങൾ 2. ഉയർന്ന പ്രദേശം 3. സമതല പ്രദേശം. 4. തീരപ്രദേശം. 5. ചതുപ്പുനിലങ്ങൾ.

### 1. കോൾ നിലങ്ങൾ

മൊത്തം വിസ്തീർണ്ണത്തിൻെറ 18.49% വരുന്ന ഈ മേഖല പഞ്ചായത്തിൻെറ കിഴക്കേ അതിരുകളിൽ ചേർന്നു കിടക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും 1 മുതൽ 2 മീററർ വരെ താഴെയാണ് ഈ സ്ഥലത്തിൻെറ കിടപ്പ്. മണലും, കളിമണ്ണും ഇടകലർന്നതാണ് മേൽമണ്ണിൻെറ ഘടന.

ജലസേചന സൗകര്യം ലഭ്യമാണ്. ഉപ്പു വെള്ളം കയറാതിരിക്കാനും, ശുദ്ധജലം നിയന്ത്രിക്കാനും ഏനാമാവ് റെഗുലേററർ അടുത്തുതന്നെ കിടക്കുന്നു. കാർഷികാവശ്യങ്ങൾക്കുള്ള കർഷക തൊഴിലാളികളുടെ കുറഞ്ഞ ലഭ്യതയും, കൂലിക്കൂടുതൽ, കുറഞ്ഞ സേവനം, വിത്തും വളവും കൃഷി സ്ഥലത്ത് എത്തിക്കുവാനുള്ള ബുദ്ധിമുട്ട്, കൃഷി വിഭവങ്ങൾ കൃഷി സ്ഥലത്തു നിന്നും കൊണ്ടു പോകുവാനുള്ള ബുദ്ധിമുട്ട്, ജൈവ വളത്തിൻെറ കുറവ്, രാസവളത്തിൻെറയും കീടനാശിനികളുടെയും വില കൂടുതൽ, കുറഞ്ഞ ഉത്പ്പാദനവും, ഉല്പാദന ക്ഷമതയും, നെല്ലിൻെറ വില കുറവ്, വിററഴിക്കാനുള്ള ബുദ്ധിമുട്ട്, ഇടത്തട്ടുകാരുടെ ചൂഷണം എന്നീ കാരണങ്ങളാൽ കർഷകർ തീർത്തും അസംതൃപ്തരും, നിരാശരുമാണ്. രണ്ട് പൂവ് കൃഷി ചെയ്തിരുന്നത് ഒരുപ്പൂവായി മാറിയിരിക്കുന്നു.

### 2. ഉയർന്ന പ്രദേശം

പഞ്ചായത്തിനെറ 4-ാം വാർഡിൽ 2.00 ഹെക്ടർ വിസ്തൂർണ്ണത്തിൽ സമുദ്രനിരപ്പിൽ നിന്നും 12 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ മൊട്ടക്കുന്ന് ''ഉതിർ'' കുന്ന് എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന 'തൃക്കുന്നാ'ണ്. ചെങ്കല്ലും, കരിങ്കല്ലും ചുവന്ന മണ്ണും ചേർന്നതാണ് മണ്ണിൻെറ ഘടന. കുന്നിനു മുകളിൽ ശിവക്ഷേത്രവും, താഴെ വിശാലമായ കുളവും മറെറാരു ഭാഗത്ത് 11 കെ. വി. സബ്സ്റേറഷനും സ്ഥിതിചെയ്യുന്നു.

### 3. സമതല പ്രദേശം

മൊത്തം വിസ്തീർണ്ണത്തിൻെറ 62.29% വരുന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 2 മുതൽ 3 മീററർ വരെ ഉയരത്തിൽ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലുമായി കിടക്കുന്നു. മണലും, കളിമണ്ണും ഇടകലർന്നതാണ്

മണ്ണിൻെറ ഘടന. ചില സ്ഥലങ്ങളിൽ അടിത്തട്ട് കളി മണ്ണും കപ്പച്ചേടിയുമായി ഇട ചേർന്നു കിടക്കുന്നു. മഴ വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിന് ഇത് തടസ്സ പ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഉറവ കുറവാകുന്നതി നാൽ വേനൽക്കാലത്ത് കിണറുകളിലും, കുളങ്ങളിലും ജല ദൗർലഭ്യം പരക്കെ അനുഭവപ്പെടുന്നു. 103 ഹെക്ടർ വിസ്തീർണ്ണം വരുന്ന ചാത്തൻ കുളങ്ങര, താന്നപാടം - രാമൻ കായൽ, മാരുതി എന്നീ പാടശേഖരങ്ങൾ ഈ മേഖലയിൽ ഇട ചേർന്നു കിടക്കുന്നു. നെൽകൃഷി വർ ഷങ്ങളായി സ്തംഭനത്തിലാണ്. വെള്ളകെട്ടുമൂലം വിരി പ്പു കൃഷി നടത്താറില്ല. ജലസേചന സൗകര്യം അപര്യാ പ്തമായതിനാൽ മുണ്ടകൻ കൃഷി നാമ മാത്രമാണ്. ഈ പ്രദേശത്തെ മററൊരു കാർഷിക മേഖല തെങ്ങു കൃഷി യാണ്. 752 ഹെക്ടാറിൽ അത് വ്യാപിച്ചു കിടക്കുന്നു. വർഷക്കാലത്തെ വെള്ളക്കെട്ടും നീർവാലിച്ച കുറവും വേനൽക്കാലത്ത് ജലസേചനത്തിനുള്ള ജല ദൗർലഭ്യ വും തെങ്ങിൻെറ കുറഞ്ഞ ഉൽപ്പാദനത്തിനും, ഉൽപ്പാ ദന ക്ഷമതക്കും കാരണമായിട്ടുണ്ട്. ശക്തമായ ഇടവരമ്പുകൾ ഇടാതെ കാലാകാലങ്ങളിൽ കൃഷി ഇടങ്ങളിൽ നടത്തുന്ന വെട്ടിക്കിളയും, ഉഴലും നിമിത്തം ഇളകുന്ന ഫലഭൂയിഷ്ടവും, ജൈവാംശ പ്രദാനവുമായ മേൽമണ്ണ് കാലവർഷത്തിൽ നഷ്ടപ്പെട്ടു പോകുന്നത് മണ്ണിൻെറ ഘടനക്കും വിളകളുടെ കുറഞ്ഞ ഉൽപ്പാ ദനത്തിനും, ഉൽപ്പാദന ക്ഷമതക്കും മററൊരു കാരണമാ യിരിക്കുന്നു, കർഷക തൊഴിലാളികളുടെ കൂടിയ വേതനം, കുറഞ്ഞസേവനം, തെങ്ങുകയററ തൊഴിലാ ളികളുടെ കുറഞ്ഞ ലഭ്യത, തേങ്ങയുടെ വിലകുറവ്, വെള്ളക്കെട്ടും നീർവാലിച്ച കുറവും മൂലം തെങ്ങിന് വ്യാ പിച്ചു കൊണ്ടിരിക്കുന്ന മാരകരോഗങ്ങൾ, കർഷകർ അസംതൃപ്തരും നിരാശരുമാണ്. ജലസേചന സൗകര്യം കുറവായതിനാൽ ഇടവിളകളൊ, പച്ചക്കറി കൃഷിയൊ കുറവാണ്. ഈ മേഖല പീച്ചി / ചിമ്മിണി ഇറിഗേഷൻ പ്രോജക്ടുകളുടെ ആയകെട്ട് ഏരിയായിൽ വരുന്നതാ ണെങ്കിലും നാമമാത്രമായ ജലസേചന സൗകര്യങ്ങളെ ഏർപ്പെടുത്തിയിട്ടുള്ളു.

### 4. തീരസമതലം

മൊത്തം വിസ്തീർണ്ണത്തിൻെറ 18.20% വരുന്നതാ ണ് ഈ മേഖല. 6, 8, 9, 11 എന്നീ വാർഡുകളുടെ കനോ ലികനാലിനോട് ചേർന്നു കിടക്കുന്ന ഈ പ്രദേശം സമു ദ്രനിരപ്പിൽ നിന്നും 1 മീററർ ഉയരത്തിലും ഇതിൽ വരുന്ന ഇടതോടുകളുടെ അടിത്തട്ട് 1.50 മീററർ താഴേയും സ്ഥി തി ചെയ്യുന്നു. 6, 8 എന്നീ വാർഡുകളുടെ കനോലി കനാലിനോട് ചേർന്നു വരുന്ന ഭാഗങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. മണലും, ചേടിയും ഇടകലർന്നതാണ് മണ്ണി ൻെറ ഘടന. തെങ്ങാണ് പ്രധാന വിള. തലങ്ങും, വി ലങ്ങും ഇടതോടുകളോടു കൂടിയത്താണ് ഈ പ്രദേശം. ഈ തോടുകളിലെ ജലനിരപ്പ് സമുദ്രത്തിലെ വേലി യേററത്തിനും, വേലിയിറക്കത്തിനും അനുസരണമായി ഉയരുകയും താഴുകയും ചെയ്യുന്നു. കനോലികനാലിൽ നിന്ന് ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് രണ്ടു ചീപ്പു കൾ 6, 8 എന്നീ വാർഡുകളിൽ നിലവിലുണ്ട്. ഇതിന് നൂററാണ്ടുകളുടെ പഴക്കമുണ്ട്. കാലത്തിന് അനു സരണമായി അററകുററപ്പണികൾ നടത്തിയും രണ്ടു വർഷം മുൻപ് ഇറിഗേഷൻ വകുപ്പിൻെറ ചുമതലയിൽ പുനർ നിർമ്മാണം നടത്തി, കൂടുതൽ പ്രവർത്തനക്ഷമ മാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി മണലൂർ പഞ്ചായത്തിൻെറ കര പ്രദേശങ്ങളിൽ താഴ്ന്ന ഭാഗം ഇവിടെ ആയതു കൊണ്ട് മഴക്കാലത്ത് ഈ പഞ്ചാ യത്ത് പ്രദേശത്ത് ഒഴുകുന്ന മഴ വെള്ളത്തിൻെറ അധിക ഭാഗവും, അന്തിക്കാട് പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ നിന്നു ഒഴുകി വരുന്ന വെള്ളവും ഇവിടെ എത്തി ച്ചേർന്ന് കെട്ടികിടക്കാൻ ഇടവരുന്നു. വർഷക്കാലത്ത് കനോലി കനാലിൽ വേലിയിറക്കം കുറവായതു കൊണ്ട് നിലവി ലുള്ള ചീപ്പുകളിൽ കൂടി അധിക ജലം പുറത്തു പോ കാൻ കഴിയുന്നില്ല. ഇതുമൂലം തൊട്ട് ചേർന്നു കിടക്കുന്ന പാടശേഖരങ്ങളും, തെങ്ങിൻ തോപ്പുകളും, ഇടതോടു കളും വെള്ളം കയറി നീർക്കെട്ട് മേഖലയായി മാറുന്നു. നവംബർ അവസാനം വരെ ഈ നില തുടരുന്നതുമൂലം പാടശേഖരങ്ങളിൽ വിരിപ്പു കൃഷി നടത്താറില്ല. തെങ്ങു കൾക്ക് കൂമ്പ് ചീയലും, ചെന്നീരൊലിപ്പും പടർന്നു പിടി ക്കുന്നു. ഡിസംബറോടുകൂടി ജലദൗർലഭ്യം അനുഭവ പ്പെടുന്നതുകൊണ്ട് മുണ്ടകൻ കൃഷി നാമമാത്രമാണ്. ഈ അവസ്ഥ കാർഷിക വിളകളുടെ ഉൽപ്പാദനവും, ഉൽപ്പാദന ക്ഷമതയും ഗണ്യമായി കുറച്ചിട്ടുണ്ട്. ഈ മേഖലയിലെ ഭൂഗർഭജലം ഉപ്പുരസം കലർന്നതുകൊണ്ട് ഉപയോഗപ്രദമായ കിണറുകളൊ കുളങ്ങളൊ ഇല്ല. ശു ദ്ധ ജലദൗർലഭ്യം മൂലം ഇട വിളയൊ, പച്ചക്കറി കൃഷി യൊ തീരെ കുറവാണ്.

## 5. ചതുപ്പു നിലം

മൊത്തം വിസ്തീർണ്ണത്തിന്റെ 1.02% വരുന്ന ഈ മേഖല തീരപ്രദേശങ്ങളിൽ ഇടകലർന്നു കിടക്കുന്നു. ചേടിയും, മണലും കൂടി ചേർന്നതാണ് മണ്ണിന്റെ ഘടന. വെള്ളം ഉപ്പുരസമുള്ളതാണ്.

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് മണലൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 31230 ആണ്. ഇതിൽ 15003 പുരുഷന്മാരും 16227 സ്ത്രീകളുമാണ്. മൊത്തം 5954 വീടുകളാണ് ഉള്ളത്. ശരാശരി വീടൊന്നിന് 5.24 ആളുകൾ വീതമുണ്ട്. ച. കിലോ മീററിന് 1714 ആണ് മണലൂരിലെ ജന സാന്ദ്രത.

കോൾ കൃഷി ഒഴിച്ച് മഴയെ ആശ്രിയിച്ചിട്ടുള്ള ഒരു കാർഷീക രീതിയാണ് ഏറെ കൂറെ മണലൂരിൽ ഇപ്പോൾ നിലവിലുള്ളത്. വർഷത്തിൽ ശരാശരി 2754.39 മി. മീ. മഴ ലഭിക്കുന്നു. കാർത്തിക കാലുമുതൽ പുണർതം ഞാററു വേലവരെയുള്ള (ജൂൺ, ജൂലായ്) സമയത്താണ് കാലവർഷം കൂടുതൽ ലഭിക്കുന്നത്. എല്ലാ വർഷകാലത്തും വെള്ളകെട്ടും, നീർവാലിച്ചക്കുറവും അനുഭവപ്പെടുന്നു. വേനൽക്കാലത്ത് ജല ദൗർലഭ്യം കോൾ നിലങ്ങളിലൊഴികെ മററെല്ലായിടത്തും അനുഭവപ്പെടുന്നു. അര ഹെക്ടാർ മുതൽ 2 ഹെക്ടാർ വരെ വിസ്തീർണ്ണമുള്ള 20 പൊതു കുളങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഭൂഗർഭ ജലസമ്പത്ത് കുറവായതിനാൽ ജലസേചനത്തിന് ഉപയോഗപ്രദമല്ല. എക്കൽ മണ്ണ് കെട്ടി കിടക്കുന്നതു കൊണ്ട് ജല സംഭരണ ശേഷി ഇപ്പോൾ കുറവാണ്. ⊥ ചെറുകുളങ്ങൾ പഞ്ചായത്തിൽ ഉണ്ട്. തുടർച്ചയായ ജല സേചനത്തിന് ഒന്നും ഉപകരിക്കുന്നില്ല. എക്കൽ മണ്ണ് കയറി ജലസംഭരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു.

1950 ൽ നിലവിൽ വന്ന കുടിയായ്മ നിയമം പാട്ട കുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാട ശേഖരങ്ങളിൽ തെങ്ങുകൃഷിയുടെ ആരംഭം കുറിച്ചു. 1970 ലെ ഭൂപരിഷ്ക്കരണ നിയമം ഇതിന്റെ വേഗത വർദ്ധിപ്പിച്ചു. അന്ന് തേങ്ങക്ക് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയിരുന്നതിനാൽ തെങ്ങുകൃഷി നെൽകൃഷിയേക്കാൾ ലാഭകരമായി അനുഭവപ്പെട്ടു. ഇത് നിലവിലുള്ള ജലസ്രോതസ്സുകളെ തടസ്സപ്പെടുത്തി. തീരസമതലങ്ങളിലെ നെൽപ്പാടങ്ങൾ കൂടി തെങ്ങിൻ തോപ്പുകളായി രൂപാന്തരം പ്രാപിച്ചപ്പോൾ വെള്ളക്കെട്ടും നീർവാലിച്ച കുറവും താഴ്‌വരയുടെ പരിസ്ഥിതിയെ പൊതുവേയും കാർഷീക വിളകളെ പ്രത്യേകിച്ചും ദോഷകരമായി ബാധിച്ചു.

ജനസംഖ്യാ വർദ്ധനവ് ഉയർന്നതും, കൂട്ടു കുടുംബങ്ങൾ പിന്നിചിതറിയതും കാർഷീക മേഖലയെ തളർത്തിയ മററൊരു ഘടകമാണ്. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ ഗ്രാമീണ റോഡുകൾ വർദ്ധിച്ചു. റോഡു നിർമ്മിക്കുമ്പോൾ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാവാത്ത വിധത്തിൽ കലുങ്കുകൾ നിർമ്മിക്കാൻ അധികാരികൾ ശ്രദ്ധിച്ചില്ല. തെങ്ങു കൃഷിക്കും, കെട്ടിട നിർമ്മാണത്തിനും, വേണ്ടിയുള്ള പാടം നികത്തൽ വ്യാപകമായതോടെ നീർക്കെട്ട് പരിസ്ഥിതി പ്രശ്നമെന്നതിലപ്പുറം കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത കുറക്കുന്ന കാരണങ്ങളിൽ ഒന്നായി മാറുകയായിരുന്നു.

ഇന്നത്തെ കാർഷിക വ്യവസ്ഥിതിയുടെ പ്രധാന സവിശേഷത ചെറുകിട ഭൂഉടമകളുടെമുൻതൂക്കവും കൃഷി ഭൂമി തുണ്ടുകളായി മാറിയതുമാണ്. 90 ശതമാനം കുടുംബങ്ങളും ഇവിടെ ഒരേക്കറിൽ താഴെ ഭൂമിയുള്ളവരാണ്. ഒരു കുടുംബത്തിന്റെ ഭൂമിയാകട്ടെ പല കഷണങ്ങളായിട്ടാണ് കിടക്കുന്നത്. ഈ തോതിലുള്ള തുണ്ടുകളിൽ ശാസ്ത്രീയ കൃഷി മുറകൾ നടപ്പാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

കർഷക തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് കാർഷിക രംഗത്തെ മററൊരു പ്രതിസന്ധി. വിദ്യാഭ്യാസ സൗകര്യം സാർവ്വത്രികമായതോടു കൂടി കർഷക കുടുംബങ്ങളിലെ യുവതലമുറകൾ പാടത്തെ പണിയിൽ നിന്നും പിൻവാങ്ങി. യുവതികൾ പാടത്തെ പണിയേക്കാൾ കെട്ടിട നിർമ്മാണം, വാണിജ്യം തുടങ്ങിയ തൊഴിലുകളാണ് ഇഷ്ടപ്പെടുന്നത്. കർഷക തൊഴിലാളിക്കുകിട്ടുന്ന കൂലിയേക്കാൾ കുറവാണെങ്കിലും തൊഴിൽ സുരക്ഷിതത്വവും, അദ്ധ്വാന കുറവും, സാമൂഹിക മാന്യതയുമാണ് അവരെ ഈ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നത്. ഇതിന്റെ ഫലമായി കർഷകതൊഴിലാളികളുടെകൂലി ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സ്ത്രീകൾക്ക് 50-60 രൂപയും പുരുഷന്മാർക്ക് 100-120 രൂപയും.

തെങ്ങിന്റെ ഉൽപ്പാദന ക്ഷമത കുറയുവാനുള്ള മററൊരു കാരണം അശാസ്ത്രീയ കാർഷിക മുറകളാണ്. അതിൽ ഒന്ന് വൃക്ഷ സാന്ദ്രത. ഇടവിള കൃഷി സാധിക്കത്തക്ക വിധത്തിൽ ഏക്കറിന് 80 തെങ്ങുകൾ വരെയാകാം. കൃഷി ഭൂമി തുണ്ടു തുണ്ടുകളായി മാറിയതുകൊണ്ട് ശരാശരി 100 തെങ്ങുകൾ ഇവിടെ ഉണ്ട്. നടാൻ ഉപയോഗിക്കുന്ന തെങ്ങിൻ തൈകൾ പലതും ഗുണനിലവാരമുള്ളവയല്ല. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളെ

അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങളാണ് നാട്ടുകാർ ഇഷ്ടപ്പെടുന്നത്. മോശമായ കാലാവസ്ഥയെ ചെറുത്തു നിൽക്കുന്നതിനും കൂടുതൽ കാലം വിളവു നൽകുന്നതിനും നാടൻ ഇനങ്ങൾക്കുള്ള ശേഷിയാണ് ഇതിനു കാരണം.

നാടൻ ഇനങ്ങളിൽ നിന്നുതന്നെ മെച്ചപ്പെട്ട വിത്തുകൾ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു സംവിധാനം പ്രാദേശികമായി നിലവിലില്ല. ഫലഭൂയിഷ്ടമായ മേൽ മണ്ണ് നഷ്ടപ്പെടുത്താൻ ഇടവരുത്തുന്ന കൃഷി രീതികളും തെങ്ങിൻെറ ഉൽപ്പാദന ക്ഷമതയെ കുറച്ചിട്ടുണ്ട്.

നെല്ലിൻെറ കാര്യത്തിൽ അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളോടാണ് കൂടുതൽ പ്രിയം, കാരണം രണ്ടും മൂന്നും പൂവ് കൃഷി ചെയ്തിരുന്നത് ഒരു പൂവ് കൃഷി ആയി മാറിയിരിക്കുന്നു. ജൈവ വളങ്ങളുടെ ഉപയോഗം കുറചത് മണ്ണിൻെറ ഘടനക്ക് കാര്യമായ ദോഷം വരുത്തിയിട്ടുണ്ട്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കുവാനുള്ള സംവിധാനങ്ങളൊന്നും കാര്യമായി നടത്തിയിട്ടില്ല. ജൈവവള പ്രയോഗം തീരെ കുറവാണ്. ജൈവവളങ്ങൾ കൃഷി സ്ഥലത്ത് എത്തിക്കുവാനുള്ള ബുദ്ധിമുട്ടാണ് പ്രധാന കാരണം. കാലി സമ്പത്ത് ശോഷിച്ചതും മററൊരു കാരണമാണ്. കാർഷിക തൊഴിലാളികളെകിട്ടാനില്ലാത്ത അവസ്ഥ ഉണ്ടെങ്കിലും ഈ രംഗത്ത് യാന്ത്രോപകരണങ്ങളുടെ ഉപയോഗം അതനുസരിച്ച് പ്രയോഗപ്പെടുത്തിയിട്ടില്ല. കാർഷിക വിളകളുടെ വില തകർച്ചയും ഇടത്തട്ടുകാരുടെ ചൂഷണവും കർഷകരിൽ പരിഭ്രാന്തി ഉളവാക്കിയിരുന്നു.

ഗ്രാമ സഭകളിൽ നടന്ന ചർച്ചകളുടേയും അതിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങളാണ് താഴെ പറയുന്നത്.

## 1. കാർഷിക വിളകളുടെ ജലസേചനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കണം

നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങൾ:-

(i) കാഞ്ഞാണി, അന്തിക്കാട് ലിഫ്ററ് ഇറിഗേഷൻ സ്കീമുകളിൽപ്പെട്ട കനാലുകളിൽ കൂടി കോൾ മേഖലയിൽ നിന്ന് ലിഫ്ററ് ചെയ്തു വിടുന്ന വെള്ളം കൃഷിക്ക് ആവശ്യാനുസരണം ലഭിക്കണം. ഇത് പഞ്ചായത്തിൻെറ ചുമതലയിൽ ആയിരിക്കണം.

(ഈ മേഖല പീച്ചി / ചിമ്മിണി ഇറിഗേഷൻ പ്രോജക്ടുകളുടെ ആയക്കെട്ട് ഏരിയായിൽ വരുന്നതാണ്).

(ii) കോൾ മേഖലയിൽ നിന്നും പുറത്തേക്ക് ഒഴുക്കികളയുന്നതും, കോൾ മേഖലയുടെ ആവശ്യം കഴിച്ച് ഉപയോഗ ശൂന്യമായി കിടക്കുന്നതുമായ ശുദ്ധ ജലം ഏനാമാവ് റെഗുലേററിനു തെക്കു വശത്തുകൂടി ഒരു കനാൽ നിർമ്മിച്ച് ചാത്തൻ കുളങ്ങര, താന്നപാടം- രാമൻ കായൽ മേഖലകളിൽ എത്തിക്കുക. ഇത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും തിരപ്രദേശത്തെ ഉപ്പുരസമുള്ള വെള്ളത്തെ ശുദ്ധ ജലമായി മാററുവാൻ ഇടയാക്കുകയും ചെയ്യുന്നു.

(iii) ഏനാമാവ് റെഗുലേററിനു പടിഞ്ഞാറ് കോടമുക്കുവരെ ഉദ്ദേശം $2^{1}/_{2}$ കിലോ മീററർ പുഴ കോൾമാട്ടുമ്മൽ നിന്ന് കാളിയേക്കൽ വരെ ബണ്ടും ചീർപ്പും നിർമ്മിച്ച് ആ മേഖലയെ ഒരു ശുദ്ധജല സംഭരണിയായി മാററണം. ഈ ജലം ഉപയോഗപ്പെടുത്തി പഞ്ചായത്തിൻെറ ജലദൗർലഭ്യം പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. ഇതിൻെറ ഗുണം വെങ്കിടങ്ങ് പഞ്ചായത്തിനും ലഭിക്കുന്നതാണ്.

(iv) പുത്തൻ കുളത്തിനു സമീപം കല്ലടായി തോട്ടിൽ ഒരു ക്രോസ്സ് ബാറും, ചീർപ്പും നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

(v) പഞ്ചായത്തിലെ കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ് നീക്കം ചെയ്ത് ആവശ്യമായ പുനരുദ്ധീകരണ പണികൾ നടത്തി വർഷക്കാലത്ത് കൂടുതൽ ജലസംഭരണശേഷിയുള്ള താക്കി മാററി ജലസേചനത്തിന് ഉപയുക്തമാക്കണം. കിണറുകളിലെ ജലവിതാനം ഉയർത്തുന്നതിന് ഇത് കൂടുതൽ പ്രയോജനപ്പെടും.

(vi) ലിഫ്ററ് ഇറിഗേഷൻ ലീഡിങ്ങ് കനാൽ വഴി വരുന്ന വെള്ളം കര കവിഞ്ഞ് ഒഴുകി കൃഷിനാശം ഉണ്ടാകാതിരിക്കുന്നതിനും, ജലം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ കനാലുകളുടെ ഉയരം വർദ്ധിപ്പിച്ച് ക്രോസ്സ് ബാർ കം റെഗുലേററുകളും, തടയണകളും നിർമ്മിക്കണം.

(vii) പത്തിയാല അമ്പലത്തിൻെറ കിഴക്കു ഭാഗം മുതൽ കരിക്കൊടി വരെയുള്ള തോട് പുന:രുദ്ധീകരിച്ച് ജലസംഭരണം നടത്തി, ജലസേചനത്തിന് ഉപയോഗപ്പെടുത്തണം.

(viii) പെരുമ്പുഴ മേജർ കനാൽ തൊട്ട് കാഞ്ഞാംകുളം വരെയുള്ള ഒരു കിലോമീററർ ദൂരം വരുന്ന കാഞ്ഞാൻ ചാൽ ഇരുവശവും ബണ്ടിട്ട് ഉയർത്തി രണ്ടാം വാർഡിൽ നിലവിലുള്ള ലിഫ്ററ് ഇറിഗേഷൻെറ പ്രവർത്തനം മെച്ച

പ്പെടുത്തി കൂടുതൽ ജലസേചന സൗകര്യം സാദ്ധ്യമാക്കണം.

## 2. വെള്ളക്കെട്ടും നീർവാലിച്ച കുറവും

പരിഹാര മാർഗ്ഗങ്ങൾ:-

(i) 6, 8 എന്നീ വാർഡുകളുടെ തീരദേശത്ത് ഒഴുകി എത്തി കെട്ടികിടക്കുന്ന മഴവെള്ളത്തെ നിലവിലുള്ള ചീപ്പുകളിനടുത്ത് മോട്ടോർ സ്ഥാപിച്ച് പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ പമ്പ് ചെയ്ത് പുഴയിലേക്ക് ഒഴുക്കിക്കളയണം.

(ii) തെക്കുനിന്ന് വരുന്ന മഴ വെള്ളത്തെ കരിക്കൊടി ചീപ്പ് വഴി കനോലി കനാലിലേക്ക് ഒഴുക്കിക്കളഞ്ഞിരുന്നത് തടസ്സപ്പെട്ടിരിക്കുന്നതിനാൽ അത് പുന:സ്ഥാപിക്കണം.

(iii) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിൽ അടഞ്ഞുപോയ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ കലുങ്ക് പണിത് പുന:സ്ഥാപിക്കണം.

(iv) നെൽപ്പാടം നികത്തിയതു മൂലം അടഞ്ഞു പോയ ജലനിർഗ്ഗമനമാർഗ്ഗങ്ങൾ പുന:സ്ഥാപിക്കണം.

(v) നിലം നികത്ത് ഫലപ്രദമായി തടയണം

(vi) ഒമ്പതാം വാർഡിൽ ശിവനങ്ങാടി മുതൽ പുലത്തറക്കടവു വരെ ശ്രീനാരായണ റോഡിൽ കെട്ടികിടക്കുന്ന വെള്ളം കാന വഴി കനോലികനാലിലേക്ക് ഒഴുക്കിക്കളയണം.

(vii) അന്തിക്കാട് കടവു മുതൽ ഏനാമാവ് റെഗുലേറ്റർ വരെ കോൾ നിലങ്ങളുടെ മേൽ ഭാഗത്തു കൂടി ഒരു ഹൈ ലെവൽ കനാൽ നിർമ്മിച്ച് കോൾ നിലങ്ങളിൽ കര വെള്ളം ഇറങ്ങി കൃഷിനാശമുണ്ടാക്കുന്നത് തടയണം.

(i) കാററുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ പിടിപ്പെട്ട് ഉൽപ്പാദനം കുറഞ്ഞുപോയും, ഉൽപ്പാദനം നഷ്ടപ്പെട്ടു പോയവയുമായ തെങ്ങുകൾ മുറിച്ച് മാററി പുതിയ തൈകൾ വക്കുന്നതിന് ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുകയും കാലാകാലങ്ങളിൽ രോഗ പ്രതിരോധ നടപടികൾ കൃഷി ഭവൻ മുഖേന നട്പാക്കുന്നതിന് സൗകര്യമുണ്ടാക്കണം.

(ii) വെള്ളം കെട്ടിനിൽക്കാത്തതും നീർവാലിച്ച ഉള്ളതുമായ കരഭൂമികളിൽ മണ്ണു സംരക്ഷണ പണികൾ നടത്തി മണ്ണിന്റെജല സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായം മണ്ണുസംർക്ഷണ വകുപ്പിൽ നിന്നും ലഭിക്കുന്നതിന് നടപടി ഉണ്ടാക്കണം.

(iii) പഞ്ചായത്തിലെ പാടശേഖരങ്ങൾ പീച്ചി / ചിമ്മിണി ഇറിഗേഷൻ പ്രോജക്ടുകളുടെ ആയക്കെട്ട് ഏരിയായിൽ വരുന്നതുകൊണ്ട് കോൾ നിലങ്ങൾക്കു കിട്ടുന്ന പമ്പിങ്ങ് സബ്സിഡിയും മററ് ആനുകൂല്യങ്ങളും ഈ പാടശേഖരങ്ങൾക്ക് ലഭ്യമാക്കണം.

(iv) രണ്ടു പുവ്വ് നെൽകൃഷി നടത്താൻ പററാത്ത കോൾ നിലങ്ങളിലും കര നിലങ്ങളിലും സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താൻ പടപടി ഉണ്ടാക്കണം.

(v) കോൾ മേഖലയിൽ കൃഷിക്ക് ആവശ്യമായ വളം, വിത്ത്, ട്രാക്ടർ, ടില്ലർ മുതലായവ കൊണ്ടുവരുന്നതിനും, കൊയ്ത്ത് ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനും പടവിന് ഉള്ളിൽ കൂടി ഫാം റോഡുകൾ നിർമ്മിക്കണം.

(vi) മണ്ണ് പരിശോധിച്ച് ശാസ്ത്രീയ രീതിയിൽ വള പ്രയോഗം നടത്തുന്നതിന് സൗകര്യമുണ്ടാക്കണം.

(vii) ജലസേചനത്തിന് വേണ്ടി വരുന്ന പമ്പ് സെററുകൾക്ക് എത്രയും പെട്ടന്ന് ഇലക്ട്രിക്ക് കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

(viii) കൃഷിക്ക് ആവശ്യമായ ജൈവ വളം നിർമ്മിക്കുന്നതിന് കമ്പോസ്ററ് കുഴികൾ എല്ലാ വീടുകളിലും ഉണ്ടാക്കുന്നതിന് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കണം. ഇതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ചപ്പുചവറുകൾ ശേഖരിക്കാവുന്നതാണ്.

(ix) നെൽകൃഷി, ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കണം.

(x) കർഷക തൊഴിലാളികളുടെ അഭാവം മൂലം നെൽ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് ആവശ്യമായ വികസിതയന്ത്രങ്ങളുടെ ലഭ്യത പഞ്ചായത്തിൽ ഉണ്ടാക്കണം.

(xi) കാർഷിക തൊഴിലാളികളുടെ കൂലി കാലാകാലങ്ങളിൽ നിശ്ചയിച്ച് പ്രവർത്തി സമയം നിജപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കണം.

(xii) തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുവാൻ യോജിച്ച വിത്തിനങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യണം.

(xiii) വിവിധ മേഖലകളിൽ കൃഷി ഭവന്റെ സാങ്കേതികോപദേശം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ലഭിക്കാൻ നടപടി ഉണ്ടാക്കണം.

(xiv) കൃഷിക്കാർക്കുവേണ്ടി കൃഷിഭവനിൽ എത്തുന്ന സഹായങ്ങളുടേയും ഉൽപ്പന്നങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിലുടനീളം അറിയാനുളള സംവിധാനമുണ്ടാക്കണം.

(xv) ഏനാമാവ് റെഗുലേററിനടുത്തുള്ള വഞ്ചി കടവിൽ കൃഷിക്കാർക്ക് വിത്ത്, വളം, കാർഷിക വിഭവങ്ങൾ മുതലായവ കയററി ഇറക്കാൻ സാധിക്കാത്തവിധം പുറംപോക്ക് കയ്യേറി സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ഒഴുപ്പിച്ചെടുക്കുകയും വഞ്ചിക്കടവ് റോഡ് ടാർ ചെയ്തു സംരക്ഷിക്കുകയും ചെയ്യുക.

(xvi) തെങ്ങുകയററ തൊഴിലാളികളുടെ ദൌർലഭ്യം മൂലം കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസം തരണം ചെയ്യുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തെങ്ങുകയററയന്ത്രങ്ങൾ കൊണ്ടു വന്ന് യുവാക്കൾക്ക് പരിശീലനം കൊടുത്ത് പ്രശ്ന പരിഹാരം ഉണ്ടാക്കണം.

(xvii) ഏനാമാവ് റെഗുലേററിൽ കൂടി ഉപ്പുവെള്ളം കോൾ മേഖലയിലേക്ക് പ്രവേശിക്കാത്തവിധം സംരക്ഷണ നടപടികൾ എടുക്കണം.

(xviii) സർവ്വോപരി കാർഷിക മേഖലയിൽ കർഷകർക്ക് നേതൃത്വം കൊടുക്കുന്നതിനും, കർഷകരുടെ അവകാശങ്ങൾ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനും കൃഷിക്കാരെ പ്രാപ്തരാക്കുക. യന്ത്രങ്ങൾ, വിത്ത്, വളം, കീടനാശിനി, നടീൽ വസ്തുക്കൾ, കാർഷിക വായ്പകൾ, ഇവ ലഭ്യമാക്കുക. കാർഷിക വിഭവങ്ങൾ - പച്ചക്കറി - മത്സ്യം - തുടങ്ങിയവ - ന്യായമായ വിലക്കു വാങ്ങി സംസ്ക്കരിച്ച് വിപണനം നടത്തുക തുടങ്ങിയ കാര്യങ്ങൾക്കായി കൃഷിക്കാരുടെ ഒരു സഹകരണസംഘം സ്ഥാപിച്ച് വാർഡുതോറും കൺസ്യൂമർ സൊസൈററികൾ സ്ഥാപിക്കുക.

## 4. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

(i) വാർഡുകൾ തോറും, ഉണ്ടായിരുന്ന കേരവികസന സമിതികൾ പുന:സ്ഥാപിക്കുക.

(ii) കാർഷികോപകണങ്ങൾ - യന്ത്രങ്ങൾ എന്നിവയുടെ പരിശീലനത്തിനും, നിർമ്മാണത്തിനും ഒരു യുണിററ് സ്ഥാപിക്കുക.

(iii) പുതിയ കൃഷി രീതികൾ അനുവർത്തിക്കുക.

ജൈവ സാങ്കേതിക ശാസ്ത്രം - ജനിതക ശാസ്ത്രം തുടങ്ങിയ നവീന രീതികൾ പരിചയപ്പെടുത്തുക.

(iv) പഴവർഗ്ഗ കൃഷി വിപുലപ്പെടുത്തുക - അനുബന്ധ തൊഴിൽ സാധ്യതകൾ കണ്ടെത്തുക.

(v) പുഷ്പ കൃഷി വ്യാപിപ്പിക്കുക - കുററിമുല്ല - ഓർക്കിഡ് ആന്തൂറിയം, തുടങ്ങിയവ.

(vi) ഔഷധ സസ്യ കൃഷി വികസിപ്പിക്കുക.

(vii) തേനിച്ച വളർത്തൽ പോഷിപ്പിക്കുക.

(viii) തരിശു ഭൂമി കൃഷിക്കുപയുക്തമാക്കുക അതുവഴി കൃഷിയിടത്തിൻെറ വിസ്തൃതി കൂട്ടുക-

## 5. പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള, പരിഹാര മാർഗ്ഗങ്ങൾ

(i) സാമൂഹ്യ വനവൽക്കരണം പ്രോത്സാഹിപ്പിക്കുക.

പുഴയുടെ തീരങ്ങളും, തോടു വക്കുകളും ബലിഷ്ഠമാകും. നടവഴികളിൽ തണലും - ആദായവും നേടിത്തരും.

(ii) രാസവള - കീടനാശിനികളുടെ അമിത ഉപയോഗം അവസാനിപ്പിക്കുക.

ജൈവവളം, ജീവാണു വളം, മണ്ണിര വളം തുടങ്ങിയവക്കുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്ക്കിക്കുക.

(iii) പ്രകൃതി കൃഷി - പ്രോത്സാഹിപ്പിക്കുക- നാടൻ വിത്തിനങ്ങൾ പുനരാനയിക്കുക.

# പരിസ്ഥിതി

കുടിവെള്ളത്തിൻെറ ദുരുപയോഗത്തിലൂടെ, ശുദ്ധജലാശയങ്ങളിലേക്ക് മാലിന്യങ്ങൾ തുറന്നുവിടുന്നതിലൂടെ, കുടിവെള്ളക്ഷാമവും, ഉദര, ത്വക്ക് രോഗങ്ങളും പടർന്നു പിടിക്കാനിടയാകുന്നു. വിവേചനമില്ലാത്ത രാസ - കീടനാശിനി ഉപയോഗം, കൃഷിയേയും, മണ്ണിനേയും, ജൈവശൃംഖലയേയും താറുമാറാക്കുന്നു. വനനശീകരണം, മണ്ണിൻെറ ഘടനയേയും ജലസാധ്യതകളേയും, പരിസ്ഥിതിയേയും വന്ധ്യമാക്കുന്നു. കിണറുകളിൽ നിന്നും, ജലാശയങ്ങളിൽ നിന്നും മാതൃകയെടുത്ത് പരിശോധനക്ക് വിധേയമാക്കേണ്ടതും, വേണ്ട പ്രതിവിധികൾ ഏർപ്പെടുത്തേണ്ടതുമാണ്.

അറവു ശാലകളുടെ മാലിന്യാവശിഷ്ടങ്ങളും, കോഴിയുടെ അവശിഷ്ടങ്ങളും ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കേണ്ടതുണ്ട്. പെട്രോളിയം ഉല്പന്നങ്ങളിൽ നടത്തുന്ന മായവും, വാഹനങ്ങളുടെ പുകയും നിയന്ത്രിക്കണം.

ഭക്ഷ്യവസ്തുക്കളിലെ മായം മാരകമായ ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നു.

വിസർജ്യ നിർമ്മാർജനത്തിന് ജലാശയങ്ങളെ ആശ്രയിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകും.

കൃത്രിമ കളളിൻെറ അവശിഷ്ടങ്ങൾ ജലാശയങ്ങളിൽ ഒഴുക്കി വിടുന്നതും ജലജീവി നാശത്തിന് കാരണമാകുന്നു. കണ്ടൽ വനങ്ങളുടെ നാശവും, തോട്ട, കറൻറ്, വിഷവസ്തുക്കൾ തുടങ്ങിയവയുപയോഗിച്ചുള്ള മത്സ്യബന്ധനവും, മത്സ്യവളർച്ചയേയും, അവയുടെ വംശനാശത്തേയും ക്ഷണിച്ചു വരുത്തുന്നു.

പുഴയിൽ നിന്ന് വ്യവസായാടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതും, കക്ക വാരുന്നതും നിരുത്സാഹപ്പെടുത്തണം. വയലുകൾ, കുളങ്ങൾ - ജലനിർഗ്ഗമനമാർഗ്ഗങ്ങളായ തോടുകൾ തുടങ്ങിയ തൂർക്കുന്ന പ്രവണത അവസാനിപ്പിക്കണം. പ്ലാസ്ററിക്കിൻെറ അമിതമായ ഉപയോഗം കുറക്കേണ്ടതാണ്. നശിക്കാതെ കിടക്കുന്ന പ്ലാസ്ററിക് സഞ്ചികൾ ഒരു പാരിസ്ഥിതിക പ്രശ്നമായി ഉയർന്നു വരാവുന്നതാണ്.

ജീവപ്രകൃതിയുടെ നാശം വിതയ്ക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ വളരെ ജാഗ്രതയോടെ വീക്ഷിക്കേണ്ടതും ജനകീയബോധവൽക്കരണത്തിലൂടെ നിവൃത്തി തേടേണ്ടതുമാണ്.

ദുർഗന്ധം വമിപ്പിച്ചിരുന്ന മാലിന്യങ്ങളുടെ ഉറവിടമായിരുന്നു കണ്ടശ്ശാംകടവ് അറവ് ശാല. ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യപ്രശ്നത്തിൽ ഇതിന് പങ്ക് ഉണ്ടായിരുന്നു. ഇതിനെതിരെ ഉണ്ടായ ജനകീയ പ്രതിരോധ സമരങ്ങളുടെ ഫലമായി സർക്കാർ ഈ അറവുശാല നിർത്തലാക്കി. 1987 ലെ ഈ ചെറുത്ത് നില്പ്, പാരിസ്ഥിതിക പ്രശ്നങ്ങൾക്കെതിരായ ജനങ്ങളുടെ പ്രതിരോധത്തിൻെറ വിജയമായിരുന്നു.

# മൃഗസംരക്ഷണം

പ്രകൃതിയുമായുള്ള ഇടപെടലിനിടക്ക് പ്രാകൃതമനുഷ്യൻ ജീവിതാവശ്യങ്ങൾക്കുവേണ്ടി സംഭരിച്ചു വെച്ചിരുന്ന ജൈവരൂപങ്ങളായിരുന്നു ആദിമ മൃഗങ്ങൾ. മൃഗങ്ങൾ അവന്റെ ഭക്ഷണവും, വസത്രവും ആയുധപ്പുരയും അഭയവുമായിരുന്നു., അതുകൊണ്ട് മൃഗങ്ങളുടെ മനുഷ്യരും തമ്മിലുള്ള ബന്ധം മനുഷ്യചരിത്രത്തോളം നീണ്ടുകിടക്കുന്ന പ്രകൃതി - മനുഷ്യ-മൃഗങ്ങളുടെ ആധുനികകാലം വരെ. ശക്തമായി നിലനിന്നിരുന്നു. ആധുനിക മനുഷ്യൻ ഇവ ശൃംഗലയിൽ നിന്ന് വ്യതിചലിക്കുന്നതോടെ സമഗ്ര നാശത്തിനുള്ള വഴിയൊരുക്കലായി. പ്രകൃതിയേയും മനുഷ്യനേയും കച്ചവടച്ചരക്കാക്കിയ ആധുനിക മനുഷ്യൻ-ആധുനിക ശാസ്ത്രത്തിന്റെ പിൻബലത്തിൽ ക്രമബന്ധമായി വളർന്നുവന്ന സമ്പുഷ്ടമായ ജൈവവൈവിധ്യത്തെ പാടെ അവഗണിച്ചു. മണലൂർ പഞ്ചായത്തിലെ മൃഗസംരക്ഷണത്തെ വിയിരുത്തുന്നത് ഈ പശ്ചാത്തലത്തിലാണം.

മണലൂർ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ് ഉദ്ദേശം 10 വർഷം മുൻപ് മെച്ചപ്പെട്ട കാർഷിക വിളകളും മൃഗപരിപാലനവും ഈ നാട്ടിലുണ്ടായിരുന്നു. കാർഷിക മൃഗസംരക്ഷണ മേഖലകൾ, പരസ്പര പൂരകങ്ങളായിട്ടാണ് ഇവിടെ നിലനിന്നിരുന്നത് ഒന്നിന്റെ തകർച്ച മററൊന്നിനെ ബാധഇക്കുന്നു. അങ്ങനെയാണെങ്കിലും അതതു മേഖലയിലെ മുരടിപ്പ് ബഹുഗുണീകരിക്കുന്നു. മൃഗസംരക്ഷണത്തിൽ വന്ന ഗണ്യമായ കുറവ്. കാർഷിക മേഖലയേയും മനുഷ്യന്റെ ആവശ്യങ്ങളേയും സാരമായി ബാധിച്ചിട്ടുണ്ട്. നെല്ല് - വൈക്കോൽ മുതലായവയുടെ ദൗർലഭ്യവും മററ് സംരക്ഷണോപാധികളുടെ വില വർദ്ധനവും കുറഞ്ഞ ഉല്പാദന ക്ഷമതയുമാണ് മൃഗസംരക്ഷണ മേഖലയിൽ നിന്നും ജനങ്ങളെ അകററി നിർത്തിയ ഘടകങ്ങൾ.

പ്രായപൂർത്തിയായ ഒരാൾക്ക് പ്രതിദിനം 284 ഗ്രാം പാലും പാലുൽപന്നങ്ങളും ആവശ്യമാണ്. ഇപ്പോൾ നിലവിലുള്ള മൃഗസമ്പത്തിൽ നിന്നും മൊത്തം ആവശ്യത്തിന്റെ 25 ശതമാനം പോലും ഉല്പാദിപ്പിക്കപ്പെടുന്നില്ല. അതോടൊപ്പം തന്നെ മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉല്പാദനവും. ശോചനീയമാണ് നമ്മുടെ പഞ്ചായത്തിന്നുവേണ്ട ഉപഭോഗത്തനവശ്യമായ മുട്ടയും മാസംവും മത്സ്യവും. മററു സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് പുതിയ ജീവിത സാഹചര്യങ്ങൾ പരിമിതമായ പുരയിടങ്ങളിൽ താമസിക്കാൻ മനുഷ്യനെ നിർബന്ധിതനാക്കി. സാമ്പത്തികലാക്കുള്ള പുതിയ തലമുറക്ക് മൃഗസംരക്ഷണം അന്യമാകുന്നു. മൃഗസംരക്ഷണ സംരംഭകരെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്ന രണ്ടു ഘടകങ്ങൾ സാമ്പത്തിക പരാധീനതകളും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകളുമാണ് നമ്മുടെ പ്രകൃതിക്കിണങ്ങുന്ന തനതു കന്നുകാലി വംശങ്ങളുടെ സംരക്ഷണത്തിന്റെ അപജയത്തിന്നു കാരണമായത് ധവള വിപ്ലവത്തിനുള്ള ത്വരയായിരുന്നു. ഇതുമൂലം നഷ്ടപ്പെടുന്ന നമ്മുടെ പാരമ്പര്യ ജനുസുകളാണ് മാത്രമല്ല. അധിക സാമ്പത്തിക ഭാരം വരുത്തിവെക്കുന്ന പുതിയ ജനുസ്സുകളുടെ ബാദ്ധ്യതകളും ഏറെറടുക്കേണ്ടി വന്നു.

## പ്രശ്നങ്ങൾ

1. നല്ലയിനം കറവുമാടുകളും കനനുകളും ദുർലഭമാണ്. അമിതവിലയുള്ളതുമാണ്.

2. പാൽ സഹകരണ സംഘങ്ങളുടെ നിലവിലുള്ള പ്രവർത്തനത്തിന്റെ അപര്യാപ്തത.

3. തീററ പുൽ കൃഷിയോ, വേണ്ടതായ വിത്തുകളോ ലഭ്യമല്ല.

4. കാലിത്തീററ ഉൽപാദന ഫാക്ടറി ഇല്ല.

5. നല്ലയിനം ഉൽപാദന ക്ഷമതയുള്ള, പാലിനും മാംസത്തിനും വേണ്ടി വളർത്തുന്ന ആടുകളുടെ ദൗർലഭ്യം.

6. കോഴി വളർത്തൽ ലാഭകരമായ വ്യവസായമാക്കാൻ കഴിയുന്നില്ല. കാരണം കാലാവസ്ഥ, കോഴികളിൽ കണ്ടുവരുന്ന കോഴി വസന്ത, റാണി ഘട്ട് ഡിസീസ് തുടങ്ങിയ മാരക രോഗങ്ങൾ.

7. ഓമനമൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയെ വ്യവസായടിസ്ഥാനത്തിൽ വളർത്തുന്നവാനുള്ള പ്രായോഗിക പരിജ്ഞാനക്കുറവ്.

8. മാംസത്തിന്നുവേണ്ടിയുള്ള മൃഗസംരക്ഷണ രീതികളോ, പദ്ധതികളോ ഇല്ല.

9. പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സേവനം പൂർണ്ണമായും എല്ലാ ക്ഷീര കർഷകർക്കും ലഭിക്കുന്നില്ല. മൃഗാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ ദയനീയമാണ്.

10. പരിശീലന സൗകര്യങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

1. അത്യുൽപാദനശേഷിയുള്ള കന്നുകാലികളെ ലഭിക്കുവാൻ പ്രീമിയം ബുൾ ബീജപദ്ധതി നടപ്പിലാക്കുക.

2. കനനുകാലികളുടെ ശരിയായ പരിചരണത്തിന്ന് പശുക്കുട്ടികളുടെ ഗർഭധാരണത്തിന്നും വേണ്ടതായ ഔഷധങ്ങൾ, മെച്ചപ്പെട്ട തീററകൾ പ്രതിരോധ കുത്തിവെപ്പുകൾ എന്നവ സൗജന്യനിരക്കിൽ ലഭ്യമാക്കിയാൽ മൃഗസംരക്ഷണത്തിന്ന് പ്രേരണയാകും.

3. പാൽ ദൗർലഭ്യം മാററിയെടുക്കുവാനും പഞ്ചായത്തിലെ എല്ലാവർക്കും ശുദ്ധമായ പാൽ ലഭിക്കുവാനും ഒരു വീട്ടിൽ ഒരു പശു എന്നു സ്കീമും ചെറുകിട ഡയറി യൂണിററുകളും. ചെറുകിട എരുമ യൂണിററും നടപ്പിലാക്കണം.

4. മാംസത്തിന്നും പാലിന്നും വേണ്ടി നല്ലയിനം ആടു കൃഷി പഞ്ചായത്തിൽ കാര്യക്ഷമമാക്കുവാൻ ആടു വളർത്തൽ യൂണിററുകൾ നടപ്പിലാക്കാവുന്നതാണ്.

5. വയലോര പ്രദേശങ്ങളിൽ തെരഞ്ഞെടുത്ത കർഷകർക്ക് മാംസാവശ്യത്തിനായി മേൽത്തരം വരിയുടച്ച കാളക്കുട്ടികളെ വളർത്തുന്ന യൂണിററുകൾ സ്ഥാപിച്ച നടപ്പാക്കാവുന്നതാണ്.

6. മുട്ടക്കോഴികളുടെ ഉൽപാദന ക്ഷമത കൂട്ടുന്നതിനും മുട്ടയുൽപാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കാനും സഹകരണാടിസ്ഥാനത്തിൽ. പുതിയ സംരംഭങ്ങൾ തുടങ്ങി പൊതുജനസഹായത്തോടെ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

7. കായലോരം, വയലോരം എന്നിവടങ്ങളിൽ കൂടുതൽ മുട്ടത്താറാവു വളർത്തൽ നടപ്പാക്കാവുന്നതാണ്. മണലൂർ പഞ്ചായത്തിൽ അതിന് അനുകൂല സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്.

8. കാടപ്പക്ഷി വളർത്തി വിപണനം നടത്തുന്ന യൂണിററ് കുറഞ്ഞ ചെലവിൽ സംഘടിപ്പിക്കാവുന്ന സംരംഭമാണ്.

9. ചെറിയ കോഴിക്കുഞ്ഞുങ്ങളുടെ ഹാച്ചറികളിൽ നിന്നും വാങ്ങിവളർത്തി വലുതാക്കിക്കൊടുക്കുന്ന യൂണിററ് സംഘടിപ്പിക്കാവുന്നതാണ്.

10. മേൽത്തരം ഇറച്ചിക്ക് മുയലുകളെ വളർത്തുന്ന രീതിയും വ്യാപകമാക്കണം. തുകൽ വ്യവസായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്താം.

11. ഓമനമൃഗ-പക്ഷി വളർത്തു യൂണിററുകൾ ആവശ്യമാണ്.

12. ആടുകൾക്ക് തീററ ലഭ്യത ഉറപ്പു വരുത്താൻ പ്ലാവ് വേങ്ങ സുബാബുൾ മുതലായവയുടെ തൈകൾ വിതരണം. സോഷ്യൽ ഫോറസ്ററി മുഖേന നടപ്പാക്കാവുന്നതാണ്.

13. ഗുണനിലവാരമുള്ളതും മെച്ചപ്പെട്ടതുമായ മാംസലഭ്യത ഉറപ്പുവരുത്തുവാനും ഉരുക്കളെ പരിശോധിച്ച് കശാപ്പു ചെയ്യുന്ന ആധുനിക രീതിയിലുള്ള കശാപ്പുശാലയും അതിനോടനുബന്ധിച്ചൽ രക്തം, എല്ല്, കുളമ്പ്, കൊമ്പ് തുകൽ, കുടൽ മുതലായവ ഗുണപരമായ രീതിയിൽ സംസ്ക്കരിച്ചെടുക്കാവുന്ന പ്രോസ്സസിങ്ങ് യൂണിററ് തുടങ്ങാവുന്നതാണ്. അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിപുലമായ ഒരു യൂണിററ് സംഘടിപ്പിക്കാവുന്നതാണ്.

14. ഒരു മാസ്ററർ പോളിസി

എല്ലാ ക്ഷീരകർഷകർക്കും അവരുടെ മൃഗങ്ങളെ സൗജന്യനിരക്കിൽ മാസ്ററർ പോളിസി വഴി ഇൻഷുറൻസ് പദ്ധതിയിൽപ്പെടുത്താവുന്നതാണ്.

15. പരാദരോഗങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനത്തിന്നും നിയന്ത്രണത്തിന്നും ആവശ്യമായ പദ്ധതികൾ. (മരുന്നുകൾ, രാസവസ്തുക്കൾ) പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

16. പേ വിഷനിർമ്മാർജ്ജനത്തിനുള്ള വാക്സിൻ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ലൈസൻസിങ്ങ് സമ്പ്രദായം കർശനമായും നടപ്പിലാക്കുകയും തെരുവുപട്ടികളെ സമയാസമയങ്ങളിൽ നശിപ്പിക്കുകയും വേണം. ഇതിനുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം ഏർപ്പെടുത്തി വാക്സിനുള്ള പണം കണ്ടെത്താവുന്നതാണ്.

17. മണലൂർ മൃഗസംരക്ഷണകേന്ദ്രത്തിന് സൗകര്യമുള്ളതും ഉറപ്പുള്ളതുമായ കെട്ടിടം, ലബോററട്ടറി, ടെലഫോൺ, മൃഗങ്ങളെ ആശുപത്രിയിൽ നിർത്തി ചികിത്സിക്കുന്ന പദ്ധതി, കൂടുതൽ ജീവനക്കാർ എന്നിവയും രാവിലെ 8 മണി മുതൽ വൈകിയിട്ട് 6 മണിവരെ ലഭ്യമാക്കുകയും ചെയ്താൽ മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

18. മണലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ഈ പഞ്ചായത്ത് മുഴുവൻ ലഭിക്കുന്നവിധം വ്യാപകപ്പെടുത്തേണ്ടതാണ്.

19. മൃഗസംരക്ഷണത്തിന്നു തെരഞ്ഞെടുക്കുന്ന കർഷകർക്ക ആവശ്യമായ സാങ്കേതിക പരിശീലനപ്പരിപാടി നടപ്പാക്കുകയും, ആവശ്യമായ ക്ഷീരകർഷകർക്ക് വേണ്ടതായ ധനസഹായം ഉറപ്പു വരുത്തുകയും ചെയ്യാവുന്നതാണ്.

20. കന്നുകാലി മേളകൾ, വന്ധ്യതാനിവാരണ - ഗോരക്ഷാ കേമ്പ് നടപ്പിലാക്കുകയും കൂടുതൽ ഗുണമുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

21. പ്രോത്സാഹനമെന്നനിലയിൽ നല്ല ക്ഷീരകർഷകനെ തെരഞ്ഞെടുത്ത് അവാർഡുകൊടുത്ത് അംഗീകരിക്കാവുന്നതാണ്.

22. ബയോഗ്യാസ് പ്ലാൻറുകൾ കൂടുതൽ ധനസഹായത്തോടെ നടപ്പിൽ വരുത്താവുന്നതാണ്.

23. ആവശ്യക്കാർക്ക് കൂടുതൽ സാങ്കേതികവിദ്യയുള്ളതും കാര്യക്ഷമമായതുമായ കാളവണ്ടികൾ ലഭിക്കാൻ വേണ്ടതടനടപടി സ്വീകരിക്കാവുന്നതാണ്.

24. കണ്ടശ്ശാംകടവ് മാർക്കററിലെ മാംസം - മത്സ്യം - പച്ചക്കി വെയിസ്ററും ഉപയോഗിച്ച് നല്ലനിലയിൽ ഒരു പന്നി വളർത്തൽ കേന്ദ്രം പ്രവർത്തനമാക്കാം. പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കാവുന്നതാണ്. ഇതിനോടനുബന്ധിച്ച് മുൻപറഞ്ഞ പ്രോസസ്സിങ്ങ് യൂണിററ് നടപ്പാക്കാവുന്നതാണ്.

## ഉല്പാദിപ്പിക്കുന്ന പാൽ

| ഇനം | കറവമാടുകളുടെ എണ്ണം | ശരാശരി പാലിൻെറ ലഭ്യത | ലഭിക്കുന്ന ദിനം | ആകെ |
|---|---|---|---|---|
| സങ്കരയിനം | 347 | 5.5ലി. | 300 | 372550 ലി. |
| നാടൻ | 137 | 1.8 ലി. | 300 | 73980 ലി. |
| ആകെ | 484 | 7.3 ലി. | 300 | 646530 ലി. |

## ഉല്പാദിപ്പിക്കുന്ന മുട്ട

| ഇനം | മുട്ടക്കോഴികളുടെ എണ്ണ | ശരാശരി മുട്ട | ആകെ |
|---|---|---|---|
| നാടൻ | 6559 | 30 | 196770 |
| സങ്കരം | 184 | 100 | 18400 |
| ആകെ | 6743 | | J215170 |

## ആവശ്യമുള്ള പാൽ - മുട്ട

| ഇനം | ജനസംഖ്യ | ഒരാൾക്ക് ഒരു ദിവസം | ഒരുവർഷം |
|---|---|---|---|
| പാൽ | 33000 | 284 ഗ്രാം | 34,20780 ലി. |
| മുട്ട | 33000 | .5 | 6000000 |

## കൃത്രിമ ബീജസങ്കലനം

| ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 3408 | 3270 | 138 |
| കിടാരി | 2593 | 2353 | 240 |
| എരുമ | 119 | 104 | 15 |

# മത്സ്യബന്ധനം

മനുഷ്യാഹാരത്തിന് ലഭ്യമായതിൽ വെച്ചേററവും ചെലവു കുറഞ്ഞതും പോഷക സമ്പുഷ്ടവുമാണ് മത്സ്യം. കരയിലെ ഭക്ഷക്ഷാമത്തെ അതിജീവിക്കുവാൻ കഴിയുക തീർച്ചയായും ജലാശയങ്ങളിലെ ഭക്ഷ്യവിഭവങ്ങള ആശ്രയിച്ചു കൊണ്ടായിരിക്കും. സാധാരണക്കാരൻെറ ഏററവും പ്രധാനപ്പെട്ട ഈ പോഷകാഹാരം ഇന്ന് അന്യമായിരിക്കുന്നു. ഈ രംഗത്തുള്ള വിദേശ ശക്തികളുടെ ബോധപൂർവ്വമായ ഇടപെടൽ ഇത്തരം ഒരു വഴിമാററത്തിന്ന് കാരണമായിക്കാണുന്നത്. ഈ മേഖലയിലെ വാണിജ്യവൽക്കരണം വിവേചനമില്ലാതെ മത്സ്യസമ്പത്ത് കൊള്ളയടിക്കപ്പെടാനിടയായി. ഇത് ഉയർത്തുന്ന രണ്ടു പ്രധാന പ്രശ്നങ്ങൾ ഉണ്ട്. (1) ജൈവശൃംഗലയിൽ വരുത്തുന്ന നാശം. (2) സാധാരണക്കാരനിലുണ്ടായ പോഷകാഹാരക്കുറവ്. അതുകൊണ്ട് ഈ മേഖലയിലെ പുനരുല്പാദന പ്രക്രിയ മ ശ്രമകരമാണെങ്കിൽ പോലും സമൂഹ്യബാദ്ധ്യതയായി ശ്രമകരണമാണെങ്കിൽ പോലും സാമൂഹ്യബാദ്ധ്യതായി ഏറെറടുത്തെങ്കിൽ മാത്രമെ നമുക്ക് നിലനില്ക്കാൻ പററൂ. അുകൊണ്ട് ഒരുതൊഴിലവസരം എന്നതോടൊപ്പം ജൈവസന്തുലിതാവസ്ഥക്കുവേണ്ടിയുള്ള പുനസൃഷ്ടിയായി ഇതിനെ കാണാവുന്നതാണ്.

മണലൂർ പഞ്ചായത്ത് ജലസമൃദ്ധമാണ് മൂന്ന് ഭാഗവും പുഴകളാൽ ചുററപ്പെട്ടിരിക്കുന്ന നിരവധി കായലുകളും, കുളങ്ങളും തോടുകളും ചതുപ്പുനിലങ്ങളും, പാടങ്ങളും നിറഞ്ഞ ഒരു ജലസമ്പത്ത് ഇവിടെയുണ്ട്. അതുകൊണ്ട് മത്സ്യകൃഷിക്ക് വികസനോന്മുഖമായ പശ്ചാത്തല സൗകര്യമുണ്ട്. എന്നിരുന്നിട്ടും മത്സ്യബന്ധനം ഒരു തൊഴിലായി സ്വീകരിച്ച ജനവിഭാഗം ഈ പശ്ചാത്തലത്തിൽ വളരെ കുറവുമാത്രമാണുള്ളത്. അതുകൊണ്ട് ഈ മേഖലയിൽ ചർച്ച ചെയ്യപ്പെടാനുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നില്ല. എന്നാൽ സാദ്ധ്യതകൾ ഏറെയുണ്ട്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ 8-ാം വാർഡിൽ കനോലികനാലിനോട് ബന്ധപ്പെട്ട 10 ഏക്ര വരുന്ന ഒരു കൈച്ചാലുണ്ട്; അതിന്ന് ബണ്ടും, ചീപ്പും തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി ചെമ്മീൻ കൃഷി നടത്താവുന്നതാണ്.

2. രാമൻ കായൽ (4 ഏക്കർ) കൃഷ്ണൻ കായൽ എന്നിവിടങ്ങളിൽ മെഷ് / ബണ്ട് സ്ഥാപിച്ച് ശുദ്ധജലമത്സ്യം വളർത്താവുന്നതാണ്.

3. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കിടക്കുന്ന ഏകദേശം 25 ഏക്കർ വരുന്ന ചതുപ്പു നിലങ്ങൾ, വെള്ളക്കെട്ടുകൾ ഇവ ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിലോ, പാട്ടത്തിലോ മത്സ്യകൃഷി നടത്താവുന്നതാണ്.

4. പുഴയിൽ നിന്ന് കരയിലേക്ക് നീണ്ടുകിടക്കുന്ന ജലാശയങ്ങളിൽ കൊഞ്ചു കൃഷി നടത്താവുന്നതാണ്.

5. കേൾ നിലങ്ങളിൽ വിളവെടുപ്പിനുശേഷം വെള്ളം കയററി മത്സ്യകൃഷി ചെയ്യാവുന്നതാണ്.

6. കക്ക, തവള, ഞണ്ട്, മഡ്, ആമ ഇവയുടെ കൃഷി വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

7. അലങ്കാര മത്സ്യകൃഷി ഈ പഞ്ചായത്തിൽ വിജയകരമായി നടത്തുന്ന ഒരു വ്യക്തിയുണ്ട്. ഈ കൃഷി വ്യാപകമായി ചെയ്യാവുന്നതാണ്.

8. ജൈവ വൈവിദ്ധ്യം നിലനിർത്തുന്നത തരത്തിലുള്ള ഒരു ജലജീവി ശൃംഖലയാണ് മത്സ്യസംരക്ഷണത്തിന്ന് അഭികാമ്യം. മൃഗസംരക്ഷണം, കൃഷി, മത്സ്യസംരക്ഷണം ഇവ പരസ്പര ബന്ധിതവും പുരകവുമാണ്. ഈ കാഴ്ച്ചപ്പാടോടെയായിരിക്കണം ഈ മേഖലയിലെ പുതിയ സംരംഭങ്ങൾ തുടങ്ങേണ്ടത്.

# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും ചെത്തു തൊഴിലാളി - ചകിരി തൊഴിലാളി സമരങ്ങളും മണലൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്ത് നിർണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

മണലൂർ യുവജനസമിതി പൊതുവായനശാല കാരമുക്ക് ഗ്രാമീണ വായനശാല, പാലാഴി സുഭാഷ് വായനശാല എന്നീ മൂന്നു വായനശാലകളും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കാര്യമായ സംഭാവനകളാണ് നൽകി വരുന്നത്. 1935 ഡിസംബർ 17ന തുടങ്ങിയ മണലൂർ യുവജനസമിതി പൊതു വായനശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാല. 20000ത്തിലധികം പുസ്തകങ്ങളുള്ള ഈ വായനശാല തൃശൂർ ജില്ലയിലെ A ഗ്രേഡ് വായന ശാലകളിൽ മാന്യമായ സ്ഥാനം വഹിക്കുന്നു. പ്രതിഭാശാലികളായ അനേകം അദ്ധ്യാപകർ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയ സംഭാവനകൾ വളരെ വലുതാണ്. ഇത്യാദി കാരണങ്ങളാൽ സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പുതന്നെ പൊതുവിദ്യാഭ്യാസരംഗത്ത് മണലൂർ പഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

1906 ജനുവരി 1-ന് ആരംഭിച്ച കണ്ണശ്ശാങ്കടവ്ഗവൺമെന്റ് ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഗവൺമെന്റ് വിദ്യാലയം. 4 - ഹൈസ്ക്കൂളുകളടക്കം പഞ്ചായത്തിലെ മൊത്തം 12 - ഔപചാരിക വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു. പട്ടിക 2-ൽ ഈ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ കാണിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 5 - ടൈപ്പ് റൈററിംങ് ഇൻസ്ററിററ്യൂട്ടുകൾ, 4-പാരലൽ കോളേജുകൾ, 8-ട്യൂട്ടോറിയൽ കോളേജുകൾ, 1-ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, 2 കംപ്യൂട്ടർ സെൻറർ എന്നിവയും ഇവിടെ പ്രവർത്തിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും തൃശൂർ, ഗുരുവായൂർ, നാട്ടിക എന്നിവിടങ്ങളിലെ കോളേജുകളേയാണ് ഈ പഞ്ചായത്തിലെ കുട്ടികൾ ആശ്രയിച്ചു വരുന്നത്.

പട്ടിക 1- ൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പേര് കൊടുക്കുന്നു ഈ വിദ്യാർത്ഥികളിൽ 500 ഓളം കുട്ടികൾ സമീപ പഞ്ചായത്തുകളിൽ നിന്നും വരുന്നവരാണ്. അതേസമയം ഈ പഞ്ചായത്തിലെ ഏകദേശം 200 ഓളം കുട്ടികൾ. പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷ് മീഡിയം, സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട്. കഴിഞ്ഞ 5-വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കണ്ടശ്ശാങ്കടവ് ഗവൺമെന്റ് ഹൈസ്ക്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. ഈ പഞ്ചായത്തിലെത്തന്നെ കൂടുതൽ മെച്ചപ്പെട്ട സ്ക്കൂളുകളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയ ഭ്രമം എന്നിവ ഇതിനു കാരണങ്ങളാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്നതു കൊണ്ട് വിദ്യാർത്ഥികൾക്ക് ദൂരക്കൂടുതൽ കാര്യമായി അനുഭവപ്പെടുന്നില്ല.

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അദ്ധ്യാപനം നടത്തുന്നവരിൽ അധികവും സ്ത്രീകളാണെന്നതാണ്; 214 ൽ 198 പേർ. വൈദ്യുതീകരിക്കാത്ത 2 ഉം സ്ററാഫ് മുറികളില്ലാത്ത 2ഉം വേണ്ടത്ര എണ്ണം കക്കൂസുകളില്ലാത്ത 6 ഉം വേണ്ടത്ര എണ്ണം മൂത്രപ്പുരകൾ ഇല്ലാത്ത 4 ഉം വിദ്യാലയങ്ങൾ ഉണ്ടെന്നു കാണുന്നു.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും ആകെയുള്ള 4-ഹൈസ്ക്കൂളുകളിലെ കഴിഞ്ഞ 5-വർഷത്തെ S. S. L. C. വിജയ ശതമാനം പട്ടിക 3-ൽ കൊടുക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 30-അങ്കണവാടികളും സർക്കാർ ഉടമസ്ഥതയിലുള്ള 2-നഴ്സറി സ്ക്കൂളുകളുമടക്കം 32-ശിശുവിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ചില അങ്കണവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ല. വേണ്ടത്ര കളിക്കോപ്പുകളില്ലാത്ത അങ്കണവാടികളാണ് അധികവും.

## പ്രശ്ന ങ്ങൾ

1. 11-ാം സ്ററാൻേറർഡിലെ ഓൾ പ്രമോഷൻ മൂലം നിരക്ഷരരാകുന്ന 10 ശതമാനത്തോളം കുട്ടികളെ സാക്ഷരരാക്കുന്നതിന് അതത് സ്ക്കൂളുകളിൽ നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്.

2. പല സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

3. അങ്കണവാടികളുടെ പരിമിതികൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

4. സാമ്പത്തികമായി മുന്നിലുള്ളവരിൽ ഇംഗ്ലീഷ് മീഡിയഭ്രമം വർധിച്ചു വരുന്നു.

5. സാങ്കേതികം അടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം കാര്യമായി അനുഭവപ്പെടുന്നു.

6. എല്ലാ സ്ക്കൂളുകളിലും വായനമുറികളുടെ കുറവുണ്ട്.

7. എല്ലാ സ്ക്കൂളുകളിലേക്കും പുസ്തകങ്ങൾ വിതരണം ചെയ്യത്തക്കവിധം പഞ്ചായത്തിനെ കേന്ദ്രീകരിച്ചുള്ള 'പുസ്തക ബാങ്കിന്റെ' കുറവുണ്ട്.

8.സ്ക്കൂളുകളിൽ ഈയിടെയായി P T A നന്നായി പ്രവർത്തിക്കുന്നെങ്കിലും 'മാതൃസംഗമം' കാര്യക്ഷമമല്ല.

9. അനൗപചാരിക വിദ്യാഭ്യാസത്തിന് പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള പ്രവർത്തന ശൈലി ഇല്ല. തുടർ സാക്ഷരതാ പ്രവർത്തന ശൈലി ഇല്ല. സാക്ഷരതാ പ്രവർത്തനത്തിന്റെ കുറവുണ്ട്.

10. കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങസ് പഞ്ചായത്തിൽ ഇല്ല.

11. S N G S കാരമുക്ക് ഹൈസ്ക്കൂളിലേക്ക് ബസ്സ് സൗകര്യം ഒട്ടും ഇല്ല.

12. കുട്ടികൾ കുറയുന്നതിനാൽ ഡിവിഷൻ നഷ്ടപ്പെടാനുള്ള സാദ്ധ്യതകൾ ഗവ. സ്ക്കൂളുകളിൽ നിലനിൽക്കുന്നു.

13. നഴ്സറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

14. ക്രഷ് സൗകര്യങ്ങൾ ഇല്ല.

15. അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഗുണനിലവാരമില്ല.

16. കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന കൊടുക്കുന്നില്ല.

17. കൂടുതൽ കുട്ടികളെ ക്ലാസിലിരുത്തി പഠിപ്പിക്കുന്ന സ്കൂളുകളുണ്ട്. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറക്കുന്നു.

## സാദ്ധ്യതകൾ

1. വിദ്യാർത്ഥി, അധ്യാപക-രക്ഷാകർതൃ പാരസ്പര്യം വളർത്തിയെടുക്കാൻ ക്ലാസ് റും രക്ഷാകർതൃ സമിതികൾ നിർബന്ധമാക്കേണ്ടതും പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

2. മണലൂർ ഗവ. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം അനുബന്ധമായി കൊണ്ടുവരാവുന്നതാണ്.

3. സ്ക്കൂൾ കോംപ്ലക്സുകൾ പ്രയോഗത്തിൽ കൊണ്ടുവരാവുന്നതാണ്.

4. വിദ്യാഭ്യാസം ക്ലാസ്സ് മുറികൾക്കുള്ളിൽ നിന്ന് പുറത്തേയ്ക്ക കൊണ്ടുവരണം. പഠനയാത്രകൾ, പ്രകൃതി നിരീക്ഷണങ്ങൾ, കളികൾ ഇവയെല്ലാം ഇതിന്റെ ഭാഗമാക്കേണ്ടതാണ്.

5. സ്ക്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതിനായി പൂർണ്ണസമയ ലൈബ്രേറിയൻ സ്കൂൾ തലത്തിൽ തന്നെ വേണ്ടതാണ്.

6. സ്ക്കൂൾതല സാഹിത്യ സമാജങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ്.

7. ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഉപയോഗിച്ച് സമഗ്രമായ പഠന രീതിയുണ്ടാക്കാവുന്നതാണ്.

8. സർക്കാർ സ്കൂളുകൾ മോഡൽ സ്ക്കൂളുകളാക്കണം.

9. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

## പട്ടിക 1
## വിദ്യാലയങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | ഉടമസ്ഥത | വിദ്യാർത്ഥികളുടെ എണ്ണം | | | | | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1992-93 | 93-94 | 94-95 | 95-96 | 1996-97 | | | 1996-97 | | |
| | | | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി. എൽ. പി. എസ് മണലൂർ | സർക്കാർ | 105 | 110 | 112 | 110 | 52 | 54 | 106 | 1 | 3 | 4 |
| 2 | ജി. എൽ. പി. എസ്. കണ്ടശ്ശാംകടവ് | സർക്കാർ | 84 | 74 | 78 | 75 | 44 | 27 | 71 | 0 | 4 | 4 |
| 3 | എസ്. എച്ച്. ഓഫ് മേരീസ് സി. എൽ. പി. എസ്. കണ്ടശ്ശാംകടവ് | എയ്ഡഡ് | 557 | 561 | 587 | 586 | 162 | 432 | 594 | 0 | 10 | 10 |
| 4 | ചർച്ച് എൽ. പി. എസ് കാരമുക്ക് | എയ്ഡഡ് | 236 | 235 | 236 | 253 | 127 | 128 | 255 | 0 | 8 | 8 |
| 5 | സെൻറ് തോമാസ് എൽ. പി. എസ്. കാഞ്ഞാണി | എയ്ഡഡ് | 257 | 247 | 244 | 244 | 119 | 111 | 230 | 1 | 7 | 8 |
| 6 | സെൻറ് ഇഗ്നേഷ്യസ് യു. പി. എസ്. മണലൂർ | എയ്ഡഡ് | 463 | 452 | 455 | 456 | 237 | 220 | 457 | 2 | 15 | 17 |
| 7 | സെൻറ് തെരാസസ് യു. പി. എസ്. മണലൂർ | എയ്ഡഡ് | 585 | 578 | 631 | 650 | 318 | 338 | 656 | 0 | 20 | 20 |
| 8 | സെൻറ് തോമാസ് യു. പി. എസ്. കാഞ്ഞാണി | എയ്ഡഡ് | 178 | 176 | 167 | 169 | 104 | 72 | 176 | 0 | 8 | 8 |
| 9 | ജി. എച്ച്. എസ്. മണലൂർ | സർക്കാർ | 257 | 261 | 281 | 304 | 179 | 115 | 294 | 1 | 10 | 11 |
| 10 | എസ്. എൻ. ജി. എച്ച്. എസ്. കാരമുക്ക് | എയ്ഡഡ് | 2471 | 2531 | 2546 | 2483 | 1703 | 721 | 2424 | 10 | 63 | 73 |
| 11 | ജി. എച്ച്. എസ്. കണ്ടശ്ശാംകടവ് | സർക്കാർ | 580 | 532 | 441 | 407 | 270 | 125 | 395 | 1 | 16 | 17 |
| 12 | എസ്. എച്ച്. ഓഫ് മേരീസ സി. ജി. എച്ച് എസ്. കണ്ടശ്ശാംകടവ് | എയ്ഡഡ് | 1160 | 1237 | 1272 | 1365 | 0 | 1403 | 1403 | 0 | 34 | 34 |

## പട്ടിക 2

## വിദ്യാലയങ്ങളിലെ സൌകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | വായന മുറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ/പൈപ്പ് വെള്ളം | ലൈബ്രറി പുസ്തകങ്ങൾ (മലയാളം) | ഫർണീച്ചർ തികയുമോ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി. എൽ. പി. എസ് മണലൂർ | ഹൈസ് ക്കൂളി | ഉണ്ട് | ഉണ്ട് | - | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഇല്ല. 3 ബോർഡ് വേണം |
| 2 | ജി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | നോടു ചേർന്ന് | ഇല്ല | ഇല്ല | - | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഇല്ല. 5 ബെഞ്ച് വേണം |
| 3 | എസ്. എച്ച്. ഓഫ് മേരീസ് സി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | Do | ഉണ്ട് | ണ്ട് | - | ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | - | ഇല്ല. 50 ബെഞ്ച് |
| 4 | ചർച്ച് എൽ. പി. എസ് കാരമുക്ക് | - | ഉണ്ട് | ഉണ്ട് | - | ഇല്ല | 1 | 2 | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | മതിയാകും |
| 5 | സെൻറ് തോമാസ് എൽ. പി. എസ്. കാഞ്ഞാണി | 1 ഏ. | ഉണ്ട് | ഉണ്ട് | - | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട്. മതിയാകും |
| 6 | സെൻറ് ഇമ്നേഷിയസ് യു. പി. എസ്. മണലൂർ | $1^1/_2$ ഏ. | ഉണ്ട് | ഉണ്ട് | - | ഇല്ല | 3 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട | ഉണ്ട് | - | ഇല്ല. 40 ബെഞ്ച് |
| 7 | സെൻറ് തെരാസസ് യു. പി. എസ്. മണലൂർ | 1 ഏ. | ഉണ്ട് | ഇല്ല | - | ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | മതിയാകും |
| 8 | സെൻറ് തോമാസ് യു. പി. എസ്. കാഞ്ഞാണി | 1 ഏ. 71 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | മതിയാകും |
| 9 | ജി. എച്ച്. എസ്. മണലൂർ | 2 ഏ. $2^1/_2$ സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 5000 | ഇല്ല. 10 ബെഞ്ച് |
| 10. | എസ്. എൻ. ജി. എച്ച്. എസ്. കാരമുക്ക് | $2^1/_2$ ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 5 | 6 | ഉണ്ട് | ഉണ്ട് | ഉണ്ട് (ഭാഗീകം) | ഉണ്ട് | 4990 | ഇല്ല. 10 ബെഞ്ച് |
| 11 | ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 3 ഏ. $88^1/_2$ സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 12903 | ഇല്ല. 25 ബെഞ്ച് |
| 12 | എസ്. എച്ച് ഓഫ് മേത്ഥീസ് സി. ജി. എച്ച് എസ് കണ്ടശ്ശാങ്കടവ് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 12 | 12 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | | 6122ഇല്ല. 5 ബെഞ്ച് |

പട്ടിക 3

എസ്. എസ്. എൽ. സി. വിജയശതമാനം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വർഷം 1991-92 | വർഷം 1992-93 | വർഷം 1993-94 | വർഷം 1994-95 | വർഷം 1995-96 |
|---|---|---|---|---|---|---|
| 1 | ജി. എച്ച്. എസ്. മണലൂർ | 48 | 58 | 57 | 44 | 63 |
| 2 | ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 32 | 30 | 24 | 35 | 48 |
| 3 | എസ്. എൻ. ജി. എസ്. എച്ച് എസ്. കാരമുക്ക് | 91 | 87.4 | 92.3 | 90.4 | 89.1 |
| 4 | എസ്. എച്ച്. ഓഫ്. മേരീസ് സി. ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 100 | 99 | 99 | 100 | 98 |

# കുടി വെള്ളം

മണലൂർ പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ മാത്രമെ മുൻകാലങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെട്ടിരുന്നുള്ളു. ഇതിനുകാരണം പുളിവെള്ളമായിരുന്നു.

ഇന്ന് ജനസംഖ്യയിൽ വന്ന വർദ്ധനവിനെ തുടർന്നു പാടശേഖരങ്ങൾ തൂർത്ത് വീടുകൾ വെക്കപ്പെട്ടു. വീടുകൾക്ക് ശുദ്ധ ജലം ലഭ്യമാക്കുക ഇന്ന് വലിയ പ്രശ്നമായി വന്നിരിക്കുന്നു. അതിനുകാരണം പാടങ്ങൾ കേവലം കൃഷി ഭൂമി മാത്രമായിരുന്നില്ല. ആ പ്രദേശത്തെ ജലവിതാനം കാത്തുസൂക്ഷിക്കുന്ന ജലസംഭരണികൾ ആയിരുന്നു.

മണലൂർ ഗ്രാമ പഞ്ചായത്തിലെ മുഖ്യ കുടി നീർ സ്രോതസ്സ് കിണറുകൾ ആകുന്നു. 6820 വീടുകൾ ഉള്ളതിൽ 3500 ൽ ഏറെ കിണറുകൾ ഉണ്ട്.

ഫെബ്രുവരി മാസം മുതൽ കുടിവെള്ളത്തിന് ക്ഷാമം നേരിടുന്നു. പ്രത്യേകിച്ച് പഞ്ചായത്തിലെ പുഴയോര വാർഡുകളായ 6, 8, 9, 11 എന്നീ വാർഡുകളിൽ.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 24 പൊതു കിണറുകൾ നിലവിലുണ്ട്. 176 പൊതു ടാപ്പുകളിൽ കൂടി ശുദധ ജല വിതരണം നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കിണറുകളിലെ ജലസംഭരണം മാർച്ച - ഏപ്രിൽ മാസങ്ങളിൽ താഴ്ന്നുപോകുന്നു. ആഴയുള്ള കിണറുകൾ കൃഷി ആവശ്യ (തെങ്ങ് നനക്കൽ) ത്തിന് പമ്പുപയോഗിച്ച് ജലസേചനം നടത്തുന്നു.

ഇതുകൊണ്ട് വാട്ടർ ലെവൽ താഴ്ന്നു പോകുന്നു: മററു കിണറുകളിൽ കുടി വെള്ളക്ഷാമത്തിന് ഇടവരുന്നു.

2. 176 - പൊതു ടാപ്പുകശ മുഖേന നടത്തുന്ന ജലവിതരണത്തിന്, ജലം വരുന്നത് Augmentation Scheme അനുസരിച്ച് പീച്ചിയിൽ നിന്നും ആകുന്നു.

ആവശ്യ സമയത്ത് ജലം ടാപ്പുകളിൽ ലഭിക്കാറില്ല. ഇതുമൂലം 2 കിലോമീററർ ദൂരം സഞ്ചരിച്ച് ജലം സംഭരിക്കേണ്ടി വരുന്ന കുടുംബങ്ങൾ, പ്രത്യേകിച്ച് പാലാഴി, കരിക്കൊടി പ്രദേശങ്ങളിൽ ഉണ്ട്.

3. വാട്ടർ അഥോററ്റിയുടെ കീഴിൽ നിലനില്ക്കുന്ന ടാപ്പുകൾക്ക് വേണ്ട അററകുററപ്പണികൾ നടത്തുന്നതിന് ശരിയായ സംവിധാനമില്ല. ഇതുമൂലം ഒരുപാട് ജലനഷ്ടം സംഭവിക്കാറുണ്ട്. പൊട്ടി ഒലിക്കുന്ന പൈപ്പുകൾ മുഖേന രോഗാണുക്കൾ കടന്ന് വെള്ളം അശുദ്ധമാകുന്നു.

4. പഞ്ചായത്തിൽ കുഴൽ കിണറുകൾ പ്രായോഗികമായി വിജയിക്കുന്നില്ല. ഈ പ്രദേശത്ത് ഭൂമിക്കടിയിൽ ഉപ്പുരസം കൂടുതലാണ് എന്ന് ഉപഗ്രഹമാർഗ്ഗം നടത്തിയ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

5. KO3 ഇനത്തിൽപെട്ട കളിമൺ രാശികലർന്ന മണലായതുകൊണ്ട് മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാതെ ഒഴുകിപ്പോകാൻ ഇടയാകുന്നു. ഇത് ഭൂമിക്കടിയിലെ ജലസംഭരണ ശേഷി കുറക്കുന്നു.

6. കുടിവെള്ളം ശുചിയായി സംഭരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഇല്ല.

7. പുതുതായി വീടുകൾ വെക്കപ്പെട്ട പാടങ്ങളിൽ കിണറുകൾ കുഴിക്കുമ്പോൾ മരച്ചാൻ ഉള്ളതുകൊണ്ട് ശുദ്ധജലം ലഭ്യമല്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ പാലാഴി, കാരമുക്ക്, മണലൂർ, പടിഞ്ഞാറെ കാരമുക്ക് പ്രദേശങ്ങളിൽ 4 കിണറുകളും ചെറിയ ടാങ്കുകളും നിലനില്ക്കുന്നു. പുതിയ Augmentation Scheme വന്നതിനുശേഷം ഇവയെ ഉപയോഗിക്കുന്നില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കൂടുതൽ പേർക്ക് ശുദ്ധജലം എത്തിക്കാനാവും.

2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കിണറുകളും ചെറിയ ടാങ്കുകളും സ്ഥാപിച്ച് അടുത്ത പ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തേണ്ടതാണ്.

3. മാർച്ച് - ഏപ്രിൽ - മെയ് മാസങ്ങളിൽ പീച്ചി - ചിമ്മിണി ഡാമുകളിൽ നിന്നുള്ള വെള്ളം പഞ്ചായത്തിലെ നിലവിലുള്ള വിവിധ തോടുകൾ മുഖേന സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക്, ഇന്നു നിലവിലുള്ള സംവിധാനം കാര്യക്ഷമമായി ഉപയോഗിച്ചു തന്നെ പമ്പ് ചെയ്തു കെട്ടി നിർത്തുകയാണെങ്കിൽ ഒരു പരിധിവരെ കിണറുകൾ മുഖേന കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

4. കോൾമേഖലയായ 1, 2, വാർഡുകളിൽ അനുഭവപ്പെടുന്ന ജലക്ഷാമം കിണറുകൾ പരിചരിച്ചു കൊണ്ട്

പരിഹരിയ്ക്കാവുന്നതാണ്. 5 മീററർ താഴ്ചവരെയുള്ള കിണറുകളിൽ ശുദ്ധജലം ലഭ്യമാണ്. ഇതിൽ കൂടുതൽ താഴ്ന്നാൽ കിട്ടുന്നത് ശുദ്ധജലമല്ല. ഈ പ്രദേശങ്ങളിൽ കൂടുതൽ താഴ്ചയിൽ നിന്നും വെള്ളം എടുത്ത് ജല സേചനത്തിന് ഉപയോഗിക്കുന്നതുകൊണ്ടാണ് കിണറുകളിൽ ജലക്ഷാമം ഉണ്ടാകുന്നത്. ചുററുപാടും ഉള്ള പാടശേഖരങ്ങളിൽ വെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതോടെ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാനാവും.

5. പഞ്ചായത്തിലെ ഓരോ പ്രദേശത്തും ഉള്ളടാപ്പ് ഗുണഭോക്താക്കളുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. ടാപ്പുകളും, വാട്ടർ ടാങ്കുകളും ഗുണഭോക്താക്കളുടെ നിയന്ത്രണത്തിൽ തന്നെ, കേടുപാടുതീർക്കലും നടത്തിപ്പും തുടങ്ങിയവ നടത്തേണ്ടതാണ്.

6. ദേവസ്വം, പഞ്ചായത്ത് ഉടമസ്ഥയിലുള്ള കിണർ, കുളങ്ങൾ കാലാകാലങ്ങളിൽ ഉപഭോക്താക്കളുടെ നേതൃത്ത്വത്തിൽ ചേറ് കോരി വൃത്തിയാക്കേണ്ടതാണ്.

7. തീരദ്രേശങ്ങളിൽ കാനോലികനാലിനോട് ബന്ധപ്പെട്ട് കിടക്കുന്ന ചീപ്പുകൾ കാലാകാലങ്ങളിൽ അററകുററപണികൾ നടത്തി ഉപ്പുവെള്ളം കയറുന്നത് കർശനമായി തടയേണ്ടതാണ്.

### മണലൂർ പഞ്ചായത്തിലെ കിണറുകളും, കുളങ്ങളും

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വററാത്ത കിണർ | 149 | 194 | 205 | 196 | 148 | 110 | 179 | 128 | 154 | 260 | 226 | 294 | 2243 |
| വററുന്ന കിണർ | 59 | 44 | 207 | 60 | 40 | 68 | 59 | 11 | 30 | 31 | 18 | 30 | 657 |
| കുളം | 41 | 23 | 73 | 86 | 56 | 20 | 43 | 19 | 25 | 58 | 48 | 22 | 514 |

# പൊതുജനാരോഗ്യം

രോഗത്തിന്റെ വിപരീതമല്ല ആരോഗ്യം. ആരോഗ്യം മനുഷ്യന്റെ ബോധമാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള നാഭീ ബന്ധം അററുപോകാനിടയായ ഒരു ആധുനിക കാലത്താണ് രോഗോന്മുഖ രോഗചികിത്സാ ശാസ്ത്രത്തിന്റെ കടന്നുകയററം.

ശരീരം അതിന്റെ ജീവശാസ്ത്രപരമായ ധർമ്മങ്ങൾ നടപ്പാക്കുന്നതുപോലും രോഗമായി നിർണ്ണയിക്കുകയും അതിനെതിരെ ചികിത്സിക്കുകയും ചെയ്യുന്ന രോഗചികിത്സാ രീതിയാണ് ഇവിടെ വളർന്നുവന്നിട്ടുള്ളത്. അതുകൊണ്ട് രോഗിയേയും രോഗത്തേയും വികസന സാധ്യതയുള്ള കച്ചവട ചരക്കാക്കി മാററിയിരിക്കുന്നു.

ചികിത്സാജന്യ രോഗങ്ങളാണ് ഇന്ന് ഏറേയും ചികിത്സക്ക് വിധേയമാക്കുന്നത്. ഈ മരണ ചക്രത്തിൽ നിന്നുള്ള വിമുക്തിയാണ് മനുഷ്യന് വേണ്ടത്. മനുഷ്യ ശരീരത്തെ ഘടകങ്ങളാക്കി വിശകലനം ചെയ്യുന്ന രീതിക്ക് പകരം സമഗ്രമായ വൈദ്യശാസ്ത്രരീതിയാണ് നമ്മൾക്കഭികാമ്യം.

## പൊതുജനാരോഗ്യം

മണലൂർ പഞ്ചായത്തിലെ ആരോഗ്യസംരക്ഷണ മേഖലയിൽ ഭേദപ്പെട്ട ഭൗതികസാഹചര്യങ്ങളുണ്ട്. ഒരു മിനി പ്രാഥമികാരോഗ്യകേന്ദ്രം കാരമുക്കിലും ഒരു ഗവ: ആയുർവേദ ഡിസ്പെൻസറി കണ്ടശ്ശാംകടവ് തെക്ക് ഭാഗത്ത് 11-ാം വാർഡിലും ഉണ്ട്. സ്വകാര്യ മേഖലയിൽ ഒരു ആശുപത്രി മണലൂർ പള്ളിക്ക് സമീപവും, മററൊന്ന് കണ്ടശ്ശാംകടവ് തെക്ക് ഭാഗത്തും പ്രവർത്തിക്കുന്നു. ഒരു സഹകരണാശുപത്രിയും മണലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 20 അലോപ്പതി ഡോക്ടർമാരും, 10 ആയുർവേദ ഡോക്ടർമാരും, 5 ഹോമിയോ ഡോക്ടർമാരും ഈ പഞ്ചായത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. കാരമുക്കിലെ മിനി P. H. C. യിൽ 20 കിടക്കകളുണ്ട്. സ്വന്തമായതും മെച്ചപ്പെട്ടതുമായ കെട്ടിട സൗകര്യങ്ങളുമുണ്ട്. ഡോക്ടർമാർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും ഈ ആരോഗ്യകേന്ദ്രത്തെ കുടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങളോടു കൂടിയാണ് സർക്കാർ ആയുർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. അതിന്റെ വികസനം ഉടനെ സാദ്ധ്യമാക്കേണ്ടതാണ്.

മണലൂരിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയുടെ അവസ്ഥ ശോചനീയമാണ്. 8 കിടക്കകളോട് കൂടിയ ഈ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല. ഇത് ഇന്ന് വളർച്ചക്കു വേണ്ടിയുള്ള ശ്രമത്തിലാണ്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 5 കുടുംബക്ഷേമ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഒരെണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്.

പഞ്ചായത്തിലെ മുഴുവൻ കുട്ടികളും പ്രതിരോധ കുത്തിവെപ്പുകൾ എടുത്തിട്ടുള്ളവരാണ്.

അർഹരായ ദമ്പതിമാരിൽ 70% സ്ഥിരമായ സന്താന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

കുട്ടികളുടെ ശരാശരി എണ്ണം 3 ആണ്.

പഞ്ചായത്തിലെ മരണനിരക്ക് 6 ഉം ശിശുമരണനിരക്ക് 4 ഉം ആണെന്ന് ഒരു ഔദ്യോഗിക കണക്കിൽ കാണുന്നു.

പഞ്ചായത്തിലെ ജനനനിരക്ക് 13.6 ആണ്.

95-96 ൽ ജലജന്യരോഗങ്ങൾ വർദ്ധിച്ചതായാണ് ദ്വിതീയ വിവരശേഖരണത്തിൽ കാണുന്നത്.

ഈ പഞ്ചായത്തിലെ പൊതുവെ 60% രോഗങ്ങളും കൂടി വെള്ളവുമായി ബന്ധപ്പെട്ടവയാണ്. അതുകൊണ്ട് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതോടെ ആരോഗ്യരംഗത്തെ മുഖ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടും. വായുജന്യരോഗങ്ങളും, പ്രാണിജന്യരോഗങ്ങവും ശാസ്ത്രീയമായ സാനററി സൗകര്യങ്ങളുടെ ലഭ്യതയോടെയും പരിസര ശുചീകരണത്തിലൂടെയും നിയന്ത്രിക്കേണ്ടതാണ്.

രണ്ട് HIV മരണങ്ങൾ ഈ പഞ്ചായത്തിൽ നടന്നതായി സെക്കൻററി ഡാററയിൽ കാണുന്നു. ഇത് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

നിരന്തര ജാഗ്രത നിലനിർത്തേണ്ട ഈ സാമൂഹ്യവിപത്തിനെ കണ്ടില്ലെന്ന് നടിച്ചാൽ ഒരു മനുഷ്യവംശത്തിനെത്തന്നെ അതിന് വിലകൊടുക്കേണ്ടി വരും.

തീരപ്രദേശങ്ങളിൽ മന്തുരോഗങ്ങളും, ഹൈഡ്രോസിൽ രോഗങ്ങളും ചെറിയ തോതിൽ നില നിൽക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ശാസ്ത്രീയമായ ആരോഗ്യ സർവ്വേയുടെയും ബോധവൽക്കരണത്തിൻെറയും അഭാവമുണ്ട്.

2. കുടിവെള്ളം, കക്കൂസ് എന്നിവയുടെ പൂർണ്ണ ലഭ്യത ഉറപ്പ് വരുത്തണം.

3. പരിസര ശുചീകരണവും - മാലിന്യ നിർമ്മാർജ്ജനവും നടപ്പാക്കണം.

4. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പശ്ചാത്തല സൗകര്യങ്ങൾ വിപുലമാക്കണം.

5. സ്കൂൾ ആരോഗ്യപരിപാടി സമഗ്രമാക്കണം.

6. മാംസം, മത്സ്യം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കേടുവരാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതുകൊണ്ട് ഇവയുടെ ഉപയോഗം ഉദരസംബന്ധവും നാഡീ സംബന്ധവുമായ രോഗങ്ങൾക്ക് ഇടയാക്കുന്നുണ്ട്.

7. ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ - പരസ്യത്തിൻെറ പിൻബലത്തോടെ വിററഴിക്കുന്നു.

8. മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്.

9. അശാസ്ത്രീയമായ അറവുശാലകളുടെ മാലിന്യങ്ങൾ.

## സാദ്ധ്യതകൾ

1. ബഹുജന പങ്കാളിത്തത്തോടെ ഒരു സമ്പൂർണ്ണ ആരോഗ്യ സർവ്വേ സംഘടിപ്പിക്കണം.

2. സ്കൂൾ, അങ്കണവാടികൾ, ക്ലബുകൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ, ജനകീയ സംഘടനകൾ, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെ സമഗ്രമായ ആരോഗ്യബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാം.

3. കുടിവെള്ളം സാമ്പിൾ പരിശോധനയിലൂടെ അത് ശുദ്ധമാണെന്ന് ഉറപ്പുവരുത്തണം.

4. എയിഡ്സ് തുടങ്ങിയ വംശനാശിയായ രോഗങ്ങൾക്കെതിരെ ശക്തമായ ഉപരോധം, ബോധവൽക്കരണ പ്രചരണ രീതികളിലൂടെ നിരന്തരം രൂപപ്പെടുത്തണം.

5. ശുദ്ധജല വിതരണം, കക്കൂസ് മാലിന്യ നിർമ്മാർജനം എന്നിവക്കുള്ള പദ്ധതികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

6. അങ്കണവാടികളെ പ്രാദേശിക ആരോഗ്യ സംരക്ഷണം കേന്ദ്രങ്ങളായി മാററാവുന്നതാണ്.

7. പ്രാഥമികാരോഗ്യ കേന്ദ്രത്തെ സുസജ്ജമാക്കുക.

8. ഭക്ഷ്യവസ്തുക്കളുടെ ഭക്ഷ്യയോഗ്യത, മായം ചേർക്കൽ തുടങ്ങിയവ പഠിക്കുന്നതിനും, പരിശോധിക്കുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ജാഗ്രതാ കേന്ദ്രം ഉണ്ടാകണം.

9. പഞ്ചായത്തിൻെറ സമഗ്ര ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ പ്രവർത്തകർ, സന്നദ്ധസംഘടനകൾ, ഉപഭോക്തൃ സംഘടനകൾ, വിദഗ്ദ്ധർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശീലനം നേടിയ ഒരു കർമ്മസേന രൂപീകരിക്കാവുന്നതാണ്.

10. ആയുർവേദ ആശുപത്രി വികസിപ്പിക്കുക.

11. ചെലവുകുറഞ്ഞ ആരോഗ്യപരിപാലനത്തിനായി ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം.

12. രോഗങ്ങളുടെ തീവ്രത ഇനം തിരിച്ച് അവയ്ക്ക് ഏററവും യോജിച്ച വൈദ്യശാസ്ത്രരീതി ഉപയോഗിച്ച് ചികിത്സിക്കാനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

13. അവശ്യ മരുന്നുകളുടെയും, നിരോധിച്ച മരുന്നുകളുടെയും പട്ടിക മെഡിക്കൽ ഷോപ്പുകളിലും, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുക.

## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | സ്ററാഫിന്റെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | മണലൂർ ഗ്രാമ പഞ്ചായത്ത് P. H. സെൻറർ മണലൂർ | Mini P. H. C. | സ്വന്തം | 24 | 1971 | നാല് Sub-Centre കൾക്ക് സ്വന്തമായി കെട്ടിടമില്ല. ജലസേചന സൗകര്യം കുറവാണ്. വനിത ഡോക്ടർ ഇല്ല. |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993-94 | - | 25 | 17 | രണ്ടു H I V മരണങ്ങൾ നടന്നിട്ടു ണ്ടെങ്കിലും ഔദ്യോഗിക റിപ്പോർട്ട് ലഭ്യമല്ല |
| 1994-95 | - | 9 | 13 | |
| 1995-96 | 295 | 49 | 15 | |

## ഡോക്ടർമാർ, ആശുപത്രികൾ, ക്ലിനിക്കുകൾ

| വാർഡ് | അലോപ്പതി | ആയുർവേദം | ഹോമിയോ | ആശുപത്രി | ക്ലിനിക്ക് |
|---|---|---|---|---|---|
| 1 | 2 | - | 1 | ദന്താശുപത്രി | |
| 2 | 1 | - | 1 | - | |
| 3 | 3 | - | 1 | - | |
| 4 | 2 | 2 | - | മേഴ്സി ഹോസ്പിററൽ | |
| 5 | - | 1 | - | | |
| 6 | - | - | - | - | |
| 7 | 6 | 1 | - | സഹകരണാശുപത്രി | 2 |
| 8 | - | 1 | - | - | |
| 9 | 4 | 2 | - | - | |
| 10 | 1 | - | - | - | |
| 11 | 1 | 1 | 1 | 2 | |
| 12 | 1 | 1 | - | സർക്കാർ ആശുപത്രി | |

# വ്യവസായം

വ്യാവസായികമായി ഏറെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് മണലൂർ. ടൈനി സെക്ടറിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഒഴിച്ചാൽ സാരമായ വ്യവസായമൊന്നും മണലൂരിലില്ല. പഞ്ചാത്തിൽ 117 ചെറുകിട വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഭൂരിഭാഗം യൂണിററുകളും ഒമ്പതിൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്നതാണ്. എല്ലാ യൂണിററുകളിലുംകൂടി ആകെ 1013 തൊഴിലാളികൾ ജോലി ചെയ്യുന്നു. വ്യവസായ യൂണിററുകളെ കുറിച്ചുള്ള വിശദ വിവരങ്ങൾ പട്ടികയായി ചേർക്കുന്നു. പട്ടികയിൽനിന്നും കൂടുതൽ ചെറുകിട വ്യവസായ യൂണിററുകൾ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണെന്ന് കാണാൻ കഴിയും.

പരമ്പരാഗത വ്യവസായങ്ങളായ ബീഡി തെറുപ്പ്, കളിമൺ പാത്ര നിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം, കൈത്തറി, കയർ എന്നിവ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

## I പരമ്പരാഗത വ്യവസായങ്ങൾ

### 1. കയർ മേഖല

മണലൂർ ഗ്രാമപഞ്ചായത്തിൻെറ പടിഞ്ഞാറ് വടക്ക് അതിർത്തിയായ കാനോലി കനാലിൻെറ തീരപ്രദേശങ്ങൾ ഒരു കാലഘട്ടത്തിൽ ചകിരി മൂടലും, ചകിരി തല്ലി നാര് ഉണ്ടാക്കുകയും, ചൂടിക്കയർ പിരിക്കലും ചെയ്തുകൊണ്ടിരുന്ന പ്രദേശമായിരുന്നു.

ഈ മേഖലയിൽ 8 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ഒട്ടനവധി സ്വകാര്യ സംരംഭകരും ഉണ്ടായിരുന്നു. പ്രധാനമായും ആലപ്പുഴ, സേലം മേഖലകളിലേക്ക് കയറും ചകിരി നാരും കയററി പോയിരുന്നു. എന്നാൽ ഇന്ന് 8 സഹകരണ സംഘങ്ങളും ലികിഡേഷനിലാണ്. കുടിൽ വ്യവസായമായി ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രം നിലനില്ക്കുന്നുള്ളു. സ്വകാര്യ മേഖലകളിൽ ഒരു യൂണിററ് മാമ്പിള്ളിയിൽ പ്രവർത്തിക്കുന്നു. ഇവിടെ റാട്ടുകൾ ഉപയോഗിച്ച് കയർ നിർമ്മാണം നടത്തുന്നു. ഈ മേഖലയിൽ ഇന്ന് ഒരു സംഘമാണ് പ്രവർത്തിക്കുന്നത്. മണലൂർ കയർ വ്യവസായ സഹകരണ സംഘം Ltd No. R. 592.

ഇതിൽ 328 അംഗങ്ങളുണ്ട്. എന്നാൽ 40 അംഗങ്ങൾ ചീഞ്ഞ തൊണ്ട് തല്ലുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. 100 തൊണ്ടിന് 22 രൂപ നിരക്കിലാണ് ഇവിടെ കൂലി.

### 2. കളിമൺ വ്യവസായം

മണലൂർ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പ്രത്യേകിച്ച് കുലാല സമുദായക്കാർ ധാരാളം തൊഴിൽ ചെയ്തിരുന്ന മേഖലയായിരുന്നു ഇത്. കൊല്ലങ്ങൾക്കു മുമ്പ് കെട്ടുവള്ളങ്ങളിൽ മൺപാത്രങ്ങൾ കോഴിക്കോട്, തിരൂർ പ്രദേശങ്ങളിലേക്ക് കയററിപ്പോയിരുന്നു. ഏതാണ്ട് പൂർണ്ണമായും ഈ വ്യവസായം തകർന്നിരിക്കുന്നു. ഇന്ന് അഞ്ച്, ആറ്, കുടുംബങ്ങൾ മാത്രമേ ഈ പ്രവർത്തിയിൽ ഏർപ്പെടുന്നുള്ളു. .

ഈ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് കൊണ്ട് കാരമുക്ക് കേന്ദ്രീകരിച്ച് ഒരു മൺപാത്രനിർമ്മാണ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ സംഘം ഇന്ന് ലികിഡേഷനിലാണ്. സർക്കാർ ലോൺ കുടിശ്ശിക ഏതാണ്ട് 25,000 രൂപ കടബാധ്യതയിൽ കിടക്കുകയാണ് ഈ സ്ഥാപനം. പ്രവർത്തനം നിലച്ചിരിക്കുന്നു. ഇതിൻെറ കടബാധ്യതയേക്കാൾ 25 ഇരട്ടി വിലയുള്ള ആസ്ഥി ഇതിനായുണ്ട്.

### 3. ബീഡി വ്യവസായം

പഞ്ചായത്തിലെ കാഞ്ഞാണി മണലൂർ പ്രദേശങ്ങളിൽ സ്വകാര്യ മേഖലയിൽ ബീഡി ഫാക്ടറികൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. ഇന്ന് കാരമുക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജനതാ ബീഡി ഫാക്ടറി മാത്രമേ നിലവിലുള്ളു. ഒരു ചാരിററബിൾ സംഘമായി രജിസ്ട്രർ ചെയ്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇന്ന് 16 തൊഴിലാളികൾ ജോലി ചെയ്യുന്നു. ദിവസത്തെ ശരാശരി വേതനം 30 രൂപയാകുന്നു. മററു ജോലിയിൽ ഏർപ്പെടാൻ ആരോഗ്യമില്ലാത്തതുകൊണ്ടാണ് ഭൂരിഭാഗം പേരും ഇന്ന് ആ തൊഴിലിൽ-തന്നെ ഏർപ്പെടുന്നത്. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ സ്ത്രീകൾ കാജാ ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. നിർമ്മാണത്തിലുള്ള വൈദഗ്ദ്ധ്യവും വേഗതയും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് അതുകൊണ്ട് അവർ കൂടുതൽ വേതനം നേടുന്നു.

#### 4. കൈത്തറി മേഖല

കാലങ്ങളായി വീടുകളിൽ തറിയിട്ട് ഈരെഴ നെയ്യുന്ന പതിവ് പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഉണ്ടായിരുന്നു. ഇന്ന് മണലൂരിൽ ഒരു വീട്ടിൽ മാത്രമാണ് ഈ പ്രവൃത്തി നടക്കുന്നത്. ശരാശരി വേതനം മററു മേഖലകളേക്കാൾ കുറവാണ്.

#### 5. ഓട്ടുപാത്ര നിർമ്മാണം, സ്വർണ്ണപ്പണി, ലോഹപ്പണി, നീററ് കക്ക, കക്ക വ്യവസായം

കാലങ്ങളായി ഈ മേഖലകളിൽ ചില പ്രത്യേക സമുദായക്കാർ പരമ്പരാഗതമായി ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ന് അപൂർവ്വം ചിലർ വീടുകളെ കേന്ദ്രീകരിച്ച് കുടിൽ വ്യവസായമായി ഇവ നിലനിൽക്കുന്നു. പഞ്ചായത്തിൽ നാല് നീററ് കക്ക യൂണിററുകളുണ്ട്. ഇത് പ്രധാനമായും കാർഷികാവശ്യങ്ങളെ ആശ്രയിച്ചാണ് നില്ക്കുന്നത്. അടുത്തകാലത്തായി വികസനം നേടുന്ന ഒരു മേഖലയാണ് സ്വർണ്ണപ്പണി. വീടുകളിൽ ചെറിയ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് ഇത്തരം സംരംഭങ്ങൾ പൊന്തി വരുന്നുണ്ട്. ഓട്ടു പാത്രനിർമ്മാണം ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്.

## II ആധുനിക വ്യവസായങ്ങൾ

കാർഷിക വിളകളെ അടിസ്ഥാനമാക്കി ഈ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസായ യൂണിററുകളാണ് പ്രധാനമായും ആധുനിക വ്യവസായമേഖലയിൽ ഉയർന്നു വന്നിട്ടുള്ളതും നിലനിൽക്കുന്നതും. നാളികേരം, നെല്ല് തുടങ്ങിയവയാണ് ഇവിടത്തെ വിഭവങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി മൂപ്പത് ഫ്ളവർ-റൈസ് മില്ലുകളും, ഇരുപത്തെട്ട് പൗണ്ടിങ്ങ്-റൈസ് മില്ലുകളും, പത്ത് ഓയിൽ മില്ലുകളും പ്രവർത്തിക്കുന്നു. എല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഈ മേഖല പൊതുവെ സ്ത്രീകളുടെ മുൻകൈയിലാണ് പ്രവർത്തിച്ചു കാണുന്നത്.

#### 1. പവർ ലൂം വ്യവസായ മേഖല

100 അംഗങ്ങളെ ചേർത്തിട്ടുള്ള സഹകരണ സംഘമാണ് പഞ്ചായത്തിലെ ജയ്ഹിന്ദ് പവർലൂം സഹകരണ സംഘം. 48 യന്ത്ര തറികൾ ഘടിപ്പിച്ചിട്ടുള്ള ഇവിടെ 12 തറികളാണ് പ്രവർത്തിക്കുന്നത്. 1979 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ഇന്ന് തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ഏറെ വികസന സാധ്യതകളുള്ള ഈ സ്ഥാപനത്തിൻെറ മാനേജ്മെൻറ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

#### 2. പ്ലാസ്ററിക് വ്യവസായം

ഈ പഞ്ചായത്തിൽ 7 പ്ലാസ്ററിക് വ്യവസായ യൂണിററുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. എല്ലാം തന്നെ സ്വകാര്യ മേഖലകളിൽ തന്നെയാണ് അടുത്ത കാലത്തായി പഞ്ചായത്തിൽ വികസിച്ചുവരുന്ന ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് ഭൂരിപക്ഷം വരുന്നത്. ഇവ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാവുന്നുണ്ട്. ഈ മേഖലയിൽ ധാരാളം വികസന സാധ്യതകൾ കാണുന്നു.

#### 3. ഇലക്ട്രിക് & ഇലക്ട്രാണിക് യൂണിററുകൾ

വാഷിംഗ് മെഷീൻ, വെററ് ഗ്രൈൻറർ മെഷീൻ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന മൂന്ന് യൂണിററുകൾ ഉണ്ട്. കൂടാതെ ഇലക്ട്രിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന രണ്ട് യൂണിററുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഏറെ വിപണന സാധ്യതകളുള്ള ഈ മേഖലകളിലേക്ക് പുതിയ സംരംഭകർ വരുന്നുണ്ട്.

#### 4. മററ് ആധുനിക വ്യവസായ സ്ഥാപനങ്ങൾ

കാഞ്ഞാണി കേന്ദ്രീകരിച്ച് ഒരു പാക്കിങ്ങ് വ്യവസായ യൂണിററും, കണ്ടശ്ശാംകടവ്, മണലൂർ എന്നിവിടങ്ങളിൽ മരക്കമ്പനികളും, എഞ്ചിനീയറിങ്ങ് മേഖലയിൽ ഗ്രിൽ, ഗേററ്, തുടങ്ങിയവ നിർമ്മിക്കുന്ന അഞ്ച് യൂണിററുകളും, ലെയ്ത്ത് വർക്ക്ഷോപ്പുകൾ രണ്ടെണ്ണവും പഞ്ചായത്തിലുണ്ട്. കാലങ്ങളായി അച്ചടി വ്യവസായം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഒമ്പത് പ്രസ്സുകളാണ് പ്രവർത്തിച്ച് വരുന്നത്. പഞ്ചായത്തിൽ വൻകിട പൊതുമേഖല വ്യവസായങ്ങൾ ഒന്നുംതന്നെയില്ല.

## പ്രശ്നങ്ങൾ

1. പുതിയ വ്യവസായ സംരംഭകർക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നു.

2. വൈദ്യുതിയുടെ ലഭ്യത കുറവും, വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസവും, വൈദ്യുതി വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്നു.

3. പരമ്പരാഗത വ്യവസായങ്ങൾ തകരുന്നു. കയർ, കൈത്തറി, കളിമൺ വ്യവസായങ്ങൾ എന്നിവ കാലാനുസൃതമായി നവീകരിക്കപ്പെട്ടിട്ടില്ല. ഈ മേഖലയിൽ പ്രവർത്തിച്ചു വന്ന സഹകരണ സംഘങ്ങൾക്ക് ശരിയായ ദിശാ ബോധം ഉണ്ടായിരുന്നില്ല. നമ്മൾ ഉല്പാദിപ്പിക്കുന്ന ചകിരി - 'സ്വർണ്ണ നാരുകൾ' എന്നാണ് അറിയപ്പെടുന്നത്. ഇന്നും ഇവ അസംസ്കൃത രൂപത്തിലാണ് വിററഴിക്കപ്പെടുന്നത്. ഇവയെ ഉപയോഗിച്ച് value addition ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ ആധുനിക സങ്കേതങ്ങൾ ഒന്നും തന്നെ നാം ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത്തരം വസ്തുക്കളുടെ ദേശീയവും, അന്തർദേശീയവുമായ വിപണി ആലപ്പുഴയിലെ വ്യവസായികൾ ഉപയോഗപ്പെടുത്തുമ്പോൾ നാം ഇപ്പോഴും ആലപ്പുഴയ്ക്ക് അസംസ്കൃത കയറും നാരുകളും അയച്ചു കൊണ്ടിരിക്കുന്നു.

4. ആധുനിക മില്ലുകളും തറികളും ഉപയോഗിച്ച് ഉല്പാദന ചിലവ് കുറച്ച് വിപണിയിൽ ഉല്പന്നങ്ങൾ ലഭ്യമായപ്പോൾ അതിനനുസൃതമായി കൈത്തറി വ്യവസായ യൂണിററുകൾക്ക് നിലനില്ക്കാൻ കഴിയുന്നില്ല.

5. വ്യവസായ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനും കണ്ടെത്തുന്നതിനും സംവിധാനമില്ല. നമ്മുടെ പരമ്പരാഗതമേഖലയിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന സംരംഭകരും പരമ്പരാഗത അറിവുകളുടെ അടിസ്ഥാനത്തിലായിരുന്നു. ഇതുവിട്ട് ഈ മേഖലയിൽ നിന്നും പുതിയ സംരംഭകർ ആരും ഉണ്ടായില്ല.

6. പരമ്പരാഗത വ്യവസായ മേഖലയുടെ ആധുനിക വൽക്കരണത്തിനാവശ്യമായ സാങ്കേതിക വിവരങ്ങളുടേയും പുതിയ വിപണന വിവരങ്ങളുടേയും ലഭ്യത കുറവ്.

7. വ്യവസായ സംരംഭകർക്ക് വേണ്ടത്ര സാമ്പത്തിക സഹായം ശരിയായ സമയത്ത് ലഭ്യമാകുന്നില്ല. വേണ്ടത്ര പ്രവർത്തന മൂലധനം ഇവർക്ക് സംഘടിപ്പിക്കാനാവുന്നില്ല.

8. ബാങ്കുകൾ വ്യവസായ സംരംഭകരോട് നിഷേധാത്മക സമീപനം കൈകൊള്ളുന്നു.

9. വിവിധ സേവന മേഖലകളുടെ യോജിച്ച പ്രവർത്തനമില്ലായ്മ. വില്ലേജ്, രജിസ്ട്രാർ ഓഫീസ്, പഞ്ചായത്ത്, ഇലക്ട്രിസിററി ഓഫീസ് എന്നിവയുടെ യോജിച്ച പ്രവർത്തനം ഇല്ലാത്തത് മൂലം പുതിയ സംരംഭകർക്ക് ഒരുപാട് കാലതാമസവും മററും നേരിടുന്നു.

10. നമ്മുടെ പഞ്ചായത്തിൽ പൊതുവെ ഒരു വ്യവസായ അനുകൂല കാലാവസ്ഥ നിലനില്ക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ അധികമുള്ള വ്യവസായ യൂണിററുകൾ റൈസ് മില്ലും, പൗണ്ടിങ്ങ് മില്ലും തുടങ്ങിയവയാണ്. ഇവയുടെ കപ്പാസിററി മുഴുവൻ ഉപയോഗിക്കപ്പെടുന്നില്ല. ഇവയുടെ spare capacity ഉപയോഗപ്പെടുത്തി grocery products നിർമ്മിയ്ക്കാനാവും. ഇതിനായി പഞ്ചായത്തിൽ കേന്ദ്രീകൃതമായ ഒരു മാർക്കററിങ്ങ് ഏജൻസി രൂപപ്പെടുത്തണം. ഇതു മുഖേന ഒട്ടനവധി സ്ത്രീ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ കണ്ടെത്തുവാനും കഴിയും.

2. പഞ്ചായത്തിലെ മുഖ്യ വിഭവമായ കൊപ്രയെ ആശ്രയിച്ച് പത്ത് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. കേന്ദ്രീകൃതമായ വിപണനത്തിന് വേണ്ടിയുള്ള neteork പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഇത് മുഖേന വെളിച്ചണ്ണയ്ക്ക് ആധുനിക ലോകം ആവശ്യപ്പെടുന്ന രീതിയിൽ വിപണി കണ്ടെത്താനാവും. പുതിയ വിപണി കണ്ടെത്തുന്നതോടെ ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി ആധുനിക അനുബന്ധ വ്യവസായ സംരംഭങ്ങൾ തുടങ്ങാനും കഴിയും.

3. നാളികേരം ഉപയോഗിച്ച് നിരവധി പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം നമുക്കുണ്ട്. കേരഫെഡുമായി സഹകരിച്ച് ഈ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

4. പഞ്ചായത്തിലെ പ്രമുഖ വ്യാപാര കേന്ദ്രമായ കണ്ടശ്ശാംകടവ് കൊപ്രയുടെ വിപണനത്തിനുള്ള ഒരു പ്രധാന കേന്ദ്രവുമാകുന്നു. കൊപ്രയെ അടിസ്ഥാനമാക്കി വലിയതേതിലുള്ള ഓയിൽ മിൽ ആരംഭിക്കേണ്ടതാണ്. ഇതിനായുള്ള മൂലധനം നമ്മുടെ സഹകരണസംഘങ്ങൾ മുഖേന സ്വരൂപിക്കാവുന്നതാണ്. ആധുനിക സൗകര്യങ്ങളോടെ ആരംഭിക്കുന്ന വെളിച്ചെണ്ണ മില്ലുകളു

ടെ ഉല്പന്നങ്ങൾ വിററഴിക്കാൻ അഖിലേന്ത്യ - അന്താരാഷ്ട്ര നിലവാരത്തിൽ ഒരുപാടു സാധ്യതകളുണ്ട്. കൂടാതെ ഇവക്ക് അനുബന്ധമായി ഒട്ടനവധി കുടിൽ വ്യവസായ യൂണിററുകൾ ആരംഭിക്കാനാവും.

5. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഉല്പാദിപ്പിക്കുന്ന ചകിരി നാര് ഗുണത്തിൻെറ കാര്യത്തിൽ മററു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്നതിനേക്കാൾ മുന്തിയ ഇനമാണ്. കാലങ്ങളായി അസംസ്കൃത പദാർത്ഥം എന്നനിലയിലാണ് നാം ഇവയെ വിപണനം ചെയ്തിരുന്നത്. എന്നാൽ ഇവയെ സംസ്കരിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കിയും മററും വിപണിയിൽ കൊണ്ടുവരേണ്ടതാണ്. ഇവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ നല്ല ഡിമാൻറുണ്ട്. ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ സാധ്യതകൾ വളരെ വലുതാണ്.

6. പഞ്ചായത്തിൽ പച്ചതൊണ്ടിൽ നിന്നുള്ള ചകിരി ഉപയോഗിച്ച് coir - defibering unit കൾ. ആരംഭിക്കാവുന്നതാണ്. ഇതിനുള്ള യന്ത്രങ്ങൾ ലഭ്യമാണ്. ഇതു മുഖേന ഇന്ധനമായി ഉപയോഗിക്കുന്ന ചകിരിതൊണ്ട് വൻതോതിൽ ശേഖരിയ്ക്കുകയും, ഉപയോഗപ്പെടുത്തുകയുമാവാം.

7. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാനുള്ള സംവിധാനം ഇന്നില്ല. ശേഖരിക്കുന്ന നെല്ലിന് അടിസ്ഥാനമാക്കി വലിയ തോതിലുള്ള റൈസ്മിൽ സ്ഥാപിക്കാവുന്നതാണ്. സഹകരണ മേഖലയിൽ ആരംഭിക്കുകയാണ് വേണ്ടത് ഇങ്ങനെ ഉല്പാദിപ്പിക്കുന്ന നെല്ലരി ആധുനിക വിപണന സങ്കേതങ്ങൾ ഉപയോഗിച്ച് വില്പനക്ക് ഇറക്കണം.

8. നെല്ല് - കൊപ്ര അടിസ്ഥാനമാക്കി ഉയർന്നുവരുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഉപഭോല്പന്നങ്ങൾ ഉപയോഗിച്ച് ഒരു കാലിത്തീററ ഫാക്ടറി ആരംഭിക്കേണ്ടതാണ്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പ്രദേശിക വിപണി കണ്ടെത്താനാവും.

9. നമ്മുടെ നാട്ടിൽ ലഭ്യമായ പഴ വർഗ്ഗങ്ങൾ - മാങ്ങ, പപ്പക്കായ തുടങ്ങിയവ ശേഖരിച്ച് ഫുഡ് പ്രോസസ്സിങ്ങ് യൂണിററുകൾ ആധുനിക രീതിയിൽ സംവിധാനം ചെയ്യാനാവും. ഈ പഞ്ചായത്ത് മാനവ വിഭവശേഷിയുള്ള പ്രദേശമാകുന്നു. പ്രത്യേകിച്ച് വിദ്യാസമ്പന്നരായ സ്ത്രീകൾ വളരെ കുറഞ്ഞ ശമ്പളത്തിന് ചെറുകിട ജോലികളിൽ ഏർപ്പെടുന്നത് ഇവരുടെ സേവനവും ശേഷിയും ഉപയോഗപ്പെടുത്തി ഇലക്ട്രോണിക് അടിസ്ഥാനമാക്കിയുള്ള വ്യസായ സംരംഭങ്ങൾ വലിയ നിലയിൽ തന്നെ തുടങ്ങാവുന്നതാണ്. ഇവർക്ക് ആവശ്യമായ technical know how വളർത്തുന്നതിന് സംവിധാനം ഉണ്ടാക്കണം. ഇതുമൂലം വലിയ ഇലക്ട്രോണിക് വ്യവസായ സ്ഥാപനങ്ങളുടെ അനുബന്ധ വ്യവസായ യൂണിററുകളായി പ്രവർത്തിക്കാവുന്നതാണ്.

11. ഇലക്ട്രിക്, ഇലക്ട്രോണിക്സ്, എഞ്ചിനീയറിങ്ങ്, കെമിക്കൽ വ്യവസായങ്ങളുടെ വളർച്ചയ്ക്കായി ടെക്നിക്കൽ ലേബുകൾ സ്ഥാപിക്കേണ്ടതാണ്.

12. പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ പത്ത് ഏക്കർ സ്ഥലം ഏറെറടുത്ത് വ്യവസായം തുടങ്ങുന്നതിനു വേണ്ടി ഒരു വ്യവസായ എസ്റേററ് സ്ഥാപിക്കുക. ഇതിൽ സ്വകാര്യ മേഖലയ്ക്കും സഹകരണ മേഖലയ്ക്കും തുല്യ പ്രധാന്യം നല്കിക്കൊണ്ട് പ്ലോട്ട് തിരിച്ച് ഹയർ പർച്ചേഴ്സ് ആയോ അല്ലെങ്കിൽ വില നിശ്ചയിച്ചോ വ്യവസായ സംരംഭകർക്കായി വിതരണം ചെയ്യുക.

13. പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ട് വനിതകളുടെ ഒരു വ്യവസായ വിവിധോദ്ദേശ സഹകരണ സംഘം രൂപപ്പെടുത്തുക.

14. പുതിയ വ്യവസായ സംരംഭകരെ കണ്ടെത്താനും നിലവിലുള്ള വ്യവസായങ്ങൾക്ക് സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കാനും ചെറുകിട വ്യവസായ മാനേജ്മെൻറ് മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഒരു ഫോറം വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി കൊണ്ട് പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്.

15. വരും കാലങ്ങളിൽ ഉല്പന്നങ്ങളുടെ സ്ഥായിയായ നിലനില്പിന് quality maintain ചെയ്യുക എന്നത് മുഖ്യ പ്രശ്നമാകുന്നു.

16. Total quality circle രൂപപ്പെടുത്തുന്നതിനായി quality management team പഞ്ചായത്തിലെ വ്യവസായങ്ങളുടെ മേൽനോട്ടത്തിനായി ഏർപ്പെടുത്തണം.

16. കാർഷിക യന്ത്രങ്ങളുടേയും പണിയായുധങ്ങളുടേയും റിപ്പയറിങ്ങ് സർവ്വീസിങ്ങിനുള്ള ഒരു കേന്ദ്രം കേന്ദ്രൾ മേഖലയുമായി ബന്ധപ്പെട്ട് ആരംഭിക്കേണ്ടതാണ്.

17. നമ്മുടെ പ്രദേശത്ത് ലഭ്യമാകുന്ന തെങ്ങിൻ കള്ള് ആധുനിക വ്യവസായ സങ്കേതങ്ങൾ ഉപയോഗിച്ച് കൂടുതൽ വിപണന സാധ്യതകൾ ഉണ്ടാക്കുക.

18. നമ്മുടെ പഞ്ചായത്തിൽ ഏഴ് ദേശസാൽകൃത ബാങ്കുകളും മൂന്ന് സഹകരണ ബാങ്കുകളും നിലനില്ക്കുന്നു.

ഇവ ശരാശരി വർഷത്തിൽ 2037.402 ലക്ഷം രൂപ ഡെപ്പോസിററായി ശേഖരിക്കുന്നു. ഇതിൽ 40.84 ശതമാനം പണം മാത്രമേ സഹകരണ ബാങ്കുകൾ വായ്പയായി കൊടുക്കുന്നുള്ളു. വാണിജ്യ ബാങ്കുകൾ 34.588 ശതമാനം വായ്പ കൊടുക്കുന്നുണ്ട്. ശേഷിക്കുന്ന ഡെപ്പോസിററുകൾ വായ്പയായി നമുക്ക് ഉപയോഗപ്പെടുത്താനാവും.

19. നമ്മുടെ പഞ്ചായത്തിൽ രണ്ട് സർക്കാർ സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. ഇന്ന് ഇവയിൽ വളരെ കുറച്ച് വിദ്യാർത്ഥികളെ പഠിക്കുനനുള്ളു. ഇവർക്കുള്ള സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ പൊതുവെ ടെക്നിക്കൽ വിദ്യാഭ്യാസ സാധ്യതയും അതുവഴി വ്യവസായ വികസനവും സാധ്യമാക്കുന്നതിന് ഒരു ടെക്നോളജിക്കൽ പാർക്ക് സ്ഥാപിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെൻറിൻെറ മാനവവിഭവശേഷി മന്ത്രാലയത്തിൻേറയും വലപ്പാട് കമ്മ്യൂണിററി പോളി ടെക്നിക്കിൻേറയും സാങ്കേതിക സഹായം ഇതിനായി സ്വീകരിക്കാവുന്നതാണ്.

## മണലൂർ പഞ്ചായത്ത് - വ്യവസായ യൂണിററുകളെ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിൻെറ തരം | രണ്ടിനും ഇടക്ക് | 10 - 15 | 15 നുമേൽ | മൊത്തം യൂണിററുകൾ | മൊത്തം യൂണിററുകൾ |
|---|---|---|---|---|---|
| തടി | 44 | - | - | 10 | 44 |
| തുണി | 40 | - | - | 12 | 40 |
| വെളിച്ചെണ്ണ | 65 | - | - | 10 | 65 |
| എൻജിനയറിങ്ങ് | 15 | - | - | 4 | 15 |
| മററുള്ളവ | 749 | - | 100 | 81 | 849 |
| മൊത്തം | 913 | - | 100 | 117 | 1013 |

## നിലവിലുള്ള വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| മേഖല | തൊഴിലാളികളുടെ | % |
|---|---|---|
| കയർ | 410 | 40.47 |
| കൈത്തറി/യന്ത്രത്തറി | 130 | 12.83 |
| ബീഡി | 55 | 5.43 |
| സിമൻറ് പ്രോഡക്ട്സ് | 32 | 3.16 |
| ഓയിൽ മില്ലുകൾ (വെളിച്ചെണ്ണ 10) | 65 | 6.42 |
| സോമിൽ 3 | 24 | 4.34 |
| ഫർണിച്ചർ നിർമ്മാണം 7 | 20 | |
| ലൈം / സോപ്പ് / മെഴുകുതിരി 12 | 25 | 2.48 |
| റൈസ് & ഫ്ളോർമിത്സ് 58 | 65 | 6.42 |
| റെഡിമെയിഡ്സ് ഗാർമെൻറ്സ് 12 | 40 | 3.95 |
| ഓട്ടോമൊബൈയിൽ 4 | 15 | 1.48 |
| പ്രിൻറിങ്ങ് പ്രസ്സ് 4 | 12 | 1.18 |
| മററു വ്യവസായങ്ങൾ | 120 | 11.85 |
| | 1013 | |

# ഗതാഗതം

മണലൂരിലെ മുഖ്യ ഗതാഗത മാർഗ്ഗം റോഡുകളാണ്. റെയിൽ ഗതാഗതം ഈ പഞ്ചായത്തിൽ തീരെ ഇല്ല. ജലഗതാഗതവും പേരിനു മാത്രം. വളരെ വിപുലമായ ഒരു റോഡ് ഗതാഗത ശൃംഖല തന്നെയുണ്ട്. ഈപഞ്ചായത്തിൽ. N. H. റോഡുകൾ ഇല്ല.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 110 കി. മീ. ആണ്. ഇതിൽ 40 കി. മീററോളം ടാർ ചെയ്തവയാണ്. പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള റോഡിന്റെ ആകെനീളം 85 കി. മീ. വരും. ഇതിൽ 15 കി. മീററോളം ടാർ ചെയ്തതാണ്. 62 കി. മീററോളം ചരൽ റോഡും 3 കി. മീററോളം മെററൽ വിരിച്ച റോഡുകളും, 5 കി. മീ. മണൽ റോഡും ഇതിൽ ഉൾപ്പെടുന്നു. സോളിങ്ങിനും, മെററലിങ്ങിനും മാത്രമായി കി. മീ. 1 ന് 4 ലക്ഷം രൂപ ഇന്നത്തെ മാർക്കററ് റേററ് അനുസരിച്ച് നിർമ്മാണ ചെലവു വരുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 25 കി. മീ. റോഡുകളിൽ ടാർ ചെയ്തിട്ടുണ്ട്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും, പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകളും

1. റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഭൂരിഭാഗവും ഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്നവയാണ്. വർഷാവർഷം അററകുററപ്പണികൾ ചെയ്യുന്നുണ്ടെങ്കിലും മാസങ്ങൾക്കകം വീണ്ടും പഴയസ്ഥിതിയിലാവുന്നു. ഒരു മഴ പെയ്യുമ്പോഴേക്കും റോഡുകൾ ചെവിയ ചെറിയ കുളങ്ങവും തോടുകളുമാവുന്നു.

പഞ്ചായത്തിലെ റോഡുകൾക്കെല്ലാം വളരെ ഹ്രസ്വമായ ചരിത്രമേയുള്ളൂ. ഏറിയാൽ നൂറുകൊല്ലം. അതിനുമുമ്പ് അവ നാട്ടുവഴികളോ, വാണിജ്യ നടപ്പാതകളോ, തോടുകളോ, നെൽപ്പാടത്തുകൂടെ പോകുന്ന വലിയ വരമ്പുകളോ ആയിരുന്നു. ഏറെക്കുറെ ഇവയെല്ലാം ജലനിർഗ്ഗമന മാർഗ്ഗങ്ങളും ആയിരുന്നു. ഇവയിൽ സ്വാഭാവിക തോടുകളും കൃത്രിമ തോടുകളുമുണ്ട്. ജലനിർഗ്ഗമന മാർഗ്ഗത്തെ പരിഗണിക്കാതെ തോടുകളെല്ലാം റോഡുകളാക്കി മാററപ്പെടുന്ന ചരിത്രമാണ് കഴിഞ്ഞ അരനൂററാണ്ട് കാലത്ത് നമ്മുടെ ഗ്രാമത്തിൽ കാണുന്നത്. റോഡുകൾ നിർമിക്കപ്പെട്ടത് രാഷ്ട്രീയ ബലാബലത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു. ഈ പങ്കുവെക്കൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കി. മുൻപ് സൂചിപ്പിച്ച ഈ തോടുകളോട് (റോഡുകളോട്) ചേർന്ന് നിലനിന്നിരുന്ന ജല സംഭരണ ശേഷിയുള്ള വൻ. കുളങ്ങളും തോടുകളും സ്വകാര്യാവശ്യങ്ങൾക്കായി തൂർക്കപ്പെട്ടു. ഇത് നമ്മുടെ റോഡുകളിൽ വെള്ളക്കെട്ടുകൾ ഉണ്ടാക്കി, റോഡ് നാശത്തിനിടയാക്കുന്നു. ഈ പ്രശ്നത്തിന് ഫലപ്രദമായ നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നു. നിലവിലുള്ള റോഡുകുളുടെ വശങ്ങളിൽ കാനകൾ കെട്ടി വെള്ളക്കെട്ട് ഒഴിവാക്കിയാൽ റോഡിന്റെ അററകുററപ്പണികൾക്കായി വർഷാവർഷം ചെലവാക്കുന്ന ഭീമമായ തുക കുറക്കാൻ കഴിയും. അതുപോലെ പുതിയ റോഡുകൾ പണിയുമ്പോൾ ജലനിർഗ്ഗമനം ശരിയായ വിധത്തിൽ നടക്കാവുന്ന കാനകളും രൂപകല്പന ചെയ്യണം. ഈ ജലം കൃഷിയാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന വിധത്തിൽ കരുതി വെയ്ക്കാവുന്ന water shed കളിലേക്ക് ശേഖരിക്കാവുന്നതാണ്. റോഡിന്റെ അററകുററപ്പണികൾക്കും, പുതിയ റോഡുകൾ ഉണ്ടാക്കുമ്പോഴും പ്രാദേശിക ഗുണഭോക്താക്കളുടെ സന്നദ്ധസേവനത്തോടെ ചെയ്യാവുന്നതാണ്. ഫലപ്രദമായ റോഡ് മാനേജ്മെൻറ് സംവിധാനത്തിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു റോഡ് നിർമ്മാണ വിദഗ്ദ സമിതി ഉണ്ടാക്കണം. ഇതിൽ പെൻഷൻ പററിയ എഞ്ചിനീയർമാർ, പാരിസ്ഥിതിക വിദഗ്ദർ, റോഡുമായി ബന്ധപ്പെടുത്തി സൗജന്യ സേവനം തേടാവുന്ന ഉദ്യോഗസ്ഥ അനുദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കാളികളാക്കിക്കൊണ്ടായിരിക്കണം ഈ സമിതി; പുതിയ റോഡുകൾ നിർമ്മിക്കപ്പെടേണ്ടിവരുമ്പോൾ വിദഗ്ദ സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാത്രം അംഗീകാരം കൊടുത്താൽ മതി. ഇത് പാരിസ്ഥിതിക പ്രശ്നങ്ങളും, അനാവശ്യചെലവുകളും, അനാവശ്യ റോഡ് നിർമ്മാണവും ഒഴിവാക്കാൻ സഹായിക്കും. അതുപോലെ പ്രാദേശിക ഗുണഭോക്തൃ സമിതികൾ ഉണ്ടാക്കി പ്രാദേശിക റോഡ് സംരക്ഷണം ഗുണഭോക്താക്കളുടെ കടമയാക്കി മാററാം. ഇടനിലക്കാരെ ഒഴിവാക്കാനും പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉൽപാദന പ്രക്രിയയിലേക്ക് തിരിച്ചുവിടാനും സാധിക്കും.

### റോഡുകളുടെ വീതികുറവ്

ഗ്രാമസഭയിൽ ഉയർന്നുവന്ന മറ്റൊരു മുഖ്യ പ്രശ്നമാണിത്. കാലാകാലങ്ങളിൽ റോഡ് അളന്ന് തിട്ടപ്പെടുത്തി റോഡ് കയ്യേററം ഒഴിവാക്കണം. റോഡരുകുകളിൽ ക്ലബുകൾ, ഷെഡുകൾ ഇവ കെട്ടുന്നത് ഒഴിവാക്കണം. റോഡിനരികത്ത് വീട്, മതിൽ, കെട്ടിടങ്ങൾ ഇവ പണിയുമ്പോൾ പഞ്ചായത്തിൻെറ മുൻകൂർ അനുമതി വാങ്ങണം എന്ന മാനദണ്ഡം കൊണ്ടു വരണം.

### പാടങ്ങളിലെ റോഡ് നിർമ്മാണം

നെൽപാടങ്ങളിലൂടെ റോഡുൾ വെട്ടി പറക്കണക്കിൽ നിന്ന് സെൻറുകണക്കിലേക്ക് ഭൂമിയുടെ മൂല്യം കൃത്രിമമായി വർദ്ധിപ്പിക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. റോഡു നിർമ്മണത്തിലേക്ക് പഞ്ചായത്ത് ഫണ്ട് തിരിച്ചുവിട്ട് സ്വകാര്യ വ്യക്തികൾ തങ്ങളുടെ ഭൂമിയുടെ മൂല്യവർദ്ധനവുണ്ടാക്കി ഭൂമിയെ കച്ചവട വസ്തുവാക്കി മാറുന്നു. ഈ പ്രവണത കൃഷിയേയും അനുബന്ധ വ്യവസായങ്ങളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. താമസിയാതെ ഇത് ജൈവശൃംഖലയേയും, പാരിസ്ഥിതിക സംതുലിതാവസ്ഥയേയും ബാധിക്കും.. പാടങ്ങൾ തൂർക്കുന്ന സംവിധാനം നിർബന്ധമായും തടയേണ്ടതാണ്. അഥവാ അവശ്യ ഘട്ടങ്ങളിൽ വിദഗ്ദ സമിതി - ഗ്രാമസഭ - ബഹുജന ചർച്ചകൾക്കുശേഷം സ്വീകാര്യമായ നടപടികൾ എടുക്കാവുന്നതാണ്.

### ഗതാഗതകുരുക്ക്

പഞ്ചായത്തിൻെറ പ്രധാന വ്യാപാര കേന്ദ്രങ്ങളായ കാഞ്ഞാണി, കണ്ടശ്ശാംകടവ് എന്നിവടങ്ങളിൽ ഗതാഗതകുരുക്ക് നിലനിൽക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ സമാന്തര റോഡ് / റിങ്ങ് റോഡ് ഏർപ്പെടുത്താവുന്നതാണ്.

### ബസ് ഗതാഗതം

(1) വിളക്കും കാൽ - പാലാഴി റോഡ് (2) കണ്ടശ്ശാം കടവ് - പുലത്തറകടവ് റോഡ് (3) മണലൂർ പടിഞ്ഞാറെ വഴി ഇവിടങ്ങളിലേക്ക് ആവശ്യമായ ബസ്സ് സർവ്വീസ് ഇല്ലാത്തത് ആ പ്രദേശത്തെ ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഇതിനുള്ള പരിഹാരം കാണേണ്ടതാണ്. സ്വയം തൊഴിൽ സംരംഭകരായ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് ഒരു മിനി ബസ് ഷട്ടിൽ സർവ്വീസ് ഈ പ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് നടത്താവുന്നതാണ്.

### ജലഗതാഗതം

ജലഗതാഗതത്തിൻെറ പ്രാധാന്യം മൂലം ആദ്യ കാലങ്ങളിൽ സ്ഥിരം വാണിജ്യ കേന്ദ്രമായി ഉയർന്ന കണ്ടശ്ശാംകടവിൽ ഇന്ന് ജലഗാതഗത സംവിധാനങ്ങൾ ഇല്ല. ഇവിടെ നിന്ന് പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ജലഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ആലപ്പുഴ, കൊച്ചി, പൊന്നാനി, മംഗലാപുരം തുടങ്ങിയ വൻതുറമുഖങ്ങളിലേക്ക് ജലമാർഗ്ഗം വ്യാപാരബന്ധം ഉണ്ടായിരുന്ന കണ്ടശ്ശാംകടവിന് ഇന്ന് ടൂറിസ്ററ് വികസനത്തിന് സാധ്യതകൾ ഏറെയുണ്ട്.

### പാലങ്ങൾ

പഞ്ചായത്തിലെ റോഡുകൾ തമ്മിലുള്ള ഗതാഗത ദൈർഘ്യം കുറക്കുവാൻ ആ പ്രദേശത്തെ മൊത്തം ജനങ്ങൾക്ക് പാലം വളരെ അത്യാവശ്യമാണെങ്കിൽ വിദഗ്ദ സമിതിയുടെ നിർദേശ പ്രകാരം പഞ്ചായത്ത് ഇത് ഏറെറടുക്കാവുന്നതാണ്.

### പൊതു നിർദ്ദേശങ്ങൾ

1. ആധുനിക റോഡ് നിർമ്മാണ രീതികൾ, കാലാവസ്ഥ, പ്രാദേശിക പരിഗണനകൾ ഇവ കണക്കിലെടുത്തുകൊണ്ട് ഉപയോഗിക്കാവുന്നതാണ്.
2. റോഡ് നിർമ്മാണ ചെലവുകൾ പൊതുപരിശോധനക്ക് വിധേയമാക്കണം.

## 1992 - 93 പഞ്ചായത്ത് റോഡുകളുടെ ലഭ്യമായ വിവരങ്ങൾ .

### ടാർ ചെയ്ത റോഡ്

| നമ്പർ | റോഡിൻെറ പേര് | നീളം | വാർഡ് |
|---|---|---|---|
| 1 | കോരൻസ് റോഡ് | 1.600 | 11 |
| 2 | തച്ചംകുളം റോഡ് | 1.600 | 1 |
| 3 | കാഞ്ഞാണി - പള്ളി റോഡ് | 1.000 | 2 |
| 4 | തീരദേശ റോഡ് | 1.600 | 8 |
| 5 | ചിറക്കാപ്പ് റോഡ് | 1.000 | 12 |
| 6 | അമ്പലക്കാട് റോഡ് | 2.000 | 2 |
| 7 | സൊസൈററി റോഡ് | 1.000 | 5 |
| 8 | ഹൈസ്കൂൾ - ബാങ്ക് റോഡ് | 0.900 | 5 |
| 9 | എം. എൽ. എ. റോഡ് | 0.800 | 5 |
| 10 | മണലൂർ ആസ്പത്രി-ഹൈസ്കൂൾ റോഡ് | 0.900 | 7 |
| 11 | ഫ്രാൻസീസ് റോഡ് | 0.080 | 11 |
| 12 | പാന്തോട് അന്തിക്കാട് കടവ് റോഡ് | 1.400 | 2 |

### മെററൽ / ചരൽ റോഡ്

| നമ്പർ | റോഡിൻെറ പേര് | നീളം | വാർഡ് |
|---|---|---|---|
| 1 | കണ്ടശ്ശാംകടവ് - കരിക്കൊടി റോഡ് | 1.500 | 11 |
| 2 | മണലൂർ ചർച്ച് റോഡ് | 0.800 | 5 |
| 3 | തോപ്പിൽ കൃപാലയം റോഡ് | 0.800 | 6 |
| 4 | കുററൂകാരൻസ് റോഡ് (പുത്തനങ്ങാടി) | 0.800 | 5 |
| 5 | മണലൂർ പോസ്ററാഫീസ്-ഹൈസ്കൂൾ റോഡ് | 0.400 | 5 |
| 6 | പുത്തൻ കുളം റോഡ് | 0.800 | 4 |
| 7 | മങ്കോർമന ഈസ്ററ് റോഡ് | 0.400 | 4 |
| 8 | മങ്കോർമന നോർത്ത് റോഡ് | 1.600 | 7 |
| 9 | ഗാന്ധി ശതാബ്ദി റോഡ് | 0.800 | 1 |
| 10 | പോഴത്ത് ലൈൻ | 0.800 | 12 |
| 11 | മണലൂർ പാലാഴി നോർത്ത് റോഡ് | 1.000 | 6 |
| 12 | മണലൂർ കോൺവെൻററ് റോഡ് | 0.800 | 6 |
| 13 | സിനിമാ തീയററർ റോഡ് | 1.200 | 10 |
| 14 | തുരുത്തിയത്ത് ലൈൻ | 0.400 | 11 |
| 15 | SNGSHS അമ്പലം കിഴക്കോട്ട് റോഡ് | 0.150 | 10, 12 |
| 16 | മണലൂര പോസ്ററാഫീസ് റോഡ് | 0.150 | 5 |
| 17 | പാന്തോട് അന്തിക്കാട് കടവ് റോഡിൽ നിന്ന് വടക്കോട്ടുള്ള വഴി | 0.230 | 2 |
| 18 | പണിക്കർ റോഡ് | 1.200 | 2 |

| | | | |
|---|---|---|---|
| 19 | ചുങ്കത്ത് റൈസ്മിൽ റോഡ് | 0.800 | 5 |
| 20 | അയ്യപ്പൻകാവ് റോഡ് | 0.800 | 3 |
| 21 | മണലൂർ ബങ്ക് - കോൾ റോഡ് | 0.800 | 3 |
| 22 | കല്ലേലി മന റോഡ് | 0.400 | 5 |
| 23 | പുത്തേഴത്ത് ഈസ്ററ് ലൈൻ | 0.575 | 4 |
| 24 | പുത്തേഴത്ത് വെസ്ററ് ലൈൻ | 0.400 | 4 |
| 25 | മഹാത്മ റോഡ് (പള്ളിക്കുന്നത്ത് ലൈൻ) | 0.400 | 12 |
| 26 | ഇന്ദിരാഗാന്ധി റോഡ് | 0.220 | 8 |
| 27 | മണലൂർ ബങ്ക് വടക്ക് കോളിലേക്ക് പോകുന്ന റോഡ് | 0.800 | 3 |
| 28 | കന്നുകാലികുളം റോഡ് | 0.150 | 7 |
| 29 | പത്യാല താന്നാപാടം റോഡ് | 1.000 | 11 |
| 30 | പാലാഴി റോഡിൽ ഫാമിലി സെൻററിൻെറ മുന്നിൽ നിന്ന് കിഴക്കോട്ടുള്ള റോഡ് | 0.200 | 8 |
| 31 | മണലൂർ പടിഞ്ഞാറ് ലക്ഷം വീട് കോളനി റോഡ് | 1.000 | 7 |
| 32 | മണലൂർ ശിവക്ഷേത്രം റോഡ് | 0.300 | 6 |
| 33 | കാഞ്ഞാണി ലിഫ്ററ് ഇറിഗേഷൻ റോഡ് | 0.200 | 2 |
| 34 | ഹനുമാൻ റോഡ് | 0.800 | 2 |
| 35 | വി. കെ. വിജയൻ റോഡ് | 0.400 | 1 |
| 36 | മാമ്പുള്ളി - പാലാഴി റോഡ് | 0.800 | 8 |
| 37 | ബൗണ്ടറി റോഡ് ഓഫ് വാർഡ് 8, 9 | 0.400 | 8, 9 |
| 38 | ടെലഫോൺ എക്സ്ചേഞ്ച് - മാങ്ങാട്ടുകര റോഡ് | 1.400 | 11 |
| 39 | മാമ്പുള്ളി - ശിവക്ഷേത്രം റോഡ് | 0.400 | 9 |
| 40 | SNGSHS മാമ്പുള്ളി റോഡ് | 0.800 | 10 |
| 41 | എടത്തറക്കടവ് റോഡ് | 1.000 | 9 |
| 42 | കരുവാൻ റോഡ് | 0.600 | 10 |
| 43 | സെൻറ് ആൻറണീസ് കപ്പേള റോഡ് | 0.130 | 10 |
| 44 | സിറാമിക്ക് റോഡ് | 0.800 | 10 |
| 45 | സെൻറ്തോമസ് ഓയിൽമിൽ റോഡ് | 0.800 | 10 |
| 46 | പുതൃക്കോവിൽ റോഡ് | 0.800 | 10 |
| 47 | കണ്ടശ്ശാംകടവ് കോൺവെൻറ് ഈസ്ററ് റോഡ് | 0.400 | 10 |
| 48 | ഫ്രാൻസീസ് റോഡിനും, ടെലിഫോൺ - എക്സ്ചേഞ്ച് റോഡിനും ഇടക്കുള്ള റോഡ് | 0.200 | 11 |
| 49 | മഹാത്മാ റോഡ് | 2.400 | 12 |
| 50 | എടത്തറ കരുവാൻസ് റോഡ് | 0.200 | 11 |
| 51 | ബാങ്ക്കോൾ റോഡിൽനിന്ന് വടക്കോട്ട് പോകുന്ന റോഡ് | 0.300 | 3 |
| 52 | കല്ലേലിമന വെസ്ററ് റോഡ് | 1.000 | 5 |
| 53 | ആനക്കാട് റോഡ് | 1.000 | 3 |
| 54 | ഏനാമാവ് PWD റോഡിൽ നിന്ന് - ഏരിയിലേക്കുള്ള റോഡ് | 0.220 | 7 |

| | | | |
|---|---|---|---|
| 55 | സെൻറ് സേവ്യർ കല്ലേലി കരിക്കൊടി - റോഡ് | 0.210 | 11 |
| 56 | കാഞ്ഞാണി ഈന്തക്കുന്ന് റോഡ് | 0.250 | 2 |
| 57 | ശ്മശാന റോഡ് | 0.740 | 3 |
| 58 | ശ്രീനാരായണ റോഡ് (മാമ്പുള്ളി പുലത്തറ - കടവ് റോഡ്) | 0.488 | 9 |
| 59 | കോരൻസ് റോഡിൽനിന്ന് കിഴക്കോട്ടുള്ള റോഡ് | 0.232 | 12 |
| 60 | കാരമുക്ക് ലക്ഷം വീട് കോളനി റോഡ് | 0.200 | 10 |
| 61 | മണലൂർ പോസ്ററാഫീസ് റോഡ് | 0.238 | 7 |
| 62 | കാരമുക്ക് ആയുർവേദ ഡിസ്പെൻസറി റോഡ് | 0.300 | 11 |
| 63 | ഈന്തകുന്ന് ആയുർവേദ ഡിസ്പെൻസറി റോഡ് | 0.063 | 2 |
| 64 | പള്ളിപറമ്പ് റോഡ് | 0.193 | 8 |
| 65 | തിണ്ടാററ് റോഡ് | 0.462 | 3 |
| 66 | തൊഴിലാളി റോഡ് | 0.187 | 3 |
| 67 | കാരമുക്ക് ശിവക്ഷേത്ര റോഡ് | 0.297 | 11 |
| 68 | നേതാജി റോഡ് | 0.300 | 7 |
| 69 | പത്യാല അമ്പല റോഡ് | 1.450 | 11 |
| 70 | ചുങ്കത്ത് പോസ്ററാഫീസ് റോഡ് | 0.325 | 5 |
| 71 | അന്നപൂർണ്ണിമ റോഡ് | 1.002 | 6 |
| 72 | പാലാഴി കോടമുക്ക് റോഡ് | 1.200 | 8 |
| 73 | കർഷക റോഡ് | 0.150 | 3 |
| 74 | ഗോതമ്പ് റോഡ് | 0.600 | 6 |
| 75 | മൂപ്പിൻ റോഡ് | 0.250 | 2 |
| 76 | ചാത്തൻ കുളം റോഡ് | 0.138 | 8 |
| 77 | പ്രിയദർശിനി റോഡ് | 0.300 | 1 |
| 78 | ഇന്ദിര പ്രിയദർശിനി റോഡ് | 0.300 | 1 |
| 79 | വയലോരം റോഡ് | 0.250 | 12 |
| 80 | പാർത്ഥസാരഥി റോഡ് | 0.300 | 1 |
| 81 | മണലൂർ പോസ്ററാഫീസ് റോഡ് | 0.438 | 5 |
| 82 | വെള്ളേം തടം റോഡ് | 0.600 | 3 |
| 83 | തുരുത്തിയത്ത് വെസ്ററ് ലൈൻ | 0.173 | 11 |
| 84 | കനാൽ വഴിയമ്പലം റോഡ് | 0.600 | 1 |
| 85 | മാമ്പുള്ളി ലക്ഷം വീട് കോളനി റോഡ് | 0.089 | 9 |
| 86 | കരുവാൻസ് റോഡിൽ നിന്ന് വടക്കോട്ടുള്ള റോഡ് | 0.150 | 10 |
| 87 | സുവർണ്ണ റോഡ് | 0.100 | 7 |
| 88 | പാറക്കുളം ലൈൻ | 0.800 | 7 |
| 89 | മണലൂർ കിഴക്ക് ലക്ഷംവീട് കോളനി റോഡ് | 0.250 | 3 |
| 90 | സർക്കാർ കുളം റോഡ് | 0.300 | 9 |
| 91 | പാലാഴി വാട്ടർ ടാങ്കിന് വടക്കോട്ടുള്ള റോഡ് | 0.300 | 8 |
| 92 | പാലാഴി കിഴക്ക് ചീപ്പ് റോഡ് | 0.240 | 8 |

| | | | |
|---|---|---|---|
| 93 | പാലാഴി കിഴക്ക് ചീപ്പ് റോഡ് കിസാൻ റോഡ് | 0.170 | 3 |
| 94 | ശ്രീശങ്കര റോഡ് | 0.187 | 2 |
| 95 | മണലൂർ ലിങ്ക് റോഡ് | 0.120 | 3 |
| 96 | മണലൂർ വെസ്റ്റ് ലക്ഷം വീട് | 0.640 | 12 |
| 97 | കാരമുക്ക് മണലൂർ റോഡ് | 0.670 | 12 |
| 98 | മണലൂർ പള്ളി റോഡ് | 0.580 | 3 |
| 99 | കാരമുക്ക് 4 സെൻറ് കോളനി റോഡ് | 0.075 | 12 |
| 100 | പാലാഴി 4 സെൻറ് കോളനി റോഡ് | 0.075 | 8 |
| 101 | വിദ്യാർത്ഥി റോഡ് | 0.750 | 2 |

## പഞ്ചായത്ത് റോഡുകൾ ടാറിട്ടവ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 3 | - | - | 3 | - | 1 | 1 | - | - | 2 | 1 | 12 |
| ദൈർഘ്യം കി. മീ. | 1.600 | 2.900 | | | 1.900 | - | 900 | 1.000 | - | - | 3.18 | .800 | 12.28 |

## പഞ്ചായത്ത് റോഡുകൾ - ടാറിടാത്തവ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 6 | 10 | 14 | 4 | 12 | 6 | 9 | 9 | 8 | 7 | 9 | 9 | 103 |
| ദൈർഘ്യം കി. മീ. | 3.520 | 5.330 | 7.019 | 2.175 | 7.083 | 4.5 | 4.69 | 3.36 | 2.37 | 4.13 | 5.43 | 5.61 | 55.47 |

## പഞ്ചായത്തിലൂടെ സർവ്വീസ്സ് നടത്തുന്ന വാഹനങ്ങൾ

| | | |
|---|---|---|
| 1. റൂട്ട് ബസ്സ് | - | 95 |
| 2. കെ. എസ്. ആർ. ടി. സി. | - | 7 |
| 3. ലക്ഷ്വറി കോച്ച് | - | 8 |
| 4. ടാക്സി കാർ | - | 51 |
| 5. ജീപ്പ് | - | 5 |
| 6. ടെമ്പോ ട്രക്കർ | - | 57 |
| 7. ഓട്ടോറിക്ഷാ | - | 173 |
| 8. ഗുഡ്സ് റിക്ഷ | - | 23 |
| 9. ട്രാക്ടർ | - | 2 |
| 10. ടില്ലർ | - | 5 |

# ഊർജ്ജം

താപരൂപത്തിലുള്ള ഊർജ്ജമാണ് ഇന്നും നമ്മൾ ഏറെ ഉപയോഗിക്കുന്നത്.

അതിന് പ്രധാനമായും നാം ആശ്രയിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, മരക്കരി, വൈദ്യുതി L P G തുടങ്ങിയവയാണ്.

ഈ പഞ്ചായത്തിൽ വ്യാപകമായും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ് വിറകാണ്.

ബഹുഭൂരിപക്ഷം വീടുകളിലും പാചകത്തിനായി തെങ്ങുല്പന്നങ്ങളായ ഓല, മടൽ, ചകിരി, ചിരട്ട, വേര്, തടി തുടങ്ങിയവ ഉപയോഗിക്കുന്നു.

കൂടാതെ മരം, ഉണക്കില ചപ്പുചവറുകൾ എന്നിവയും പ്രയോജനപ്പെടുത്തുന്നു.

പാചകത്തിനായി മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്.

മണ്ണെണ്ണയുടെ ലഭ്യത റേഷൻ കടകളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്.

സമൂഹത്തിലെ ഉയർന്ന ഒരു വിഭാഗം ആളുകൾ L P ഗ്യാസ് ഉപയോഗിക്കുന്നുണ്ട്.

പാചകത്തിനായി വൈദ്യുതി ഉപയോഗിക്കുന്നത് അപൂർവ്വമാണ്.

ചായക്കടകളിലും, ഹോട്ടലുകളിലും, ഇന്ധനത്തിനായി മരക്കരിയും, വിറകും, മണ്ണെണ്ണയും, ഉപയോഗിക്കുന്നുണ്ട്.

വെളിച്ചത്തിനായി പൊതുവെ ആശ്രയിക്കുന്നത് വൈദ്യുതിയാണ്, കറൻറ് കട്ടും, വൈദ്യുതി ക്ഷാമവും മൂലം പലവീടുകളിലും കടകളിലും ഗ്യാസ് ലൈററ്, എമർജൻസി ലൈററ്, മിനി ജനറേറ്റർ സെററ് തുടങ്ങിയ പ്രവർത്തിപ്പിക്കുന്നു.

വൈദ്യുതി എത്താത്ത, പഞ്ചായത്തിൻെറ വടക്കേ തുരുത്തുകളിലും, വളരെ പാവപ്പെട്ടവരുടെ വീടുകളിലും വെളിച്ചം നല്കുന്നത് മണ്ണെണ്ണ വിളക്കുകൾ തന്നെയാണ്.

ഗാർഹികമായ വൈദ്യുതി ഉപഭോഗം ലൈററ്, ഫാൻ ചെറിയ പമ്പ് സെററുകൾ തുടങ്ങിയവ പ്രവർത്തിപ്പിക്കുവാനാണ്.

ഈ പഞ്ചായത്തിലെ 65% വീടുകളും വൈദ്യുതീകരിച്ചവയാണ്.

പഞ്ചായത്തിലെ, വൈദ്യുതി ഉപയോഗിക്കുന്ന പ്രധാന വ്യവസായങ്ങൾ റൈസ് മില്ലുകൾ, ഫ്ളവർ മില്ലുകൾ, ഫർണിച്ചർ നിർമ്മാണ ഫാക്ടറികൾ, ഈർച്ച മില്ലുകൾ, ഓയിൽ മില്ലുകൾ, തുണിമില്ല്, പ്ലാസ്ററിക് കമ്പനികൾ തുടങ്ങിയവയാണ്.

പരമ്പരാഗത വ്യവസായങ്ങൾ വൈദ്യുതി ഉപയോഗിക്കുന്നില്ലെന്നു മാത്രമല്ല, അവ തിരോഭവിക്കാനും തുടങ്ങിയിരിക്കുന്നു.

ചില കൈ തൊഴിലുകാർ അവരുടെ (ഉപകരണങ്ങൾ ) പണിയായുധങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

ഉദാ. ആശാരി, മൂശാരി, തട്ടാൻ, കരുവാൻ

കാർഷികാവശ്യത്തിന് വൈദ്യുതി ഉപയോഗം ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

കന്നുകാലി - മനുഷ്യാദ്ധ്വാന ഊർജ്ജ ശക്തി കാർഷിക മേഖലയിൽ നിലനിന്നിരുന്നു. ഇപ്പോൾ എല്ലാം യന്ത്രങ്ങളിലേക്ക് മാറിയിരിക്കുന്നു.

സ്വകാര്യ മോട്ടർ വാഹനങ്ങളുടെ എണ്ണം വളരെ കൂടുതലാണ്, അതുകൊണ്ട് ഡീസലിനും പെട്രോളിനും ചെലവേറുന്നു.

പാരമ്പര്യേതര ഊർജ സ്രോതസുകൾ കാര്യമായി ഇല്ലെന്നു തന്നെ പറയാം.

ഗോബർ ഗ്യാസ് നിർമ്മാണം 13 വീടുകളിലുണ്ട്. പരിഷത് അടുപ്പുകൾ പ്രചാരത്തിലുണ്ട്. സൗരോർജം, കാററ് എന്നിവ വഴിയുള്ള ഊർജ്ജ പ്രയോഗങ്ങൾ ഇവിടെ നടന്നിട്ടില്ല.

ചുററുപാടുകളിൽ നിന്നും ശേഖരിക്കുന്ന തെങ്ങുല്പന്നങ്ങൾ മരം, തുടങ്ങിയ വിറകും, കരിയിലകൾ, ചപ്പുചവറുകൾ, കാർഷികാവശിഷ്ടങ്ങൾ എന്നിവയും ചേർന്ന ജൈവ ദ്രവ്യങ്ങളാണ് ഈ പഞ്ചായത്തിലെ മുഖ്യ ഊർജ്ജ സ്രോതസുകൾ.

ഈർച്ച മില്ലുകളിൽ നിന്നും ലഭിക്കുന്ന പാഴ്മരങ്ങൾ, ഈർച്ചപ്പൊടി എന്നിവയും ഉപയോഗപ്പെടുത്തുന്നുണ്ട്.

കാഞ്ഞാണിയിലെ 66 K V സബ്സ്റേഷനാണ് ഈ പഞ്ചായത്തിലെ വൈദ്യുതിയാവശ്യങ്ങൾ നിറവേററുന്നത്. കണ്ടശ്ശാംകടവിൽ ഇല: മേജർ സെക്ഷനാഫീസ് പ്രവർത്തിക്കുന്നു. മണലൂരിൽ ഒരു സെക്ഷനാഫീസും ട്രാൻസ്ഫോർമറുകൾ ഓവർ ലോഡാണ്. കൂടുതൽ വൈദ്യുതി എത്താതെ വിതരണ മേഖലകളിൽ കാര്യമായ വികസനം പ്രതീക്ഷിക്കാനാവില്ല.

മണ്ണെണ്ണയുടെ ലഭ്യത പൂർണ്ണമായും റേഷൻ കടകളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്.

ഈ പഞ്ചായത്തിൽ ഒരു L P G ഏജൻസിയും, ഒരു പെട്രോൾ ബങ്കും പ്രവർത്തിക്കുന്നുണ്ട്. 1985 ലാണ് L P Gas വിതരണം (വിതരണം) ഈ പഞ്ചായത്തിൽ ആരംഭി

ച്ചത്. വിതരണം ഈ പഞ്ചായത്തിൽ ഗ്യാസ് കണക്ഷനു കളുള്ള 1200 വീടുകൾ ഇപ്പോൾ ഉണ്ട്; സ്വകാര്യ ഏജൻസികളും പ്രവർത്തിക്കുന്നു. വേണ്ടത്ര വിറക് ലഭ്യതയുണ്ടെങ്കിലും - ഇടത്തരക്കാർ പാചക വാതകത്തിലേക്ക് ആകർഷകരാകുന്നുണ്ട്. വൈദ്യുതിക്കും ഗ്യാസിനും ക്ഷാമം നേരിടുമ്പോൾ ജനം വീണ്ടും വിറകിലേക്കും മണ്ണെണ്ണയിലേക്കും വഴിമാറുന്നു. മണ്ണെണ്ണക്ക് ക്ഷാമം വരുമ്പോൾ വെളിച്ചത്തിനായി മെഴുകുതിരി വെട്ടം മാത്രം.

പാചകത്തിനും, വെളിച്ചത്തിനും ഗോബർ ഗ്യാസ്, ബയോ ഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ രൂപങ്ങൾ ഉപയോഗപ്പെടുത്താവുന്നതും വികസിപ്പിക്കാവുന്നതുമാണ്.

സൗരോർജ്ജത്തിൻേറയും കാററിൻേറയും സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ വളരെയേറെയാണ്.

ആധുനിക ജീവിത സൗകര്യങ്ങളുള്ള ഉന്നതരും ഉപഭോഗ തൃഷ്ണയുടെ തീയിൽ വേവുന്ന ഇടത്തരക്കാരും, നിത്യജീവിതത്തിന് വീർപ്പുമുട്ടുന്ന സാധാരണക്കാരും അടങ്ങുന്ന ജനസമൂഹമാണ് ഈ പഞ്ചായത്തിലേത്.

ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അടിസ്ഥാന ജീവിത ആവശ്യങ്ങൾ നിറവേററാൻ ആവും വിധം ഊർജ്ജ സംരക്ഷണവും വിതരണവും ഒരു പുനർ സൃഷ്ടി ആവശ്യപ്പെടുന്നു.

## ഊർജ്ജം

### പ്രശ്നങ്ങൾ

1. വിറക് ലഭ്യത കുറയുന്നു. തന്മൂലം വില വർദ്ധിക്കുന്നു.
2. മണ്ണെണ്ണ പരിമിതം.
3. വൈദ്യുതി, കറൻറ് കട്ട്, ശക്തി ക്ഷയം, ക്ഷാമം.
4. LPG ക്ഷാമം, വില കൂടുതൽ, സ്വകാര്യ ഏജൻസിയുടെ കടന്നുകയററം.
5. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചാരത്തിലില്ല.
6. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കണം.

### സാധ്യതകൾ

1. സാമൂഹ്യ വനവല്ക്കരണം:- പുഴയോരങ്ങൾ, കായലോരങ്ങൾ, തോട്ടുവക്കുകൾ, പൊതു വഴിയോരങ്ങൾ, പൊതു കുളങ്ങളുടെ അരികുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, ആശുപത്രി കോമ്പൗണ്ടുകൾ അതുപോലെ സാധ്യമായ എല്ലാ സ്ഥലത്തും വൃക്ഷം വളർത്തുന്ന ഒരു വൃക്ഷ മിത്ര സംസ്കാരം വളർത്തി കൊണ്ടുവരണം. നടാൻ ഉപയോഗിക്കുന്ന വൃക്ഷങ്ങൾ മാവ്, പ്ലാവ്, പുളി, തുടങ്ങിയ നാട്ടു വൃക്ഷങ്ങൾ ആകുന്നതാണ് അഭികാമ്യം. ആടുമാട് തീററയ്ക്ക് ആവശ്യമായ മരങ്ങളും വെച്ചു പിടിപ്പിക്കണം.
2. ദക്ഷത കൂടിയ അടുപ്പുകൾ-പരിഷത്ത് അടുപ്പുകൾ, പ്രയാഗ്നി അടുപ്പുകൾ, ഡബിൾ ഡ്രം സ്ററൗ, എന്നിവ പ്രചരിപ്പിക്കുക.
3. കച്ചിപ്പെട്ടി നിർമ്മാണം പരിശീലനം സംഘടിപ്പിക്കുകയും പഞ്ചായത്തിൽ പ്രചരിപ്പിക്കുകയും വേണം.
4. പ്രഷർ കുക്കർ, പരന്ന പാത്രങ്ങൾ, സൗരോർജ്ജ കുക്കർ, ഡ്രയർ തുടങ്ങിയ ഊർജ്ജ നേട്ടമുണ്ടാക്കുന്ന ഉപകരണങ്ങൾ അനർട്ടിൻെറ സഹായത്തോടെ ഈ പഞ്ചായത്തിൽ വ്യാപിപ്പിക്കാവുന്നതാണ്.
5. സാമൂഹ്യ ജീവിതത്തിലെ കൂട്ടായ്മയിലൂടെ പൊതു അടുക്കള തുടങ്ങിയ പുതിയ ചിന്തകൾ പ്രചരിപ്പിക്കണം.
6. കാർഷിക മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെടുത്തി ഗോബർ - ബയോഗ്യാസ് പദ്ധതികൾ ആരംഭിക്കുക. പഞ്ചായത്ത് മാർക്കററുകൾ ശുചീയാക്കുന്നതിൻെറ ഭാഗമായി ലഭിക്കുന്ന ചപ്പുചവറുകൾ ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.
7. ലഘു യന്ത്രങ്ങൾ ഉപയോഗിക്കുക. (കന്നുകാലി - മനുഷ്യാദ്ധ്വാന ഊർജ്ജ ശക്തി ഉപയോഗപ്പെടുത്താവുന്നതാണ്).
8. ഗ്യാസ് വിതരണം കുററമററതാക്കുക. ലഭ്യത കൂട്ടുക.
9. ശാസത്രീയമായ വൈദ്യുതി റീസർവ്വെയുടെ അടിസ്ഥാനത്തിൽ ഈമേഖലയിലെ പുനർ ക്രമീകരണം നടപ്പാക്കുക.
10. പ്രേഷണ വിതരണ നഷ്ടം ഒഴിവാക്കുക. അററകുററ പണികൾ കാലാകാലങ്ങളിൽ നടത്തുക.
11. ഒരു ഊർജ്ജ സംരക്ഷണദിനം ആചരിച്ച് വൈദ്യുതി ലൈനിൽ തടസ്സമുണ്ടാക്കുന്ന വൃക്ഷ ശാഖകൾ മുറിച്ച് നീക്കാനുള്ള ശ്രമദാനം നടത്താവുന്നതാണ്.
12. ഇന്നത്തെ തെരുവു വിളക്കുകളും പൊതു സ്ഥാപനങ്ങളിലെ വിളക്കുകളും മാററി പകരം ഊർജ്ജ ലാഭമുണ്ടാക്കുന്ന ബൾബുകളും ട്യൂബുകളും ഉപയോഗിക്കുക.
13. ഊർജ്ജ ലാഭവും പ്രകാശ കൂടുതലുമുള്ള ബൾബുകൾ ഉപയോഗിക്കുന്നത് നിർബന്ധമാക്കുക. ഇതിന്

അനർട്ടിൻെറ സഹായം തേടാവുന്നതാണ് (കോംപാക്ട് ഫ്ലൂറസെൻറ് ലാബ്, ഇലക്ട്രോണിക് ചോക്ക്).

14. നാട്ടു വഴിയിലെ തെരുവുവിളക്കുകളുടെ സ്ഥാപനവും സംരക്ഷണവും പ്രാദേശികമായി ചെയ്യുക.

15. ആഡംബരങ്ങൾക്കായി (ഉത്സവം, വിവാഹം) ഊർജ്ജ ദുർവ്യയം ചെയ്യുന്ന അലങ്കാര വിളക്കുകൾ നിർത്തലാക്കണം. അതിനു പഞ്ചായത്തിന് അധികാരം കൊടുക്കാവുന്നതാണ്.

16. വീടുകളിൽ നിലവിലുണ്ടായിരുന്ന കണകററഡ് ലോഡുകളിലും വളരെ കൂടുതലാണ് ഇപ്പോഴത്തെ വൈദ്യുതി ഉപയോഗം ഇവ പരിശോധിച്ച് നടപടികൾ എടുക്കണം.

17. ഏററവും കൂടുതൽ വൈദ്യുതി ഉപഭോഗം നടക്കുന്നത് ഗാർഹിക മേഖലയിലാണ്. സമാന്തരവും ബദലുമായ ഉർജ്ജ ഉല്പാദന രീതികൾ കണ്ടെത്തി വികസിപ്പിക്കുക.

18. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മിനി, മൈക്രോ പ്രൊജക്ടുകൾ പ്രയോഗത്തിൽ കൊണ്ടുവരാവുന്നതാണ്.

19. ഏനാമാവ് റഗുലേററിൻെറ പരിസരത്തും കോലുമാട്ടിലും കാററാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്താവുന്നതാണ്.

20. ഗ്രാമങ്ങളെ ദത്തെടുത്ത് കൊണ്ട് ഊർജ്ജ ഗ്രാമങ്ങളാക്കി മാററാവുന്നതാണ്.

## വൈദ്യുതി കണക്ഷനുകൾ

| | | |
|---|---|---|
| ഗാർഹികം | - | 4459 |
| വ്യാപാരം | - | 680 |
| വ്യാവസായികം | - | 143 |
| കാർഷികം | - | 991 |

| | | |
|---|---|---|
| 20 യൂണിററ് വരെ സൗജന്യം | - | 671 |
| കുടിൽ ജ്യോതി | - | 24 |

സ്ട്രീററ്

| | | |
|---|---|---|
| ബൾബ് | - | 1237 |
| ട്യൂബ് | - | 125 |

പഞ്ചായത്ത് പ്രതിമാസം സ്ട്രീററ് ലൈററിന് ചെലവാക്കുന്ന തുക - 1457

പ്രതിമാസ ഇന്ധന ചെലവ്

| | | |
|---|---|---|
| പെട്രോൾ | - | 40000 ലി. |
| ഡീസൽ | - | 7200 ലി. |
| മണ്ണെണ്ണ | - | 22912 ലി. |

## കണ്ടശ്ശാംകടവ് - സെക്ഷനിലെ ട്രാൻസ്ഫോർമറുകൾ

| | | | | |
|---|---|---|---|---|
| 1. | 200 K V A | - കണ്ടശ്ശാംകടവ് | - | 1 |
| 2. | 100 ,, | - മാമ്പുള്ളി | - | 1 |
| 3. | 100 ,, | - ,, | - | 2 |
| 4. | 100 ,, | - സെൻറ് തോമാസ് | | |
| 5. | 100 ,, | - S. N. G. S. കാരമുക്ക് | | |
| 6. | 100 ,, | - പാലാഴി | - | 1 |
| 7. | 63 ,, | - പാലാഴി | - | 2 |
| 8. | 100 ,, | - പടിയം | - | 1 |
| 9. | 100 ,, | - പടിയം | - | 2 |
| 10. | 100 ,, | - മാങ്ങാട്ടുകര | | |
| 11. | 63 ,, | - കോരൻസ് | | |
| 12. | 100 ,, | - ക്വാലിററി | | |
| 13. | 100 ,, | - കാരമുക്ക് | | |
| 14. | 100 ,, | - ഓസോൺ | | |
| 15. | 63 ,, | - മണലൂർ സ്ലൂയിസ് | | |
| 16. | 100 ,, | - രാമൻ കായൽ | | |
| 17. | 100 ,, | - പുളിക്കൻ | | |
| 18. | 100 ,, | - കാഞ്ഞാണി | - | 1 |
| 19. | 100 ,, | - കാഞ്ഞാണി | - | 2 |
| 20. | 100 ,, | - കാഞ്ഞാണി | - | 3 |
| 21. | 63 ,, | - കാഞ്ഞാണിഇറിഗേഷൻ | | |
| 22. | 100 ,, | - എലൈററ് ടൈൽസ് | | |

മണലൂർ സെക്ഷൻസ്

| | | | | |
|---|---|---|---|---|
| 1. | 100 ,, | - അയ്യപ്പൻകാവ് | | |
| 2. | 100 ,, | - റെഗുലേററർ | | |
| 3. | 100 ,, | - മണലൂർ കിഴിക്ക് | | |
| 4. | 100 ,, | - ഹൈസ്ക്കൂൾ | | |
| 5. | 160 ,, | - മണലൂർ പടിഞ്ഞാറ് | | |
| 6. | 100 ,, | - കോൾ | - | 1, 2, 3, 4, 5 |

# മാർക്കററ്

മണലൂർ പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങളുടെ പ്രാദേശിക വിപണനത്തിന് പരമ്പരാഗത രീതികൾ തന്നെയാണ് നിലവിലുള്ളത്.

ഇവിടത്തെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ കണ്ടശ്ശാംകടവ്, കാഞ്ഞാണി, മണലൂർ കമ്പനി സെൻറർ തുടങ്ങിയവയാണ്.

പ്രധാന വിളയായ നാളികേരം, പ്രാദേശികമായി സംഭരിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇവ കൊപ്രയാക്കുന്ന ഒരു തൊഴിൽ മേഖലയും ഇവിടെ നിനില്ക്കുന്ന കണ്ടശ്ശാംകടവ് കൊപ്ര വ്യാപാരത്തിൻെറ ഒരു പ്രധാന കേന്ദ്രമാണ്.

നെല്ലാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന വിള. നെല്ല്, സമയത്തിന് വിററഴിക്കാൻ കൃഷിക്കാർ ബുദ്ധിമുട്ടുന്നു. ഇതിലെ ലാഭം ഇടത്തട്ടുകാരാണ് തട്ടിയെടുക്കുന്നത്. വ്യവസായ ഉല്പന്നങ്ങളായ ചകിരി, പ്ലാസ്ററിക്ക് സാധനങ്ങൾ, തുടങ്ങിയവയുടെ മാർക്കററ് പഞ്ചായത്തിന് പുറത്താണ്. കൃഷിക്കാർക്കാവശ്യമായ വളം, കീടനാശിനി, യന്ത്രോപകരണങ്ങൾ എനനിവയുടെ വിപണനത്തിലും ഇടത്തട്ടുകാർ ലാഭം കൊയ്യുന്നു.

## സാധ്യതകൾ

1. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ മുഖേന നെല്ല്, കൊപ്ര തുടങ്ങിയവ സംഭരിക്കാൻ കഴിയും.

2. നാളികേരം സംസ്കരിച്ച് വിവിധ ഭക്ഷ്യ വസ്തുക്കളാക്കി വിപണനത്തിന് സാധ്യത കണ്ടെത്താവുന്നതാണ്.

3. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിററഴിക്കുന്നതിന് ഉല്പാദകരുടെ ഒരു കോർഡിനേഷനും, പഞ്ചായത്ത് കേന്ദ്രീകരിച്ച് വിപണനത്തിന് ഒരു നെററ്വർക്കും രൂപപ്പെടുത്താനാവും.

4. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, കോഴി വളർത്തൽ എന്നീ മേഖലകളിലെ ഉല്പാദകരെ സംഘടിപ്പിച്ച്, ഒരു മാർക്കററിങ്ങ് സഹകരണ സംഘം രൂപീകരിക്കാവുന്നതും, ഇവരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്ന ഒരു സ്റേറാറും ഹോട്ടലും കാഞ്ഞാണി സെൻററിൽ ആരംഭിക്കാവുന്നതാണ്.

5. നെല്ല്, കൊപ്ര എന്നിവയുടെ അനുബന്ധ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.

# പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. പ്രകാശവും, വായു സഞ്ചാരവും ലഭിക്കുന്ന രീതിയിലും ആരോഗ്യകരമായ ചുററു പാടിലുമായിരിക്കണം വീടുകൾ നിർമ്മിക്കേണ്ടത് പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ കൂട്ടായ്മയോടെ പ്രകൃതിക്കും നാടിനും അനുയോജ്യമായ രീതിയിൽ ഒരു പുതിയ സാമൂഹ്യ അവബോധത്തോടെയാണ് പാർപ്പിടം നിർമ്മിക്കേണ്ടത്. പരിമിതികൾ ഒട്ടേറെയുള്ള ഒരു മേഖലയാണിത്. മണലൂർ പഞ്ചായത്തിൽ ആകെ 6820 വീടുകളാണുള്ളത്. ഇതിൽ മൂന്നിലൊന്നു വീടുകൾ കോൺക്രീററ് കെട്ടിടങ്ങളാണ്.

പഞ്ചായത്തിൽ ബഹുഭൂരിപക്ഷം വീടുകളും 10 സെൻറ് ഭൂമിയിലാണ്. അവിടെത്തന്നെ മൂന്നും നാലും വീടുകൾ ഇന്ന് നിവിലുണ്ട്. ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളിലും നാലു സെൻറ് കോളനി, ലക്ഷം വീട് കോളനികളിലും ജനജീവിതം ദുസ്സഹമാണ്. പ്രാഥമികാവശ്യങ്ങൾ നിറവേററാൻ പോലും അപര്യാപ്തമായ സാഹചര്യമാണിവിടെ. E S P കക്കൂസുകൾ പൊട്ടിയൊലിച്ച് ദുർഗന്ധം വമിപ്പിക്കുന്നു. പരിസരമാകെ മലീമസമാക്കുന്നു. അററകുററപണികൾ കാലാകാലങ്ങളിൽ നടക്കാത്തതാണിതിന് കാരണം. ഈ പഞ്ചായത്തിൽ ഒരു 4 സെൻറ് കോളനിയും (കാരമുക്ക്) 3 ലക്ഷം വീട് കോളനികളും 6 മിച്ച ഭൂമി കോളനികളുമുണ്ട്. പഞ്ചായത്തിന്റെ അൺടയിഡ് ഫണ്ട് ഉപയോഗപ്പെടുത്തി 100 ഹരിജൻ വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. സംഘമിത്ര ചാരിററബിൾ സൊസൈററിയുടേയും കോസ്ററ്ഫോർഡിന്റെയും കപാഡിന്റേയും സംയുക്ത സംരംഭത്തിൽ 140 വീടുകൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. ഇതിൽ 60 വീടുകൾ ഹരിജനങ്ങൾക്കുള്ളതാണ്. അന്തിക്കാട് ഹൗസിംഗ് സൊസൈററിയാണ് ഈ പഞ്ചായത്തിന്റെ പരിധിയിൽപെട്ട ഏക നിർമ്മാണ സഹകരണ സംഘം. പഞ്ചായത്ത് / ബ്ലോക്ക് / ജില്ല J R Y, I A Y, രാജീവ് ദശലക്ഷം വീട് തുടങ്ങിയ സ്കീമുകളിലൂടെ അവശവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്. ഹൗസിംഗ് ബോർഡ് HUDCO, LIC, KSFE തുടങ്ങിയ ഏജൻസികളുടെ വായ്പ. ഈ പഞ്ചായത്തിലെ വീടു നിർമ്മാണത്തിന് ആശ്രയമായിട്ടുണ്ട്. SSI റെജിസ്ട്രേഷനുള്ള കെട്ടിട നിർമ്മാണരംഗത്തു പ്രവർത്തിക്കുന്നതുമായ ഒരു സ്വകാര്യ സ്ഥാപനം ഈ പഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

ഭവന നിർമ്മാണ രംഗത്ത് ഉയർന്നുവന്ന പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകൾ വിലയിരുത്തുകയുണ്ടായി. അവ ഇങ്ങനെ സംക്ഷേപിക്കാം.

1. ഓരോ വാർഡിലും ശരാശരി 75 ഓളം കുടുംബങ്ങൾക്ക് വീടുകളില്ല.
2. നിലവിലുള്ള വീടുകൾക്ക് 1500 ഓളം കക്കൂസുകൾ ആവശ്യമുണ്ട്.
3. കോളനി വീടുകൾക്ക് (4 സെൻറ്, മിച്ച ഭൂമി, ലക്ഷം വീട്) അററകുററ പണികൾ ആവശ്യമുണ്ട്. പശ്ചാത്തല അസൗകര്യങ്ങൾ ഊർജ്ജ ക്ഷാമം എന്നിവ കോളനികളിൽ പൊതുവേ അനുഭവപ്പെടുന്നുണ്ട്.
4. വിവിധ പദ്ധതികളിലൂടെ വീടുകൾ സ്വന്തമാക്കുകയും, അവ വിററ് വീണ്ടും സഹായം തേടുകയും ചെയ്യുന്ന പ്രവണത നിലവിലുണ്ട്.
5. പട്ടിക ജാതിയിൽ പെടാത്ത അവശ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ സഹായം ലഭ്യമാക്കണം.
6. ഭൂമി ഒരു കച്ചവടച്ചരക്കാക്കി അതിന്റെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്ന രീതി നിലനിൽക്കുന്നതുകൊണ്ട്, സാധാരണക്കാരന് വീട് വയ്ക്കുന്നതിനുവേണ്ടി ഭൂമി വാങ്ങിക്കുവാൻ കഴിയുന്നില്ല. 1990-ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂമിയുടെ വില പത്തിരട്ടി വർദ്ധിച്ചിട്ടുണ്ട്.
7. പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്.
8. അശാസ്ത്രീയമായ ഗൃഹനിർമ്മാണം സമ്പത്തിനെ ജഢാവസ്ഥയിലാക്കുന്നു.
9. പാടം തൂർത്ത് വീട് പണിയുകയും, കൂടിയ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നുണ്ട്.
10. തമിഴ്നാട്ടിൽ നിന്നും മററും കുടിയേറിയിട്ടുള്ള തൊഴിലാളികൾ സമീപ ഭാവിയിൽ ഈ പഞ്ചായത്തിൽ ഒരു പ്രശ്നമായി വരാവുന്നതാണ്. ഇവരുടെ മുഖ്യതൊഴിലുകൾ പഴയ സാധനങ്ങൾ വാങ്ങുക, വീട്ടു ജോലികളിലേർപ്പെടുക, തോട്ടി പണി ചെയ്യുക, കോൺട്രാക്ടർമാരുടെ കീഴിലുള്ള പൊ

തുമരാമത്തു പണിയിലേർപ്പെടുക ഇവയാണ്. ഇവരിൽ ഭൂരിഭാഗവും കടത്തിണ്ണകളിൽ രാത്രി കഴിച്ചു കൂട്ടുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന-ചെറിയൊരു വിഭാഗം ചെറിയ വാടക വീടുകളിൽ താമസിക്കുന്നുണ്ട്. ഇവരുടെ അധിനിവേശം കൂടുതൽ പഠന വിധേയമാക്കേണ്ടതുണ്ട്.

ഗൃഹ നിർമ്മാണത്തിൽ ഉയർന്ന രീതിയിലുള്ള വാസ്തു ശിൽപ മാതൃകകൾ ഉപയോഗിക്കുന്നുണ്ട്. മനുഷ്യന്റെ ആവശ്യങ്ങൾക്കുപരി ആഡംബരത്തിനും, പൊങ്ങച്ച പ്രദർശനത്തിനും ഉള്ള ഉപാധികളായിരിക്കുന്നു വീടുകൾ. ലളിതമായ ചതുർമാന രീതികളിൽ നിന്നും ഗൃഹ നിർമ്മാണം സങ്കീർണ്ണമായ ഘടനയിലേക്ക് മാറി തുടങ്ങിയിട്ടുണ്ട്. കോടി കണക്കിന് രൂപ ചെലവഴിക്കപ്പെടുന്ന പടുകൂററൻ സൗധങ്ങൾ ഈ പഞ്ചായത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

12. ഗൃഹ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ട നിർമ്മാണ സാമഗ്രികൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല. അവ ഇറക്കുമതി ചെയ്യുന്നവയാണ്. അതുകൊണ്ട് തന്നെ കടത്തു കൂലി കൂടുന്നു, വില കൂടുന്നു, നിർമ്മാണചെലവ് കൂടുന്നു. ചെലവു കുറഞ്ഞ വീടുകൾക്കുപയോഗിക്കുന്ന സിമൻറ് ഹോളോബ്രിക്സ് ഉത്പാദിപ്പിക്കുന്ന രണ്ട് യൂണിററുകൾ ഇവിടെയുണ്ട്. തെങ്ങ് ധാരാളം ഉണ്ടെങ്കിലും ഇവ ഉപയോഗിച്ചുള്ള മേൽ പുരയോ, മററു മരപണികളോ കാര്യമായി നടക്കുന്നില്ല.

13. ഈ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികൾ പൊതുവേ സംതൃപ്തരാണെങ്കിലും കൂലി കൊടുക്കുന്നവർ അസംതൃപ്തരാണ്. നിർമ്മാണ തൊഴിലാളികളെ കെട്ടിട നിർമ്മാണത്തിന്റെ വളർച്ചക്കാനുപാതികമായി ലഭ്യമാകാത്തതുകൊണ്ട് കൂലി വർദ്ധനവുണ്ടാകുന്നു. തൊഴിൽ വൈദഗ്ധ്യമില്ലാത്തവരെകൊണ്ട് ജോലി ചെയ്യിക്കേണ്ടി വരുന്നു. ഇത് കാലതാമസവും, സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. അവിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ച് ഉടമകളേയും, തൊഴിലാളികളേയും, ഒരേപോലെ ചൂഷണം ചെയ്യുന്ന മേസ്തിരി വർഗ്ഗം ഉയർന്നു വന്നിട്ടുണ്ട്.

13. A. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനം വൈദഗ്ധ്യം നേടിയ ആളുകളുടെ കുറവുണ്ട്.

14. 1985, 1990, 1996 കാലഘട്ടങ്ങൾ താരതമ്യം ചെയ്യുമ്പോൾ തൊഴിലാളികൾക്കുള്ള കൂലി നിരക്കുകൾ താഴെ കൊടുക്കുന്നു.

## കൂലിനിരക്ക്

| കൊല്ലം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1985 | 30 | 50 |
| 1990 | 40 | 70 |
| 1996 | 85-100 | 140-150 |

15. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില പദ്ധതി നടപ്പു വർഷത്തിൻെറ ആരംഭവും, അവസാനവും താരതമ്യം ചെയ്യുമ്പോൾ ഇരട്ടിയിലധികമായിട്ടുണ്ട്. ഉദാ: സിമൻറിൻെറ വില 90-91ൽ 85 രൂപയിൽ നിന്നും 96-97 ൽ 180 രൂപയായി ഉയർന്നിട്ടുണ്ട്.

16. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ നിബന്ധങ്ങൾ കർക്കശവും, സങ്കീർണ്ണവും ആണ്. അതുകൊണ്ട് ഗൃഹനിർമ്മാണ സംരംഭകർ കൊള്ളപ്പലിശക്കാരുടെ പിടിയിൽ അമരുന്നു.

## സാധ്യതകൾ

1. ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് വളരെയേറെ വർദ്ദിച്ചിരിക്കുന്നതുകൊണ്ട് ഹൗസിങ്ങ് സൊസൈററികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേക്ക് കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്. വായ്പക്കുള്ള സങ്കീർണ്ണമായ നിബന്ധനകളെ ലളിതവത്ക്കരിക്കണം.

2. ഗൃഹനിർമ്മാണ സാമഗ്രികൾ ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. 800 സ്ക്വെയർ ഫീററിൽ കൂടുതൽ തറയളവുള്ള കെട്ടിട നിർമ്മാണത്തിന് ഹൗസിങ്ങ് സൊസൈററി ലോൺ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാവുന്നതാണ്.

3. ദുർവ്യയം ചെയ്യപ്പെടുന്ന ആഡംബരമതിലുകൾക്ക് നികുതി ചുമത്താവുന്നതാണ്.

4. പഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം സ്ഥാപിച്ച് ചെലവു കുറഞ്ഞ ഗൃഹ നിർമ്മാണ സാങ്കേതിക രീതികൾ പ്രചരിപ്പിക്കുകയും, പരിശീലിപ്പിക്കുകയും, വേണം. ഇത്തരം പദ്ധതികൾ തൊഴിലില്ലായ്മ പരിഹരിക്കുവാനും, ധനദുർവിനിയോഗം തടയുവാനും സഹായിക്കും. നിർമ്മിതി കേന്ദ്രയെ കേന്ദീകരിച്ച് ലേബർ കോൺട്രാക്ട് സൊസൈററി സ്ഥാപിക്കുകയും, വിവിധ വിഭാഗങ്ങളിലുള്ള വിദഗ്ദ്ധ തൊഴിലാളികളെ ഇതിൻെറ കീഴിൽ സംഘടിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏറെറടുക്കാവുന്നതാണ്.

5. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായേക്കാവുന്ന പ്രദേശങ്ങളിൽ ഫ്ളാററ് സിസ്ററത്തിലുള്ള ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത് നഗര രീതിയിലുള്ള ഫ്ളാററുകൾ ആക്കേണ്ടതില്ല.

6. ശാസ്ത്രീയവും, സുതാര്യവുമായ രീതിയിൽ കെട്ടിട നികുതി പുനസംഘടിപ്പിക്കണം. അത് സ്ളാബ് സമ്പ്രദായത്തിൽ ആയിരിക്കുകയും വേണം.

ആഡംബര ഭവനങ്ങൾക്ക് നികുതിയും, സർചാർജ്ജും ഏർപ്പെടുത്താവുന്നതാണ്.

7. പരമ്പരാഗത വാസ്തു ശിൽപ മാതൃകയിൽ ഉള്ള ഭവനങ്ങളെ പരിരക്ഷിക്കുകയും, ഇത്തരം വീടുകളുടെ മേന്മയെക്കുറിച്ച് പ്രചരിപ്പിക്കുകയും വേണം.

8. നാട്ടിൻ പുറങ്ങളിൽ ഉപയോഗിക്കുന്ന കമ്പിവേലികൾക്കുപകരം ഔഷധ സസ്യങ്ങൾ, ജൈവ വളങ്ങൾക്കായി ഉപയോഗിക്കുന്ന ചെടികൾ, ഭക്ഷ്യ വസ്തുക്കൾ (ചീര...) തുടങ്ങിയവ ഉപയോഗിച്ച് ജൈവ വേലികൾ പ്രചരിപ്പിക്കാവുന്നവയാണ്.

## പാർപ്പിട സ്ഥിതി വിവര കണക്ക്

| വാർഡ് | ടെറസ് വീടുകൾ | ഓടുമേഞ്ഞവ | ഓല/ഷെഡ് | ആകെ |
|---|---|---|---|---|
| 1 | 140 | 150 | 141 | 431 |
| 2 | 133 | 198 | 249 | 580 |
| 3 | 206 | 207 | 338 | 751 |
| 4 | 148 | 133 | 174 | 455 |
| 5 | 143 | 128 | 224 | 495 |
| 6 | 102 | 101 | 221 | 424 |
| 7 | 170 | 242 | 215 | 627 |
| 8 | 113 | 142 | 254 | 509 |
| 9 | 195 | 115 | 223 | 533 |
| 10 | 189 | 116 | 308 | 613 |
| 11 | 232 | 130 | 321 | 683 |
| 12 | 278 | 162 | 279 | 719 |
| മൊത്തം | 2049 | 1824 | 2946 | 6820 |

## ചേരി പ്രദേശങ്ങളിലും, പുറമ്പോക്കുകളിലും താമസിക്കുന്ന കുടുംബങ്ങൾ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 11 | 36 | 4 | - | - | 5 | 4 | 1 | 1 | - | - | 4 | 62 |

**അന്തിക്കാട് ബ്ലോക്ക് ഹൗസിങ്ങ് സഹകരണ സംഘം**
**കഴിഞ്ഞ 5 വർഷങ്ങളിൽ അനുവദിച്ച ലോണുകളുടെ വിവരം**

| എണ്ണം | കൊല്ലം | പഞ്ചായത്ത് | LIG | MIG | HIG |
|---|---|---|---|---|---|
| 10 | 1991-92 | മണലൂർ | | 362300 | |
| 14 | 1992-93 | ,, | | 413600 | |
| 17 | 1993-94 | ,, | | 487400 | |
| 22 | 1994-95 | ,, | 1500 | 662900 | |
| 27 | 1995-96 | ,, | 58500 | 905600 | 275000 |

# സാമൂഹ്യ ക്ഷേമം

മണലൂർ ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പദ്ധതികളായി നിലവിലുള്ളത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, പെൻഷൻ പദ്ധതികളുമാണം. 1995 ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ 1,704 ആണ്. (സർവ്വെ റിപ്പോർട്ട് ഇതൊന്നിച്ച് ചേർക്കുന്നു).

സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 287 ആണെങ്കിലും, 86 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയതായി റിപ്പോർട്ടിൽ കാണുന്നത്. ഈ പദ്ധതി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വേണ്ടത്ര ഫലപ്രദമല്ല എന്ന് കാണുന്നു.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ ഈ പദ്ധതിമൂലം പ്രയോജനം ലഭിച്ചതായി കാണുന്നുള്ളൂ അതിനാൽ ദാരിദ്രരേഖക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പദ്ധതിയിൽ മാററം വരുത്തേണ്ടതാണം. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിർണ്ണയിക്കേണ്ടതാണ്.

DWCRA, ട്രൈസം എന്നീ പദ്ധതികൾ പ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർ സർവ്വെ കണക്കു പ്രകാരം യഥാക്രമം 42 ഉം, 29 ഉം, ആണ്. ഇതിൽ നിന്നും കൂടുതൽ പേർക്ക് പരിശീലനം ലഭിച്ചതായി കാണുന്നില്ല. ഈ പദ്ധതികളുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭിക്കുന്നതിന് ബോധവൽക്കരണവും, പ്രചരണവും നടത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. പരിശീലനം ലഭിച്ചവർക്ക് യൂണിററുകൾ ആരംഭിക്കുവാനും, ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനം, വില്പനക്കും സൗകര്യമുണ്ടാക്കണം.

R A P പദ്ധതി പ്രകാരം ഗ്രാമീണ തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചവരുടെ കണക്ക് ലഭിച്ചിട്ടില്ല. തൊഴിൽ സദ്ധ്യത ഏറെയുള്ള ഒരു മേഖലയാണിത്. ഈ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശീലനവും, ഉപകരണങ്ങളും ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമ വകുപ്പു വഴി 75 പേർക്കാണ് പെൻഷൻ ലഭിച്ചിരിക്കുന്നതെന്നാണ് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള കണക്ക് കാണിക്കുന്നത്. അർഹതപ്പെട്ടവർ ധാരാളം ഉണ്ടെങ്കിലും കുറച്ചു പേർക്ക് മാത്രമേ പെൻഷൻ ലഭ്യമായിട്ടുള്ളൂ. പഞ്ചായത്ത് തലത്തിൽ ജനകീയ സമിതി പെൻഷന് അർഹരായവരെ തീരുമാനിക്കേണ്ടതാണ്.

തൊഴിലില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ എന്നിവ എത്രപേർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ഇനിയും അർഹരായവർക്ക് ലഭിച്ചിട്ടില്ല. അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കുന്നതിനും, അതാത് മാസം തന്നെ ലഭിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തണം.

മഹിളാ സംഘടനകളും, സ്ത്രീകളുടെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘടനകളും നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ 30 അംഗൻ വാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 6 അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്.

## പ്രശ്നങ്ങൾ

1. കുട്ടികൾക്ക് കളിക്കുന്നതിനുള്ള കളിക്കോപ്പുകൾ ഇല്ല.

2. പോഷകാഹാര വിതരണം കാര്യക്ഷമമല്ല.

3. കുട്ടികളുടെ ഹാജർ നില നന്നേ കുറവാണ്.

4. പോഷകാഹാരങ്ങൾ കഴിക്കുന്നതിൽ കുട്ടികൾ വിമുഖത കാണിക്കുന്നു.

5. വൈദ്യുതി, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതയുണ്ട്.

6. ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ പ്രയോജനം അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല.

7. പെൻഷൻ, ധനസഹായ പദ്ധതികൾ എന്നിവ എല്ലാവർക്കും ലഭിക്കുന്നില്ല. ലഭിക്കുന്നതിൽ കൃത്യതയില്ല.

8. DWCRA, ട്രൈസം, R A P എന്നീ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

9. പരിശീലനം നേടിയവർക്ക് Project കൾ ഉണ്ടാക്കുന്നതിനും വായ്പ ലഭിക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നു.

10. ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുന്നതിന് ആവശ്യമായ സംവിധാനം ഇല്ല.

11. കൈത്തൊഴിൽ മേഖലയിൽ ആവശ്യമായ പരിശീലനത്തിൻെറ കുറവ് നില നില്ക്കുന്നു.

12. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

13. അംഗൻ വാടികൾക്ക് (24) സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. ഉള്ളവയിൽ തന്നെ ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

14. താഴ്ന്ന വരുമാനക്കാരുടെ കുട്ടികളെ മാത്രമേ അംഗൻ വാടികളിൽ അയക്കുന്നുള്ളു.

15. ജീവനക്കാരുടെ ശമ്പളം പരിമിതമാണ്.

## പരിഹാരങ്ങൾ

1. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ വ്യക്തമായ മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ ജനകീയ കമ്മിററി നിശ്ചയിക്കുകയും, അവർക്ക് ആനുകൂല്യങ്ങൾ നല്കുകയും ചെയ്യുന്നതോടൊപ്പം, ദുർവ്വിനിയോഗം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

2. DWCRA, ട്രൈസം, R A P എന്നീ പദ്ധതികൾ പ്രകാരം അർഹരായ എല്ലാവർക്കും പരിശീലനം നല്കുവാൻ നടപടി സ്വീകരിക്കണം. ഇത് സംബന്ധമായ ബോധവൽക്കരണം, സന്നദ്ധസേവന സംഘങ്ങൾ, മഹിളാ സംഘടനകൾ, ക്ലബ്ബുകൾ എന്നിവ വഴി നല്കേണ്ടതാണ്.

3. പരിശീലനം നേടിയവർക്ക് സാമ്പത്തികമായും സാങ്കേതികമായും ആവശ്യമായ സഹായങ്ങൾ ഉറപ്പ് വരുത്തണം.

4. ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വാങ്ങി വിപണനം നടത്തുന്നതിനുള്ള ഏജൻസികൾ ഉണ്ടാവണം.

5. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും, നിർമ്മിക്കുക, ശുദ്ധജലം, വെളിച്ചം എന്നിവ ലഭ്യമാക്കുക.

6. അംഗൻ വാടികളുടെ സുഗമമായ നടത്തിപ്പിന് പരിസരവാസികളുടെ കമ്മിററികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

7. അംഗൻ വാടികളിൽ കുട്ടികൾക്കും, സ്ത്രീകൾക്കുമുള്ള ലൈബ്രറികൾ, ഏർപ്പെടുത്തുക.

8. അംഗൻവാടികളിൽ തൊഴിൽ പരിശീലനത്തിനും, ഗർഭിണികളുടേയും, കുട്ടികളുടേയും ആരോഗ്യപരിപാലന ക്ലാസുകൾ, രോഗ പ്രതിരോധ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം. 3 തരം ചികിത്സാ രീതികളും ഉപയോഗപ്പെടുത്തണം.

9. കുട്ടികളെ ആകർഷിക്കത്തക്കവിധത്തിൽ അംഗൻ വാടികളിൽ ശാസ്ത്രീയമായ മാററങ്ങൾ വരുത്തേണ്ടതാണ്.

10. അംഗൻ വാടികളിൽ കുട്ടികൾക്കായി വിതരണം ചെയ്യുന്ന പോഷക മൂല്യമുള്ള ആഹാരസാധനങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ച് കുട്ടികളുടെ അമ്മമാരെ ബോധവൽക്കരിക്കുക.

11. അംഗൻ വാടി ജീവനക്കാരുടെ ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കുക.

# അനുബന്ധം - 8

## മണലൂർ ഗ്രാമ പഞ്ചായത്ത്

### അംഗൻ വാടികളിൽ നിന്ന് ശേഖരിച്ച വിവരം

| | |
|---|---|
| 1. (a) പഞ്ചായത്തിലെ ആകെ ജനസംഖ്യ | 33175 |
| (b) പുരുഷന്മാർ | 16284 |
| (c) സ്ത്രീകൾ | 4422 |
| 2. (a) പട്ടിക ജാതി ജനസംഖ്യ | 3,963 |
| (b) പട്ടിക വർഗ്ഗ ജനസംഖ്യ | — |
| 3. അംഗൻ വാടികളുടെ എണ്ണം | 30 |
| 4. (a) ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | 445 |
| (b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 438 |
| (c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 515 |
| 5. (a) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 179 |
| (b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 52 |
| 6. മുലയൂട്ടുന്ന അമ്മാരുടെ എണ്ണം (6 മാസംവരെ പ്രായമായ കുട്ടികളുള്ള) | 288 |
| 7. (a) കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 387 |
| (b) ചാപിള്ള ജനനങ്ങൾ | 26 |
| 8. (a) ഒരു വയസ്സിൽ താഴെ മരിച്ച കുട്ടികളുടെ എണ്ണം (95-96) | 2 |
| (b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | 2 |
| (c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | 2 |
| 9. (a) ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : — |
| (b) മററു മരണങ്ങളുടെ എണ്ണം | 160 |
| 10. (a) അനുപൂരക പേഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 974 |
| (b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 146 |
| (c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 139 |

## മണലൂർ ഗ്രാമ പഞ്ചായത്ത്

### 8.2 കുട്ടികളുടെ ആരോഗ്യ പ്രാഷണ നിലവാരം.

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1-ാം വയസ്സിൽ | 180 | 115 | 87 | 86 | 6 | 7 | - | 1 |
| 1-3 വയസ്സ് | 324 | 196 | 164 | 164 | 28 | 34 | - | - |
| 3-6 വയസ്സ് | 219 | 204 | 189 | 192 | 36 | 38 | 1 | 1 |

1-ാം ഗ്രേഡ് ലഘുവായ പോഷണ കുറവുള്ളവർ

2-ാം ഗ്രേഡ് മിതമായ പോഷണ കുറവുള്ളവർ

3-ാം ഗ്രേഡ് ഗുരുതരമായ പോഷണ കുറവുള്ളവർ

## മണലൂർ ഗ്രാമ പഞ്ചായത്ത്

### 8.3 കുട്ടികളുടേയും, ഗർഭിണികളുടേയും പ്രതരിരോധ കുത്തിവെപ്പ്

| കുട്ടികൾ | ബിസിജി | ഡിപിററി | | | | പോളിയോ | | | | ഡിററി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1-ാം വയസ്സിൽ താഴെ | 458 | 370 | 362 | 359 | 93 | 384 | 365 | 325 | 65 | 28 | 5 | - | - | 323 |
| 1-3 വയസ്സ് | 79 | 130 | 132 | 129 | 284 | 170 | 130 | 132 | 292 | 69 | 30 | 7 | - | 113 |
| 3-6 വയസ്സ് | 99 | 155 | 155 | 150 | 93 | 139 | 139 | 135 | 95 | 84 | 24 | 97 | 126 | 88 |

### ടെററനസ് ടോക്സോയിസ് (T. T.)

| ഗർഭിണികൾ | 1 D | 2 D | BD |
|---|---|---|---|
| | 305 | 286 | 65 |

ഇരുമ്പ് / ഫോളിക് സിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 240

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 476

വിററാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 970

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 491

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 1

## അനുബന്ധം - 11

## മണലൂർ ഗ്രാമ പഞ്ചായത്ത്

### 11.1. IRDP സർവ്വെ പ്രകാരംദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC / ST കുടുംബങ്ങൾ | നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC / ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ല ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 മുതൽ 12 വരെ | | 177 | 287 | 151 | 86 | 1704 |

### 11.2 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| വാർഡ് നമ്പർ | പരിശീലനം- വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളികളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 മുതൽ 12 വരെ | കൈത്തറി<br>വെൽഡിങ്ങ്<br>എംബ്രോയിഡറി<br>സോപ്പ് നിർമ്മാണം | 11<br>4<br>4<br>10 | എല്ലാവരും തൊഴിൽ കണ്ടെത്തി | ഇല്ല | ഇല്ല |

## 11. 4 DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽസംരംഭ ത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 2 | കുട നിർമ്മാണം | 96-97 | 10 | തരക്കേടില്ല |
| 7 | ഫുഡ്പ്രൊസസ് | 95-96 | 11 | ആരംഭഘട്ടം |
| 8 | റെഡിമെയ്ഡ് തയ്യൽ യൂണിററ് | 94-95 | 11 | തരക്കേടില്ല |
| 9 | കയർ നിർമ്മാണം | 94-95 | 10 | തരക്കേടില്ല |
| | | | 42 | |

## പെൻഷൻ - ധനസഹായം

| വില്ലേജ് | വർഷം | അഗതി | വിധവ | വികലാംഗ | വാർദ്ധക്യം | അവശ കലാ-സാഹിത്യം | അവശ കായികതാരം | ക്ഷയ രോഗി | കുഷ്ഠ രോഗി | കാൻസർ രോഗി | കർഷക തൊഴി | തൊഴിലില്ലായ്മ |
|---|---|---|---|---|---|---|---|---|---|---|---|---|
| മണലൂർ | 90-91<br>94-95 | 23 | - | - | - | - | - | 6 | - | 6 | വിവരം ലഭിച്ചിട്ടില്ല | വിവരം ലഭിച്ചിട്ടില്ല |
| കാര മുക്ക് | ,, | 3 | 15 | 2 | 18 | - | - | - | - | 2 | | |
| ആകെ | | 26 | 15 | 2 | 18 | - | - | 6 | - | 8 | | |

# സംസ്കാരം

മണലൂരിന് തനതും, സമ്പന്നവുമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ക്ഷേത്രങ്ങളേയും മനകളേയും കേന്ദ്രീകരിച്ച് സവർണ്ണ സമ്പന്ന വർഗ്ഗത്തിൻെറ ഒരു സാംസ്കാരിക ധാര പ്രബലമായിരുന്നു. കഥകളി, കൂത്ത്, കുടിയാട്ടം, സോപാന സംഗീതം, ശാസ്ത്രീയ സംഗീതം, നൃത്തം തുടങ്ങിയ കലകളുടെ പോഷണം ഇവർ സാദ്ധ്യമാക്കി.

അടിസ്ഥാന വർഗ്ഗത്തിൻെറ കലാ പ്രവർത്തനങ്ങൾ കളമെഴുത്ത്, തോററം പാട്ട് തിറ, അയ്‌വർ കളി, പൊറോട്ട് നാടകം, കുമ്മാട്ടി, കുറത്തി, മുക്കൻ ചാത്തൻ, തുള്ളൽ, കാള കളി, തുടങ്ങിയവയും മററ് അനുഷ്ഠാന ആവിഷ്കാരങ്ങളുമായിരുന്നു. കുലപരമായ കലാ പ്രവർത്തനങ്ങൾ ആ സമൂഹത്തിൻെറ തൊഴിലും കൂടിയായിരുന്നു. കാലഭേദമനുസരിച്ച് കലാ ഭേദങ്ങളും നിലനിന്നിരുന്നു. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അനവധിയാണ്.

കുറത്തികളി, കാള കളി, പൊട്ടി തുടങ്ങിയവ. വയൽ കളങ്ങൾ ഉർവരതാനുഷ്ഠാനങ്ങളാണ്. വീടും പരിസരവും വൃത്തിയാക്കി ശീപോതിയെ അകത്ത് കടത്തലും ചേട്ടയെ പുറം തള്ളലും ഈ അടുത്ത കാലംവരെ നിലനിന്നിരുന്നു.

തെങ്ങുകയററ തൊഴിലാളിയായ കുഞ്ഞപ്പു ആശാൻെറ നേതൃത്വത്തിലുള്ള ഹരിജൻ കലാവേദി മണലൂരിൽ പ്രവർത്തിച്ചിരുന്നു. ചെണ്ട, തിമില, കൊമ്പ്, പൊറാട്ട് നാടകം, കാള കളി, തുടങ്ങിയ കലകൾ ഇവിടെ പരിശീലിപ്പിച്ചിരുന്നു.

ഈഴവരും ക്രിസ്ത്യാനികളുമാണ് മണലൂരിലെ പ്രബല ജനവിഭാഗങ്ങൾ. നമ്പൂതിരിമാരും നായന്മാരുമുണ്ട്. പുലയർ വേട്ടുവർ, പറയർ, മണ്ണാൻ, കുലാലർ തുടങ്ങിയ ജനവിഭാഗങ്ങളും ഇവിടെ സ്ഥിരവാസികളാണ്. മൂന്ന് മുസ്ലീം കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ അഞ്ച് പ്രധാന പള്ളികളും അവയുടെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. പത്ത് പ്രധാന ക്ഷേത്രങ്ങളുണ്ട്. കാരമുക്കിൽ ശ്രീനാരായണ ഗുപ്ത സമാജത്തിൻെറ കീഴിൽ ഒരു ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നു. ഈഴവരുടെ കരയോഗവും അമ്പലവും ഇവിടെയുണ്ട്. കൂടാതെ ധാരാളം തറവാട്ടു വക അമ്പലപ്പുരകളും ദൈവത്തറകളും, കാവുകളും, കല്ലുകളും നിലവിലുണ്ട്. മണലൂരിലെ ഉറുമ്പിൻ ദേവർ അമ്പലം കേരളത്തിലെ തന്നെ അപൂർവ്വമായ ക്ഷേത്രങ്ങളിൽ ഒന്നാണ്.

പള്ളികളിലേയും ക്ഷേത്രങ്ങളിലേയും ഉത്സവങ്ങളും കലാപ്രകടനങ്ങളും നാടിൻെറ സാംസ്കാരിക വിനിമയത്തിനും മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കാനും സഹായിച്ചിട്ടുണ്ട്. അടിസ്ഥാനവർഗ്ഗത്തിൻെറ വേലകളും, പൂരങ്ങളും, ഗോത്രവർഗ്ഗ സ്മരണ ഉണർത്തുന്നതും നരവംശ ശാസ്ത്ര വിജ്ഞാനത്തിലേക്ക് വെളിച്ചം വീശുന്നവയുമാണ്.

പണിയെടുക്കുന്നവർ ഭൂരിപക്ഷം താഴ്ന്നവരും, ഭരിക്കുന്നവർ ഉന്നതരുമായ ഒരു സാമൂഹിക സാമ്പത്തിക വ്യവസ്ഥ നിലനിർത്തുന്നതിന് നമ്മുടെ സങ്കീർണ്ണമായ ജാതി ഘടന കാരണമായിട്ടുണ്ട്. തൊട്ടുകൂടാത്തവരും, തീണ്ടി കുടാത്തവരുമായ ജനങ്ങൾക്ക് എന്നും വിലക്കുകളായിരുന്നു. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും അവരെ ചുഴ്ന്ന് നിന്നിരുന്നു.

ശ്രീനാരായണ ഗുരുവിൻെറ ആശയങ്ങളുടെ വ്യാപനത്തോടെ പുതിയ സാമൂഹ്യ പ്രസ്ഥാനങ്ങൾ നാട്ടിൽ ജന്മമെടുക്കാൻ തുടങ്ങി. ഇതിൻെറ ഊർജ്ജം ഉൾക്കൊണ്ട്, ദേശീയ പ്രസ്ഥാനത്തിൻെറ പ്രകാശം ഏററ് ഇവിടെ സാമൂഹിക പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും രൂപമെടുത്തു.

1942 - 57 കാലങ്ങളിലെ ചെത്ത് - ചകിരി - കർഷക പ്രക്ഷോഭങ്ങൾ ഈ പ്രദേശത്തിൻെറ ജ്വലിക്കുന്ന ഐതിഹാസിക സമരങ്ങളാണ്.

സാമൂഹിക പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് വെളിച്ചം വീശിയിരുന്ന മൂന്ന് വായനശാലകൾ ഈ പഞ്ചായത്തിലുണ്ട്. മണലൂർ യുവജന സമിതി പൊതു വായനശാല, കാരമുക്ക് ഗ്രാമീണ വായനശാല, പാലാഴി സുഭാഷ് വായനശാല, കാഞ്ഞാണി വായനശാല എന്നിവയാണ് ഇവ.

അമ്പതിലേറെ കലാ സമിതികളും ക്ലബുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. ഈ നാടിൻെറ സാംസ്കാരിക ഉന്നമനത്തിനും യുവാക്കളിൽ ചിന്താശക്തി വളർത്താനും ഒരു ദിശാ ബോധം രൂപപ്പെടുത്താനും ഈ കലാ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. മൗലിക ചിന്തകൾ പരിചയപ്പെടുത്തുക, വിദേശ വിജ്ഞാന ശാഖകളെ കുറിച്ച് ബോധ്യപ്പെടുത്തുക തുടങ്ങിയ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത് വായനശാലകളാണ്.

ക്രിസ്തുമസ്സ് ദിനത്തോട് അനുബന്ധിച്ച് സ്ഥിരം നാടക മത്സരം നടത്തുന്ന കേണ്ടസ് ആർട്ട്സ് ക്ലബ്, പ്രതിമാസം പ്രൊഫഷണൽ നാടകങ്ങൾ സംഘടിപ്പിച്ചിരുന്ന യാമിനിയും സ്മരിക്കപ്പെടേണ്ടതാണ്.പരീക്ഷണ നാടകങ്ങളും തെരുവ് നാടകങ്ങളും അവതരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആസ്വാദന നിലവാരം ഉയർത്താൻ ശ്രമിച്ചിരുന്ന കോറസ്സ് എന്ന നാടക സംഘവും ഇവിടെ പ്രവർത്തിച്ചിരുന്നു. പ്രഗത്ഭരെ പങ്കെടുപ്പിച്ച് കൊണ്ട് നിരവധി നാടക ആസ്വാദന സെമിനാറുകൾ കോറസ്സ് സംഘടിപ്പിച്ചുണ്ട്.

സാംസ്കാരിക രംഗങ്ങളിൽ വനിതകളുടെ പങ്ക് ഉണ്ടെങ്കിലും വ്യാപകമായ ഇടപെടൽ നടക്കുന്നില്ല. വായനശാലകളുടെ യഥാർത്ഥ ധർമ്മം ഇന്ന് വേണ്ടപോലെ പരിപാലിക്കപ്പെടുന്നില്ല. ടി. വി. , കേബിൾ ടി. വി.., വി. സി. ആർ. തുടങ്ങിയ ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരത്തിൽ വായന നിർജീവമായിരിക്കുകയാണ്. മനുഷ്യനെ ബോധപൂർവ്വം ശൂന്യതയിലേക്കും ഉപഭോഗ താല്പര്യങ്ങളിലേക്കും തള്ളിവിടുന്ന കൊളോണിയൽ ഇടപെടലുകൾ വ്യാപകമായ പ്രശ്നങ്ങൾ ഉളവാക്കുന്നു. ചിന്തിക്കുന്ന മനുഷ്യനെ സുഖിപ്പിക്കുകയും, ഇക്കിളിപ്പെടുത്തുകയും, സ്വന്തം അവസ്ഥ അറിയുന്നതിൽ നിന്നും വഴി തെററിക്കുകയും ചെയ്യുന്ന സാമ്രാജ്യത്ത ദുഷ്ട ലാക്കും, ചൂഷണങ്ങളും നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

നമ്മുടെ ഗോത്രവർഗ്ഗ ഊർജ്ജം നിറഞ്ഞു നില്ക്കുന്ന കലാസാംസ്കാരിക അനുഷ്ഠാന രൂപങ്ങൾ കണ്ടെത്തുകയും പോഷിപ്പിക്കുകയും അവ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും ആവിഷ്ക്കാരത്തിനും ഉപയുക്തമാക്കുകയും ചെയ്യണം.

ഇന്ന് ലളിതമായ നന്മ തിന്മകളെ തിരിച്ചറിയുക മാത്രമല്ല മറിച്ച് എണ്ണിയാൽ ഒടുങ്ങാത്ത കപട സാംസ്കാരിക പ്രവർത്തനങ്ങളോട് സമരം ചെയ്ത് സാംസ്കാരിക മേൽക്കോയ്മ സ്ഥാപിക്കുകയാണ് വേണ്ടത്.

ഈ പഞ്ചായത്തിൽ നല്ല സിനിമകളെ പരിചയപ്പെടുത്തുന്നതിനും, സിനിമയുടെ കലാംശം ചർച്ച ചെയ്യുന്നതിനും പ്രേരണ ഫിലിം സൊസൈററി പ്രവർത്തിച്ചിരുന്നു. നിരവധി ക്ലാസ്സിക്കുകളും ദേശീയവും പ്രദേശീയവുമായ നല്ല സിനിമകളും സൊസൈററി പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ സിനിമാ സംസ്കാരത്തേയും ആസ്വാദന നിലവാരത്തേയും ഉയർത്തുവാൻ ഒരു പരിധി വരെ സൊസൈററിക്ക് കഴിഞ്ഞിട്ടുണ്ട്.

ശാസ്ത്രത്തെ ജനനന്മയ്ക്ക് വേണ്ടി പ്രയോഗിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളുടെ വിശാല വേദിയായി മണലൂർ പഞ്ചായത്ത് മാറി കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ വിഭവ ഭൂപടം, ആരോഗ്യ സർവ്വെ, സാക്ഷരത പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം കൊടുത്തത് പരിഷത്തായിരുന്നു.

പഞ്ചായത്തിലെ മൊത്തം കലാ സമിതികളും വായനശാലകളും സംയുക്തമായി ജനങ്ങളുടെ കൂട്ടായ്മയോടെ സാംസാകാരിക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ഗ്രാമപത്രം : ഇക്കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ മണലൂർ ഗ്രാമപഞ്ചായത്ത് വികസനസമിതിയുടെ നേതൃത്വത്തിൽ ഗ്രാമവാർത്ത പാക്ഷികപത്രം പ്രസിദ്ധീകരിക്കുകയുണ്ടായി.

## സാംസ്കാരിക രംഗത്ത് സ്മരിക്കപ്പെടേണ്ട വ്യക്തികൾ

പുത്തേഴത്ത് രാമൻമേനോൻ:- സാഹിത്യകാരൻ, ചരിത്രകാരൻ, ഭരണതന്ത്രജ്ഞൻ, ന്യായാധിപൻ, സാഹിത്യ അക്കാദമി ചെയർമാൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു.

മുണ്ടശ്ശേരി:- വിദ്യാഭ്യാസ ചിന്തകൻ, അദ്ധ്യാപകൻ, സാഹിത്യകാരൻ, നവവിമർശനശൈലിയുടെ ഉപജ്ഞാതാവ്, ഭരണതന്ത്രജ്ഞൻ, ഗ്രന്ഥകാരൻ, സഹകരണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നീ നിലകളിൽ സ്ഥിര പ്രതിഷ്ഠ നേടി.

വിദ്വാൻ കെ. പ്രകാശം:- വ്യാസ മഹാഭാരതം ശുദ്ധ മലയാള ഗദ്യത്തിലേക്ക് പരിഭാഷപ്പെടുത്തിയ സാഹിത്യകാരൻ.

ഗംഗാധരൻ മാങ്ങാട്ടുകര:- കവിതകളുടേയും, കാവ്യ നാടകങ്ങളുടേയും കർത്താവ്.

ആർ നമ്പ്യത്ത്:- മണലൂരിലെ ആദ്യത്തെ സിനിമാ നിർമ്മാതാവ്. സാഹിത്യകാരൻ, നടൻ, കഥാ പ്രാസംഗികൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്.

## കായിക സംസ്കാരം

കായിക വിനോദങ്ങൾ ശരീരത്തിനും മനസ്സിനും ഒരു പോലെ ചൈതന്യം കൊടുക്കുന്നവയാണ്. ബഹുജന പങ്കാളിത്തത്തോടെ പരസ്പരം സ്നേഹവും ഐക്യവും വളർത്തുന്ന വേദിയായി വളരണം കായിക രംഗം.

പഞ്ചായത്തിന്റെ അവികസിതമായ കായികരംഗത്ത് നിന്നും ഉയർന്നുവന്ന് നാടിന് അഭിമാനമായി തീർന്ന രണ്ട് കായിക പ്രതിഭകൾ നമുക്കുണ്ട്.

**പി. കെ. രാമചന്ദ്രൻ**

അഖിലേന്ത്യ സ്ക്കൂൾ ഗെയിംസിൽ ഡിസ്കസ് ത്രോയിൽ 1960 കളിൽ അഖിലേന്ത്യ റിക്കാർഡ് സൃഷ്ടിച്ചു. 80 കളിൽ മാത്രമാണ് ഈ റിക്കാർഡ് തകർക്കപ്പെടുന്നത്.

**പി. ജെ സണ്ണി**

ഇന്ത്യൻ ബാസ്ക്കററ്ബോൾ അസോസിയേഷൻ സീനിയർ വൈസ്പ്രസിഡണ്ട്, എഷ്യാഡിൽ ഒഫീഷ്യൽ, സ്പോർട്സിലൂടെ രാജ്യാന്തര ബന്ധം സ്ഥാപിക്കുന്ന പരിപാടിയുടെ ഭാഗമായി അമേരിക്കൻ പ്രസിഡണ്ടിൽ നിന്നും സമ്മാനം നേടിയ വ്യക്തി എന്നീ നിലകളിൽ ശ്രദ്ധേയനാണ്.

**പി. ജെ. ഫ്രാൻസീസ്**

ഇന്ത്യൻ അററ്ലററിക്ക് കോച്ചായിരുന്നു. പ്രഗത്ഭനായ ഒരു കായികതാരവുമായിരുന്നു.

## പ്രശ്നങ്ങൾ

1. നാടൻ കലകൾ തിരോഭവിക്കുന്നു.
2. ആധുനിക മാധ്യമങ്ങളുടെ അതിപ്രസരത്തിൽ വായന പിൻതള്ളപ്പെടുന്നു.
3. പുസ്തകങ്ങളുടെ ഗുളിക രൂപത്തിലുള്ള സംഗ്രഹങ്ങളിൽ വായനക്കാർ തൃപ്തിയടയുന്നു, ഗൗരവമായ വായന നടക്കുന്നില്ല.
4. വായനേതര സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നില്ല.
5. നല്ല സിനിമകളുടെ അഭാവം.
6. ആസ്ഥാനമില്ലാത്ത കലാസമിതികൾ.
7. നീല സിനിമകളും, പോർണോ ഗ്രാഫിയും യുവാക്കളെ വഴി തെററിക്കുന്നു.
8. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലെ മൗലിക പ്രതിഭകളുടെ കുറവ്.

## സാധ്യതകൾ

1. വായന ക്ഷമതാ സർവ്വെ നടത്തണം. കാഞ്ഞാണി കേന്ദ്രീകരിച്ച് കൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു മുഖ്യ വായനശാല സംഘടിപ്പിക്കാവുന്നതാണ്. ഈ വായനശാലയുടെ നേതൃത്വത്തിൽ വാർഡിലെ മററു വായനശാലകളെ ബന്ധപ്പെടുത്തി പൊതു പരിപാടികൾ ആസൂത്രണം ചെയ്യാവാൻ കഴിയും.

2. മുഖ്യവായനശാലയുടെ കലാ സാംസ്കാരിക വേദിയായി സ്ക്കൂളുകളെ മാററാവുന്നതാണ്. ഉദാ. വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സെമിനാറുകൾ, ചർച്ചകൾ, പഠനങ്ങൾ, പ്രസംഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

3. പൊതു അവധി ദിവസങ്ങളെ അടിസ്ഥാനമാക്കി ക്വിസ്, ഉപന്യാസം, (Essay)പഠന കലണ്ടറുകൾ മുൻ കൂട്ടി തയ്യാറാക്കി സ്ക്കൂളുകളിൽ അറിയിക്കുകയും സ്ക്കൂളുകളിൽ നിന്ന് നിർബ്ബന്ധമായും കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യാവുന്നതാണ്. ഇരുപതാം അവധി ദിവസങ്ങളെങ്കിലും ഇത്തരത്തിന് ഉപയോഗപ്പെടുത്താം. വിവിധ വിഷയങ്ങളിൽ സമഗ്രമായ അറിവ് കുട്ടികളിൽ ഉണ്ടാകും. പങ്കെടുക്കുന്നവർക്കെല്ലാം സമ്മാനം വർഷാന്ത്യത്തിൽ മൂല്യനിർണ്ണയം, ഇതിനെ ആധാരമാക്കി മാസിക, ഈ മാസികയിൽ വിവിധ സ്ക്കൂളുകളിൽ നിന്നും യുവജനോത്സവങ്ങളിൽ സമ്മാനാർഹമാകുന്ന രചനകളും ഉൾപ്പെടുത്താം.

4. വേനലവധികളിൽ കുട്ടികൾക്കായുള്ള നാടക - കവിത - കഥാ - കളരികൾ സംഘടിപ്പിക്കാവുന്നതും, നല്ല സൃഷ്ടികൾ അവതരിപ്പിക്കാവുന്നതുമാണ്. സംഗീതം, നൃത്തം, ഉപകരണങ്ങൾ ഇവ പരിശീലിപ്പിക്കാം. അവധിക്കാലത്ത് തന്നെ നടത്തേണ്ട ഗ്രാമോത്സവങ്ങൾ കുട്ടികളുടെ കഴിവുകൾ മാററുരയ്ക്കുന്ന വേദിയാക്കാം.

5. അംഗൻവാടികളെല്ലാം ഉച്ചതിരിഞ്ഞ് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള സാംസ്കാരിക കേന്ദ്രമായി പ്രവർത്തിക്കാവുന്നതാണ്.

മുഖ്യവായനശാലക്ക് ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കാവുന്നതാണ്.

6. മുഖ്യ വായനശാല ഇത്തരത്തിൽ വേദിയാക്കുമ്പോൾ തന്നെ മററു വായനശാലകളും സ്കൂളുകളും അവരുടെ തനതു പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും, പുതിയ പ്രവർത്തനങ്ങൾ ഏറെറടുത്തുകൊണ്ട് സ്വയം പര്യാപ്തമാകേണ്ടതുമാണ്. നാടൻ കലാ

പഠനപരിശീലന കേന്ദ്രങ്ങൾ ഫിലിം ക്ലബുകൾ എന്നിവ ഇതിനനുബന്ധമാക്കാം.

7. പഞ്ചായത്തിന്റെ കമ്മ്യൂണിററി ഹാൾ ബന്ധപ്പെടുത്തി മൊത്തം ക്ലബ്ബുകളുടെ ഒരു കോർഡിനേററി കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഈ മുഖ്യ കലാ സമിതിയുടെ നേതൃത്വത്തിലായിരിക്കണം മററു കലാസമിതികളുടെ പ്രർത്തനങ്ങൾ.

8. സ്ക്കൂൾ ഗ്രൗണ്ടുകൾ, പൊതു കളിസ്ഥലങ്ങൾ എന്നിവയോട് അനുബന്ധിച്ച് പഞ്ചായത്തിന്റെ മുൻകയ്യോടെ സ്പോർട്സ് ക്ലബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ അതാതു പ്രദേശത്തെ ജനപങ്കാളിത്തം ഉപയോഗപ്പെടുത്താം. സ്വകാര്യസ്ഥാപനങ്ങളുടെ പേരിലുള്ള സ്പോൺസർഷിപ്പ് രീതിയും ഇതിനായി ഉപയോഗിക്കാവുന്നതാണ്.

9. ജലാശയങ്ങളോട് ചേർന്ന് ബോട്ട് ക്ലബ്ബ്, നീന്തൽ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

10. ആസ്ഥാനമില്ലാത്ത ക്ലബ്ബുകൾക്ക് ആസ്ഥാനമുണ്ടാക്കികൊടുക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

11. അദ്ധ്യാപകർക്കും, പൊതു പ്രവർത്തകർക്കും വേണ്ടി ഉന്നത നിലവാര പഠന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

12.കണ്ടശ്ശാംകടവ് ജലോത്സവം തൃശൂർ ജില്ലയിലെ ഏററവും പ്രധാന ഓണക്കാല ഉത്സവമാണ്. വികസന സാധ്യതകളുള്ള ഈ ദേശീയ ജലോത്സവം ടൂറിസം ഡവലപ്മെൻറിന്റെ സഹായത്തോടെ കൂടുതൽ വികസിപ്പിക്കാവുന്നതാണ്.

13. കാനോലികനാലുമായി ബന്ധപ്പെട്ട ജലപാതകൾ പരിഷ്ക്കരിച്ച് വിനോദ സഞ്ചാര വികസനം സാധ്യമാക്കാവുന്നതാണ്.

14. ആയോധന കലാ പരിപോഷിപ്പിച്ച് നിലനിർത്താനുള്ള പരിപാടികൾ കണ്ടെത്തേണ്ടതുണ്ട്.

## പഞ്ചായത്തിലെ വായനശാലകൾ

| ക്രമനമ്പർ | ഗ്രേഡ് | വർഷം | പേര് | വാർഡ് | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | A | 1935 | യുവജനസമിതി പൊതു വായനശാല മണലൂർ | 4 | 20000 |
| 2 | B | 1950 | ഗ്രാമീണ വായനശാല കാരമുക്ക് | 12 | 10000 |
| 3 | C | 1952 | സുഭാഷ് വായനശാല പാലാഴി | 8 | 8000 |

## ദിനപ്പത്രങ്ങൾ

| | | |
|---|---|---|
| മാതൃഭൂമി | - | 833 |
| മലയാളമനോരമ | - | 615 |
| എക്സ്പ്രസ്സ് | - | 165 |
| ദേശാഭിമാനി | - | 203 |
| ദീപിക | - | 80 |
| മംഗളം | - | 10 |
| കേരളകൗമുദി | - | 25 |
| ഇന്ത്യൻ എക്സ്പ്രസ് | - | 60 |
| ഹിന്ദു | - | 20 |

## വാരികകൾ - ദ്വൈവാരികകൾ

| | | |
|---|---|---|
| മംഗളം | - | 1000 |
| മനോരമ | - | 900 |
| മാദ്യഭൂമി | - | 87 |
| ദേശാഭിമാനി | - | 50 |
| കലാകൗമുദി | - | 115 |
| കേരള ശബ്ദം | - | 155 |
| മനോരാജ്യം | - | 20 |
| നാന | - | 200 |
| കുങ്കുമം | - | 2 |
| കുമാരി | - | 5 |

## മാസികകൾ

| | | |
|---|---|---|
| ഭാഷാപോഷിണി | - | 3 |
| വനിത | - | 425 |
| ഗൃഹലക്ഷ്മി | - | 100 |
| കന്യക | - | 50 |
| മഹിളാരത്നം | - | 375 |
| ബിസിനസ്സ് ലൈൻ | - | 2 |
| ബിസിനസ് ദീപിക | - | 10 |
| ദി. വീക്ക് | - | 5 |
| ചിന്ത | - | 26 |
| പീപ്പിൾസ് ഡെമോക്രസി | - | 2 |
| ദി മാർക്സിസ്ററ് | - | 1 |

## ബാല മാസികകൾ

| | | |
|---|---|---|
| ബാല മംഗളം | - | 50 |
| ബാലരമ | - | 450 |
| കളിക്കുടുക്ക | - | 110 |
| ബാലഭൂമി | - | 225 |
| മുത്തശ്ശി | - | 50 |
| മുത്തുചിപ്പി | - | 15 |
| ചിത്രകഥകൾ | - | 180 |
| ഹക്കനാർ | - | 5 |
| പൂമ്പാററ | - | 100 |
| യുറീക്ക | - | 350 |

| | | |
|---|---|---|
| വിജയ വീഥി | - | 12 |
| തൊഴിൽ വാർത്ത | - | 125 |
| വിദ്യാരംഗം | - | 15 |
| കർഷക ശ്രീ | - | 45 |
| കർഷകൻ | - | 10 |

# വനിത

ദ്രുതഗതിയിലുള്ള സാമൂഹ്യമാററങ്ങൾ സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ പോലും, സത്രീ സമൂഹം, സാമൂഹ്യ പ്രവർത്തനങ്ങളിൽ കണ്ണി ചേരാതെ പിന്നണിയിൽ തന്നെയാണ്.

ഉപഭോഗ സംസ്കാരത്തിന്റെ ശക്തമയ സ്ത്രീ പീഡനത്തിനും, വെല്ലു വിളികൾക്കും മുമ്പിൽ, പ്രതിഷേധത്തിന്റെ ഒരു ചെറിയ ഒച്ചപോലും വെക്കാനാവാതെ, സ്ത്രീകൾ എല്ലാം സഹിച്ച് മൂകരായി നില്ക്കുന്നു.

കുടുംബപരമായും, സാമൂഹ്യമായും, നിലനിന്നിരുന്ന വിലക്കുകളെ മുറിച്ചു കടന്നുപോയ സ്ത്രീകളുടെ ഒരു തിളങ്ങുന്ന ഭൂതകാലം മണലൂരിനുണ്ട്.

മണലൂരിന്റെ സാമൂഹ്യമാററങ്ങൾക്ക് നിർണ്ണായക പങ്കുവഹിച്ച, ചകിരി തൊഴിലാളി സമരം, കർഷക തൊഴിലാളി സമരം തുടങ്ങിയ പ്രക്ഷോഭങ്ങളിൽ, സ്ത്രീകളുടെ പങ്കാളിത്തം ശക്തമായിരുന്നു.

പുതിയ കുടുംബ ക്ഷേമ പദ്ധതികളുടെ ഫലമായി കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുകയും, സ്ത്രീകൾക്ക് കൂടുതൽ ആരോഗ്യവും, വിദ്യാഭ്യാസവും, നേടാനാവുകയും ചെയ്തിട്ടുണ്ട്. ഇതുവഴി അവർക്ക് സാമൂഹ്യ ഇടപെടലുകൾക്ക് സമയവും, പ്രാപ്തിയും ലഭ്യമായിട്ടുണ്ട് എന്നിട്ടും ഇന്നത്തെ സ്ത്രീ സമൂഹത്തിന്റെ സ്ഥിതി ശോഭനമല്ല.

സാക്ഷരതാ പ്രസ്ഥാനം, വിഭവ ഭൂപട നിർമ്മാണം, സാമൂഹ്യ സാമ്പത്തിക സർവേ, തുടങ്ങിയ ഏററവും പുതിയ സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് ശ്രദ്ധേയമായിരുന്നു. പൊതുവെ സാമുദായിക സംഘടനകളിലും, മതപരമായ പ്രവർത്തനങ്ങളിലുമാണ് സ്ത്രകൾ ഏർപ്പെട്ടിരിക്കുന്നത്. ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള, പ്രായോഗിക വ്രർത്തനങ്ങളിൽ സ്വാഭാവിക കഴിവുകളുള്ള സ്ത്രീ സമൂഹം - കൂട്ടായ്മയിലൂടെ സ്വന്തം അധസ്ഥിതാ വസ്ഥക്കും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും കർമ്മശേഷി ഉണർത്തുന്ന ഒരു ചാലകശക്തിയായി ഉയരേണ്ടതുണ്ട്.

സ്വന്തം അവസ്ഥയെക്കുറിച്ച് ആത്മബോധം നേടിയ സ്ത്രീ ശക്തിക്ക് നാടിന്റെ ഭാഗധേയം നിർണ്ണയിക്കാനാകും.

## മണലൂർ ഗ്രാമ പഞ്ചായത്ത്

### വനിത

1991 ലെ കനേഷുമാരി കണക്ക് പ്രകാരം ആകെ ജനസംഖ്യ 31,230 ആണ്. സ്ത്രീകൾ 16,227 (51.3%). സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. ഇതിൽ പട്ടിക ജാതിയിൽ 1,963 സ്ത്രീകളാണ്, പുരുഷന്മാർ 1,889 ഉം. സെൻസസ് പ്രകാരം 132,26 സ്ത്രീകളാണ് സാക്ഷരരായി കാണുന്നത്. ഇതിൽ നിന്നും 3001 സ്തീകൾ നിരക്ഷരരായിട്ടുണ്ട്. ഇവരെ കൂടി സാക്ഷരരാക്കുന്നതിന്, തുടർന്ന സാക്ഷരതാ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

അദ്ധ്യാപന രംഗങ്ങളിലും, കാർഷിക രംഗങ്ങളിലും പുരുഷന്മാരേക്കാൾ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും മററു തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണെന്ന് താഴെ ചേർക്കുന്ന പട്ടിക പ്രകാരം കാണാവുന്നതാണ്.

അവലംബം

(91 ലെ സെൻസസ്)

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| Main Worker | 6,617 | 2,341 |
| Marginal Workers | 489 | 814 |
| | 7,106 | 3,155 |
| Work Participation | 47.36% | 19.44% |

വിദ്യാസമ്പന്നരായ സ്ത്രീകൾ ഏറെ ഉണ്ടെങ്കിലും, അവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങളോ, സഹകരണാടിസ്ഥാനത്തിലുള്ള വനിതായൂണിററുകളോ പഞ്ചായത്തിൽ നിലവിലില്ല.

വനിതകൾക്ക് ഏറെ തൊഴിൽ സാദ്ധ്യതയുള്ള പച്ചക്കറി കൃഷി, കോഴി വളർത്തൽ, കയറുല്പന്നങ്ങൾ നിർമ്മിക്കൽ, കൈത്തറി നെയ്ത്ത്, ടെയിലറിംഗ്, നോട്ട് ബുക്ക് നിർമ്മാണം, ഇലക്ട്രോണിക്ക് യൂണിററുകൾ തുടങ്ങിയ മേഖലകൾ വികസിപ്പിച്ച് തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്.

സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി സർക്കാർ നിലവാരത്തിൽ നടത്തി വരുന്ന ക്ഷേമ

പദ്ധതികൾ വളരെ അപര്യാപ്തമാണ്. അതോടൊപ്പം സ്ത്രീകളെ സാമൂഹ്യമായും, രാഷ്ട്രീയമായും ഉയർത്തിക്കൊണ്ടുവരുന്നതിന്, അത്തരം മേഖലകളിൽ പ്രവർത്തിക്കുന്നവർ മതിയായ പ്രാതിനിധ്യം നല്കുന്നില്ല. രാഷ്ട്രീയ - സാമൂഹ്യ രംഗത്തെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിവുള്ള വനിതാപ്രസ്ഥാനം വളർത്തത്തിയെടുക്കുവാൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

സ്ത്രീകളെ കച്ചവടച്ചരക്കാക്കുന്ന അശ്ലീല പോസ്ററുകൾ നിരോധിക്കേണ്ടതും, മദ്യം, മയക്കുമരുന്ന്, പുകവില എന്നീ സാമൂഹ്യ വിപത്തുകൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ ആസത്രണം ചെയ്തു ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുമാണ്.

പത്രമാസികളിൽ കൂടിയും, ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടിയും തെററായ രീതിയിൽ വരുന്ന പരസ്യങ്ങൾക്കെതിരെ പ്രതികരിക്കുകയും, ബോധവൽക്കരണം നടത്തുകയും വേണം.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ആനുപാതിക പ്രാതിനിധ്യം ഇല്ല.

2. സമൂഹത്തിൽ നിലനില്ക്കുന്ന കുടുംബപരമായ പ്രതികൂല സാഹചര്യങ്ങളാൽ (കുട്ടികളുടെ സംരക്ഷണം, വീട് സംരക്ഷണം, ഭർത്താക്കന്മാർ അനുവദിക്കായ്ക തുടങ്ങിയവ) സ്ത്രീകൾക്ക് പ്രവർത്തിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും പററാത്ത സ്ഥിതിയുണ്ട്.

3. സ്ത്രീകളുടെ മാത്രം പങ്കാളത്തിത്തിലുള്ള സഹകരണ സംഘങ്ങൾ, മഹിളാ സമാജങ്ങൾ, ചെറുകിട വ്യവസായ യൂണിററുകൾ എന്നിവയുടെ പ്രവർത്തനം ഇല്ല.

4. DWCRA, ട്രൈസം, RAP എന്നീ സർക്കാരിൻെറ ആഭിമുഖ്യത്തിലുള്ള പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ലെന്നുതന്നെയാണ് പട്ടിക പരിശോധനയിൽ ദൃശ്യമാകുന്നത്. പട്ടികകൾ ഇതോടൊന്നിച്ച ചേർത്തിരിക്കുന്നു.

11.2, 11.4, 11.9.

5. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് തൊഴിൽ മേഖലകൾ ഏറെയുണ്ടെങ്കിലും, പ്രാവർത്തികമാകുന്നില്ല.

6. സ്ത്രീകൾക്ക സർക്കാർ തലത്തിൽ നല്കി വരുന്ന ക്ഷേമ പദ്ധതികളുടെ പ്രവർത്തനം പര്യാപ്തമല്ല.

7. സ്ത്രീധന സമ്പ്രദായം നിലനില്ക്കുന്നതിനാൽ സ്ത്രീപീഡനം നിലനില്ക്കുന്നു.

8. പരസ്യങ്ങൾക്ക് സ്ത്രീകളുടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.

9. സ്ത്രീകളുടെ കലാ-കായിക-സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിന് സംവിധാനമില്ല.

10. ഗ്രാമീണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭ്യമല്ല.

## സാദ്ധ്യതകൾ

1. തുടർ സാക്ഷരതാ പ്രവർത്തനം ജനപങ്കാളിത്തത്തോടെ നടത്തുക.

2. സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിലവിലുള്ള DWCRA, RAP, ട്രൈസം എന്നീ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക, കൂടുതൽ പേർക്ക് പരിശീലനം ലഭ്യമാക്കുക, പരിശീലനം നേടിയവർക്ക് യൂണിററുകൾ സ്ഥാപിച്ച് പ്രവർത്തിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ, സാങ്കേതിക സഹായങ്ങൾ, ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനം തുട്ങിയ പ്രശ്നങ്ങളെ സംബന്ധിച്ച് പരിഹാര നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്.

3. അംഗൻ വാടികളോട് അനുബന്ധമായി, സ്ത്രീകളുടെ ചെറിയ, ചെറിയ ഗ്രൂപ്പുകൾ രൂപീകരിച്ചും പച്ചക്കറി തോട്ടങ്ങൾ ആരംഭിക്കുക.

4. അംഗൻവാടികളോട് ചേർന്ന മഹിളാസമാജങ്ങൾ സംഘടിപ്പിച്ച് തൊഴിൽ പരിശീലനവും, ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക.

5. വനിതാ സഹകരണ സംഘങ്ങൾ, ചെറുകിട വ്യവസായ യൂണിറുകൾ എന്നിവ ആരംഭിക്കുക.

6. വനിതാ ക്ഷേമ പദ്ധതികൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുക.

7. സ്ത്രീകളെ സാമൂഹ്യമായും, രാഷ്ട്രീയമായും ഉയർത്തിക്കൊണ്ടുവരുന്നതിന് പഞ്ചായത്ത് തലത്തിൽ വരുന്ന കമ്മിററികളിൽ അർഹമായ പ്രാതിനിധ്യം കൊടുക്കുക.

8. അശ്ലീല പരസ്യങ്ങൾ നിരോധിക്കുക. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപത്തിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിന് ഗ്രാമതലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9. മണലൂർ വായനശാലയിൽ പ്രവർത്തിക്കുന്ന Community Poly Technical - Sub - Centre - വനിതകളുടെ തൊഴിൽ സംരംഭങ്ങളുടെ പരിശീലനത്തിന് ഉപയോഗപ്രദമാകും.

# സഹകരണം

മണലൂർ ഗ്രാമ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് ശക്തമായ ഒരു അടിത്തറ ഉണ്ട്.

മണലൂർ വില്ലേജിലും കാരമുക്ക് വില്ലേജിലും പ്രത്യേകം ക്രഡിററ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ വായ്പേതര സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. വ്യാവസായിക മേഖലയിൽ പവർലൂം സഹകരണ സംഘം, ക്ഷീരകർഷകരുടെ ക്ഷീരോല്പദന സഹകരണ സംഘം, ചകിരിത്തൊഴിലാളികളുടെ സഹകരണ പ്രസ്ഥാനം, തുടങ്ങിയവ ശ്രദ്ധാർഹമാണ്. കൂടാതെ പഞ്ചായത്ത് അതിർത്തിയിൽ അന്തിക്കാട് ചെത്തുതൊഴിലാളി സഹകരണ സംഘം, ഹൗസിംഗ് സൊസൈററി, തൃശൂർ ബീകീപ്പേഴ്സ് സൊസൈററി എന്നിവയുടെ പ്രവർത്തന പരിധിയിൽ മണലൂർ പഞ്ചായത്ത് പെടുന്നു. കൂടാതെ സഹകരണ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

ഇവയെല്ലാം തന്നെ പഞ്ചായത്തിലെ സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്. പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യം 31230 ഉം ക്രഡിററ് സഹകരണ സംഘങ്ങളിൽ മൊത്തം 13116 പേരും ആകുന്നു. ഇതിൽ നിന്നും ജനസംഖ്യയുടെ 42% പേർ വായ്പാസഹകരണ സംഘങ്ങളിൽ അംഗങ്ങളാണ്. വായ്പേതര സഹകരണ സംഘങ്ങൾക്കും കാര്യമായ സ്വാധീനം കാണുന്നു.

കൂടാതെ തൃശൂർ ജില്ലാ കോ-ഓപ്പറേററീവ് ബാങ്കിൻെറ സേവനവും ഇവിടെ ലഭ്യമാണ്.

## വായ്പാ സഹകരണ സംഘങ്ങൾ

**1. 16-ാം നമ്പർ സർവ്വീസ്**
**കോ-ഓപ്പറേററീവ് ബാങ്ക് കാരമുക്ക്**

1091തുലാം മാസം 12-ാം തിയ്യതി പരസ്പരസഹായ സഹകരണ സംഘമായി പ്രവർത്തനം ആരംഭിച്ച പിന്നീട് 1976 ൽ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ആയി ഉയർത്തി കാരമുക്ക് വില്ലേജിൻെറയും, പടിയം വില്ലേജിൻെറ കുറച്ചു ഭാഗങ്ങളും ഇതിൻെറ പ്രവർത്തന പരിധിയിൽ പെടുന്നു. 9280 അംഗങ്ങൾ ഉള്ള ഈ ബാങ്കിൽ 1508591 രൂപ ഓഹരി മൂലധനമുണ്ട്. വിവിധ ഇനങ്ങളിലായി 24582914 രൂപ അംഗങ്ങൾക്ക് വായ്പ നല്കിയിട്ടുണ്ട്. സഹകരണ ചട്ടം അനുസരിച്ച് എല്ലാ ഡെപ്പോസിററുകളും ബാങ്ക് സ്വീകരിക്കുന്നുണ്ട്.

താഴെ പറയുന്ന വായ്പകൾ ബാങ്ക് നല്കി വരുന്നുണ്ട്.

| | |
|---|---|
| സാധാണ വായ്പ | Rs. 3000 |
| കച്ചവട വായ്പ | Rs. 5000 |
| ഓവർ ഡ്രാഫ്ററ് | Rs. 25000 |
| ഭൂമി പണയപ്പെടുത്തി എടുക്കാവുന്നത് | Rs. 100000 |
| സ്വർണ്ണം പണ്ടം പണയം | Rs. 25000 |
| സ്വയം തൊഴിൽ വായ്പ | Rs. 25000 |

കൃഷി വായ്പ, ഭൂമി വായ്പ, (ജാമ്യം അനുസരിച്ച്), മോട്ടോർ പമ്പ്സെററ് വായ്പ (ക്രെഡിററ് പ്ലാൻ അനുസരിച്ച് കൃഷിഭവൻമുഖേന) I R D P ലോണുകൾ തുടങ്ങിയവയാണ് പ്രധാന വായ്പകൾ. അംഗങ്ങളുടെ മരണാനന്തര സഹായമായി 500 രൂപ നൽകുന്നുണ്ട്. അംഗങ്ങളുടെ മക്കൾ S. S. L. C. പരീക്ഷയിൽ ഉയർന്ന വിജയം വരിക്കുമ്പോൾ കേഷ് അവാർഡും കൊടുക്കുന്നുണ്ട്.

**2. മണലൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 31**

1092 വൃശ്ചികം 1-ാം തീയ്യതി രൂപം കൊണ്ട് മണലൂർ സർവ്വീസ് സഹകരണ സംഘം 1984ൽ ബാങ്കായി ഉയർത്തി. ഇന്ന് 5490 അംഗങ്ങൾ ഉണ്ട്. മണലൂർ വില്ലേജ് ആണ് പ്രവർത്തന പരിധി. 695539 രൂപ ഓഹരി മൂലധനമുണ്ട്. 12237218 രൂപ വിവിധ ഇനങ്ങളിലായി വായ്പ നല്കിയിരിക്കുന്നു. സഹകരണ ചട്ടം അനുസരിച്ച് എല്ലാ ഡെപ്പോസിററുകളും സ്വീകരിക്കുന്നു.

| | |
|---|---|
| സാധാരണ വായ്പ | 4000 |
| വിവാഹ വായ്പ | 5000 |
| കച്ചവട വായ്പ | 15000 |
| ഭൂമി പണയം | 25000 |
| സ്വർണ്ണം പണയം | 25000 |
| കൃഷി വായ്പ | 10000 |

കൂടാതെ ഓണചന്ത, സ്ഥിരമായ മാവേലി കൺസ്യൂമർ സ്റേറാർ, വ്യത്യസ്ഥ നമ്പർ കുറികൾ എന്നിവയും

ബാങ്ക് നടത്തുന്നുണ്ട്. കൂടാതെ മണലൂർ താഴം കോൾ പടവിൻെറ നടത്തിപ്പ്, കൃഷിഭവൻെറ സഹകരണ ത്തോടെ വിത്ത്, വളം വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നെല്ലു സംഭരണം, കൊപ്ര സംഭരണം ഇവയും നടത്തുന്നുണ്ട്.

## വായ്പേതര സഹകരണ സംഘങ്ങൾ

### 1. ക്ഷീര ഉല്പാദക സഹകരണ സംഘം നമ്പർ. R. 112 (D) മണലൂർ

പഞ്ചാത്തിലെ ക്ഷീരോല്പാദനത്തിലും വിതരണത്തിനും ഈ സംഘം കാര്യമായ പങ്കു വഹിക്കുന്നു. പ്രതിവർഷം ശരാശരി 74809 ലിററർ പാൽ സംഭരിക്കുന്നു. പ്രദേശികമായി 21700 ലിററും, പരിധിക്കു പുറത്ത് 53109 ലിററും-പാൽ വിററഴിക്കുന്നു.

പഞ്ചായത്തിലെ പാലിൻെറ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ ചെറിയ ഒരളവു മാത്രമെ ഈ സംഘത്തിൻെറ പരിധിയിൽ ചിലവായി പോവുന്നുള്ളു. ഈ സഹകരണ സംഘം വഴി D R D A Scheme അനുസരിച്ച് കന്നുകുട്ടികളെ വിതരണം ചെയ്തു വരുന്നുണ്ട്. പാലുല്പന്നങ്ങളുടെ നിർമ്മാണം ചെറിയ തോതിൽ നടന്നു വരുന്നുണ്ട്. കൂടാതെ ടീപാർട്ടി പലഹാരങ്ങളുടെ നിർമ്മാണവും ഇതിനു കീഴിൽ നടക്കുന്നുണ്ട്. ഈ സംഘത്തിൻെറ പ്രവർത്തനപരിധിയിൽ 6, 7 വാർഡുകൾ മാത്രമേ ഉൾപ്പെടുന്നുള്ളു എന്നത് ഇതിൻെറ പോരായ്മയാണ്.

### 2. ജയ്ഹിന്ദ് പവർലൂം. R: 252

IRDP മുഖേന 80 പേരുടെ വായ്പയായി 730000 രൂപ സ്വരൂപിച്ചു.

48 സ്പിന്നിംഗ് യന്ത്രങ്ങളും 4 ഡ്രോബ്സും നിലവിലുണ്ട്. എന്നാൽ 24 എണ്ണം പ്രവർത്തിക്കുന്നു. ഒരു ഏക്കർ സ്ഥലവും അതിൽ ഒരു കെട്ടിടവും ഉണ്ട്. ഏറെ വികസന സാധ്യതകൾ ഉള്ള ഈ സ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കാവുന്നതാണ്.

### 3. മണലൂർ സഹകരണ ആശുപത്രി രജി. നമ്പർ. 330

അന്തിക്കാട്, മണലൂർ, വാടാനപ്പിള്ളി, വെങ്കിടങ്ങ് അരിമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപെടുന്നതാണ് പ്രവർത്തന പരിധി.

ഇന്ന് വാടക കെട്ടിടത്തിൽ ആശുപത്രി പ്രവർത്തിക്കുന്നു. 8 ബെഡ് ആണ് ഉള്ളത്.

രണ്ടു ഡോക്ടർമാരുടെ ചികിത്സ ലഭ്യമാണ്. അടുത്തകാലത്തായി ഈ ആശുപത്രി വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

മണലൂരിലെ ചികിത്സാ ആവശ്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാനുള്ള ആശുപത്രി വികസിപ്പിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

ഇതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയാണ് ആദ്യം വേണ്ടത്.

### 4. ചകിരി തൊഴിലാളി സഹകരണ സംഘം മണലൂർ

1957 ൽ ആരംഭിച്ച ഈ സഹകരണ സംഘത്തിൽ അംഗങ്ങൾ ഉണ്ട്. 40 തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു.

വിജയകരമായ പ്രവർത്തനങ്ങൾ സഹകരണരംഗത്ത് ഉണ്ടായപ്പോൾ തന്നെ ഒരുപാട് സഹകരണ സംഘങ്ങളും തകർച്ചക്കും നമ്മൾ സാക്ഷ്യം വഹിച്ചു.

കണ്ടശ്ശാംകടവ് കേന്ദ്രീകരിച്ചുണ്ടായിരുന്ന ചകിരി സംഘങ്ങൾ, കാരമുക്ക് കളിമൺ പാത്ര വ്യവസായ സഹകരണ സംഘം, തീപ്പെട്ടി നിർമ്മാണ സംഘം, ഇറിഗേഷൻ കോ-ഓപ്പറേററീവ് സഹകരണ സംഘം, എന്നിവ ഒരു പ്രത്യേക കാലഘട്ടത്തിൽ ഉയർന്നു വരികയും പിന്നീട് തകർന്നു പോയതായും കാണുന്നു.

## പ്രശ്നങ്ങൾ

മൊത്തം ജനസംഖ്യയിൽ 40% അംഗത്വം നേടിയിട്ടുണ്ട് എങ്കിലും ഇതിൻെറ 30% പേർ മാത്രമെ ഇടപാടുകാരായി കാണുന്നുള്ളു.

സഹകരണ പ്രസ്ഥാനം ജനങ്ങളുടേതാണ് എന്ന അവബോധം വികസിച്ചു കാണുന്നില്ല.

2. വായ്പ സഹകരണ സംഘങ്ങളുടെ വർദ്ധിച്ച പലിശ നിരക്ക്

3. ഡപ്പോസിററുകൾ വേണ്ടത്ര സ്വരുപിയ്ക്കാൻ കഴിയുന്നില്ല. ഈ പഞ്ചായത്തിലെ മൊത്തം ഡിപ്പോസിററിൻെറ 50% പോലും സ്വരൂപിയ്ക്കാൻ കഴിയുന്നില്ല.

4. വിദേശത്ത് ജോലി ചെയ്യുന്നവർ മുഖേന ഡപ്പോസിററ് സ്വീകരിയ്ക്കാൻ നിയമ തടസ്സം.

5. ഗുണഭോക്താക്കൾ വായ്പ ശരിയായി തിരിച്ചടക്കുന്നില്ല.

6. ആധുനിക മാനേജമെൻറ് സംവിധാനങ്ങൾ സഹകരണ മേഖലയിൽ ഉപയോഗപ്പെടുത്തി കാണുന്നില്ല.

7. സഹകരണ ബാങ്കുകൾ ശരിയായ അർത്ഥത്തിൽ സ്വയം പര്യാപ്തമല്ല. മററു ദേശസൽകൃത, ബാങ്കുകളു മായി പലിശനിരക്കിൽ മത്സരിക്കാൻ കഴിയുന്നില്ല.

8. കാർഷിക വായ്പ പൂർണ്ണമായി നിറവേററാൻ കഴി യുന്നില്ല. ഉള്ള സാധ്യതകൾ അംഗങ്ങൾ അറിയുന്നു മില്ല.

9. ഉല്പാദന മേഖലയിൽ സംഘങ്ങൾ

(a) മാനേജ്മെൻറ് കാര്യക്ഷമമല്ല.

(b) ഉള്ള സംവിധാനം ആധുനീകരിച്ചിട്ടില്ല.

(c) അംഗങ്ങളുടെ പങ്കാളിത്തം കുറവ്

(d) സാമ്പത്തികമായി ബുദ്ധിമുട്ട്

## സാധ്യതകൾ

1. ജലസേചനം, വിത്ത്, വളം, കീടനാശിനി, കാർഷി ക ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കു സഹകരണ ബാങ്ക് മുഖേന ഹ്യസ്വകാല വായ്പ ചുരുങ്ങിയ പലി ശയ്ക്ക് ലഭ്യമാണ്. നമ്മുടെ കാർഷിക മേഖലയിൽ ഇത് ഫലപ്രദമായി ഉപയോഗിയ്ക്കാവുന്നതാണ്.

2. NABARD മുഖേന നടപ്പാക്കിയിട്ടുള്ള കന്നുകാലി വികസനം, മൃഗ സംരക്ഷണം, തൊഴിൽ വികസനം മത്സ്യ കൃഷി തുടങ്ങിയ പദ്ധതികൾക്കായി ചുരുങ്ങിയ പലിശ ക്ക് പണം കടമായി സർവ്വീസ് കോപ്പറേററീവ് ബാങ്കുകൾ മുഖേന നല്കുന്നുണ്ട്. ഇത് പഞ്ചായത്തിൻെറ ഉല്പാ ദന മേഖലയിലേക്ക് ഫലപ്രദമായി തിരിച്ചു വിടണം.

3. പൊതു വിതരണ സംരംഭം സഹകരണ സംഘങ്ങൾ മുഖേന ഫലപ്രദമായി നടപ്പാക്കണം. ഇന്നത്തെ സർ ക്കാർ മാവേലി സ്റേറാറുകൾ സഹകരണ സംഘങ്ങൾ മുഖേന വേണം. ഇതുവഴി പൊതുവിപണിയിൽ ഉള്ള അന്യായമായ വിലവർദ്ധനവിനെ ചെറുക്കാൻ കഴിയും.

4. പഞ്ചായത്തിൽ പച്ചക്കറി കൃഷി തുടങ്ങിയ പ്രവർ ത്തനങ്ങൾ സജീവമായാൽ ഇവരുടെ ഉല്പന്നങ്ങൾ നമ്മുടെ രണ്ടു ക്രെഡിററ് സംഘങ്ങൾക്ക് നിശ്ചിത വി ലക്ക് വാങ്ങാനും, വിററഴിക്കാനുള്ള സാധ്യതയും നമ്മു ടെ പഞ്ചായത്തിൽ ഉണ്ട്.

5. മരുന്നുകൾ, നിത്യോപയോഗസാധനങ്ങൾ, കൺ സ്യൂമർ വസ്തുക്കളുടെ വിപണനത്തിൽ സംഘങ്ങൾക്ക് ഇടപെടാം. നമ്മുടെ സ്ക്കൂൾ കുട്ടികൾക്കാവശ്യമായ ബാഗ്, വസ്ത്രം, പുസ്തകം, കുടകൾ തുടങ്ങിയവ സീ സൻ അടിസ്ഥാനത്തിൽ സംഘങ്ങൾ മുഖേന വിപണനം നടത്താം. ഇതുവഴി ഇത്തരം വസ്ഥുക്കളുടെ ഉല്പാദന യൂണിററുകൾ നാട്ടിൽ വികസിപ്പിച്ചെടുക്കാം. ഇത്തരം വസ്തുക്കളുടെ വിപണനത്തിൽ ഇടത്തരക്കാർ 50% അധികം ലാഭം എടുക്കുന്നുണ്ട്. ഇത് ഒഴിവാക്കപ്പെടാവു ന്നതാണ്.

6. നമ്മുടെ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടു തൽ കെട്ടുപാടുകൾ ഇല്ലാതെ സ്വയം തൊഴിൽ സംരം ഭകർക്ക് ഈ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി ഉപ യോഗപ്പെടുത്താവുന്നതാണ്.

7. നമ്മുടെ തൊഴിൽ അന്വേഷകർക്ക് കൂടുതൽ കാ ര്യക്ഷമമായി തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നതി ന് സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും.

8. മണലൂർ സർവ്വീസ് ബാങ്കിൻെറ ഒരു ശാഖ കാ ഞ്ഞാണിയിലും, കാരമുക്ക് സർവ്വീസ് ബാങ്കിൻെറ ഒരു ശാഖ പാലാഴിയിലും സ്ഥാപിക്കണം.

9. പഞ്ചായത്തിൽ വോട്ടാവകാശമുള്ള എല്ലാവരെയും സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കുക. ഇതുവഴി സംഘങ്ങളുടെ പ്രവർത്തന മൂലധനം വർദ്ധി പ്പിക്കാനാവും.

10. വായ്പ തിരിച്ചടക്കുന്നതിനും വായ്പക്കാരനിൽ നിന്നും പണം പിരിക്കുന്നതിനും ആളെ നിശ്ചയിക്കുക.

11. ക്ഷീരോല്പാദന സഹകരണ സംഘത്തിൽ കാ ലത്തീററ നിർമ്മാണത്തിന് ഏർപ്പാടുണ്ടാക്കുക. ക്ഷീ രോല്പാദകർക്ക് മാടുകളെ വാങ്ങുന്നതിന് സംഘം മു ഖേന സാമ്പത്തിക സഹായം കൊടുക്കുക.

12. കാർഷിക ഉല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവ സംഭരിച്ച് ഒരു നാളികേര സംസ്കരണ യൂണി ററും. അരി ഉല്പാദന യൂണിററും ആരംഭിക്കുക.

13. പട്ടിക ജാതി സഹകരണ സംഘം പുനർ സ്ഥാപി ക്കുക. ഇതുവഴി പട്ടിക ജാതിക്കാരുടെ ഉന്നമനത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

14. പഞ്ചായത്തിനു തനതായി ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കണം.

15. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കേ ണ്ടതാണ്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പി ക്കുന്നതിന് നേതൃത്വം കൊടുക്കണം.

16. വിവിധ പ്രദേശങ്ങളിൽ ഉള്ള പഞ്ചായത്ത് കുള ങ്ങളിൽ മത്സ്യം വളർത്തുന്നതിന്, മത്സ്യതൊഴിലാളികളു ടെ സഹകരണ സംഘം രൂപീകരിക്കുക.

17. സഹകരണ മേഖലയിൽ ഒരു പ്രിൻറിംഗ് പ്രസ്സ് ആരംഭിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങൾ ഉൾ ക്കൊണ്ടു കൊണ്ടായിരിക്കണം ഇതു പ്രവർത്തിക്കേ ണ്ടത്.

18. പരമ്പരാഗത കൈവേലക്കാരുടെ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

# സഹകരണബാങ്കുകളുടെ സ്ഥിതി വിവരകണക്കുകൾ

| സംഘത്തിൻെറ പേര് | ആരംഭ ദിവസം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | ജീവനക്കാരുടെ എണ്ണം | പ്രവർത്തനങ്ങൾ | നല്കുന്ന വായ്പകൾ | വായ്പകളുടെ തുക | സംഘം വാങ്ങിയ വായ്പകൾ | എസ്ററാബ്ലിഷ്മെൻറ് കണ്ടിജൻസി |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16 | 24-3-1091 M.E. | 9280 | 1508591 | 13 | ഡെപ്പോസിററ് സ്വീകരിക്കൽ, വായ്പകൾ നല്കൽ | ഹ്രസ്വകാല വായ്പ | 210280 | 86438 | 1165613 |
| | | | | | | ദീർഘകാല വായ്പ | 162379 | | |
| | | | | | | പണ്ടം പണയം | 2834800 | | |
| | | | | | | സാധാരണ വായ്പ | 17198244 | | |
| | | | | | | പലവക | 5919282 | | |
| | | | | | | IRDP | 24849 | | |
| | | | | | | വീടു വായ്പ | 3866 | | |
| | | | | | | സ്വയം തൊഴിൽ | 219552 | | |
| | | | | | | ഓടു മേയൽ | 8866 | | |
| | | | | | | കക്കൂസു നിർമ്മാണം | 796 | | |
| 2. മണലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 31 | 12-4-1092 M. E. | 5490 | 695539 | 5 | ഡെപ്പോസിററ് സ്വീകരിക്കൽ, വായ്പകൾ നല്കൽ | S T | 74309 | | |
| | | | | | | M T | 71116 | | |
| | | | | | | L T | 47249 | | |
| | | | | | | സാധാരണ | 3530360 | | |
| | | | | | | പണ്ടം പണയം | 906973 | | |
| | | | | | | IRDP | 144380 | | |
| | | | | | | Deposit loan | 4611295 | | |
| | | | | | | ബിസിനസ്സ് | 681536 | | |

# പട്ടികജാതി

1991 - കാനേഷുമാരി കണക്കനുസരിച്ച് 3852 പട്ടികജാതിക്കാർ മണലൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ട് പട്ടിക വർഗ്ഗക്കാരില്ല.

2889 പുരുഷന്മാരും 1963 സ്ത്രീകളുമാണ്.

പറയൻ, പുലയൻ, കണക്കൻ, വേട്ടുവ, പാണൻ, മണ്ണാൻ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഇവരുടെ ജീവിത നിലവാരം വേണ്ടത്ര വളർന്നു എന്ന് കരുതാനാവില്ല. എന്നാൽ മണ്ണാൻ പാണൻ സമുദായക്കാർ താരതമേന്യ കൂടുതൽ ഉയർന്ന ജീവിത നിലവാരം നയിക്കുന്നതായികാണുന്നു.

ഈ സമൂഹത്തിന്റെ വളർച്ചയ്ക്കായി സർക്കാരിന്റെ നിരവധി പദ്ധതികൾ കാലങ്ങളായി നടപ്പാക്കിയിട്ടുണ്ട്. ഇവയൊന്നും ഫലം കണ്ടതായി കണുന്നില്ല.

മണലൂർ പഞ്ചായത്തിൽ പട്ടികജാതി ക്ഷേമ പ്രവർത്തനത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ 6 ലക്ഷം രൂപ ചിലവു ചെയ്തതായി കാണുന്നു.

683 പട്ടികജാതി കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും കൂട്ടമായി താമസിക്കുന്നു. പഞ്ചായത്തിൽ പട്ടികജാതിക്കാർ പാർക്കുന്ന ഒരു അംഗീകൃത കോളനിയും 18 സെററിൽമെൻറ് കോളനികളും ഉണ്ട് കേളനികളിൽ ഇന്നും അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല. ചില കോളനികൾ ഗതാഗത സൗകര്യം ഉള്ളവയാണ്. കരിക്കൊടി കോളനി പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് 85 വീടുകളും, ബ്ലോക്കു മുഖേന കുറച്ചു വീടുകളും വൈദ്യുദീകരിച്ചിട്ടുണ്ട്. I R D P സർവ്വേയിൽ 283 പട്ടികജാതി കുടുംബക്കാർ ഉൾപ്പെടുന്നു. ഇവർക്കെല്ലാവർക്കും സാമ്പത്തിക സഹായം വിവിധ പദ്ധതികൾ മുഖേന ലഭിച്ചിട്ടുണ്ട്. എന്നാൽ ആരും തന്നെ ദാരിദ്ര രേഖക്കു മുകളിൽ എത്തിയിട്ടില്ല. വിദ്യാലയങ്ങളിൽ പോകുന്നതിന് ദുരക്കൂടുതലില്ല. എന്നാൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ശ്രദ്ധാപൂർവ്വമായ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ലംസം ഗ്രാൻറും സ്റ്റൈറപ്പൻറും കൊണ്ട് പട്ടിക ജാതിക്കാരുടെ മക്കൾ വിദ്യാഭ്യാസം നേടും എന്ന് കരുതുന്നത് വസ്തുതാവിരുദ്ധമാണ്. നിലവിലുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ജീവിത നിലവാരത്തേയും, ബൗദ്ധിക വളർച്ചയേയും സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിലെ ഇതരവിഭാഗങ്ങളോടൊപ്പം വളർന്നെത്തുവാൻ അവർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പട്ടിക ജാതിക്കാരിൽ അധികവും ദിവസക്കൂലിക്കാരാണ് കൃഷി, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ പേരും ജോലി ചെയ്യുന്നു. സാമൂഹ്യ സാംസ്കാരിക രംഗത്ത് പട്ടിക ജാതിക്കാരുടെ സജീവ സാന്നിദ്ധ്യം ഈ പഞ്ചായത്തിൽ കുറവാണ്. രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥനാങ്ങളിൽ നേതൃസ്ഥാനം വഹിക്കുന്നവർ കുറവാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും മുഖ്യധാരയിൽ നിന്നും ഈ വിഭാഗത്തെ അകററി നിറുത്തുന്ന പ്രവണത ഒരു രംഗത്തും ഇല്ല. പഞ്ചായത്തിലെ 12 വാർഡുകളിൽ ഒരു വാർഡ് പട്ടിക ജാതിക്കാർക്കായി സംവണം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി പാർപ്പിടമില്ലാത്ത 120 കുടുംബങ്ങൾ ഉണ്ട്.

2. വ്യത്യസ്ഥ ഏജൻസികൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി, തൊഴിൽ ദാന പദ്ധതി തുടങ്ങിയവ ഫലപ്രാ്തിയിലെത്തുന്നില്ല.

3. വിദ്യാഭ്യാസ നിലവാരക്കുറവുണ്ട്, നിരക്ഷരതാ നിരക്കും കൂടുതലാണ്.

4. 7.32 ശതമാനം പേർ മാത്രമെ S. S. L. C. ക്ക് മുകളിൽ വിദ്യാഭ്യാസം നേടിയിട്ടുള്ളു.

5. സർക്കാർ സർവ്വീസിൽ 6% പേർ മാത്രമെ വന്നിട്ടുള്ളു.

6. പട്ടിക ജാതിക്കാർക്കായി അനുവദിക്കുന്ന പല പദ്ധതികളും ഇവരുടെ പേരിൽ അനുവദിക്കുകയും ലഭിച്ചതിനുശേഷം. വില്ക്കുകയും ചെയ്യുന്ന രീതി നിലനില്ക്കുന്നുണ്ട്.

7. വ്യത്യസ്ഥ വികസന പദ്ധതികൾ മുഖേനയുള്ള സൗജന്യങ്ങൾ ഈ സമൂഹത്തിന് മൊത്തം ഒരു സത്വ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

8. സർക്കാർ ധനസഹായ പദ്ധതികൾ സമയാസമയങ്ങളിൽ ഈ വിഭാഗങ്ങൾ അറിയുന്നില്ല.

9. വൈദ്യുതി ലഭ്യമാകുന്നതിന് അന്യഭൂമിയിലൂടെ വൈദ്യുതി ലൈൻ കൊണ്ടുവരുന്നതിനുള്ള അനുമതി പ്രശ്നം ഇവിടെ നിലനിൽക്കുന്നു.

## സാധ്യതകൾ

1. കുട്ടികളെ നിർബന്ധമായും സ്കൂളിൽ അയക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ചെറുകിട കുടിൽ വ്യവസായങ്ങൾ സഹകരണ സംഘം മുഖേന നടപ്പിലാക്കാവുന്നതാണ്.

3. കാലി വളർത്തൽ, കൃഷി തുടങ്ങിയ മേഖലയിൽ ഈ വിഭാഗത്തെ കൂടുതൽ ഉൾകൊള്ളിക്കാവുന്നതാണ്.

4. പഞ്ചായത്തിൽ ഉണ്ടായിരുന്ന ഹരിജൻ സർവ്വീസ് സഹകരണസംഘം പുനർജീവിപ്പിയ്ക്കാവുന്നതാണ് ഇതു മുഖേന തൊഴിൽ സൗകര്യങ്ങൾ പുനരാരംഭിക്കാം.

5. പഞ്ചായത്തിൽ 3-ാം വാർഡിൽ നിലവിലുള്ള ആഗ്രോ സർവ്വീസ് സെൻററിൻെറ പ്രവർത്തനങ്ങൾ സജീവമാക്കാവുന്നതാണ്.

6. പഞ്ചായത്തിൻെറ നേതൃത്വത്തിൽ തന്നെ ഈ വിഭാഗത്തിലെ യുവതലമുറക്ക് മത്സര പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

7. IRDP ഗുണഭോക്താക്കളുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് സംവിധാനങ്ങൾ വേണം.

### മണലൂർ പഞ്ചായത്തിലെ സെററിൽമെൻറ് ഹരിജൻ കോളനികൾ

| നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | പാലാഴി 4 സെൻറ് | 8 |
| 2 | മണലൂർ വെസ്ററ് O L H | 7 |
| 3 | കാഞ്ഞാണി വെസ്ററ് | 1 |
| 4 | കാരമുക്ക് വന്നേരി അകായി | 12 |
| 5 | തിണ്ടാററ് | 3 |
| 6 | അയ്യപ്പൻകാവ് ഈസ്ററ് | 3 |
| 7 | അയ്യപ്പൻകാവ് മണലൂർ വെസ്ററ് | 5 |
| 8 | ഏരി | 7 |
| 9 | ഇന്ദിരാനഗർ മണലൂർ | 5 |
| 10 | കല്ലേലി മന | 5 |
| 11 | കാഞ്ഞാണി കനാൽ വെസ്ററ് | 1 |
| 12 | കാരമുക്ക് 4 സെൻറ് | 12 |
| 13 | കരിക്കൊടി I H D P | 11 |
| 14 | മണലൂർ പള്ളി | 3 |
| 15 | മങ്കോർമന കാഞ്ഞാണി | 7 |
| 16 | പാലാഴി 4 സെൻറ് | 8 |
| 17 | പുത്തൻ കുളം, കാഞ്ഞാണി | 2 |
| 18 | S. S. T. റോഡ് കാഞ്ഞാണി | 2 |
| 19 | വെള്ളംതടം കാഞ്ഞാണി | 3 |

ടെ പഞ്ചായത്തിൻെറ ചെലവുകളിലേക്ക് ഒരെത്തിനോട്ടം നടത്താം.

# വിഭവ സമാഹരണം

നമ്മുടെ ദൈനംദിന സാമ്പത്തിക പ്രവർത്തനങ്ങളിൽ വിഭവ സമാഹരണത്തിന് വളരെ നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളത്. വിഭവ സമാഹരണം എന്ന വാക്ക് വളരെ വ്യാപകമായ അർത്ഥത്തിലും, ഹ്യസ്വമായ അർത്ഥത്തിലും, പ്രയോഗിക്കാം. വിപുലമായ അർത്ഥത്തിൽ വിഭവസമാഹരണം എന്നത് ഒരു സമൂഹത്തിലെ മൊത്തം വിഭവങ്ങളായ പ്രകൃതി, മനുഷ്യൻ, അസംസ്കൃത സാധനങ്ങൾ, ധനം ഇവയുടെയെല്ലാം സമാഹരണമാണ്. ഹ്യസ്വമായ അർത്ഥത്തിൽ പ്രധാനമായും ധനവിഭവങ്ങൾ ആണ് നാം ഉദ്ദേശിക്കുന്നത്.

ഒരു സമൂഹത്തിലെ വിഭവസമാഹരണത്തെപ്പററിയുള്ള പരിപ്രേക്ഷ്യം പ്രധാനമായും രണ്ടു കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയാണ് ആ സമൂഹത്തിലെ വരവു ചെലവുകൾ. ഈ വരവു ചെലവു കണക്കുകൾ വിഭവ സമാഹരണത്തിലെന്നപോലെ തന്നെ ഒരു സമൂഹത്തിലെ ചില സാമ്പത്തികവും, സാമ്പത്തികേതരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സാധിക്കും.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ മണലൂരിലെ വിഭസമാഹരണരംഗത്തേക്ക് നമുക്കൊന്ന് എത്തി നോക്കാം.

## പഞ്ചായത്തിൻെറ വരവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ വരവു സംബന്ധമായ വിവരങ്ങൾ പട്ടിക - 1 ൽ കൊടുത്തിരിക്കുന്നു. മണലൂർ ഗ്രാമപഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതികൾ, ഗ്രാൻറുകൾ, എന്നിവയാണ്. ഇവയിൽ ഏററവും പ്രധാനം വിനോദനികുതിയാണ്.

അടുത്തകാലത്തായി നികുതി പിരിക്കുന്നതിൽ ഭരണ സമിതി അധികൃതർ നടത്തുന്ന ശ്രമങ്ങൾ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട് എന്നു കാണാം. ഈ രീതി നാം തുടർന്നാൽ ഇന്ന് അനുഭവപ്പെടുന്ന നികുതി ചോർച്ച ഒരു പരിധി വരെ ഒഴിവാക്കുവാനും നികുതി പിരിവ് ചുരുങ്ങിയത് 30 ശതമാനം വരെ വർദ്ധിപ്പിക്കാനാകുമെന്നുമാണ് ഞങ്ങൾ കരുതുന്നത്. അടുത്തതായി നമ്മുടെ പഞ്ചായത്തിൻെറ ചെലവുകളിലേക്ക് ഒരെത്തിനോട്ടം നടത്താം.

## ചെലവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിൻെറ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക - 2 ൽ കൊടുക്കുന്നു.

ഈയവസരത്തിൽ ഒരു കാര്യം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടത് ഇതാണ്. അതായത് ജെ. ആർ. വൈ, ഉപാധി രഹിത ഫണ്ട്, മുതലായവ വിനിയോഗിച്ചത് പൊതുമരാമത്തു പണികൾക്കാണ് എന്നതാണ്. 36 ശതമാനമാണ് പൊതുമരാമത്തിനായി പഞ്ചായത്ത് ചെലവഴിച്ചത്. പൊതുമരാമത്തിൽ തന്നെ സിംഹഭാഗവും (അതായത് 90 ശതമാനം) റോഡു നിർമ്മിക്കാനും, പുതുക്കി പണിയുവാനും മററുമാണ് വിനിയോഗിച്ചത്. മററു സ്ഥലങ്ങളിൽ എന്ന പോലെ ഇവിടെയും വികസനമെന്നത് റോഡു പണിയാണ് എന്ന ധാരണയാണ് കഴിഞ്ഞകാല പഞ്ചായത്തു പ്രവർത്തനത്തിൽ മുന്നിൽ നില്ക്കുന്നത്. കൂടാതെ ജെ. ആർ. വൈ. പദ്ധതി അനുശാസിക്കുന്നതുപോലെ പട്ടിക ജാതി, പട്ടിക വർഗ്ഗത്തിന് വീടുവെയ്ക്കാനായി നീക്കിവെച്ച പണം മുഴുവനായും വിനിയോഗിച്ചതായി കാണുന്നില്ല. ഇതിൻെറ കാരണങ്ങളെപ്പററി നാം ഗൗരവമായി ആരായേണ്ടതായിട്ടുണ്ട്.

മേൽപറഞ്ഞ പട്ടികകളിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വരവു ചെലവു വർദ്ധനാനിരക്കുകൾ താരതമ്യം ചെയ്താൽ ചെലവു വർദ്ധനാനിരക്കായിരുന്നു കൂടുതൽ എന്നു കാണാം.

പഞ്ചായത്തിൻെറ വിവിധ നികുതി സ്രോതസുകളാണ് പട്ടിക 5 A, B, C, D, E യിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കുക. പ്രസ്തുത പട്ടികകളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് കെട്ടിട നികുതിയുടെ വാർഷികവരുമാനം വർദ്ധിച്ചു വരുന്നതായിട്ടാണ്. ഇതിനൊരു പ്രധാന കാരണം 1993-94 ലെ കെട്ടിട നികുതി പുനർനിർണ്ണയമാണ്. മൊത്തം പ്ലിന്ത് ഏരിയാ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി പുനർ നിർണ്ണയം നടത്തിയിരിക്കുന്നത്. തൽഫലമായി കെട്ടിട നികുതിയിൽ നിന്നും പഞ്ചായത്തിനുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. ഈ രീതിയിലുള്ള കെട്ടിട നികുതി പുനർ നിർണ്ണയം മുഖേന കേരളത്തിലെ മററു പഞ്ചായത്തുകൾക്കും നികുതി വർദ്ധിപ്പിക്കുവാനും ഈ രംഗത്ത് നടമാടുന്ന അഴിമതി കു

റെയെങ്കിലും കുറയ്ക്കുവാനും സാധിക്കും. താഴെ കാണിക്കുന്ന പട്ടികയിൽ നിലവിലുള്ള കെട്ടിട നികുതി പുനിർ നിർണ്ണയം നല്കിയിരിക്കുന്നു.

1994-95 ൽ തൊഴിൽ നികുതിയും പുനർനിർണ്ണയം ചെയ്തതിനാൽ അവയിൽ നിന്നും വരുമാനം കൂടിയതായി കാണാം. പട്ടിക 5 (C) യിൽ കാണുന്നതുപോലെ വിനോദ നികുതിയിൽ ഗണ്യമായ വളർച്ചാ നിരക്കുണ്ട്. കാര്യമായി ശ്രദ്ധിച്ചാൽ ഈ മേഖലയിൽ ഇനിയും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും എന്നു തോന്നുന്നു. പട്ടിക 5 D യിൽ നല്കിയിരിക്കുന്നത് വസ്തു കൈമാററ നികുതിയാണ്. വസ്തു കൈമാററ നികുതിയിലും കാര്യമായ വർദ്ധനവാണ് പ്രകടമാകുന്നത്. പട്ടിക 5 E യിൽ നല്കിയിരിക്കുന്നത് ഗ്രാൻറുകളാണ്. ഗ്രാൻറുകളെ സംബന്ധിച്ച് 1993-94 ഒഴികെയുള്ള വർഷങ്ങളിൽ നല്ല വർദ്ധനവ് കാണിക്കുന്നുണ്ട്.

മണലൂർ പഞ്ചായത്തിൻെറ വരവു ചെലവുകൾ നാം താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാവുന്ന കാര്യം ഇതാണ്. അതായത് പൊതുവായി എല്ലാ മേഖലകളിലും ചെലവുകൾ വർദ്ധിക്കുന്നു. ചെലവു വർദ്ധനാനിരക്ക് വരവിൻെറ വർദ്ധനാനിരക്കിനേക്കാൾ കൂടുതലാണ്. ഇതു നാം ഗൗരവത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. ഇതിൻെറ ഒരു നല്ല വശവും നാം കാണേണ്ടിയിരിക്കുന്നു. അതായത് ഇന്ന് ഉയർന്നു വരുന്ന പുതിയ ഒരു അവബോധത്തിൻെറ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പ്രവർത്തനത്തിന് ഒരു പുതിയ ദിശാബോധവും കൈവന്നിരിക്കുകയാണ്.

അടുത്തതായി നമുക്ക് മണലൂർ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളെപ്പററി ഒന്നു നോക്കാം. നമ്മുടെ പഞ്ചായത്തിൽ രണ്ടു പരസ്പര സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നു. ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 7 ൽ കാണാം.

പ്രസ്തുത പട്ടിക കാണിക്കുന്നതുപോലെ സഹകരണ ബാങ്കുകൾ ശരാശരി 7 കോടി രൂപ ഡെപ്പോസിററായി സ്വീകരിക്കുമ്പോൾ വായ്പ നല്കുന്നത് ശരാശരി 3 കോടി രൂപയാണ്. അതായത് നിക്ഷേപ വായ്പാ അനുപാതം 40 ശതമാനം. നിക്ഷേപത്തിൽ പ്രതിവർഷം 21 ശതമാനം വർദ്ധനവ് കാണിക്കുമ്പോൾ വായ്പയുടെ ശതമാനം വെറും 18 മാത്രമാണ്. കൊടുക്കുന്ന വായ്പ തന്നെ സേവന മേഖലയിലേക്കാണ് കൂടുതലും പോകുന്നത്. ചുരുക്കത്തിൽ നമ്മുടെ സാമ്പത്തിക രംഗത്തെ ഏററവും നിർണ്ണായക മേഖലകളായ കാർഷിക വ്യാവസായിക രംഗത്തിന് കാര്യമായ ഒരു പ്രാധാന്യവും കല്പിക്കുന്നില്ലായെന്നതാണ് സ്ഥിതി. ഈ സ്ഥിതിവിശേഷം നാം ഗൗരവത്തോടുകൂടി കാണേണ്ടതും, ആഴത്തിൽ പഠിക്കേണ്ടതുമാണ്. 25 ശതമാനം പണം fluid reserve ആയി സൂക്ഷിക്കുന്നു. സഹകരണ മേഖലയെപ്പററി പറയാവുന്ന ഏററവും നല്ല ഒരു കാര്യം ബാങ്ക് നല്കുന്ന വായ്പ സഹകരണ ബാങ്ക് അംഗങ്ങൾക്ക്, ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ലഭിക്കുന്നുണ്ട് എന്നതാണ്.

ഈ പഞ്ചായത്തിൽ 7 ഷെഡ്യൂൾഡ് ബാങ്കുകൾ ( ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. ഇവ

(1) കാത്തലിക് സിറിയൻ ബാങ്ക്, മണലൂർ
(2) കാത്തലിക് സിറിയൻ ബാങ്ക്, കണ്ടശ്ശാങ്കടവ്
(3) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(4) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(5) ധനലക്ഷ്മി ബാങ്ക്, കണ്ടശ്ശാങ്കടവ്
(6) ബാങ്ക് ഓഫ് ഇൻഡ്യ, കണ്ടശ്ശാങ്കടവ്
(7) കനറാ ബാങ്ക്, കണ്ടശ്ശാങ്കടവ്

ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവ പട്ടിക 8 ൽ ലഭ്യമാണ്. ഈ മൊത്തം 7 ബാങ്കുകളും കൂടി എടുക്കുകയാണെങ്കിൽ നിക്ഷേപത്തെപ്പററി ഒരു കാര്യം പറയാം. അതായത് ഈ 7 ബാങ്കുകളും 1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ ഏകദേശം 14 കോടി രൂപ ഡെപ്പോസിററ് സ്വീകരിച്ചപ്പോൾ വായ്പ നല്കിയത് വെറും 5 കോടി രൂപയാണ്.

അതായത് നികേഷപ-വായ്പ അനുപാതം കേവലം 35 ശതമാനം മാത്രം! ഇതിൽ നിന്നും ഓരു കാര്യം വ്യക്തമാണ്. അതായത് ഈ പഞ്ചായത്തിൽ നിന്നും ഡെപ്പോസിററായി ശേഖരിക്കുന്ന മൊത്തം പണത്തിൻെറ 65 ശതമാനവും മററു സ്ഥലങ്ങളിലേക്ക് ചേക്കേറുന്നു. വേറൊരു പ്രധാന കാര്യം, ഈ ബാങ്കുകളുടെ പ്രതിവർഷ ഡെപ്പോസിററ് വളർച്ചാ നിരക്ക് 21 ശതമാനം വർദ്ധിക്കുമ്പോൾ വായ്പയിലുള്ള പ്രതിവർഷ വർദ്ധന 10 ശതമാനം മാത്രമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സഹകരണ മേഖലയിലെയും, ഷെഡ്യൂൾഡ് ബാങ്കുകളുടെയും ഒരവലോകനമാണ് നാമിപ്പോൾ നടത്തിയത്. ഈയവസരത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന, എണ്ണത്തിൽ മുപ്പതോളം (30) വരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങ

ളെക്കൂടി പരാമർശിക്കേണ്ടതുണ്ട്. ഇവയുടെ സാമ്പത്തിക ഇടപാടുകൾ തികച്ചും അനൗദ്യോഗികമായതിനാൽ ഇവയെക്കുറിച്ചുള്ള ഒരു സാമ്പത്തിക വിലയിരുത്തൽ ദുഷ്ക്കരമാണ്. ഇവയെക്കുറിച്ചുള്ള കൃത്യമായ വിവര ശേഖരണം അസാധ്യവുമാണ്. എന്നാൽ 30 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു വെന്നു പറഞ്ഞാൽ ഈ മേഖലയുടെ പ്രാധാന്യമാണതു സൂചിപ്പിക്കുന്നത്. ഇതിൽ 15 സ്ഥാപനങ്ങൾ 1990 നു ശേഷം ആരംഭിച്ചവയാണ്. 1926 ൽ ആരംഭിച്ച ഒരു സ്ഥാപനവും, 1950 ൽ ആരംഭിച്ച മററൊരു സ്ഥാപനവും ഇക്കൂട്ടത്തിൽ ഉണ്ട്. 13 സ്ഥാപനങ്ങൾ 1980 നും 1990 നും ഇടയിലാണ് ഉടലെടുത്തത്. ഇവയിൽ 90 ശതമാനം സ്ഥാപനങ്ങളും 6 മുതൽ 12 വരെ നമ്പർ കുറികൾ നടത്തുന്നു. ഇതിൽ നിന്നും ഈ സ്വകാര്യ സ്ഥാപനങ്ങൾ മുഖേന കൈകാര്യം ചെയ്യുന്ന പണം എത്ര അധികമാണ് എന്ന് കാണുവാൻ സാധിക്കും. ഇവയിൽ 80 ശതമാനം സ്ഥാപനങ്ങൾ സ്വർണ്ണ പണയം നടത്തുന്നവയും 50 ശതമാനം ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ പണം കടംകൊടുക്കുന്നതുമാണ്. ഈ സ്ഥാപനങ്ങൾ സ്വർണ്ണം പണയത്തിന് 24 ശതമാനം പലിശവരെ ഈടാക്കുന്നതായാണ് അറിയുവാൻ കഴിഞ്ഞത്. ഹയർ പർച്ചേസിന് 35.4 ശതമാനം പലിശ നല്കണം. പ്രസ്തുത സ്ഥാപനങ്ങൾ കുറി, സ്വകാര്യ ഡെപ്പോസിററുകൾ മൂഖേന സ്വരൂപിക്കുന്ന പണം 60-72 ശതമാനം വരെ പലിശനിരക്കിൽ വായ്പയായി നല്കുന്നു. നമ്മുടെ രാജ്യത്തു നടക്കുന്ന അനൗദ്യോഗികമായ പാരലൽ സമ്പദ് വ്യവസ്ഥയുടെ ഒരു ഉത്തമ ഉദാഹരണമാണ് മേൽപറഞ്ഞ സ്വകാര്യ ധനസ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾ ചെറുകിട കച്ചവടക്കാർ, വ്യക്തികൾ എന്നിവർക്ക് വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ഒട്ടും കാലതാമസമില്ലാതെ പണം കടം കൊടുക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഇവയുടെ ക്രമാതീതമായ വളർച്ച നമ്മുടെ പഞ്ചായത്തിലെ കള്ളപ്പണത്തിൻെറയും, ദരിദ്ര വൽക്കരണത്തിൻെറയും, ഊഹക്കച്ചവട സംസ്ക്കാരത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നാണെന്നു തോന്നുന്നു. ഇവയെക്കുറിച്ച് വ്യക്തമായ കണക്കുകളും മററും ശേഖരിക്കുക അസാധ്യം തന്നെയാണ്. സമ്പദ് വ്യവസ്ഥയിൽ ഒരു "സമാന്തര സമ്പദ് വ്യവസ്ഥ തന്നെ കെട്ടിപ്പടുക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ച തടയുവാൻ സഹകരണ പ്രസ്ഥാനം വികസിപ്പിക്കേണ്ടിയിരിക്കുന്നു. സഹകരണ സംഘങ്ങളിലെയും, ഷെഡ്യൂൾഡ് ബാങ്കുകളിലെയും വായ്പാ വിതരണം കുറെക്കൂടി ലളിതവൽക്കരിക്കുകയും വേഗത്തിലാക്കുകയും ചെയ്താൽ ഇവയുടെ ബാഹുല്യം ക്രമേണ ഇല്ലാതാക്കാൻ കഴിയും.

അടുത്തതായി വിഭവസമാഹരണ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ പോസ്ററോഫീസ് നിക്ഷേപത്തിൻെറ പങ്ക് എന്താണെന്ന് നോക്കാം. സാധാരണയായി ചെറിയ നിക്ഷേപങ്ങളാണല്ലോ ഇവയിൽ നിന്നും നാം പ്രതീക്ഷിക്കുക. എന്നാൽ രസകരമെന്നു പറയട്ടേ മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പോസ്ററോഫീസിന് നിക്ഷേപത്തിൽ നിന്നുമാത്രം 1995-96ൽ 33 ലക്ഷത്തി പതിനയ്യായിരം രൂപ ലഭിച്ചു (3315411)! ഇതിൽ 61 ശതമാനവും റിക്കറിംഗ് ഡെപ്പോസിററിലും, നാഷണൽ സേവിംഗ് സർട്ടിഫിക്കററിലുമായിരുന്നു. മററു പോസ്ററോഫീസ് സേവിംഗ് കണക്കുകൾ കൂടി ലഭിച്ചാൽ ഏകദേശം 5 കോടി രൂപയെങ്കിലും ഈ വിധത്തിൽ ഉള്ളതായി നമുക്ക് കണക്കാക്കുവാൻ കഴിയും. അടുത്തതായി മണലൂർ പഞ്ചായത്തിലെ 1995-96 ലേയും 1996-97 ലേയും 7 ഷെഡ്യൂൾഡ് ബാങ്കുകളുടെക്രെഡിററ് പ്ലാനിൻെറ അടിസ്ഥാനത്തിൽ ഞങ്ങൾ 1997-98 ലേക്കുള്ള ഒരു ക്രെഡിററ് പ്ലാനും അവതരിപ്പിക്കുന്നു. പട്ടിക 9 ൽ കാണിച്ചിരിക്കുന്നതുപോലെ മുൻഗണനാ മേഖലകളായ കൃഷി, വ്യവസായം, തുടങ്ങിയവക്ക് 1995-96 നെ അപേക്ഷിച്ച് 1996-97 ൽ 47 ശതമാനം വളർച്ചയാണ് ക്രെഡിററ് പ്ലാനിൽ കണ്ടത്. ഇതേ രീതിയിലുള്ള ഒരു വളർച്ചാനിരക്ക് 1997-98 ലും പ്രതീക്ഷിച്ചാൽ 4.78 കോടി രൂപ മുൻഗണനാ മേഖലയിൽ വായ്പ നല്കേണ്ടതായി വരും. എന്നാൽ നോൺ പ്രയോറിററി മേഖലയിൽ 1996-97 ൽ 1995-96 നെ അപേക്ഷിച്ച് ഒരു ചെറിയ കുറവാണ് കണ്ടത്. ആയതിനാൽ 1997-98 ൽ ഈ മേഖലയിൽ കാര്യമായ വ്യത്യാസം പ്രതീക്ഷിക്കുന്നില്ല.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ പഞ്ചായത്തിലെ വിഭവസമാഹരണം മുൻനിർത്തി ചില സാധ്യതകളും നിർദ്ദേശങ്ങളും നമുക്ക് സമർപ്പിക്കുവാൻ കഴിയും. അവ താഴെ അക്കമിട്ട് കൊടുക്കുന്നു.

1. നമ്മുടെ പഞ്ചായത്തിലെ സഹകരണബാങ്കുകൾ ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവ സമാഹരിക്കുന്ന ഡെപ്പോസിററുകൾ ഈ പ്രദേശത്തു തന്നെ വായ്പയായി വിനിയോഗിക്കാൻ കഴിയണം. ഇതിനായി പഞ്ചായത്തിൻെറ വാർഷിക പദ്ധതിയും, ബാങ്കുകളുടെ വായ്പാ പദ്ധതിയും കൂട്ടി യോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി രൂപപ്പെടുത്തണം. ഇതിനായി ഒരു ക്രെഡിററ്

പ്ലാൻ (credit plan) തന്നെ തയ്യാറാക്കണം. വിവിധ മേഖ ലയിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളെ പ്രായോഗി കമായി നടപ്പിലാക്കുവാൻ ആവശ്യമായ ധനം പ്രസ്തു ത ബാങ്കുകൾ ശേഖരിക്കണം. പഞ്ചായത്ത് തയ്യാറാ ക്കുന്ന ക്രെഡിററ് പ്ലാൻ ബാങ്കുകൾ അംഗീകരിക്കണം.

2. അനൗദ്യോഗിക ധനകാര്യ സ്ഥാപനങ്ങളുടെ വാർ ഷിക ഇടപാടുകൾ പഞ്ചായത്ത് പരിശോധിക്കുകയും ലാഭ ശതമാനം അനുസരിച്ച് നികുതികൾ ഈ സ്ഥാ പനങ്ങളിൽ നിന്നും ഈടാക്കുകയും വേണം. ഈ സ്ഥാ പനങ്ങളിൽ നിന്ന് നിർബന്ധമായും പ്രൊഫഷണൽ ടാ ക്സ് ഈടാക്കുകയും വേണം. ഈ നിലയിൽ പഞ്ചാ യത്തിന് നല്ല ഒരു വിഭവ സമാഹരണം നടത്താം.

3. ഗ്രാമസഭാ റിപ്പോർട്ടനുസരിച്ച് നമ്മുടെ പഞ്ചാ യത്തിൽ നിന്നും ഗൾഫുനാടുകളിൽ 700 ലധികം പേർ ജോലിയെടുക്കുന്നുണ്ട്. ഇവർ നാട്ടിലേക്ക് അയക്കുന്ന പണം ഉല്പാദന മേഖലകളിലേക്ക് തിരിച്ചു വിടുന്നതി ന് ബോധപ്പൂർവ്വമായ ശ്രമങ്ങൾ നടത്തണം. ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പദ്ധതി കളുടെ പ്രായോഗിക പ്രവർത്തനത്തിന് ഇവരുടെ നി ക്ഷേപം ഉപയോഗപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്ത് നേതൃത്വം കൊടുക്കണം. ഈ മേഖലയിലെ പണം പ്രധാ നമായും ഇന്നു ചെലവാക്കുന്നത് കെട്ടിടം പണിപോ ലെയുള്ള ഉല്പാദനേതര പ്രവർത്തനങ്ങൾക്കാണ്. ഈ സ്ഥിതി തീർച്ചയായും മാറണം.

4. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്കു പുറമേ പഞ്ചായത്തിലെ മററു പല മേഖലകളിലേക്കും വലിയ തോതിൽ പണം നിക്ഷേപമായി പോകുന്നു. ഉദാ ഹരണമായി ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര, പോസ്ററോഫീസ് തുടങ്ങിയ മേഖലയിൽ നിന്നും ശേഖരിക്കപ്പെടുന്ന ഭീമമായ തുകകൾ ഈ പഞ്ചാ യത്തിൽ തന്നെ വിനിയോഗിക്കാൻ ശ്രമം നടത്തേണ്ടതാ ണ്.

5. ഇന്ന് കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന വരു മാന നികുതി (Income Tax) സംവിധാനത്തിൽ സമഗ്രമാ യ ഒരു അഴിച്ചുപണി അനിവാര്യമാണ്. വരുമാന നികു തി ചുമത്തേണ്ടത് ശരിക്കും പഞ്ചായത്തുകൾ മുഖേന ആകണം. കാരണം, ഒരു പഞ്ചായത്തിലെ പൗരന്മാരുടെ നികുതി കൊടുക്കുവാനുള്ള കഴിവ് അറിയുന്നത് ആ നാട്ടിലെ പഞ്ചായത്താണ്. ഇന്നു നാം കാണുന്ന വരുമാ ന നികുതിയിലെ ചോർച്ചയും നികുതി വെട്ടിപ്പും ഈ രീ തിയിലായാൽ 90 ശതമാനവും ഇല്ലാതാക്കാൻ കഴിയും. കൂടാതെ ഇന്ന് വരുമാന നികുതിയിൽ നിന്നും ലഭിക്കുന്ന മൊത്തം വരുമാനം ചുരുങ്ങിയത് 10 ഇരട്ടിയെങ്കിലും വർ ദ്ധിക്കുകയും ചെയ്യും.

6. വസ്തു കൈമാററ നികുതി പഞ്ചായത്തിന് ഇന്നു ലഭ്യമാകുന്ന രീതിക്ക് മാററമുണ്ടാകണം. ഭൂമിയുടെ വി ല്പനയിലും റാങ്ങലിലും പഞ്ചായത്തിനെ കക്ഷിയാ ക്കുക. ഇതു മുഖേന സ്ററാമ്പ് പേപ്പർ തട്ടിപ്പ് ഒരു പരിധി വരെ കുറയ്ക്കാം.പഞ്ചായത്തിന് കൂടുതൽ പണം ശേഖരിക്കാനും കഴിയും.

7. പഞ്ചായത്തിലെ ആൾക്കാർ ഉപയോഗിക്കുന്ന ഇരു ചക്ര വാഹനങ്ങൾക്ക് ഒരു ചെറിയ നികുതി ഈടാക്കാ വുന്നതാണ്.

8. പഞ്ചായത്തുകളിലെ വീടുകളിൽ ഇന്ന് വൈദ്യുതി ഉപയോഗിച്ച് നിരവധി ഉപകരണങ്ങൾ പ്രവർത്തിപ്പി ക്കുന്നു. ഉദാ:- അലക്കു യന്ത്രം, ടി. വി., എയർ കണ്ടീ ഷൻ തുടങ്ങിയവ. ഇവയ്ക്ക് ഒരു ചെറിയ നികുതി ഈടാ ക്കാം.

9. നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു ഭൂമി കൈവശം അനുഭവിക്കുന്ന സമ്പന്നരിൽ നിന്നും പ്രസ്തു ത ഭൂമി തിരിച്ചു വാങ്ങി ഭൂമിയില്ലാത്തവർക്ക് വില്ക്കുക യോ പാട്ടത്തിനു നല്കുകയോ ചെയ്യുക.

10. കേന്ദ്ര സംസ്ഥാന ഗവൺമേൻറുകളുടെയും അതു പോലെയുള്ള ഏജൻസികളുടെയും പല പ്രോജക്ടു കളും പഞ്ചായത്തുകൾക്ക് ഏറെറടുത്ത് നടത്താ വുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ തന്നെ സംഘമി ത്ര ചാരിററബിൾ സൊസൈററിയുടെ ഭവനനിർമ്മാണ പദ്ധതി തന്നെ ഇതിനുദാഹരണമാണ്.

11. പഞ്ചായത്തിലെ പ്രധാന സെൻററുകളായ കാ ഞ്ഞാണി, കണ്ടശ്ശാങ്കടവ് എന്നിവിടങ്ങളിൽ വണ്ടിത്താ വളങ്ങൾ നിർമ്മിക്കുക. വണ്ടികളിൽ നിന്നും ഇതു മു ഖേന ഫീസുപിരിക്കാവുന്നതാണ്. ഇതൊരു നല്ല വരു മാന മാർഗ്ഗമാണ്.

12. കാലാകാലങ്ങളായി നിലനില്ക്കുന്ന ലൈസൻ സു ഫീസ് പുതുക്കി നിശ്ചയിച്ചാൽ വരുമാനം ഗണ്യമാ യി വർധിപ്പിക്കാം.

13. ഭൂവുടമകളിൽ നിന്നും ഒരു ഉപഭൂനികുതി ഈടാ ക്കുക.

14. നിലവിലുള്ള പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്തുക. ഉദാ:- പാലാഴിയിലെ രാമൻകായൽ, കൃ ഷ്ണൻ കായൽ ഇവയിൽ നിന്നും നല്ല വരുമാനം ലഭി ക്കും.

15. ഒരു ഏക്രയിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നും പ്രൊഫഷണൽ ടാക്സ് ശേഖരിക്കുക.

16. പൊതു കിണറുകളുടെ തുടർന്നുള്ള പരിപാലനം ഗുണഭോക്താക്കളുടെ ഉത്തരവാദിത്വത്തിൽ നടത്തുന്നതിന് ഉറപ്പുവരുത്തുക. കുളത്തിൻെറ കാര്യത്തിലും ഇതു ചെയ്യുക.

17. കുടിവെള്ള വിതരണ സംവിധാനത്തിലെ ഭീമമായ മൂലധന ചെലവ് പഞ്ചായത്ത് വഹിക്കുമ്പോൾത്തന്നെ അവയുടെ തുടർ പരിപാലനത്തിൻെറ ഉത്തരവാദിത്വം ഉപഭോക്താക്കളിലേക്ക് മാററുക. ഇതിനായി ഉപഭോക്താക്കളുടെ ഒരു സംഘം രൂപീകരിക്കുക. പൊതു ടാപ്പിൻെറ അററകുററ പണികളും ഈ സംഘംത്തെ ഏല്പിക്കാം.

18. വഴി വിളക്കുകൾക്കായി വൈദ്യുതി ചാർജ് ഈടാക്കുന്ന ഇന്നത്തെ സംവിധാനം മാററണം. ഒരിക്കലും പ്രകാശിക്കാത്ത ബൾബുകൾക്കും വൈദ്യുതി ചാർജ് ഈടാക്കുന്ന സംവിധാനം മാററി ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് നല്കുന്ന രീതി ഏർപ്പെടത്തുക. ഇതിനായി മീററർ ഏർപ്പെടുത്തുക. ഇതുവഴി ഇന്ന് പഞ്ചായത്തുകൾ അടക്കുന്ന വൈദ്യുതി ചാർജിൻെ പകുതി ലാഭിക്കാം.

19. പഞ്ചായത്തിൻെറ അധികാര പരിധിയിൽ പെടുന്ന പ്രദേശങ്ങളിൽ പരസ്യപ്രദർശനങ്ങൾ നടത്തുന്നതിനും, ബാനറുകൾ, പോസ്ററുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും പ്രത്യേക അനുവാദം ഏർപ്പെടുത്തുക. ഇവയ്ക്ക് ചെറിയ തോതിൽ ഫീസ് ഏർപ്പെടുത്തുക.

20. ആർഭാട പൂർവ്വമായി നടത്തുന്ന വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക. വിവാഹ ചെലവുകളുടെ ഒരു പ്രസ്താവന എഴുതി വാങ്ങേണ്ടതും ചെലവു നോക്കി നികുതി ഈടാക്കേണ്ടതുമാണ്.

21. നിലനില്ക്കുന്ന നികുതി സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് നികുതി സംവിധാനം കുററമററതാക്കാൻ പഞ്ചായത്ത് ഭരണസമിതി അങ്ങേയററം ശ്രദ്ധിക്കണം.

22. ഇന്ന് പഞ്ചായത്തുകൾ ഏററവും കൂടുതൽ പണം ചെലവഴിക്കുന്നത് റോഡുകൾക്കാണ്. ഗ്രാമങ്ങളിലെ ലഭ്യമായ മനുഷ്യപ്രയത്നം റോഡു നിർമ്മാണത്തിനായും പരിപാലനത്തിനും വിനിയോഗിക്കുക.

23. ടാറു റോഡുകളുടെ ഉപഭോക്താക്കളിൽ നിന്നും ഒരു ചെറിയ നികുതി ഈടാക്കുക, വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും ഒരു നികുതി ഏർപ്പെടുത്തുക എന്നിവ ആലോചിക്കാവുന്നതാണ്.

24. നിലവിലുള്ള റോഡുകളുടെ പരിപാലനം ജനപങ്കാളിത്തത്തിലൂടെ വിഭവ സമാഹരണം നടത്തുന്നതിന് കഴിയുന്ന മേഖലയാണ്. ഗ്രാമീണ റോഡുകളുടെ പരിപാലനത്തിനായി 5000 രൂപ വീതം ചെലവാക്കുന്ന ഇന്നത്തെ രീതി വിഭവങ്ങളുടെ ചോർച്ചയെ മാത്രമാണ് സഹായിക്കുന്നത്. 5000 രൂപ ചെലവാക്കുമ്പോൾ കഷ്ടിച്ച് 2500 രൂപ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളു. ഇതിനു ബദലായി ശ്രമദാനത്തിലൂടെ റോഡ് പരിപാലനം നടത്തുവാൻ തയ്യാറാവുന്ന ഗ്രാമസംകളെ 2500 രൂപയുടെ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളൂ. ഗ്രാമസഭകളെ 2500 രൂപ ഏല്പിച്ചാൽ കുറഞ്ഞത് 5000 രൂപയുടെ വിലമതിക്കുന്ന ജോലി നിർവഹിക്കപ്പെടും. ഇതു വഴി സ്വരൂപിക്കുന്ന അധിക വിഭവസമാഹരണം പഞ്ചായത്തിൻെറ വലിയ വരുമാനമാണ്.

## പട്ടിക 1
## പഞ്ചായത്തിൻെറ വരവ് 1995-96

| ക്രമ നമ്പർ | ഇനങ്ങൾ | വരവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | കെട്ടിട നികുതി | 454922 | 22.7 |
| 2. | തൊഴിൽ നികുതി | 233701 | 11.7 |
| 3. | ലൈസൻസ് ഫീസ് | 19894 | 1.8 |
| 4 (a) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 75% | ലഭിച്ചിട്ടില്ല | |
| (b) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 25% | 50,000 | |
| 5. | ഡെപ്പോസിററും പലിശയും | 30357 | 1.8 |
| 6. | വിനോദ നികുതി | 467988 | 23.6 |
| 7. | വെള്ളം, വെളിച്ചം ഇവ യിന്മേലുള്ള നിരക്കുകൾ | 130466 | 6.8 |
| 8. | ഉപാധിരഹിത വരുമാനം | 240000 | 12.2 |
| 9. | ജെ. ആർ. വൈ. | 312620 | 16.2 |
| 10. | മററുള്ളവ | 49402 | 2.8 |
| | ആകെ | 1939350 | 99.6 (100) |

## പട്ടിക 2

## പഞ്ചായത്തിൻെറ ചെലവ് 199596

| ക്രമ നമ്പർ | ഇനങ്ങൾ | ചെലവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | ഭരണം | 628715 | 26.2 |
| 2. | പൊതുമരാമത്ത് | 272010 | 10.8 |
| 3. | വിദ്യാഭ്യാസം | 28778 | 1.9 |
| 4. | പൊതുജനാരോഗ്യം | 87245 | 3.8 |
| 5. | തെരുവു വിളക്കുകൾ | 175335 | 7.6 |
| 6. | ഡെപ്പോസിററ് | 474985 | 19.5 |
| 7. | ഉപാധി രഹിത വരുമാനം | 237268 | 9.5 |
| 8. | ജലവിതരണം | 91872 | 3.7 |
| 9. | ജെ. ആർ. വൈ. | 380000 | 15.6 |
| 10. | മററുള്ളവ | 35159 | 1.4 |
| | ആകെ | 2411367 | 100.00 |

## പട്ടിക 3

## 1991-92 മുതൽ '95-'96 വരെയുള്ള പഞ്ചായത്തിൻെറ വരവ്

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 1245434 | - |
| 1992-93 | 1063245 | 5.8 |
| 1993-94 | 1534564 | -2.2 |
| 1994-'95 | 2088399 | 36.00 |
| 1995-'96 | 1939350 | -7.1 |

പട്ടിക 4

## 1991-92 മുതൽ '95-'96 വരെയുള്ള പഞ്ചായത്തിൻെറ ചെലവ്

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 1631776 | |
| 1992-93 | 1434015 | -12.11 |
| 1993-94 | 1495164 | 4.26 |
| 1994-'95 | 2224407 | 48.77 |
| 1995-'96 | 2411367 | 8.40 |

പട്ടിക 5 (a)

## വർദ്ധന നിരക്ക് സൂചിക (വരവ്)
## കെട്ടിട നികുതി

| വർഷം | മൊത്തം വരവ് | വാർഷിക വർദ്ധനനിരക്ക് |
|---|---|---|
| 1991-92 | 262913 | |
| 1992-93 | 275636 | 4.83 |
| 1993-94 | 386660 | 40.02 |
| 1994-'95 | 415324 | 7.04 |
| 1995-'96 | 454922 | 9.05 |

പട്ടിക 5 (b)

## വർദ്ധന നിരക്ക് സൂചിക (വരവ്)
## തൊഴിൽ നികുതി

| വർഷം | മൊത്തം വരവ് | വാർഷിക വർധനനിരക്ക് ശതമാനം |
|---|---|---|
| 1991-92 | 142535 | |
| 1992-93 | 157770 | 1.06 |
| 1993-94 | 173055 | 9.06 |
| 1994-'95 | 203505 | 17.06 |
| 1995-'96 | 233701 | 14.83 |

പട്ടിക 5 (c)

## വർധന നിരക്ക് സൂചിക (വരവ്)
## വിനോദ നികുതി

| വർഷം | മൊത്തം വരവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 256923 | - |
| 1992-93 | 298604 | 16.02 |
| 1993-94 | 328098 | 9.08 |
| 1994-'95 | 374436 | 14.01 |
| 1995-'96 | 467988 | 25.00 |

പട്ടിക 5 (d)

## വർധനനിരക്ക് സൂചിക (വരവ്)
## വസ്തുകൈമാററ നികുതി

| വർഷം | മൊത്തം വരവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 252566 | - |
| 1992-93 | 265563 | 5.14 |
| 1993-94 | 368289 | 38.07 |
| 1994-'95 | 449737 | 22.12 |
| 1995-'96 | ലഭ്യമല്ല | - |

പട്ടിക 5 (c)

## വർധനനിരക്ക് സൂചിക (വരവ്)
## ഗ്രാൻറുകൾ

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 234990 | |
| 1992-93 | 841935 | 258.28 |
| 1993-94 | 105959 | -8.74 |
| 1994-'95 | 381142 | 260.00 |
| 1995-'96 | 552620 | 45.00 |

പട്ടിക 5 (f)

## വീടുകൾക്ക് നികുതി ചുമത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡപട്ടിക

| പ്ലിന്ത് ഏരിയാ | ഓട് | കോൺക്രീററ് | മൊസേക്ക് | മാർബിൾ |
|---|---|---|---|---|
| 500 വരെ | 75 | 100 | 125 | 200 |
| 1000 ,, | 100 | 150 | 200 | 250 |
| 1500 ,, | 150 | 200 | 250 | 300 |
| 2000 ,, | 200 | 250 | 300 | 350 |
| 3000 വരെ | 300 | 350 | 400 | 450 |
| 3000 ന്റ മുകളിൽ | 500 | 600 | 700 | 800 |

N. B. മററു കെട്ടിടങ്ങൾക്ക് പ്രാദേശിക നിലവാരമനുസരിച്ച് വാടക കണക്കാക്കുന്നു.

പട്ടിക 6 (a)

## വർധനനിരക്ക് സൂചിക (ചെലവ്)

## പഞ്ചായത്ത് ഭരണം

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 474508 | |
| 1992-93 | 433566 | -8.6 |
| 1993-94 | 562124 | 29.65 |
| 1994-'95 | 601264 | 6.96 |
| 1995-'96 | 628715 | 4.56 |

പട്ടിക 6 (b)

## വർധനനിരക്ക് സൂചിക (ചെലവ്)

## പൊതുമരാമത്ത്

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 632359 | |
| 1992-93 | 239936 | -62.05 |
| 199394 | 436351 | 81.86 |
| 1994-'95 | 1097763 | 151.57 |
| 1995-'96 | 272010 | -75.22 |

പട്ടിക 6 (c)

## വർധനനിരക്ക് സൂചിക (ചെലവ്)

## വിദ്യാഭ്യാസം

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 42846 | |
| 1992-93 | 25562 | -40.33 |
| 199394 | 24984 | -2.26 |
| 1994-'95 | 21535 | -13.08 |
| 1995-'96 | 28778 | 33.63 |

പട്ടിക 6 (d)

## വർധനനിരക്ക് സൂചിക (ചെലവ്)
## ആരോഗ്യം

| വർഷം | ചെലവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 125000 | |
| 1992-93 | 33163 | -73.46 |
| 1993-94 | 160000 | 382.46 |
| 1994-'95 | 131920 | -17.55 |
| 1995-'96 | 87245 | -33.86 |

പട്ടിക 6 (e)

## വർധനനിരക്ക് സൂചിക (ചെലവ്)
## വെള്ളവും, വെളിച്ചവും

| വർഷം | ചെലവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 138020 | |
| 1992-93 | 581524 | 321.33 |
| 1993-94 | 125000 | -78.5 |
| 1994-'95 | 147846 | 18.27 |
| 1995-'96 | 267207 | 80.73 |

പട്ടിക 7

## ബാങ്കുകളുടെ നിക്ഷേപ - വായ്പാ പട്ടിക
## സഹകരണ മേഖല

| വർഷം | നിക്ഷേപം ലക്ഷത്തിൽ | വായ്പ ലക്ഷത്തിൽ | നിക്ഷേപ വായ്പാ അനുപാതം (%) | വളർച്ചാനിരക്ക് % | |
|---|---|---|---|---|---|
| | | | | നിക്ഷേപം | വായ്പ |
| 1991-92 | 464.38 | 197.17 | 42.46 | | |
| 1992-93 | 612.42 | 253.62 | 41.41 | 31.89 | 28.63 |
| 1993-94 | 749.05 | 294.47 | 39.31 | 22.31 | 16.11 |
| 1994-95 | 804.91 | 323.54 | 40.20 | 07.46 | 09.87 |
| ശരാശരി | 657.69 | 267.2 | 40.84 | 20.55 | 18.20 |

പട്ടിക 8

## ബാങ്കുകളുടെ നിക്ഷേപ - വായ്പാ പട്ടിക
## വാണിജ്യ ബാങ്കുകൾ

| വർഷം | നിക്ഷേപം ലക്ഷത്തിൽ | വായ്പ ലക്ഷത്തിൽ | നിക്ഷേപ വായ്പാ അനുപാതം (%) | വളർച്ചാനിരക്ക് % | |
|---|---|---|---|---|---|
| | | | | നിക്ഷേപം | വായ്പ |
| 1991-92 | 950.46 | 311.18 | 32.74 | - | - |
| 1992-93 | 1179.14 | 351.14 | 29.78 | 24.06 | 12.84 |
| 1993-94 | 1437.33 | 525.55 | 36.56 | 21.90 | 49.67 |
| 1994-95 | 1507.77 | 583.44 | 38.70 | 4.90 | 11.01 |
| 1995-96 | 1823.86 | 641.44 | 35.16 | 20.96 | 9.94 |
| ശരാശരി | 1379.712 | 482.55 | 34.588 | 17.955 | 20.887 |

പട്ടിക 9 (a)

## ക്രെഡിററ് പ്ലാൻ 1995-96 (1000 രൂപയിൽ)

| ബാങ്ക് | കൃഷി | വ്യവസായം | മററ് മേഖല (പ്രയോറിററി) | ആകെ (പ്രയോറിററി) | നോൺ (പ്രയോറിററി) |
|---|---|---|---|---|---|
| 1. കാത്തലിക് സിറിയൻ ബാങ്ക് മണലൂർ | 2700 | 152 | 5120 | 7972 | 1600 |
| 2. കാത്തലിക് സിറിയൻ ബാങ്ക് കണ്ടശാംകടവ് | 715 | 585 | 1600 | 2900 | 1100 |
| 3. സൗത്ത് ഇൻഡ്യൻ ബാങ്ക് കാഞ്ഞാണി | 300 | 75 | 1150 | 1555 | 1500 |
| 4. സൗത്ത് ഇൻഡ്യൻ ബാങ്ക് കണ്ടശാംകടവ് | 275 | 100 | 1000 | 1375 | 1500 |
| 5. ധനലക്ഷ്മി ബാങ്ക് കാഞ്ഞാണി | 90 | - | 540 | 630 | 570 |
| 6. കാനറാ ബാങ്ക് കണ്ടശാംകടവ് | 5200 | 50 | 600 | 5850 | 2000 |
| 7. ബാങ്ക് ഓഫ് ഇൻഡ്യ കണ്ടശാംകടവ് | 458 | 160 | 1175 | 1793 | 225 |

പട്ടിക 9 (b)

## ക്രെഡിററ് പ്ലാൻ 1996-97 (1000 രുപയിൽ)

| ബാങ്ക് | കൃഷി | വ്യവസായം | മററ് മേഖല (പ്രയോറിററി) | ആകെ (പ്രയോറിററി) | നോൺ (പ്രയോറിററി) |
|---|---|---|---|---|---|
| 1. കാത്തലിക് സിറിയൻ ബാങ്ക് മണലൂർ | 3304 | 200 | 6000 | 9504 | 2000 |
| 2. കാത്തലിക് സിറിയൻ ബാങ്ക് കണ്ടശാംകടവ് | 2400 | 2600 | 3000 | 8000 | 1265 |
| 3. സൗത്ത് ഇൻഡ്യൻ ബാങ്ക് കാഞ്ഞാണി | 233 | 75 | 1700 | 2008 | 1800 |
| 4. സൗത്ത് ഇൻഡ്യൻ ബാങ്ക് കണ്ടശാംകടവ് | 156 | 75 | 1460 | 1691 | 600 |
| 5. ധനലക്ഷ്മി ബാങ്ക് കാഞ്ഞാണി | 90 | 100 | [illegible] | 1330 | 870 |
| 6. കാനറാ ബാങ്ക് കണ്ടശാംകടവ് | 5100 | 500 | 350 | 5950 | 300 |
| 7. ബാങ്ക് ഓഫ് ഇൻഡ്യ കണ്ടശാംകടവ് | 2175 | 300 | 1500 | 3975 | 700 |

# മണലൂർ ഗ്രാമപഞ്ചായത്ത്

## വികസനരേഖ 1996

സ്വാതന്ത്ര്യം ആരംഭിക്കുന്നത് അടിത്തട്ടിൽ നിന്നാണ്, അതുകൊണ്ട്, ഓരോ ഗ്രാമവും സ്വയം പര്യാപ്തമായിരിക്കണം.
മുഴുവൻ ലോകത്തിനുമെതിരായും വേണ്ടി വന്നാൽ, പ്രതിരോധിക്കാൻ തക്കരീതിയിൽ അവരവരുടെ കാര്യങ്ങൾ കൈ കാര്യം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണം.

ഗാന്ധിജി

Typset in Mouse & Minds Shornur Road Thrissur

Ebenezer, Thrissur - 12. Ph: 361892, 36099